ANOINTING FIRE
MEDIA MINISTRY

# ജപമാലയുടെ അർത്ഥങ്ങൾ

## ഫാ. സേവ്യർ ഖാൻ വട്ടായിൽ



www.malankaralibrary.com

# ജപമാലയുടെ
# അർത്ഥങ്ങൾ

ഫാ. സേവ്യർ ഖാൻ
വട്ടായിൽ

**Anointing Fire Media Ministry**

Learning reading speed 0%
www.malankaralibrary.com

# CONTENTS

Title Page

Copyright

മറിയത്തിന്റെ മാതാപിതാക്കൾ

നമ്മുടെ സന്ധ്യാ പ്രാർത്ഥന

ജപമാലയുടെ ഉറവിടങ്ങളിലേയ്ക്ക്

പരിശുദ്ധ കന്യകാ മാതാവിന്റെ ജപമാല

ജപമാല രഹസ്യങ്ങൾ

ലൂത്തിനിയ

അനുബന്ധ പ്രാർത്ഥനകൾ

വിശുദ്ധരും, ജപമാല അത്ഭുതങ്ങളും

ജപമാലയും മഹാന്മാരും

മാതാവിന്റെ നിദ്ര

മരിയഭക്തി വളരുന്നു

മാതാവിന്റെ ഏഴു വ്യാകുലങ്ങൾ

മരിയൻ പ്രത്യക്ഷീകരണങ്ങൾ

മരിയൻ നോമ്പുകൾ

മറിയത്തിന്റെ മാദ്ധ്യസ്ഥശക്തി

ദണ്ഡവിമോചനങ്ങൾ

മരിയൻ പ്രാർത്ഥനകൾ



www.malankaralibrary.com

കുടുംബത്തിലെ പ്രാർത്ഥന

Books By This Author

About The Author


www.malankaralibrary.com



# ആശംസ

പോൾ ആറാമൻ മാർപാപ്പ ഇപ്രകാരം പറയുന്നു: "ദൈവം മനുഷ്യരുടെ അടുത്തേയ്ക്ക് വന്ന രാജവീഥിയാണ് പരിശുദ്ധ മറിയം. അതുപോലെ നമ്മൾ ദൈവത്തിന്റെ പക്കലേയ്ക്ക് പോകാനുള്ള രാജവീഥിയും മറിയം തന്നെ." കൂദാശകളുടെ സ്വീകരണം വഴിയാണ് നാം ഇത് സ്വന്തമാക്കുത്, പ്രത്യേകിച്ച് വിശുദ്ധ കുർബ്ബാന വഴി. "പരിശുദ്ധ കൂദാശയിലേയ്ക്ക് നമ്മെ നയിക്കാൻ കന്യാമറിയത്തിനാവും. കാരണം, അവൾക്ക് അതുമായി ആഴമായ ബന്ധമുണ്ട്. ദൈവവചനത്തിന് പൂർണ്ണമായി സമർപ്പിക്കുതിന് ആഹ്വാനം ചെയ്യുതും അത്ഭുതകരമാംവിധം നമ്മുടെ ധാരണാശക്തിക്ക് അതീതമായി നിലകൊള്ളുന്നതുമായ ഒരു വിശ്വാസ രഹസ്യമാണ് പരിശുദ്ധ കുർബ്ബാന. അങ്ങനെയെങ്കിൽ ഈ മനോഭാവം സമ്പാദിക്കാൻ നമ്മെ സഹായിക്കുവാനും നയിക്കുവാനും മറിയത്തെപ്പോലെ മറ്റാർക്കും കഴിയുകയില്ല." (എക്ലേസിയ ദെ എവുക്കരിസ്ത്യ. ഖണ്ഡിക-53). "വിശുദ്ധ കുർബ്ബാനയിൽ ക്രിസ്തുവിന്റെ മരണത്തിന്റെ അനുസ്മരണം അനുഭവിക്കുക എതിനർത്ഥം നമ്മൾ തുടർച്ചയായി ഈ ദാനം സ്വീകരിക്കുക എന്നാണ്. അതായത് യോഹന്നാനെപ്പോലെ നമുക്കും നവമായി നല്കപ്പെടുന്നാ അമ്മയെ സ്വീകരിക്കുക എതും അർത്ഥമാക്കുന്നു" (എക്ലേസിയ ദെ എവുക്കരിസ്ത്യ). ഇതാ നിന്റെ അമ്മ എന്നു പറഞ്ഞുകൊണ്ട് ഈശോ തന്റെ അമ്മയെ യോഹന്നാനെ ഭരമേല്പ്പിച്ചു. യോഹന്നാൻ സഭയുടെ പ്രതീകമാണ്. യോഹന്നാൻ അമ്മയാണെങ്കിൽ അവൾ നമ്മുടെയും അമ്മയാണ്. ആ മറിയത്തിലൂടെ നാം രക്ഷ


www.malankaralibrary.com

കനെ കണ്ടു. "ഈശോയെ പൂർണ്ണമായി കണ്ടെത്താനും അവിടുത്തെ പൂർണ്ണമായി സ്നേഹിക്കുവാനും വിശ്വസ്തതയോടെ സേവിക്കാനും പര്യാപ്തമായ മാർഗ്ഗമാണ് മരിയഭക്തി" (വി. മോൺഫോർട്ട്). കേരളത്തെ മരിയഭക്തിയുടെ യൂണിവേഴ്സിറ്റി എന്നാണ് വിദേശ മിഷനറിയായ ഫാ. പാട്രിക് പെയ്റ്റൺ വിശേഷിപ്പിച്ചത്. ആ പ്രസ്താവന എത്രയോ സത്യമാണ്. അതിന്റെ തെളിവുകളാണ് എണ്ണമറ്റവിധം പരി. മറിയത്തിന്റെ നാമത്തിലുള്ള പള്ളികളും കപ്പേളകളും. സന്ധ്യാസമയത്ത് പള്ളികളിൽ നിന്നും കുടുംബങ്ങളിൽ നിന്നും ഉയരുന്ന ജപമാല പ്രാർത്ഥന ക്രൈസ്തവ കുടുംബങ്ങളെ ഒരുമിച്ചുനിർത്തുന്നു, ഒറ്റച്ചരടിൽ കോർക്കുന്നു. ജപമാലയുടെ ഉറവിടങ്ങളിലേയ്ക്കും, പഠനങ്ങളിലേയ്ക്കും, അതിന്റെ ആന്തരികതയിലേയ്ക്കും നമ്മെ നയിക്കുന്നതാണ് 'ജപമാലയുടെ അർത്ഥങ്ങൾ' എന്ന ഈ മനോഹരമായ ഗ്രന്ഥം. സാധാരണക്കാരന്റെ മരിയഭക്തിയിലുള്ള സംശയങ്ങൾ തീർ ക്കാൻ കൂടുതൽ പര്യാപ്തമാണ് ഈ പുസ്തകം. മാത്രമല്ല അത് അവരെ പ്രാർത്ഥനയിൽ ആഴപ്പെടുത്തുകയും ചെയ്യും. ഈ പുസ്തകം തയ്യാറാക്കിയ സേവ്യർ ഖാൻ വട്ടായിലച്ചനെ ഞാൻ അഭിനന്ദിക്കുന്നു, ദൈവം അച്ചനെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഈ പുസ്തകം രക്ഷാകര ധ്യാനത്തിലേയ്ക്ക് നിങ്ങളെ ഓരോരുത്തരെയും നയിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.


പ്രാർത്ഥനാപൂർവ്വം,

മാർ ജേക്കബ് മനത്തോടത്ത്

പാലക്കാട് രൂപതയുടെ മെത്രാൻ

◆ ◆ ◆


www.malankaralibrary.com



# നന്ദിയുടെ രണ്ടു വാക്കുകൾ...

രണ്ടു വർഷങ്ങൾക്കുമുമ്പ് എഴുതിത്തുടങ്ങിയ ഈ പുസ്തകം നിങ്ങളുടെ കരങ്ങളിലെത്തുമ്പോൾ ഞാൻ ഒത്തിരി സന്തോഷവാനാണ്. കാരണം ഫാത്തിമാ ജൂബിലി വർഷമായ 2017-ൽ ഇത് പ്രസിദ്ധീകരിക്കണമെന്നുള്ളത് ഒരു ദൈവനിശ്ചയമായിരുന്നു എന്നു ഞാൻ തിരിച്ചറിയുന്നു. ദൈവമാതാവ് ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടതിന്റെ ശതാബ്ദിയിൽ ഈ പുസ്തകം പ്രസിദ്ധീകരിക്കുവാൻ അനുഗ്രഹം തന്ന ദൈവത്തിന് ഞാൻ ആദ്യമേ നന്ദി പറയുന്നു. ഈ പുസ്തകത്തിന് ഒരാശംസ നൽകണമെന്ന് അപേക്ഷിച്ച് ബിഷപ്പ് ഹൗസിൽ ചെന്നപ്പോൾ സന്തോഷത്തോടെ എന്നെ സ്വീകരിക്കുകയും, എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും അനുഗ്രഹിക്കുകയും, ഇതിന് മനോഹരമായ ഒരാശംസ എഴുതിത്തന്ന് എന്നെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവിനെ ഒത്തിരി ബഹുമാനത്തോടും ആദരവോടും സ്നേഹത്തോടുംകൂടി ഞാൻ ഓർക്കുന്നു. പിതാവിനോടുള്ള എന്റെ നന്ദി നിസ്സീമമാണ്. ഫാ. ബിനോയി കരിമരുതിങ്കൽ, സി. ബെനിറ്റ സി. എം. സി, ബ്ര. സാബു കാസർഗോഡ്, സോണി ജോർജ്ജ് എന്നിവർ ചേർന്നാണ് ഇതിന്റെ എഡിറ്റിങ്ങ് നിർവഹിച്ചത്. എത്രയോ ദിനരാത്രങ്ങൾ

അവർ ഇതിനുവേണ്ടി ചിലവഴിച്ചു. തങ്ങളുടെ വിലപ്പെട്ട സമയം എനിക്കായി നൽകിയ ഇവരെ നന്ദിയോടെ ഓർക്കുന്നു. ദൈവം അവർക്ക് പ്രതിഫലം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഈ പുസ്തകത്തിന്റെ പതിപ്പിന്റെ


www.malankaralibrary.com

സാമ്പത്തിക ചിലവു കൾ മുഴുവനും വഹിച്ചത് തൃശ്ശൂരുള്ള പി.പി. ഡേവീസ് പൊന്തേക്കനും കുടുംബവുമാണ്. സുവിശേഷത്തിനുവേണ്ടി ഈ കുടുംബം ചെയ്ത ത്യാഗം എത്രയോ വിലപ്പെട്ടതായി സ്വർഗ്ഗത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടാകും. അവരുടെ എല്ലാ പ്രവർത്തനങ്ങളെയും, അവരുടെ പ്രാർത്ഥനാ നിയോഗങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ. ഈ കുടുംബത്തോടുള്ള നന്ദി ഇവിടെ രേഖപ്പെടുത്തുന്നു. എന്റെ സ്വന്തമായ ഒരുപാടു ചിന്തകൾ ഇതിൽ എഴുതിച്ചേർത്തിട്ടില്ല. സഭാപിതാക്കന്മാരുടെ പഠനങ്ങൾ, മതബോധനഗ്രന്ഥം, യൂക്യാറ്റ്, വത്തിക്കാൻ കൗൺസിൽ, വിശുദ്ധരുടെ ജീവിതം എന്നിവയെല്ലാം സമന്വയിപ്പിച്ചുകൊണ്ടാണ് ഈ പുസ്തകം തയ്യാറാക്കിയത്. അതിനാൽത്തന്നെ മരിയാനുഭവത്തോടൊപ്പം അറിവും ലഭിക്കാൻ ഈ പുസ്തകം പര്യാപ്തമാണ്. ശതാബ്ദി വർഷത്തിൽ ഫാത്തിമാ മാതാവിന് ഈ പുസ്തകം ഞാൻ സമർപ്പിക്കുന്നു. ഇതിലെ വരികൾ നിങ്ങളുടെ മാതൃഭക്തിയെ ഉണർത്തട്ടെയെന്ന് പ്രാർത്ഥിക്കുന്നു. പ്രാർത്ഥനാശംസകളോടെ,

Fr. Xavier Khan Vattayil

Anointing Fire Media Ministry

Thavalam P.O, Palakkad

Email: fvattayil@gmail.com

◆ ◆ ◆



www.malankaralibrary.com

# അദ്ധ്യായം 1

# മറിയത്തിന്റെ മാതാപിതാക്കൾ

### യോവാക്കീം - അന്നാ

പരിശുദ്ധ മറിയത്തിന്റെ മാതാപിതാക്കളായ യോവാക്കീം, അന്നാ എന്നിവരെപ്പറ്റി ബൈബിളിൽ പരാമർശങ്ങളൊന്നുമില്ല. സഭാപിതാക്കന്മാരുടെ പഠനങ്ങളും അപ്രമാണിക ഗ്രന്ഥങ്ങളും സഭാ പാരമ്പര്യവും വി. ജോൺ ഡമഷീന്റെ പ്രസംഗവുമാണ് ഇവരെക്കുറിച്ചുള്ള അറിവ് നമുക്ക് നൽകുന്നത്.

യഹൂദ ഗോത്രത്തിൽപ്പെട്ടവനും ദാവീദിന്റെ വംശാവലിയിൽ ഉൾപ്പെട്ടവനുമാണ് യോവാക്കീം. നസ്രത്തിൽ പുണ്യജീവിതം നയിച്ചിരുന്നു അദ്ദേഹം അതേ ഗോത്രത്തിലും, വംശാവലിയിലും പെട്ട അന്നായെന്ന യുവതിയെ വിവാഹം കഴിച്ചു. യോവാക്കീം എന്ന പേരിന്റെ അർത്ഥം "ദൈവത്തിനായി ഒരുക്കപ്പെട്ടവനെന്നും" അന്ന എന്ന പേരിന്റെ അർത്ഥം "ദൈവത്തിന്റെ ദാനം" എന്നുമാണ്. അവർ ദൈവത്തെ സ്നേഹിച്ചും, ദൈവകല്പനകൾ അനുസരിച്ചും, വിശുദ്ധജീവിതം നയിച്ചുപോന്നു. അപ്രമാണിക ഗ്രന്ഥമായ യാക്കോബിന്റെ സുവിശേഷം

www.malankaralibrary.com

നൽകുന്നു പ്രതിപാദമനുസരിച്ച് ഇവർക്ക് ഇരുപതു വർഷക്കാലം കുട്ടികൾ ഉണ്ടായിരുന്നില്ല. അതിനാൽ വാർദ്ധക്യത്തിലെത്തിയ അവർ തങ്ങളുടെ സ്വത്തിൽ കുറെ ബന്ധുക്കൾക്കും, കുറച്ചു ഭാഗം ദൈവാലയ ത്തിനും നൽകാൻ തീരുമാനിച്ചു. ഈ അപേക്ഷ യുമായി യോവാക്കീം മഹാപുരോഹിതനെ സമീപിച്ചു. സന്താനരാഹിത്യം ഒരു ശാപമായി കരുതിയിരുന്ന കാല മായിരുന്നു അത്. അതിനാൽ അവരുടെ സ്വത്തുക്കൾ ദൈവാലയത്തിൽ സ്വീകരിക്കില്ലെന്ന് പുരോഹിതൻ അറിയിച്ചു. ഇതിൽ ദുഃഖിതനായ യോവാക്കീം ദൈവം തന്നെ സന്ദർശിക്കുന്നതുവരെ വെള്ളം പോലും കുടിക്കു കയില്ല എന്ന ദൃഢനിശ്ചയത്തോടെ ഒരു ഘോരവനത്തി നുള്ളിൽ കുടിൽ കെട്ടി നോമ്പും ഉപവാസ പ്രാർത്ഥന കളും ആരംഭിച്ചു. അങ്ങനെ നാൽപ്പത് ദിനരാത്രങ്ങൾ യോവാക്കീം ചെലവഴിച്ചു.

ഈ ദിവസങ്ങളിൽ തന്റെ ഭർത്താവിനെ കാണാതെ വലിയ ദുഃഖത്തിലും വിലാപത്തിലുമായിരുന്ന അന്നയെ പലരും പഴിക്കുകയും ശാപവാക്കുകൾ ചൊരിയുകയും ചെയ്തു. ദുഃഖിതയായ അവൾ പൂർവ്വ പിതാക്കന്മാരെ അനുകരിച്ച് ദൈവത്തോട് കുഞ്ഞില്ലായെന്ന തങ്ങളുടെ സങ്കടങ്ങൾ ഏറ്റു പറഞ്ഞു. പ്രാർത്ഥനയുടെ ഈ നാളു കളിൽ ഒരു മാലാഖ ഹന്നായ്ക്ക് പ്രത്യക്ഷപ്പെട്ട് അവൾക്ക് ഒരു കുഞ്ഞ് ജനിക്കുമെന്ന് അറിയിച്ചു. അതേ സമയം തന്നെ യോവാക്കീമിനും ഒരു മാലാഖ പ്രത്യക്ഷപ്പെട്ട് ഇതേ സന്ദേശം തന്നെ കൈമാറി. ഉടൻ തന്നെ യോവാക്കീം ദൈവാലയത്തിൽ പോയി സ്തോത്ര ബലികൾ അർ പ്പിച്ചു. പിന്നീട് അന്നാ ഗർഭം ധരിക്കുകയും കാലത്തിന്റെ തികവിൽ അവൾ ഒരു പെൺകുഞ്ഞിനെ പ്രസവിക്കു കയും ചെയ്തു. അവർ തങ്ങളുടെ മുത്തിന് "മറിയം" എന്ന് പേരിട്ടു. മറിയത്തിന് പന്ത്രണ്ട് വയസ്സ് ആകുന്ന തിനു മുമ്പ് അവളുടെ മാതാപിതാക്കൾ മരണമടഞ്ഞു എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ജൂലൈ 26 വി. യോവാക്കിമിന്റെയും, അന്നയുടെയും ഓർമ്മത്തിരുന്നാ ളായി സഭയിൽ ആചരിക്കുന്നു.


www.malankaralibrary.com

യേശുവിന്റെ ജനനം ബി.സി. 6 എ കണക്കനുസരിച്ച് ബി.സി. 22-ൽ നസ്രത്തിൽ മറിയം ജനിച്ചു. മറിയം ദാവീദ് ഗോത്രജയാണ് എന്നു കാണിക്കുന്ന ബൈബിൾ ഭാഗം ഏശയ്യ 7:15-ൽ നമുക്കു കാണാം. പഴയനിയമ പ്രവാചകന്മാരായ ഏശയ്യ, മിക്കാ, ജറെമിയാ, എന്നിവർ പരിശുദ്ധ മറിയത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. "യോവാക്കീമിന്റെയും അന്നായുടെയും എത്രയും പവിത്രയായ പുത്രീ, നീ ദൈവത്തിന്റെ മണവാട്ടിയും അമ്മയുമാകാൻ വേണ്ടി അധികാരങ്ങളിലും ശക്തികളിലും നിന്നും മറയ്ക്കപ്പെട്ട് പരിശുദ്ധാത്മാവിന്റെ മണവറയിൽ വസിക്കുകയും മാലിന്യത്തിൽ നിന്ന് രക്ഷിക്കപ്പെടുകയും ചെയ്തു" (വി. ജോൺ ഡമഷീൻ).

## പരിശുദ്ധ മറിയം

ഒരിജൻ, രക്തസാക്ഷിയായ അഗസ്റ്റിൻ, അന്ത്യോക്ക്യായിലെ മെത്രാനായ ഇഗ്നേഷ്യസ്, അലക്സാൻഡ്രിയായിലെ ക്ലെമൻറ്, തെർത്തുല്ല്യൻ എന്നിവരൊക്കെ മരിയഭക്തിയുടെ തുടക്കക്കാരായ സഭാപിതാക്കന്മാരാണ്. മറിയം ദൈവമാതാവാണെ എഫേസൂസ് കൗൺസിലിന്റെ പ്രഖ്യാപനത്തോടെ കത്തോലിക്കാസഭയിൽ മരിയഭക്തി അതിവേഗം വേരൂന്നി. ഹീബ്രുവിലെ "മിറിയാം" എന്ന വാക്കിൽ നിന്നാണ് മേരി എന്ന പേരുണ്ടായത്. മേരി എന്നതിന് സമുദ്രതാരം, സ്ത്രീ, സൗന്ദര്യവതി, രാജകുമാരി, പരിപൂർണ്ണത എന്നൊക്കെ അർത്ഥമുണ്ട്. ഇപ്രകാരമുള്ള എഴുപതോളം വ്യാഖ്യാനങ്ങൾ ദിവ്യജനനിക്ക് ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഹീബ്രുവിൽ "മിറിയാം" എന്നും, അരമായ ഭാഷയിൽ "മറിയം" എന്നും, ഗ്രീക്ക്, ലാറ്റിൻ തുടങ്ങിയ ഭാഷകളിൽ "മരിയ" എന്നും, ഇംഗ്ലീഷിലും, മലയാളത്തിലും "മേരി" എന്നും അവൾ അറിയപ്പെടുന്നു.

ഒരിക്കൽ വിശുദ്ധ ബ്രിജിറ്റിൻ ഒരു വെളിപ്പെടുത്തൽ ലഭിച്ചു. അതിപ്രകാരമായിരുന്നു: "പിശാചുക്കൾ പോലും മേരിയുടെ നാമം ഉച്ചരിക്കപ്പെടുമ്പോൾ ഭയപ്പെട്ട് ഓടി


www.malankaralibrary.com

പ്പോകും. ഒരു പാപി ദൈവത്തിന്റെ സ്നേഹത്തിൽ നിന്ന് അകന്നിരുന്നാൽ പിശാച് പെട്ടെന്ന് ഓടിപ്പോകുകയില്ല. എന്നാൽ മാനസാന്തരപ്പെടണം എന്ന ഉറപ്പോടെ മേരിയുടെ നാമം വിളിച്ചാൽ പിശാച് ഉടനെ അവനെ ഉപേക്ഷിച്ചുപോകും. മറിയത്തിന്റെ നാമം കേൾക്കുന്ന മാത്രയിൽ പിശാച് പാപിയുടെ ആത്മാവിൽ മുറുക്കിയിരിക്കുന്ന പിടിവിടും". വാഴ്ത്തപ്പെട്ട ഫ്രാൻസീസ് യപ്പെസ് പറഞ്ഞു: പിശാച് ഏറ്റവുമധികം ഭയപ്പെടുന്ന മൂന്ന് കാര്യങ്ങളുണ്ട്. ഈശോയുടെ തിരുനാമം ഉച്ചരിച്ച് കേൾക്കുക, മറിയത്തിന്റെ നാമം ശ്രവിക്കുക, മനുഷ്യർ ഉത്തരീയം ധരിച്ച് കാണുക എന്നിവയാണവ. ബെനഡിക്ട് 16-ാം മൻ മാർപാപ്പ ഇപ്രകാരം പ്രാർത്ഥിക്കുന്നു: "പരി. മറിയമേ, ദൈവത്തിന്റെ മാതാവേ, ഞങ്ങളുടെ മാതാവേ, അങ്ങയോടുകൂടെ വിശ്വസിക്കാൻ, പ്രത്യാശിക്കാൻ, സ്നേഹിക്കാൻ ഞങ്ങളെ പഠിപ്പിക്കുക. ദൈവരാജ്യത്തിലേയ്ക്കുള്ള പാത ഞങ്ങൾക്കു കാണിച്ചുതരിക. സമുദ്രതാരമേ, ഞങ്ങളുടെമേൽ പ്രകാശിക്കുകയും ഞങ്ങളെ വഴിനടത്തുകയും ചെയ്യുക" (സ്പേ സാൽവി).

## കന്യകാമറിയം

റാവായിലെ മെത്രാപ്പോലീത്താ വി. പീറ്റർ ക്രിസലോഗസ് (+450) മംഗളവാർത്ത തിരുന്നാളിൽ ചെയ്ത പ്രസംഗത്തിൽ നിന്ന്)

"പ്രിയപ്പെട്ടവരേ, മനുഷ്യവർഗ്ഗത്തിന്റെ പുനർജന്മത്തെപ്പറ്റി മാലാഖ ഒരു കന്യകയോടു പറഞ്ഞതെന്തെന്നു നിങ്ങളിന്നു ശ്രവിച്ചു. മൃതിയിലേക്കു നയിച്ച അതേ പാതയിലൂടെത്തന്നെ മനുഷ്യനെങ്ങനെ ജീവനിലേക്ക് പ്രത്യാനയിക്കപ്പെടുമെന്നും നിങ്ങൾ കേട്ടു. അന്നൊരിക്കൽ മാലാഖ ഹവ്വയെ ശാപവാർത്ത അറിയിച്ചു. അതുപോലെ ഇപ്പോൾ മറിയത്തെ രക്ഷയുടെ സന്ദേശവും ദൈവത്തിന്റെ അദൃശ്യശക്തിയാൽ നമ്മെപ്പോലൊരു മനുഷ്യജീവിയിലൂടെ ദൈവികസദനം ഭൂമിയിൽ എങ്ങനെ പണിയപ്പെടുമെന്നും


www.malankaralibrary.com

മാലാഖവഴി അറിഞ്ഞുകഴിഞ്ഞു. മനുഷ്യനെ സ്വർഗ്ഗത്തിൽ പുന:പ്രതിഷ്ഠിക്കാൻ വേണ്ടി ദൈവം ഭൂമിയിലേക്കിറങ്ങു മഹാരഹസ്യം! അതെ, ദൈവം മനുഷ്യശരീരം സ്വീകരിച്ച് മനുഷ്യനുമായി ഒുചേരു അത്ഭുതരഹസ്യം!... നിങ്ങളതു ശ്രവിച്ചു. മാലാഖയുടെ ധൈര്യം പകരുന്ന വാക്കുകളിൽ നിന്നു ശക്തി സംഭരിച്ച് ഒരു സ്ത്രീ ദൈവത്തെ സംവഹിക്കുവാൻ പ്രാപ്തയായതെങ്ങനെയെന്ന് നിങ്ങൾക്കറിവുണ്ട്.

'മറിയം ഭയപ്പെടാതിരിക്കൂ, മാലാഖ പറഞ്ഞു. മാനുഷിക ബലഹീനതയെപ്പറ്റി ശരിക്കും ബോധമുള്ള മറിയം ദൈവനിർദ്ദിഷ്ടമായൊരു ഭാരം പേറാൻ മടിക്കാതിരിക്കാൻ, ആ കന്യകയെപ്പോലുള്ള ഒരു ഇളംശിഖരം മനുഷ്യകുലത്തിന്റെ ഫലവും വഹിക്കാൻ ഭയപ്പെട്ടിരിക്കണം. കാരണങ്ങളൊക്കെ നമുക്കു സുവിധിതമാവുതിനുമുമ്പേ തന്നെ ഈ കന്യകയുടെ മഹിമ അവളുടെ പേർ വിളിച്ചറിയിച്ചുകഴിഞ്ഞിരുന്നു. "മറിയം" ഹെബ്രായ ഭാഷയിൽ അതിന്റെ അർത്ഥം ആര്യ, ധന്യാംഗന എന്നൊക്കയത്രെ. സ്ത്രീസഹജമായ അപകർഷത അവളെ തടഞ്ഞു വയ്ക്കരുതെന്നു കരുതിയാണ് മാലാഖ ദൈവമാതാവാകാൻ പോകുന്നവളെ ആര്യ-കുലീനയെന്ന് അഭിസംബോധന ചെയ്തത്. ആ ദിവ്യപുത്രന്റെ അധികാരാതിശയമാണ് അവളെ കുലീനയായി ജനിപ്പിച്ചതും അങ്ങനെ വിളിപ്പിച്ചതും.

"മറിയം ഭയപ്പെടരുത്. നീ കൃപാവരം കണ്ടെത്തിയിരിക്കുന്നു. തികച്ചും വാസ്തവം തന്നെ. കൃപ ലഭിക്കുവാൻ (ആരുമാകട്ടെ) ഭയപ്പെടേണ്ടതില്ല. അവൾക്കതുണ്ട് മറ്റാരേക്കാളും മുമ്പേ നീ തന്നെയാണ് കന്യകേ ആ വചസ്സുകൾ ശ്രവിക്കാൻ യോഗ്യയായത്: 'നീ കൃപാവരം കണ്ടെത്തിയിരിക്കുന്നു.' ഈ കൃപാവരത്തിന്റെ അളവോ? മുൻപറഞ്ഞതുപോലെ കൃപാവരം അതിന്റെ പൂർണ്ണതയിൽ ആർത്തുവീണു നനയ്ക്കുന്ന മഴപോലെ കൃപാവരം ഇവളെ പൊതിഞ്ഞുകളഞ്ഞു; അതിൽ മുക്കിക്കളഞ്ഞു. മാലാഖയ്ക്കുപോലും ആശ്ചര്യമുളവായി: 'നീ ദൈവകൃപ


www.malankaralibrary.com

കണ്ടെത്തി. മാലാഖ സ്തബ്ധനായി പിൻവാങ്ങുന്നു. ഈ സ്ത്രീയാണ് 'ജീവനു' യോഗ്യമായവൾ; അവൾവഴി മനുഷ്യവർഗ്ഗവും. പ്രപഞ്ചത്തിനു മുഴുവനും ഉൾക്കൊള്ളാൻ കഴിയാത്ത ദൈവത്തെ ഒരു കന്യകയുടെ ഉദരം ഉൾക്കൊണ്ടതിൽ മാലാഖയ്ക്ക് അത്ഭുതമുണ്ടാവുക തന്നെ ചെയ്തു. മാലാഖ അവധാനപൂർവ്വം അവളർഹിക്കുന്നതു പോലെ തന്നെ 'കന്യക'യെന്നു വിളിച്ചു, അവളിലെ കൃപാവര സമൃദ്ധി ദൈവദൂതൻ അംഗീകരിച്ചു. എന്നിട്ട് തെല്ലൊരു ഭയത്തോടെ ദൂതൻ തന്റെ ദൗത്യം അംഗീകാരത്തിനായി സമർപ്പിക്കുന്നു..."

മാതാവിന്റെ ജനനത്തിരുനാൾ ആരംഭിക്കുന്നത് 1007-ൽ മിലാൻ നഗരത്തിലാണ്. ആ വർഷത്തിൽ സാന്താ മരിയ ഫ്‌ളുക്കോറിന എന്ന ദൈവാലയം പരിശുദ്ധ അമ്മയുടെ ഓർമ്മയ്ക്കായി സമർപ്പിക്കപ്പെട്ടു. 1251-ൽ ഇന്നസെൻറ് നാലാമൻ മാർപാപ്പ ഈ ദൈവാലയത്തെ കത്തീഡ്രൽ പദവിയിലേക്ക് ഉയർത്തി. ആദ്യകാലം മുതൽ തന്നെ നമ്മുടെ നാട്ടിലും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ എട്ടുനോമ്പാചരിക്കുന്ന പതിവുണ്ടായിരുന്നു.

'മറിയത്തിന്റെ മധുര നാമത്തിന്റെ തിരുനാൾ' 1513-മുതൽ സ്പെയിനിലും 1671-മുതൽ നേപ്പിൾസിലും ആഘോഷിക്കുവാൻ തുടങ്ങി. 1683-ലെ വിയന്ന യുദ്ധത്തിൽ തുർക്കി സൈന്യത്തിനെതിരെ ക്രിസ്ത്യാനികൾ നേടിയ വിജയത്തിന്മേലാണ് ഈ തിരുനാൾ സ്ഥാപിതമായത്. വാ. പതിനൊന്നാം ഇന്നസെൻറ് മാർപാപ്പയാണ് ഈ തിരുനാൾ സ്ഥാപിച്ചത്. മറിയത്തിന്റെ ജനനത്തിരുനാൾ കഴിഞ്ഞുവരു ഞായറാഴ്ചയാണ് ഈ തിരുനാൾ ആഘോഷിക്കുന്നത്. 2002-ൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ ഈശോയുടെ നാമത്തിന്റെ തിരുനാളിനോട് ചേർത്ത് ഈ തിരുനാളും സഭാ കലണ്ടറിൽ ഉൾപ്പെടുത്തി.

വിശുദ്ധ ലോറൻസ് റിച്ചാർഡ് ഇപ്രകാരം പറയുന്നു: "യേശുവിന്റെ നാമം കഴിഞ്ഞാൽ ഇതുപോലെ ശക്ത


www.malankaralibrary.com

മായതും മഹത്വമേറിയതുമായ നാമം വേറെയില്ല. പാപമില്ലാതെ ജനിക്കുകയും ജീവിക്കുകയും ചെയ്ത ദൈവത്തിന്റെ ആദ്യ സൃഷ്ടി, ഒരേയൊരു സൃഷ്ടി പരിശുദ്ധ കന്യക മാത്രമാണ്. ആദ്യത്തെ ഹവ്വ ഇതിൽ പരാജയപ്പെട്ടപ്പോൾ രണ്ടാമത്തെ ഹവ്വയായ പരിശുദ്ധ കന്യകാമറിയം മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ അമ്മയായി ദൈവത്താൽ ഉയർത്തപ്പെട്ടു".

## ദൈവാലയ സമർപ്പണം

മറിയത്തിനു മൂന്നുവയസ്സായപ്പോൾ അവളുടെ മാതാപിതാക്കൾ അവളെ ദൈവാലയത്തിൽ സമർപ്പിച്ചു. ജറുസലേം ദൈവാലയത്തിൽ വച്ചാണ് പരിശുദ്ധ കന്യകാമറിയത്തിന്റെയും ഉണ്ണി മിശിഹായുടേയും ശുദ്ധീകരണകർമ്മം നടന്നത്. അവർ ശിശുവിനെ അൾത്താരയുടെ മൂന്നാം പടിയിൽ കിടത്തി. പ്രാർത്ഥനകൾക്കു ശേഷം അവർ മറിയത്തെ പുരോഹിതന്മാരുടെ കരങ്ങളിൽ ഏല്പിച്ചു. പിന്നീടുള്ള നാളുകളിൽ മറിയം ദൈവാലയത്തിൽ വളർന്നു.

മോശയുടെ നിയമമനുസരിച്ച് ആദ്യജാതരെയെല്ലാം ദൈവത്തിന് സമർപ്പിക്കണം എന്ന കൽപ്പന അനുസരിച്ചായിരിക്കണം പെൺകുട്ടികളെയും ദൈവത്തിന് സമർപ്പിച്ചത്. വിശുദ്ധ ജർമ്മാനോസും വിശുദ്ധ ജോൺ ഡമഷീനും പരിശുദ്ധ അമ്മയുടെ ദൈവാലയ പ്രവേശനത്തെക്കുറിച്ച് സ്തുതിച്ചു പാടിയിട്ടുണ്ട്. "ഈ പുഷ്പം അതിനു യോഗ്യമായ സ്ഥലത്തു തന്നെ വളരേണ്ടതുണ്ട്. അതിനാൽ അവൾ ദൈവത്തിന്റെ ഭവനത്തിലേയ്ക്ക് പറിച്ചു നടപ്പെട്ടു. അവിടെ പരിശുദ്ധാത്മാവിൽ പരിപോഷിപ്പിക്കപ്പെട്ട് കറയും ചുളിവുമില്ലാത്ത അവളുടെ ശരീരം തന്റെ പുത്രനു വേണ്ടി പരിശുദ്ധമായി കാത്തുസൂക്ഷിച്ചു. പരിശുദ്ധനായവനു വേണ്ടി അവൾ പരിശുദ്ധയായി നിലകൊണ്ടു". മറിയത്തിന്റെ സമർപ്പണതിരുന്നാൾ നവംബർ 21-ാം തീയതി തിരുസഭയിൽ ആചരിക്കുന്നു.


www.malankaralibrary.com

## മറിയത്തിന്റെ വിവാഹം

പന്ത്രണ്ടു വയസ്സായപ്പോൾ മറിയത്തെ വിവാഹം കഴിപ്പിക്കാൻ മഹാപുരോഹിതൻ തീരുമാനിച്ചുകൊണ്ട് തിരുവസ്ത്രമണിഞ്ഞ് വിശുദ്ധ സ്ഥലത്തു പ്രവേശിച്ചു. പെട്ടെന്ന് കർത്താവിന്റെ ഒരു ദൂതൻ പ്രത്യക്ഷപ്പെട്ട് പറഞ്ഞു: ജനങ്ങൾക്കിടയിലെ വിഭാര്യന്മാരെ വിളിച്ചു കൂട്ടുക. അവർ ഓരോ വടിയും കയ്യിലെടുക്കണം. അവരിൽ ആർക്കെങ്കിലും ദൈവം ഒരടയാളം കാണിച്ചാൽ അയാൾക്ക് മറിയത്തെ സ്വീകരിക്കാം. അവർ പ്രധാന പുരോഹിതന്റെ അടുത്ത് എത്തിയപ്പോൾ പുരോഹിതൻ അവരുടെ വടികൾ സ്വീകരിച്ചു. പുരോഹിതൻ ദൈവാലത്തിൽ പ്രവേശിച്ചു പ്രാർത്ഥിക്കുകയും അവരുടെ വടികൾ തിരിച്ചുകൊടുക്കുകയും ചെയ്തു. പെട്ടെന്നു യൗസേപ്പിന്റെ വടിയിൽ ഒരു പ്രാവ് വന്നു നിന്നു. നിനക്കാണ് കർത്താവിന്റെ കന്യകയെ സ്വീകരിക്കാനുള്ള ഭാഗ്യം ലഭിച്ചത്, നീ അവളെ സംരക്ഷിക്കുകയെന്ന് പുരോഹിതർ പറഞ്ഞു. (കടപ്പാട് : മരിയൻ ശബ്ദധാര. ഡോ.ജെ. വെള്ളിയാൻ)

## ജോസഫ് മറിയത്തെ സ്വീകരിക്കുന്നു

പൂർണ്ണ മനസ്സോടെ ജോസഫ് മറിയത്തെ സ്വീകരിച്ചു. ഏതാനും നാളുകൾക്ക് ശേഷം ജോസഫ് അവളെ വിവാഹം ചെയ്തു. വി. യൗസേപ്പിന്റെ കരങ്ങളിലേക്ക് മറിയം ഏൽപ്പിക്കപ്പെട്ടു. അവൾ ഭർത്താവിനെ അനുസരിക്കുകയും സ്നേഹിക്കുകയും ചെയ്തു. അതോടൊപ്പം കന്യാവ്രതത്തിന്റെ സത്യം പരിശുദ്ധ മറിയം ജോസഫിനെ ധരിപ്പിക്കുകയും ചെയ്തു. അതുവഴി ദൈവപുത്രന്റെ വളർത്തുപിതാവാകുവാനുള്ള ചുമതലയും യോഗ്യതയും വിശുദ്ധ യൗസേപ്പിന് ലഭിച്ചു.

ഈ യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം എന്നും നമ്മോടൊപ്പമുണ്ട്. വി. തോമസ് അക്വീനാസ് ഇപ്രകാരം പഠി


www.malankaralibrary.com

പ്പിക്കുന്നു: "ചില വിശുദ്ധർ ചില ആവശ്യങ്ങളിൽ നമ്മെ സഹായിക്കുന്നു. നമ്മുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവ് എല്ലാ കാര്യങ്ങളിലും എല്ലാ ആവശ്യങ്ങളിലും എല്ലാ ഉദ്യമങ്ങളിലും നമ്മെ സഹായിക്കുന്നു".

## മംഗളവാർത്ത

പരിശുദ്ധ മറിയത്തിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളിലൊന്നാണ് മംഗളവാർത്ത. മാർച്ച് 25-നാണ് ഈ തിരുനാൾ നാം സഭയിൽ കൊണ്ടാടുന്നത്. മുഖ്യദൂതനായ വിശുദ്ധ ഗബ്രിയേൽ മാലാഖ മറിയത്തിന് പ്രത്യക്ഷപ്പെട്ട് ദൈവത്തിന്റെ പുത്രനും രക്ഷകനുമായ യേശു നിന്നിൽ നിന്ന് ജനിക്കാൻ പോകുന്നു എന്നുള്ള സന്ദേശമാണ് മംഗളവാർത്ത. വിശുദ്ധ ലൂക്കാ സുവിശേഷകൻ ഇങ്ങനെ രേഖപ്പെടുത്തുന്നു. "ദൈവകൃപ നിറഞ്ഞവളേ നിനക്ക് സ്വസ്തി... നീ സ്ത്രീകളിൽ അനുഗ്രഹീത... കർത്താവ് നിന്നോടുകൂടെ...". മറിയം പറഞ്ഞു: "ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ..." (ലൂക്കാ 1: 26-39). "പിതാവായ ദൈവത്തിന്റെ തൃക്കരങ്ങളിൽ നിന്ന് ദൈവപുത്രനെ സ്വീകരിക്കാൻ ലോകം അനർഹമായിരുന്നുവെന്ന് വിശുദ്ധ അഗസ്തീനോസ് പറയുന്നു. "അവിടുന്ന് സ്വപുത്രനെ മറിയത്തിന് നൽകി, അത് അവളിലൂടെ ലോകം അവനെ സ്വീകരിക്കാൻ വേണ്ടിയായിരുന്നുവെന്ന് വിശുദ്ധ ലൂയി മോണ്ട്ഫോർട്ട് വെളിപ്പെടുത്തുന്നു.

രണ്ടാം നൂറ്റാണ്ടുമുതൽത്തന്നെ മംഗളവാർത്തയുടെ ചിത്രങ്ങൾ റോമിൽ കണ്ടുതുടങ്ങിയതായി ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. അഞ്ചാം നൂറ്റാണ്ടുമുതൽ മംഗളവാർത്ത തിരുനാൾ പൗരസ്ത്യ സഭകളിൽ ആഘോഷിക്കാൻ ആരംഭിച്ചു. ഈ തിരുനാൾ ദിവസം രാത്രി 12 മണിക്ക് എഴുന്നേറ്റ് മാതാവിന്റെ മാദ്ധ്യസ്ഥ്യം തേടുന്ന ഒരു രീതി കത്തോലിക്കരുടെ ഇടയിൽ പണ്ട് ഉണ്ടായിരുന്നു.


www.malankaralibrary.com

രക്ഷകന്റെ മാതാവായിത്തീരുന്നതിന് മറിയത്തെ ആ സ്ഥാനത്തിന് അനുഗുണമായ ദാനങ്ങളാൽ ദൈവം സമ്പന്നയാക്കി. വാസ്തവത്തിൽ തന്റെ വിളിയെക്കുറിച്ച് കന്യകാമറിയത്തിന് അറിയിപ്പ് ലഭിച്ചപ്പോൾ അതിന് വിശ്വാസത്തിന്റെ സ്വതന്ത്ര സമ്മതം നൽകാൻ കഴി യുന്നതിന് അവൾ ദൈവകൃപയാൽ നയിക്കപ്പെടേണ്ടി യിരിക്കുന്നു (CCC 490, 494). മോസ്ക്കോയിലെ വിശുദ്ധ ഫിലാരത്ത് പറയുന്നു: "ഒരു സൃഷ്ടിയുടെ വാക്ക് സൃഷ്ടാവിനെ ഭൂമിയിലേയ്ക്ക് കൊണ്ടുവരുന്നു. ഇവിടെ ദൈവത്തിന്റെ മനസ്സ് മാത്രമല്ല, കന്യകയുടെ സ്വന്തമായ തീരുമാനവും കൂടിയാണ്. അവൾക്കു വേണമെങ്കിൽ അതു നിരസിക്കാമായിരുന്നു. എന്നാൽ അവൾ അനു സരിച്ചു".

## അനുഗ്രഹ സമ്പന്ന?

*(ബോസ്ത്രായിലെ ആന്റിപാത്രോ മെത്രാന്റെ (+457) പ്രസംഗത്തിൽ നിന്ന്)*

"പിതാവിന്റെ ദൗത്യം പരിശുദ്ധ കന്യകയെ അറി യിക്കാനായി ഗബ്രിയേൽ മാലാഖ നസ്രത്തിലെത്തി. ദൂതൻ കന്യകാസമക്ഷം പ്രവേശിച്ച് ഇങ്ങനെ അഭി വദിച്ചു: 'പ്രസാദവരസമ്പൂരിതേ, സന്തോഷിക്കൂ. കർ ത്താവ് നിന്നോകൂടെയുണ്ട്. ശാപഗ്രസ്തമല്ലാത്ത ഒരു കുഞ്ഞിനെ ആദ്യമായി പ്രസവിക്കുന്നത് നീയാണ്. നീ വഴി മാത്രമാണ് ഈ സംഭവം നടന്നത്. അതുകൊണ്ട് സന്തോഷിക്കൂ. ലോകത്തിന് ജീവന്റെ ചൈതന്യം പ്രദാനം ചെയ്തവൾ നീയത്രേ.'

നിനക്ക് സന്തതി ഉണ്ടായിരുന്നെങ്കിലും നിന്റെ കന്യാത്വം ഭംഗമറ്റതായതിനാൽ നീ ആനന്ദിക്കൂ. കന്യാത്വം കളഞ്ഞുകുളിക്കാതെ മാതാവായവളേ, സന്തോഷിക്കൂ. പുരുഷബന്ധമില്ലാതെ നീ ഗർഭിണി യായി; പ്രസവവേദന കൂടാതെ കുഞ്ഞിനു ജന്മം നൽകി; നീ സന്തുഷ്ഠയായിരിക്കുക. അധഃപതിച്ച മനുഷ്യകുല


www.malankaralibrary.com

ത്തിന് രക്ഷകനെ നൽകിക്കൊണ്ട് പാപത്തിനധീനയാവാതെ തന്നെ മനുഷ്യർക്കു മദ്ധ്യസ്ഥയായി ത്തീർന്ന വളെ, സന്തോഷിച്ചാലും.

നീ പ്രസവിച്ചത് ദൈവത്തെയാണ്. എന്നാൽ ആ ശിശു ദൈവം തന്നെയല്ല; മനുഷ്യനും കൂടിയാണ്. നിന്റെ പുത്രൻ വെറും മനുഷ്യനുമല്ല. അതിനാൽ നീ ആനന്ദിക്കൂ. പ്രസാദവര സമ്പൂരിതേ, സന്തോഷിക്കൂ, കർത്താവ് നിന്നോടുകൂടിയുണ്ട്.

എലിസബത്ത് പരിശുദ്ധാരൂപിയാൽ നിറഞ്ഞ് പറഞ്ഞു: സ്ത്രീകളിൽ നീ അനുഗ്രഹീത! നിന്റെ ഗർഭഫലവും അനുഗ്രഹീതം. അവൾ പറഞ്ഞു: ശാപത്തിന്റെ ഉന്മൂലകനെ വഹിക്കു നീ അനുഗ്രഹീതയാകുന്നു. വിജ്ഞാനദാനത്തെ ആവഹിക്കുന്ന നീ അനുഗ്രഹീതയാകുന്നു. സ്വർഗ്ഗത്തിൽ ചരിക്കുന്നവനെ ഉദരത്തിൽ വഹിക്കുന്ന നീ അനുഗ്രഹീതയാകുന്നു. അവന്റെ പരിശുദ്ധാലയമായതിനാൽ നീ അനുഗ്രഹീതയാകുന്നു. നിന്റെ ഉദരഫലം വാഴ്ത്തപ്പെട്ടതാകുന്നു. ശത്രുവിനെ ജയിക്കാനായി ആദം അതിൽ നിന്ന് ഭക്ഷിക്കും. ലോകത്തിനു ഭക്ഷണവും രക്ഷാകവചവുമായിത്തീർന്ന നിന്റെ ശിശു വാഴ്ത്തപ്പെട്ടതാകട്ടെ".

## *യൗസേപ്പ് - നീതിമാൻ*

*(വി. ബർണ്ണാർദ്ദ്. Homilyon Missal Est)*

"തന്റെ ഭാര്യയായ മറിയത്തെ അപഹാസ്യപാത്രമാക്കുവാൻ യൗസേപ്പ് ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് അവളെ രഹസ്യമായി ഉപേക്ഷിക്കാൻ തീരുമാനിച്ചു. നീതിമാനായിരുന്നതു കൊണ്ടായിരിക്കണം സ്വഭാര്യയെ അപഹാസ്യപാത്രമാക്കുവാൻ അദ്ദേഹം ഇഷ്ടപ്പെടാഞ്ഞത്. പാപകരമെന്ന് അറിയാമായിരുന്നതിന് വഴങ്ങിയിരുന്നെങ്കിൽ അദ്ദേഹം നീതിമാനാകുമായിരുന്നില്ല. നിഷ്കളങ്കതയെ ശപിച്ചു തള്ളിയിരുന്നെങ്കിലും ഇതുതന്നെ ആകുമായിരുന്നു ഫലം. അതെ, യൗസേപ്പ് നീതിമാനായിരുന്നതു


www.malankaralibrary.com

കൊണ്ടും അവളെ അപഹാസ്യപാത്രമാക്കാൻ ഇഷ്ടപ്പെടാത്തതുകൊണ്ടും അവളെ രഹസ്യമായി ഉപേക്ഷിക്കുവാൻ തീരുമാനിച്ചു. എന്തുകൊണ്ട് ഈ തീരുമാനം? എന്റെ അഭിപ്രായത്തേക്കാളേറെ പിതാക്കന്മാർ നൽകുന്ന ഉത്തരം തന്നെ നമുക്കാധാരമാക്കാം.

വി. പത്രോസ് നമ്മുടെ കർത്താവിനോട് യാചിച്ചു 'കർത്താവേ, എന്നിൽ നിന്ന് അകന്നു പോകണമേ; ഞാൻ പാപിയാണ്'. ഇതേ മനോഭാവമത്രെ യൗസേപ്പിന് മേരിയുടെ നേർക്കുണ്ടായിരുന്നത്. ഈ ദൃശ്യമായൊരു കാരണം തന്നെ കർത്താവിനെ തന്റെ ഉദ്യമത്തിൽ നിന്നു പിന്തിരിപ്പിക്കാൻ പോരുന്ന അപേക്ഷ സമർപ്പിക്കാൻ ശതാധിപനെ പ്രേരിപ്പിച്ചു: 'നാഥാ, എന്റെ വീട്ടിൽ അങ്ങ് പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല'. ഇതുപോലെ യൗസേപ്പ് തന്നെ ഒരു പാപിയായി കണക്കാക്കി. അത്യത്ഭുതകരവും നിഗൂഢവുമായ ഒരു കാര്യത്തിൽ തന്റെ സഖിത്വം ഒരു മഹതിയുടെ മേൽ കെട്ടിവെയ്ക്കരുതെന്ന് അദ്ദേഹത്തിനു തോന്നി. ദൈവസാന്നിധ്യത്തിന്റെ വ്യക്തമായ ലാഞ്ഛനകൾ കണ്ടറിഞ്ഞ യൗസേപ്പ് ഭയചകിതനായി പിന്മാറുന്നു! ആ രഹസ്യത്തിന്റെ ഉള്ളറയിലേക്ക് ചുഴിഞ്ഞിറങ്ങാനാവാത്തതിനാൽ അവളെ പറഞ്ഞയക്കുവാൻ തന്നെ ഉറച്ചു.

ദൈവശക്തിയുടെ അപാരതക്കു മുമ്പിൽ പത്രോസ് വിറപൂണ്ടു. ദൈവിക സാന്നിദ്ധ്യത്തിന്റെ ഗംഭീരതയ്ക്കു മുമ്പിൽ അത്ഭുതസ്തബ്ധനായി ശതാധിപൻ. അതുപോലെ നിസ്തുല്യമായ അത്ഭുതത്തിനുമുമ്പിൽ 'വെറും' മനുഷ്യനായ യൗസേപ്പ് തരിച്ചുനിന്നുപോയി. ഗർഭിണിയായ കന്യകയെ എത്രമാത്രം ആദരവോടെ എലിസബത്തു സ്വീകരിച്ചെന്നറിയുമ്പോൾ അവളുടെ ഭർത്താവായിരിക്കാൻ അയോഗ്യനെന്ന് സ്വയം വിധിച്ച യൗസേപ്പ് നിങ്ങളിൽ ആശ്ചര്യമുളവാക്കുമോ? എലിസബത്ത് വിളിച്ചു പറഞ്ഞതു കേൾക്കൂ: 'എന്റെ കർത്താവിന്റെ അമ്മ, എന്റെ അടുക്കൽ വരുവാനുള്ള ഭാഗ്യത്തിന് ഞാനെങ്ങനെ അർഹയായി'.


www.malankaralibrary.com

അതുകൊണ്ട്, അവളെ ഉപേക്ഷിക്കാൻ യൗസേപ്പ് തീരുമാനമെടുത്തു. പക്ഷേ, ഇതെന്തിനു രഹസ്യമായിരിക്കണം? എന്തേ പരസ്യമായാൽ? നോക്കൂ: പരസ്യമായി ഉപേക്ഷിച്ചാൽ പരസ്യമായി തന്റെ പ്രവർത്തി നീതീകരിക്കാൻ അദ്ദേഹം ബാധ്യസ്ഥനാണ്. ഒരു നീതിമാൻ നിരങ്കുശരായ ഒരു ജനവ്യൂഹത്തിന് തൃപ്തികരമായ എന്തുത്തരം നൽകും? അദ്ദേഹത്തിന്റെ ധാരണ പുറത്തു പറഞ്ഞിരുങ്കിൽ തീർച്ചയായും നാട്ടുകാർ അദ്ദേഹത്തെ പരിഹസിക്കുമായിരുന്നില്ലേ? അവളെ കല്ലെറിയുമായിരുന്നില്ലേ? പിന്നീട് ദേവാലയത്തിൽ പ്രസംഗിച്ചുകൊണ്ടിരുപ്പോൾ വെറുപ്പോടെ കൂക്കിവിളിച്ചവർ, അവളുടെ ഉദരത്തിൽ വസിക്കുന്നത് സത്യദൈവത്തിന്റെ അവതാരമാണെറിഞ്ഞാൽ അതു വിശ്വസിക്കുമേന്ന് എങ്ങനെ കരുതും? അത്ഭുതങ്ങൾ കണ്ടശേഷവും അവിടുത്തെ അതിക്രൂരമായി വരിഞ്ഞു കെട്ടിക്കൊല്ലാൻ മടിക്കാത്തവർ അന്ന് ഇക്കാര്യം അറിഞ്ഞിരുങ്കിൽ എന്തുതന്നെ ചെയ്യുകയില്ലായിരുന്നു! അസത്യം പറയുവാൻ മടിയുണ്ട്; ഒരു നിഷ്കളങ്കയുടെ അഭിമാനത്തിന് ക്ഷതമേൽപ്പിക്കാൻ വൈമനസ്യമുണ്ട്. അതിനാൽ രഹസ്യമായി അവളെ ഉപേക്ഷിക്കാൻ ഒരു നീതിമാൻ ആഗ്രഹിക്കുന്നു. ഈവിധ ചിന്തകൾക്ക് അധീനനായിരിക്കവേ, യൗസേപ്പിന്റെ ഉൽക്കണ്ഠയകറ്റുവാൻ കരുണാനിധിയായ ദൈവം ഒരു മാലാഖയെ അയച്ചു. 'ദാവീദിന്റെ പുത്രനായ യൗസേപ്പേ, നിന്റെ ഭാര്യയായ മറിയത്തെ സ്വീകരിക്കുവാൻ ശങ്കിക്കേണ്ട;' മാലാഖ കൊടുത്ത സന്ദേശം അപ്പോൾ മാത്രമേ 'ദാവീദിന്റെ പുത്രൻ', ദാവീദിന്റെ ഗോത്രത്തിലെ കന്യകയായ മറിയത്തെ സ്വീകരിക്കുന്നുള്ളൂ. അവരുടെ പിതാവായ ദാവീദിന് ദൈവം നൽകിയിരുന്ന ഉറപ്പ് മറിയത്തിൽ പൂർത്തിയാകേണ്ടിയിരുന്നു. ആ സത്യം സാക്ഷാത്ക്കരിക്കപ്പെട്ടതിനു വിശ്വസ്ത സാക്ഷിയായിരുന്നു യൗസേപ്പ്".

## *മറിയത്തിന്റെ സ്തോത്രഗീതം*


www.malankaralibrary.com

ദൈവമാതാവായ കന്യകാമറിയത്തോടുള്ള ഭക്തി ക്രിസ്തീയ സമൂഹങ്ങളിൽ നിലനിന്നുപോന്നിട്ടുള്ള കാലങ്ങളിലെല്ലാം വിവിധതരത്തിലുള്ള മരിയൻ പ്രാർത്ഥനകൾ പ്രചാരത്തിലിരുന്നിട്ടുണ്ട്. "മാഗ്നിഫിക്കാത്ത്" എന്ന സ്തുതിഗീതം അതിൽപ്പെട്ടതാണ്. മറിയം തന്നെയാണ് അത് ആദ്യമായി കീർത്തിച്ചത് (ലൂക്കാ 1:46-55). ലത്തീൻ ഭാഷയിലെ അതിന്റെ ആരംഭ പദത്തിൽ നിന്നാണ്, "മാഗ്നിഫിക്കാത്ത്" എന്ന് അതിനു പേർ സിദ്ധിച്ചത് (ക്രൈസ്തവ വിജ്ഞാനീയം: അദ്ധ്യായം 4 - കത്തോലിക്കാ പ്രാർത്ഥനകൾ). വിശുദ്ധ മോൺ ഫോർട്ട് ഇപ്രകാരം പറയുന്നു: "പരിശുദ്ധ കന്യക രചിച്ച ഏക പ്രാർത്ഥനാ ഗാനമാണ് സ്തോത്രഗീതം. അവളുടെ അധരങ്ങൾ വഴി സംസാരിച്ചത് ഈശോ ആയിരുന്നതിനാൽ അവിടുന്നാണ് അത് രചിച്ചതെന്നു പറയുകയാണ് ഏറെ ശരി. പ്രസാദവരത്താൽ ദൈവത്തിനു സമർപ്പിച്ച ഏറ്റവും വിലയുള്ള സ്തോത്ര ഗാനമാണത്. ഏറ്റവും വിനീതവും കൃതജ്ഞതാ പൂർണ്ണവുമായ ഗാനതല്ലജം. മറിയത്തിന്റെ സ്തോത്ര ഗീതത്തെ സ്തുതിഗീതങ്ങളുടെ സ്തുതിഗീതം Hymns ഓഫ് Hymns) എന്നു വിശേഷിപ്പിക്കുന്നു. അതേ സമയം അത് ഏറ്റവും പ്രൗഢവും ഉത്കൃഷ്ടവുമാണ്". പതിനാറാം ബനഡിക്ട് മാർപാപ്പയുടെ മാഗ്നിഫിക്കാത്തിനെക്കുറിച്ചുള്ള പ്രബോധനം ഇതിനെപ്പറ്റി വളരെയേറെ അറിവു നമുക്ക് പ്രദാനം ചെയ്യുന്നു. "മാഗ്നിഫിക്കാത്ത് അവളുടെ ആത്മാവിന്റെ ഒരു ഛായാ ചിത്രമാണെന്ന് പറയാം. ദൈവത്തിന്റെ വചനത്തിൽ നിന്ന്, വിശുദ്ധഗ്രന്ഥത്തിൽ നിന്ന് എടുത്ത ഇഴകൾ കൊണ്ട് പൂർണ്ണമായും നെയ്തെടുത്തതാണ് ആ സ്തോത്രഗീതം. ദൈവത്തിന്റെ വചനം മറിയത്തിന് എത്ര പൂർണ്ണമായി പരിചിതമാണെന്ന് നാം ഇവിടെ കാണുന്നു. എത്ര അനായാസമായി അവൾ അതിൽ സഞ്ചരിക്കുന്നു. ദൈവവചനം കൊണ്ടാണ് അവൾ സംസാരിക്കുകയും ചിന്തിക്കുകയും ചെയ്യുന്നത്. ദൈവത്തിന്റെ വചനം അവളുടെ വചനമായിരുന്നു. അവളുടെ വചനം ദൈവവചനത്തിൽ നിന്നു പുറപ്പെടുന്നു. എപ്ര


www.malankaralibrary.com

കാരമാണ് അവളുടെ വിചാരങ്ങൾ ദൈവത്തിന്റെ ചിന്ത കളോട് പൊരുത്തപ്പെടുന്നതെന്നും അവളുടെ ഹിതം ദൈവഹിതവുമായി ഒന്നായി ചേർന്നിരിക്കുന്നതെന്നും ഇവിടെ നാം കാണുന്നു. മറിയം ദൈവവചനത്താൽ പൂർണ്ണമായും പ്രചോദിത ആകയാലാണ് അവതരിച്ച വചനത്തിന്റെ മാതാവായിത്തീരാൻ അവൾക്ക് സാധി ച്ചത്" (ദേവൂസ് കാരിത്താസ് എസ്ത്). മറിയത്തിന്റെ സ്തോത്രഗീതം ഇളയമ്മയായ എലിസബത്തിന്റെ പ്രശംസാ വചനങ്ങൾക്കുള്ള മറുപടിയാണ്. പരിശുദ്ധ കന്യകാമറിയത്തിന്റെ ഏലീശ്വാ സന്ദർശനം തിരുന്നാ ളാക്കിയത് ഇന്നസെന്റ് നാലാമൻ (1243-1254) മാർപാ പ്പയാണ്. മറിയത്തിന്റെ സ്തോത്രഗീതത്തിന് തുല്യമായി പഴയ നിയമത്തിലും ഒരു സ്തോത്രഗീതം കാണാം. അത് ഹായുടെ (1 സാമു. 2:1-10) കീർത്തനമാണ്.

## മാഗ്നിഫിക്കാത്ത്

എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം രക്ഷകനായ ദൈവത്തിൽ ആനന്ദി ക്കുന്നു.

അവിടുന്നു തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു.

ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും.

ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരി ക്കുന്നു.

അവിടുത്തെ നാമം പരിശുദ്ധമാണ്.

അവിടുത്തെ ഭക്തരുടെമേൽ തലമുറകൾ തോറും അവി ടുന്ന് കരുണ വർഷിക്കും.

അവിടുന്നു തന്റെ ഭുജംകൊണ്ട് ശക്തി പ്രകടിപ്പിച്ചു.

ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു.

ശക്തന്മാരെ സിംഹാസനത്തിൽ നിന്ന് മറിച്ചിട്ടു;


www.malankaralibrary.com

എളിയവരെ ഉയർത്തി;

വിശക്കുവരെ വിശിഷ്ട വിഭവങ്ങൾ കൊണ്ട് സംതൃപ്ത രാക്കി;

സമ്പരെ വെറുംകൈയോടെ പറഞ്ഞയച്ചു.(ലൂക്കാ 1:46-53)

വിശുദ്ധ ലൂയി ഡി മോൺഫോർട്ട് പറയുത്: "ഓ! എത്ര വിശിഷ്ടവും നിഗൂഢവുമായ കാര്യങ്ങളാണ് സർവ്വവല്ലഭ നായ ദൈവം ഈ അത്ഭുതകരമായ സൃഷ്ടിയിൽ നിർ വ്വഹിച്ചത്. ശക്തനായവൻ വലിയ കാര്യങ്ങൾ ചെയ്തിരി ക്കുന്നു. ഇത് ഗ്രഹിക്കാൻ ലോകത്തിന് അസാധ്യമത്രേ". "തന്റെ ഭുജബലംകൊണ്ട് ശക്തി പ്രകടിപ്പിച്ചു. ഹൃദയ വിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു" (ലൂക്കാ 1:51) എന്ന വചനം കേൾക്കുമ്പോൾ പിശാചുക്കൾ വിറച്ചുകൊണ്ട് ഓടുന്നുവെന്ന് പണ്ഡിതനായ ബെൻ സോനിയൂസ് ഈ പ്രാർത്ഥനയെ വ്യാഖ്യാനിക്കുമ്പോൾ വിവരിക്കുന്നു. ലോകത്തിലെ ഏറ്റവും മഹത്തായ വിപ്ല വാത്മക പ്രമാണരേഖയാണ് മറിയത്തിന്റെ സ്തുതിഗീ തമേന്ന് സ്റ്റാൻലി ജോണ്ണെഡ് രേഖപ്പെടുത്തുന്നു.

വിശുദ്ധ ബർണാർദ്ദ് ഇപ്രകാരം ഉത്ബോധിപ്പി ക്കുന്നു: "ആപത്തുകളിലും സന്ദേഹങ്ങളിലും വിഷമ ങ്ങളിലും മറിയത്തെ അനുസ്മരിക്കുക, മറിയത്തെ വിളിച്ച് അപേക്ഷിക്കുക. അവളുടെ നാമം നിങ്ങ ളുടെ അധരങ്ങളിൽ സദാ ഉണ്ടായിരിക്കട്ടെ. നിങ്ങളുടെ ഹൃദയത്തിൽ നിന്ന് പിരിഞ്ഞുപോകാതിരിക്കട്ടെ. അവ ളുടെ പ്രാർത്ഥനാ സഹായം സ്ഥിരമായി ലഭിക്കുവാൻ അവളുടെ കാലടികളെ അനുധാവനം ചെയ്യുക. അവൾ മാർഗ്ഗദർശ്ശിയായുണ്ടെങ്കിൽ നിനക്ക് മാർഗ്ഗഭ്രംശം വരി കയില്ല. അവളെ വിളിച്ചപേക്ഷിച്ചാൽ നഷ്ടധൈര്യരാക യില്ല. അവൾ നിങ്ങളുടെ മനസ്സിലുള്ളിടത്തോളം കാലം നിങ്ങൾ വഞ്ചിതരാവുകയില്ല. അവൾ മുമ്പേ നടക്കുന്നു ണ്ടെങ്കിൽ നിങ്ങൾ ക്ഷീണിക്കുകയില്ല. അവൾ അനുകൂ ലിക്കുകയാണെങ്കിൽ നിങ്ങൾ ലക്ഷ്യത്തിലെത്തും."


www.malankaralibrary.com

"മറിയം എന്ന നാമം അധരങ്ങൾക്ക് മധുവും കർണ്ണങ്ങൾക്ക് ആനന്ദകരവുമാണ്. പരിശുദ്ധ അമ്മ നമ്മോടൊത്തുണ്ടെങ്കിൽ ആരാണ് നമുക്കെതിരായി നിൽക്കുക. പരിശുദ്ധ അമ്മയിൽ നമ്മെത്തന്നെ സമർപ്പിച്ചാൽ ഒരു ശക്തിക്കും ആർക്കുതന്നെയും നമ്മെ തോൽപ്പിക്കാൻ സാധിക്കില്ല." (വി. ആന്റണി 1195-1231)

## മരിയവണക്കം

മനുഷ്യകുലത്തിൽ മറിയത്തിന് ആദ്യമായി വണക്കം ആരംഭിച്ചത് വി. എലിസബത്തിൽ നിന്നാണ്. കത്തോലിക്കർ മൂന്ന് തരത്തിലുള്ള ഭക്തി അഭ്യസിക്കാറുണ്ട്. അവ ഗ്രീക്കിൽ 'ലാത്രിയാ' (Latriya) എന്ന ആരാധന, 'ദൂളിയ' (Dulia) എന്ന വണക്കം,'ഹൈപ്പർ ദൂളിയ' എന്ന വിശേഷാൽ വണക്കം എന്നിവയാണവ. ഇതിൽ ആരാധന ദൈവത്തിനു മാത്രം നൽകപ്പെടുന്നതാണ്. വണക്കം മാലാഖമാർക്കും വിശുദ്ധർക്കും നൽകപ്പെടുന്നു. മറിയത്തിനു മാത്രം അർപ്പിക്കപ്പെടുന്ന സ്നേഹബഹുമാന വിശ്വാസങ്ങൾക്കാണ് പ്രത്യേക വണക്കം അഥവാ വിശേഷ വണക്കം എന്നു പറയുന്നത്. ഇത് ദൈവത്തിനുള്ള ആരാധനയെക്കാൾ താഴെ നിൽക്കുന്നതും വിശുദ്ധരോടുള്ള വണക്കത്തെക്കാൾ ഉയർന്നതുമാണ്.

അതിനാൽ സഭ നിർദ്ദേശിച്ച പ്രകാരം തന്നെ ദൈവത്തിന്റെ അമ്മയ്ക്ക് അവൾ അർഹിക്കുന്ന വണക്കം എല്ലാവരും നൽകണം. അതിൽ വൈമുഖ്യമോ അലസതയോ കാണിക്കരുത്. ചിലർ മരിയഭക്തിയെ അപമതിക്കുന്നു. മറ്റുചിലർ അതിനെ അതിവർണ്ണനം ചെയ്ത് അന്ധവിശ്വാസത്തിലേക്ക് താഴ്ത്തുന്നു. അതിന്റെ കാരണം സഭയുടെ യഥാർത്ഥ മരിയ ഭക്തിയെപ്പറ്റിയുള്ള ഒരുവന്റെ അജ്ഞതയത്രേ. അതിനാൽ അപഭക്തിക്കും അതിഭക്തിക്കുമിടയിലുള്ള മേൽപറഞ്ഞ സഭയുടെ കൗൺസിൽ നിർദ്ദേശം നാം ശരിക്കും പഠിക്കേ


www.malankaralibrary.com

ണ്ടതു തന്നെ. താഴെ വരുന്ന ഭാഗവും മനസ്സിരുത്തി വായിക്കുക.

'ക്രിസ്തുവിന്റെ രഹസ്യങ്ങളിൽ മറിയം പങ്കാളിയായിരുന്നു. മറിയം ദൈവത്തിന്റെ മാതാവായിരുതിനാൽ ദൈവം തന്റെ പുത്രനു താഴെയായും എല്ലാ മാലാഖമാർക്കും മനുഷ്യർക്കും ഉപരിയായും ദിവ്യപ്രസാദത്താൽ അവളെ ഉയർത്തി. ഇക്കാരണത്താൽ സഭ ഒരു അതിവിശേഷ വണക്കത്താൽ അവളെ ബഹുമാനിക്കുന്നു. വാസ്തവത്തിൽ അതിപുരാതനകാലം മുതൽക്കേ 'ദൈവജനനി' എന്ന അഭിധാനത്താൽ അവൾ വണങ്ങപ്പെട്ടിരുന്നു. വിശ്വാസികൾ തങ്ങളുടെ എല്ലാ ആവശ്യങ്ങളിലും വിപത്തുകളിലും പ്രാർത്ഥനാപുരസ്സരം അവളുടെ സംരക്ഷണം തേടിയിരുന്നു. വിശിഷ്യ, എഫേസൂസ് സൂനഹദോസിനു ശേഷമാണ്, മറിയത്തോട് ഭക്തി, സ്നേഹം, മദ്ധ്യസ്ഥാപേക്ഷ തുടങ്ങിയവ വിസ്മയകരമായി വർദ്ധിച്ചത്. "എല്ലാതലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും; ശക്തനായവൻ എങ്കിൽ വലിയ കാര്യങ്ങൾ പ്രവർത്തിച്ചിരിക്കുന്നു" (ലൂക്ക 1 : 48) എന്നു തന്നെപ്പറ്റിത്തന്നെ അവൾ പ്രവചിച്ചിട്ടുണ്ടല്ലോ. സഭയിൽ എക്കാലവും നിലനിന്നുപോരുന്ന ഈ വണക്കം വളരെ സവിശേഷമായ ഒരു ഭക്തിമുറ തന്നെയത്രേ. എങ്കിലും അവതീർണ്ണ വചനത്തിനും, ദൈവപിതാവിനും, പരിശുദ്ധാത്മാവിനും അർപ്പിക്കപ്പെടുന്ന ആരാധനയിൽ നിന്നും കാതലായവിധം ഇതു വ്യത്യസ്തമാണ്. ദൈവോന്മുഖമായ പരമാരാധനയ്ക്കു മരിയഭക്തി വളരെ സഹായമായി വർത്തിക്കുന്നു. ദൈവമാതാവിന്റെ ബഹുമാനത്തിനായി പല ഭക്തിമുറകളും സഭ അംഗീകരിച്ചിട്ടുണ്ട്; അവയെല്ലാം യഥാർത്ഥമായ തിരുസഭാ പഠനങ്ങൾക്കു അനുസൃതമെന്നു വ്യക്തമായതിനുശേഷമാണു സഭ അവയെ അംഗീകരിക്കുക. ഈ ഭക്തിമുറകൾ പരിതസ്ഥിതികളും സ്ഥലകാലങ്ങളും വിശ്വാസികളുടെ സ്വാഭാവിക സംസ്ക്കാരങ്ങളും വികാരഭേദങ്ങളും അനുസരിച്ച് വിവിധ രൂപങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ക്രിസ്തുവിന്റെ


www.malankaralibrary.com

അമ്മയോടുള്ള വണക്കം അവളുടെ സുതൻ കൂടുതലായി അറിയപ്പെടുന്നതിനും സ്നേഹിക്കപ്പെടുന്നതിനും സ്തുതിക്കപ്പെടുന്നതിനും ഇടയാക്കുന്നു. അത് അവിടുത്തെ കല്പനകൾ അനുസരിക്കുന്നതിനു സഹായകമാകുന്നു' (L.G 66).

മാതാവിനോടുള്ള ഭക്തി ഒന്നാം നൂറ്റാണ്ടു മുതൽ ആരംഭിച്ചുവെങ്കിലും അത് പ്രചുരപ്രചാരം നേടിയത് 431-ലെ എഫേസൂസ് സുനഹദോസിനു ശേഷമാണ് എന്നു നാം കണ്ടു കഴിഞ്ഞു. രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നു: വചനത്തെ ഹൃദയത്തിൽ സ്വീകരിക്കുകയും ഉദരത്തിൽ വഹിക്കുകയും ജന്മം നൽകുകയും ചെയ്ത മാതാവ്, ദൈവവും രക്ഷകനുമായ യേശുവിന്റെ അമ്മയെന്ന നിലയ്ക്കു ബഹുമാനിക്കപ്പെടുകയും അറിയപ്പെടുകയും ചെയ്യേണ്ടിയിരിക്കുന്നു. പുത്രസഹജമായ വാത്സല്യത്തോടും ഭക്തിയോടും കൂടെ പരിശുദ്ധ മാതാവിനെ ഏറ്റവും പ്രിയമുള്ള അമ്മയെന്നു കരുതി സ്നേഹിക്കണം. (L.G 53). പന്ത്രണ്ടാം പീയൂസ് മാർപാപ്പ ഇപ്രകാരം എഴുതി: "എല്ലായിടത്തും എല്ലാ കാലഘട്ടത്തിലും മാതാവിനോടുള്ള ഭക്തി മനുഷ്യന്റെ മഹത്തായ നേട്ടങ്ങൾക്കു പ്രേരണയും നിരവധി അനുഗ്രഹങ്ങൾക്ക് ഉറവിടവുമായിട്ടുണ്ട്".

വിശുദ്ധ മരിയൻ വത്സരം പ്രമാണിച്ച് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ പ്രസിദ്ധീകരിച്ച "രക്ഷകന്റെ അമ്മ" (Redemptory Mother) എന്ന ചാക്രിക ലേഖനത്തിൽ മരിയ ഭക്തിയുടെ പ്രസക്തിയെപ്പറ്റി വിശദീകരിക്കുന്നുണ്ട്. അതിൽ സാധാരണ മനുഷ്യരിൽ പ്രവർത്തിക്കാത്ത ഏഴ് മഹത് കാര്യങ്ങൾ ദൈവം പരിശുദ്ധ കന്യകയിൽ പ്രവർത്തിച്ചു എന്ന് മാർപാപ്പ വിശദീകരിക്കുന്നു. മറിയം ദൈവമാതാവ്, അമലോത്ഭവ, നിത്യകന്യക, സംരക്ഷക, ആദ്ധ്യാത്മിക മാതാവ്, സകല വരപ്രസാദങ്ങളുടെയും മദ്ധ്യസ്ഥ, സ്വർഗ്ഗാരോപിത എന്നിവയാണ് ഈ ഏഴ് കാര്യങ്ങൾ. ജപമാല ചൊല്ലുമ്പോൾ ഈ സത്യം നാം അനുസ്മരിക്കുകയാണ് ചെയ്യുത്.


www.malankaralibrary.com

അതിനാൽ നൂറ്റാണ്ടുകളായി സഭ ആധികാരികമായി അംഗീകരിച്ച മരിയ ഭക്തിമുറകൾ വിശ്വാസികൾ ഭംഗം കൂടാതെ അഭ്യസിക്കുകയും നിലനിറുത്തുകയും വേണം. ജപമാല ഭക്തി, കർമ്മലോത്തരീയ ഭക്തി, വ്യാകുല ഭക്തി, വിമല ഹൃദയ ഭക്തി തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്.

**മരിയഭക്തിയെപ്പറ്റിയും ജപമാലയെപ്പറ്റിയും വിശുദ്ധരുടെ വിശദീകരണങ്ങൾ:-**

"മറിയത്തിന്റെ വാഴ്ത്തപ്പെട്ട ജപമാലയെ, ഞങ്ങളെ ദൈവത്തോട് ഐക്യപ്പെടുത്തുന്ന ചങ്ങലയെ, മാലാഖമാരോട് ഞങ്ങളെ ഒന്നിപ്പിക്കുന്ന സ്നേഹബന്ധമേ, നരകത്തിന്റെ ആക്രമണങ്ങൾക്കെതിരെയുള്ള രക്ഷയുടെ ഗോപുരമേ, മരണത്തിന്റെ മണിക്കൂറിൽ നീ ഞങ്ങൾക്ക് ആശ്വാസമായിരിക്കണമേ." (വാ. ബർത്തലോമ്യോ ലോംഗോ)

"വാളേന്തിയിരിക്കുന്നവരേക്കാൾ കൈകളിൽ ജപമാലയേന്തിയിരിക്കുന്ന സൈന്യം കൂടുതൽ ശക്തമാണ്." (ഗ്രിഗറി 11-ാംമൻ മാർപാപ്പ)

"നന്മനിറഞ്ഞ മറിയമേ, എന്ന ജപത്തിന്റെ ഗുരുത്വാകർഷണ കേന്ദ്രം യേശുവിന്റെ പേരാണ്. ചിലപ്പോൾ തിടുക്കത്തിൽ ചൊല്ലുമ്പോൾ ഈ ഗുരുത്വാകർഷണ കേന്ദ്രത്തെ ശ്രദ്ധിക്കാതെ പോകും. അതോടൊപ്പം ക്രിസ്തു രഹസ്യത്തോടുള്ള ബന്ധത്തെക്കുറിച്ച് ധ്യാനിക്കാതിരിക്കുകയും ചെയ്യും. എന്നാൽ യേശുവിന്റെ പേരിനും അവിടുത്തെ രഹസ്യത്തിനും നൽകുന്ന ഊന്നലാണ് അർത്ഥത്തിൽ പൂർണ്ണവും ഫലപൂർണ്ണവുമായ കൊന്തനമസ്കാരം ചൊല്ലുന്നതിന്റെ അടയാളം." (വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ)

"നിങ്ങൾ നന്നായി പ്രാർത്ഥിക്കുകയാണെങ്കിൽ ഏറ്റവും നല്ല പ്രാർത്ഥനാ രീതി ജപമാലയാണ്." (വി. ഫ്രാൻസിസ് ഡി സെയിൽസ്)


www.malankaralibrary.com

"ജപമാലയുമായി ക്രൈസ്തവർ മറിയത്തിന്റെ പാഠശാലയിൽ ഇരിക്കുകയും, ക്രിസ്തുവിന്റെ തിരുമുഖത്തിന്റെ മനോഹാരിതയെക്കുറിച്ച് ധ്യാനശീലരാവുകയും, അവിടുത്തെ സ്നേഹത്തിന്റെ ആഴം അനുഭവിക്കുന്നതിന് നയിക്കപ്പെടുകയും ചെയ്യുന്നു." (വി. ജോൺ പോൾ രണ്ടാമൻ)

"മിക്കപ്പോഴും ഒന്നിച്ചായിരിക്കുന്ന രണ്ടു സുഹൃത്തുക്കൾ സമാന സ്വഭാവവിശേഷങ്ങൾ പ്രകടമാക്കി തുടങ്ങുന്നതുപോലെ ജപമാല രഹസ്യം ധ്യാനിച്ചുകൊണ്ടും ദിവ്യകാരുണ്യത്തിലൂടെ ആ ജീവിതം ജീവിച്ചുകൊണ്ടും യേശുവും, പരി. കന്യകയുമായി പരിചിത സംഭാഷണം നടത്തുന്നതിലൂടെ നമുക്ക് നമ്മുടെ എളിമ അനുസരിച്ച് അവരെപ്പോലെയാകാനും, ഈ പരമോന്നത മാതൃകകളിൽ നിന്നും എളിമയുടെയും, ദാരിദ്രത്തിന്റെയും, അറിയപ്പെടാതിരിക്കുന്നതിന്റെയും, ക്ഷമയുടെയും, പൂർണ്ണതയുടെയും പാഠങ്ങൾ പഠിക്കാനും സാധിക്കുന്നു." (വാ. ബർത്തലോമ്യോ ലോംഗോ)

"ചരടിൽ തൂക്കിയിട്ട ബൈബിളാണ് ജപമാല." (വി. ചാവറ കുര്യാക്കോസ്)

◆ ◆ ◆

*End Notes:*

1. *പേപ്പൽ പീഡിയ - നേവി ജോർജ്ജ് - കാർമ്മൽ പബ്ലിക്കേഷൻസ് - 2013*

2. *സമ്പൂർണ്ണ കാറ്റിക്കിസം ക്വിസ് - എഡിറ്റർ ഫാ. മാർട്ടിൻ ശങ്കൂരിക്കൽ*

   *2010 wisdom books*

3. *സ്പേ സാൽവി, ബെനഡിക്ട് 16-ാം മൻ മാർപാപ്പ*

4. *മരിയൻ ശബ്ദധാര, ഡോ. ജെ.വെള്ളിയാൻ*


www.malankaralibrary.com

# അദ്ധ്യായം 2

# നമ്മുടെ സന്ധ്യാ പ്രാർത്ഥന

## കുരിശടയാളം

"ലളിതവും അർത്ഥസമ്പുഷ്ടവുമായ ഒരു പ്രാർത്ഥനാ രൂപമാണ് കുരിശടയാളം. അതിലെ ഒരു ഭാഗം പ്രാർത്ഥനയോടൊന്നിച്ചു നടത്തു രേഖപ്പെടുത്തൽ അഥവാ പ്രവൃത്തിയാണ്. ക്രിസ്തുവിന്റെ രക്ഷാകർമ്മത്തെ അനുസ്മരിപ്പിക്കുന്ന കുരിശിന്റെ അടയാളം വിശ്വാസി തന്റെ ശരീരത്തിന്മേൽ രേഖപ്പെടുത്തുന്നു... ക്രിസ്തു അപ്പസ്തോലന്മാരെ തന്റെ ദൗത്യം ലോകജനതയെ പഠിപ്പിക്കുന്നതിനും അവരെ ജ്ഞാനസ്നാനപ്പെടുത്തുന്നതിനും ആജ്ഞാപിച്ചയച്ചപ്പോൾ, ഈ അടയാളം അവർക്കു നിർദ്ദേശിച്ചു നൽകി. ആ സ്മരണയും പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസപ്രഖ്യാപനവും കുരിശടയാളത്തിൽ പ്രകടമാക്കപ്പെടുന്നു". (ക്രൈസ്തവ വിജ്ഞാനീയം: അനുബന്ധം 4 - കുരിശടയാളം).

ഹെലന രാജ്ഞി (250-330) യേശുവിന്റെ കുരിശ് കണ്ടുപിടിച്ചതിനുശേഷം കുരിശിനെപ്പറ്റിയുള്ള കൂടുതൽ പഠനങ്ങൾ സഭയിൽ വളർന്നുവന്നു. പലരീതിയിൽ

www.malankaralibrary.com

ശരീരത്തിൽ കുരിശുവരയ്ക്കുന്ന രീതികൾ ഉണ്ടായി. അനേകം പഠനങ്ങൾക്കു ശേഷമാണ് ഇത്തെ രീതിയിലുള്ള കുരിശുവര പ്രചാരത്തിൽ വന്നത്.

കുരിശുവരയെപ്പറ്റി വി. ക്രിസോസ്റ്റോം പറയുന്നു: "യേശു ക്രിസ്തു പിതാവായ ദൈവത്തിൽ നിന്ന് ഭൂമിയിലേക്ക് വന്നു. നാം ശരീരത്തിൽ തൊട്ടശേഷം കൈ താഴേക്ക് കൊണ്ടുവന്ന് ഹൃദയത്തിൽ തൊടുമ്പോൾ യേശുവിന്റെ മനുഷ്യാവതാരമാണ് അർത്ഥമാക്കുന്നത്. യേശു പാപികളുടെ കൈയ്യിൽ ഏല്പ്പിക്കപ്പെട്ട്, കുരിശിൽ തറയ്ക്കപ്പെട്ട്, മരിച്ച് ഉത്ഥിതനായി പിതാവിന്റെ വലതുഭാഗത്ത് കരേറിയ കാര്യമാണ് ഇടത്തെ തോളിൽ തൊട്ടശേഷം വലത്തെ തോളിൽ സ്പർശിക്കുമ്പോൾ അനുസ്മരിക്കുന്നത്. ഇടതുതോൾ പീഢാനുഭവത്തെയും, വലതുതോൾ പിതാവിന്റെ വലതുഭാഗത്തെയും സൂചിപ്പിക്കുന്നു (ഉയിർപ്പും, സ്വർഗ്ഗാരോഹണവും). എന്റെ ചിന്തയെ വിശുദ്ധീകരിക്കേണമെ എന്ന അർത്ഥത്തിൽ നെറ്റിയിലും, എന്റെ സംസാരം പിഴയ്ക്കാതെ കാത്തുകൊള്ളണമെ എന്ന അർത്ഥത്തിൽ ചുണ്ടുകളിലും നാം കുരിശുവരയ്ക്കുന്നു. ഹൃദയത്തിൽ കുരിശുവരയ്ക്കുമ്പോൾ ദുഷ്ടവിചാരങ്ങളിൽ നിന്ന് എന്നെ സംരക്ഷിക്കണമേ എന്നും അർത്ഥമാക്കുന്നു".

## പൗരസ്ത്യസഭയിൽ?

പൗരസ്ത്യസഭയിൽ തള്ളവിരലും ആദ്യത്തെ രണ്ടുവിരലും ഒരുമിച്ചു പൂമൊട്ടുപോലെയാക്കി, മോതിരവിരലും, ചെറുവിരലും താഴേക്ക് മടക്കിപിടിച്ച് കുരിശ് വരയ്ക്കുന്നു. പൂമൊട്ടുപോലെ പിടിച്ച ആദ്യത്തെ മൂന്നു വിരലുകൾ കൊണ്ട് ആദ്യം നെറ്റി, പിന്നെ ഹൃദയത്തിനു നേരെ ഉദരത്തിന്മുകളിലുള്ള ഭാഗം, തുടർന്ന് വലത്തെ തോൾ, പിന്നെ ഇടത്തെ തോൾ എതാണ് ക്രമം.

ഇതിൽ ആദ്യത്തെ മൂന്നു വിരൽ പരിശുദ്ധ ത്രിത്വത്തെയും, യേശുരക്ഷകൻ (Lesons Xristos Coter) എന്ന മൂന്നു വാക്കുകളെയും സൂചിപ്പിക്കുന്നു. താഴേക്ക്


www.malankaralibrary.com

മടക്കിയ രണ്ടു വിരലുകൾ ക്രിസ്തുവിന്റെ ദൈവ സ്വഭാവത്തെയും, മനുഷ്യസ്വഭാവത്തെയും പ്രതിനിദാനം ചെയ്യുന്നു. വലത്തെ തോളിൽ നിന്ന് ഇടത്തെ തോളിലേക്കുള്ള പ്രാർത്ഥനയുടെ വ്യാഖ്യാനം യേശുവിന്റെ വലതുഭാഗത്തുനിന്ന് പുറപ്പെട്ട് ഇടത്തുഭാഗത്തുള്ള തിന്മയെ കീഴടക്കി എന്ന അർത്ഥത്തിലാണ്. ടൂറിനിലെ വി. മാക്സിമൂസ് പറയുന്നു: "എല്ലാ മുറിവുകൾക്കുമുള്ള ഔഷധമാണ് ഈ കുരിശടയാളം."

## *പാശ്ചാത്യസഭയിൽ? (ലാറ്റിൻ)*

കുരിശുവരച്ച് പ്രാർത്ഥിക്കുന്ന ഒരു വ്യക്തി യേശുവിന്റെ പീഢാനുഭവത്തെ അനുസ്മരിക്കുന്നു. ഇതിൽ യേശുവിന്റെ തിരുമുറിവുകളെ സൂചിപ്പിക്കാനായി അഞ്ചുവിരലുകളും വിടർത്തിപ്പിടിച്ച് ആദ്യം നെറ്റിയിലും, പിന്നെ ഹൃദയത്തിലും, തുടർന്ന് ഇടത്തെ തോളിലും, തുടർന്ന് വലത്തെ തോളിലും സ്പർശിക്കുന്ന രീതിയിൽ കുരിശുവരയ്ക്കുന്നു. നെറ്റിയിൽ വിരൽ തൊടുവിച്ചുകൊണ്ട് 'പിതാവിന്റെയും' എന്നും, ഹൃദയത്തിൽ സ്പർശിച്ച് 'പുത്രന്റെയും' എന്നും, ഇടത്തെ തോളിൽ നിന്ന് വലത്തെ തോളിലേക്ക് കൈ ചലിപ്പിച്ചുകൊണ്ട് 'പരിശുദ്ധാത്മാവിന്റെയും നാമത്തിൽ' എന്നും ചൊല്ലുന്നു. തുടർന്ന് കൈകൂപ്പി 'ആമ്മേൻ' എന്നുച്ചരിക്കുന്നു.

## *കുരിശടയാളം (ചെറുത്)*

പിതാവിന്റെയും പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.

## *കുരിശടയാളം (വലുത്)*

വിശുദ്ധ കുരിശിന്റെ + അടയാളത്തിൽ ഞങ്ങളുടെ + ശത്രുക്കളിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ + ഞങ്ങളുടെ തമ്പുരാനേ! പിതാവിന്റെയും പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.


www.malankaralibrary.com

ഇതിൽ വിശുദ്ധ കുരിശിന്റെ അടയാളത്താലെ എന്നു ചൊല്ലു
മ്പോൾ നെറ്റിയിൽ തള്ളവിരൽ കൊണ്ട് ചെറിയ കുരിശ് വരയ്ക്കുന്നു. തുടർന്ന് 'ശത്രുക്കളിൽ നിന്ന് ഞങ്ങളെ രക്ഷിക്കേണമേ' എന്നു പറയുമ്പോൾ ചുണ്ടിലും, തമ്പുരാനേ എന്നു പറയുമ്പോൾ ഹൃദയഭാഗത്തും ചെറിയ കുരിശ് വരയ്ക്കുന്നു. തുടർന്ന് പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ എന്ന ഭാഗം ചൊല്ലുന്നു.

നാം ദൈവാലയത്തിൽ പോകുമ്പോൾ 'വിശുദ്ധജലം' ഉപയോഗിച്ചും കുരിശുവരയ്ക്കാറുണ്ട്. അതിൽ തൊട്ട് നാം കുരിശുവരയ്ക്കുമ്പോൾ നമ്മുടെ ജ്ഞാനസ്നാനത്തിന്റെ കൃപ വീണ്ടും ഉജ്ജ്വലിക്കുകയാണ് ചെയ്യുന്നത്.

കത്തോലിക്കാ സഭയിലെ മിക്കവാറും പ്രാർത്ഥനകൾ എല്ലാം തന്നെ മേൽ പറഞ്ഞപ്രകാരം കുരിശുവരച്ചാണ് ആരംഭിക്കുന്നത്. ജപമാലയിലും അങ്ങനെ തന്നെയാണ്. ജപമാല ചൊല്ലുമ്പോൾ കൊന്തയിലെ കുരിശ് ഉപയോഗിച്ചും, വലതുകൈയ്യിലെ തള്ളവിരൽക്കൊണ്ടും കുരിശു വരയ്ക്കാറുണ്ട്. എങ്കിലും കൈകൊണ്ടുള്ള രീതിയാണ് കൂടുതൽ പ്രചാരത്തിലുള്ളത്. ക്രിസ്തു നമുക്ക് നേടിത്തന്ന രക്ഷ ഓരോരുത്തരും അവർക്ക് ലഭിച്ചിരിക്കുന്ന പൊതു പൗരോഹിത്യത്തിന്റെ അധികാരം ഉപയോഗിച്ച് സ്വയം ആശീർവ്വദിക്കുന്നതാണ് ഈ കുരിശു വരയ്ക്കൽ.

വേദപാരംഗതനായ വിശുദ്ധ എഫ്രേം പഠിപ്പിക്കുന്നതിങ്ങനെയാണ് : "ഈ വിജയകരമായ അടയാളത്താൽ നിങ്ങളുടെ ശരീരത്തിലെ ഓരോ അവയവത്തെയും മുദ്രകുത്തുകയും അലങ്കരിക്കുകയും ചെയ്യുക; യാതൊന്നിനും നിങ്ങളെ ഉപദ്രവിക്കാൻ കഴിയില്ല". "ശക്തിയേറിയ ഒരു സംരക്ഷണമാണ് കുരിശടയാളം. ദരിദ്രരെപ്രതി സൗജന്യവും ദുർബലരെപ്രതി പ്രയാസരഹിതവുമാണിത്. അത് ദൈവത്തിൽ നിന്നുള്ള അനുഗ്രഹവും വിശ്വാസിയുടെ കൊടിയടയാളവും പിശാചുക്കളുടെ ഭീതികാരണവുമത്രേ" (ജറുസലേമിലെ വി. സിറിൾ).


www.malankaralibrary.com

സന്ധ്യാപ്രാർത്ഥനയുടെ സമയത്താണ് ഉറക്കം കൂടുതൽ വരുന്നതെന്ന് പലരും പറയാറുണ്ട്. ഉണർന്നിരുന്ന് പ്രാർത്ഥിക്കാൻ എന്താണ് പോംവഴി. "ഉറക്കം നിങ്ങളെ മാടിവിളിക്കുമ്പോൾ നിങ്ങളുടെ കിടക്കയുടെ സമീപത്തെത്തി നെറ്റിയിലും ഹൃദയത്തിലും കുരിശടയാളം വരയ്ക്കുക. കുരിശ് എല്ലാ പാപത്തിൽ നിന്നും നിങ്ങളെ സംരക്ഷിക്കും. കുരിശിന്റെ മുന്നിൽ എല്ലാ അന്ധകാരശക്തികളും ഓടിയൊളിക്കും. ഈ വിശുദ്ധമായ അടയാളത്താൽ പവിത്രീകരിക്കപ്പെട്ട ആത്മാവ് അചലമായി നിലകൊള്ളും" (പ്രുഡൻഷിയൂസ്). തെർത്തുല്യൻ പ്രസ്താവിക്കുതിങ്ങനെയാണ്: ഞങ്ങളുടെ എല്ലാ യാത്രകളിലും ഓരോചലനത്തിലും അകത്തേക്ക് പ്രവേശിക്കുമ്പോഴും പുറത്തേക്കിറങ്ങുമ്പോഴും അതുപോലെതന്നെ, പാദരക്ഷ ധരിക്കുമ്പോഴും കുളിക്കുമ്പോഴും ഭക്ഷണവേളയിലും വിളക്കു കൊളുത്തുമ്പോഴും കിടക്കുകയും ഇരിക്കുകയും ചെയ്യുമ്പോഴും ഏതുതരത്തിലുള്ള ജോലികൾ ചെയ്യുമ്പോഴും ഞങ്ങൾ നെറ്റിയിൽ കുരിശടയാളം വരയ്ക്കുന്നു.

## ത്രിസന്ധ്യാ ജപം

*(സാധാരണ ത്രിസന്ധ്യാ ജപം അല്ലെങ്കിൽ ത്രികാല ജപം)*

കർത്താവിന്റെ മാലാഖ എന്ന പ്രാർത്ഥന പ്രചാരത്തിൽ ആയത് 16-ാം നൂറ്റാണ്ടിലാണ്. ആ പ്രാർത്ഥന ഇപ്രകാരമാണ്.

**കർത്താവിന്റെ മാലാഖ**

കർത്താവിന്റെ മാലാഖ പരിശുദ്ധ മറിയത്തോട് വചിച്ചു. പരിശുദ്ധാത്മാവാൽ മറിയം ഗർഭം ധരിച്ചു. 1 നന്മ.

ഇതാ കർത്താവിന്റെ ദാസി നിന്റെ വചനം പോലെ എന്നിലാകട്ടെ. 1 നന്മ.

വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. 1 നന്മ.

ഈശോ മിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ,


www.malankaralibrary.com

സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## പ്രാർത്ഥിക്കാം

സർവ്വേശ്വരാ, മാലാഖയുടെ സന്ദേശത്താൽ അങ്ങയുടെ പുത്രനായ ഈശോ മിശിഹായുടെ മനുഷ്യാവതാരവാർത്ത അറിഞ്ഞിരിക്കുന്ന ഞങ്ങൾ അവിടുത്തെ പീഡാനുഭവവും കുരിശുമരണവും മുഖേന ഉയിർപ്പിന്റെ മഹിമ പ്രാപിക്കാൻ അനുഗ്രഹിക്കണമേന്ന് ഞങ്ങളുടെ കർത്താവായ ഈശോമിശിഹാ വഴി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ. 3 ത്രിത്വ.

## ഉയിർപ്പുകാല ത്രിസന്ധ്യാജപം

*(ഉയിർപ്പു ഞായറാഴ്ച തുടങ്ങി പരിശുദ്ധ ത്രിത്വത്തിന്റെ ഞായറാഴ്ച വരെ ചൊല്ലേണ്ടത്)*

സ്വർല്ലോകരാജ്ഞീ, ആനന്ദിച്ചാലും! - ഹല്ലേലൂയ്യാ.

എന്തെന്നാൽ ഭാഗ്യവതിയായ അങ്ങയുടെ തിരുവുദരത്തിൽ അവതരിച്ചയാൾ! - *ഹല്ലേലൂയ്യാ.*

അരുളിച്ചെയ്തതുപോലെ ഉയിർത്തെഴുറ്റേു! -*ഹല്ലേലൂയ്യാ.*

ഞങ്ങൾക്കുവേണ്ടി സർവ്വേശ്വരനോടു പ്രാർത്ഥിക്കണമേ! - *ഹല്ലേലൂയ്യാ.*

കന്യകാമറിയമേ , ആമോദിച്ചാനന്ദിച്ചാലും! - *ഹല്ലേലൂയ്യാ.*

എന്തെന്നാൽ കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു! - *ഹല്ലേലൂയ്യാ.*

## പ്രാർത്ഥിക്കാം

സർവ്വേശ്വരാ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ ഉത്ഥാനത്താൽ ലോകത്തെ ആനന്ദിപ്പിക്കുവാൻ അങ്ങ് തിരുമനസ്സായല്ലോ. അവിടുത്തെ മാതാവായ കന്യാമറിയം മുഖേന ഞങ്ങൾ നിത്യാനന്ദം പ്രാപിക്കുവാൻ അനുഗ്രഹം നൽകണമേ എന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ. 3 ത്രിത്വ.


www.malankaralibrary.com

മേൽ രേഖപ്പെടുത്തപ്പെട്ട കർത്താവിന്റെ മാലാഖ എന്നാരംഭിക്കുന്ന പ്രാർത്ഥനയും ഉയിർപ്പുകാല ത്രിസന്ധ്യാ ജപവും, മംഗളവാർത്തയും മനുഷ്യാവതാരവും അനുസ്മരിച്ച് മാതാവിനെ സ്തുതിക്കുന്ന ഒരു പ്രാർത്ഥനയാണ്. കർത്താവിന്റെ മാലാഖ എന്ന പ്രാർത്ഥന മദ്ധ്യശതകങ്ങളിൽ പാശ്ചാത്യ രാജ്യങ്ങളിലാണ് ആദ്യമായി ആരംഭിച്ചത്. ആദ്യകാലങ്ങളിൽ ഇത് സന്ധ്യയ്ക്ക് മാത്രമെ ചൊല്ലിയിരുന്നുള്ളു. പിന്നീട് കുരിശുയുദ്ധക്കാരെ ഓർക്കുവാൻ വേണ്ടി അതിരാവിലെയും ഉച്ചനേരവും പള്ളികളിൽ മണിയടിക്കാൻ ഗ്രിഗറി ഒൻപതാമൻ മാർപാപ്പ (1227 - 1247) കല്പനയിട്ടു. തുടർന്നാണ് രാവിലെയും, ഉച്ചയ്ക്കും കൂടി ഇത് ചൊല്ലുന്ന പതിവ് ഉണ്ടായത്. പതിനാറാം നൂറ്റാണ്ടോടുകൂടി ലോകത്താകമാനം അനുദിന പ്രാർത്ഥനയോടൊപ്പം ഇത് സ്ഥാനം പിടിച്ചു. ത്രികാല ജപത്തെ പ്രകീർത്തിച്ച് മരിയവണക്കം എന്ന പ്രബോധനരേഖ പുറപ്പെടുവിച്ച് പോൾ ആറാമൻ മാർപാപ്പ ഇതിനെ പ്രോത്സാഹിപ്പിച്ചു. പീയൂസ് ഏഴാമൻ മാർപാപ്പ (1815-ൽ) കർത്താവിന്റെ മാലാഖയോടുകൂടി മൂന്നു ത്രിത്വസ്തുതി കൂട്ടിച്ചേർത്തത്. ശനിയാഴ്ച സന്ധ്യമുതൽ ഞായറാഴ്ച സന്ധ്യവരെ എണീറ്റു നിന്നുകൊണ്ടും മറ്റു ദിവസങ്ങളിൽ മുട്ടുകുത്തിനിന്നുകൊണ്ടുമാണ് ഇത് ചൊല്ലേണ്ടത്. വി. ചാൾസ് ബറോമിയോ കർത്താവിന്റെ മാലാഖ എന്ന പ്രാർത്ഥന കേൾക്കുമ്പോൾ പൊതുവായ സ്ഥലത്താണെങ്കിൽ പോലും കുതിരപ്പുറത്തു നിന്നിറങ്ങി മണ്ണിൽ മുട്ടുകുത്തുമായിരുന്നു. അത്രയ്ക്കും ഒരു ഭക്തിയും വിശ്വാസവും ഈ പ്രാർത്ഥനയോട് അദ്ദേഹം പുലർത്തിയിരുന്നു. ലത്തീൻ റീത്തിലെ ആഗമന കാലത്തുള്ള നാലാം ഞായറാഴ്ചയുടെ ആമുഖ പ്രാർത്ഥനയിൽ നിന്നാണ് കർത്താവിന്റെ മാലാഖയുടെ 'പ്രാർത്ഥിക്കാം' എന്നു തുടങ്ങു സമാപന പ്രാർത്ഥനയുടെ ഉത്ഭവം.

ഒരിക്കൽ മംഗളവാർത്താ തിരുന്നാളിന്റെ തലേദിവസം ജീവനോടെ തീയിൽ എറിയപ്പെടാൻ വിധിക്കപ്പെട്ട ഒരു കുറ്റവാളി പരി. മറിയത്തെ വിളിച്ചപേക്ഷിച്ചു. തഥവസര


www.malankaralibrary.com

ത്തിൽ അദ്ദേഹത്തിനോ അദ്ദേഹത്തിന്റെ വസ്ത്രത്തിനോ യാതൊരുവിധ പൊള്ളലും ഏൽക്കുകയുണ്ടായില്ല. ഈ അവസരത്തിൽ ജോൺ 22-ാംമൻ മാർപാപ്പ ഈ ഭക്താനുഷ്ഠാനത്തിൻ ദണ്ഡവിമോചനം കല്പിച്ചു. തുടർന്ന് ബനഡിക്ട് 12 -ാംമൻ മാർപാപ്പ വി. കുർബാനയ്ക്കും, വി. കുമ്പസാരത്തിനും അണയുക എന്ന വ്യവസ്ഥയിൽ കർത്താവിന്റെ മാലാഖ ചൊല്ലുന്നവർക്ക് 100 ദിവസത്തെ ദണ്ഡവിമോചനം അനുവദിച്ചു. മാത്രമല്ല ഒരു മാസം എല്ലാ ദിവസവും ഇത് ആവർത്തിക്കുന്നവർക്ക് പൂർണ്ണ ദണ്ഡവിമോചനവും അനുവദിച്ചു.

## സ്വർലോക രാജ്ഞി

1587-90 കാലങ്ങളിൽ ഒന്ന് തുമ്മിയാൽ നിലത്ത് പിടഞ്ഞ് വീണു മരിക്കുന്ന ഒരു മാരക രോഗം റോമിനെ പടർന്നുപിടിച്ചു. ധാരാളം ആളുകൾ മരണപ്പെട്ടു. ഇങ്ങനെയിരിക്കെ പെസഹാ ദിനത്തിൽ വി. ഗ്രിഗറി റോമിൽക്കൂടി (ഇന്നത്തെ വി. ആൻലൊവിന്റെ കൊട്ടാരം വഴി) വിശ്വാസികളെ ഒരുമിച്ചുകൂട്ടി മറിയത്തിന്റെ ഒരു ചിത്രവുമായി പ്രദക്ഷിണം നടത്തി. ദൈവജനത്തിന്റെ പ്രാർത്ഥന ആകാശത്തോളം ഉയരുന്നു പെട്ടെന്ന് പ്രദക്ഷിണ സമയത്ത് ആകാശത്ത് ഒരു മാലാഖ രക്തം ഇറ്റിറ്റുവീഴുന്ന ഒരുവാൾ തന്റെ ഉറയിൽ ഇടുന്നത് വിശുദ്ധൻ കണ്ടു. തുടർന്ന് മാലാഖ ഇങ്ങനെ പറഞ്ഞു: "ഓ സ്വർലോക രാജ്ഞി, ആനന്ദിച്ചാലും! ഹല്ലേലൂയ്യാ, എന്തന്നാൽ ഭാഗ്യവതിയായ അങ്ങയുടെ തിരുവുദരത്തിൽ അവതരിച്ചയാൾ! ഹല്ലേലൂയ്യാ, അരുൾച്ചെയ്തതുപോലെ ഉയിർത്തെഴുന്നേറ്റു! ഹല്ലേലൂയ്യാ"; ഉടനെ മഹാനായ വി. ഗ്രിഗറി ഇങ്ങനെ പ്രത്യുത്തരിച്ചു: "ഞങ്ങൾക്കുവേണ്ടി സർവ്വേശ്വരനോട് പ്രാർത്ഥിക്കണമേ". ഉടൻ തന്നെ ആ പകർച്ചവ്യാധി അവരെ വിട്ടുപോയി.

1742 ഏപ്രിൽ 20 മുതൽ ബനഡിക്ട് പതിനാലാമൻ മാർപാപ്പയുടെ നിർദ്ദേശമനുസരിച്ച് ഉയിർപ്പുകാലത്ത് കർത്താവിന്റെ മാലാഖയ്ക്കു പകരം സ്വർലോക രാജ്ഞി


www.malankaralibrary.com

എന്ന പ്രാർത്ഥന ചൊല്ലുവാൻ ആരംഭിച്ചു. ഉയിർപ്പു ശനി സന്ധ്യ മുതൽ ത്രിത്വത്തിന്റെ തിരുന്നാളിന്റെ തലേദിവസം വരെ ചൊല്ലുന്ന ഈ പ്രാർത്ഥന എണീറ്റുനിന്നുകൊണ്ടാണ് ചൊല്ലേണ്ടത്.

മിശിഹാ നമ്മെപ്രതി... എന്ന പ്രാർത്ഥന പെസഹാ ബുധനാഴ്ച സന്ധ്യമുതൽ ഉയിർപ്പിന്റെ തലേദിവസമായ ശനിയാഴ്ച വരെ നാം ചൊല്ലുന്നു.

## ഈശോ മിശിഹായുടെ വാഗ്ദാനങ്ങൾക്ക്

'ഈശോ മിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ' എന്ന പ്രാർത്ഥനയ്ക്ക് തുടക്കം കുറിച്ചത് പാശ്ചാത്യ സഭയിലാണ്. 1269-ലെ അസ്സീസി കോൺഗ്രസ് മുതലാണ് ഇതാരംഭിച്ചത്. ആരംഭകാലത്ത് രാത്രി ജപത്തിനു ശേഷമായിരുന്നു ഇത് ചൊല്ലിയിരുന്നത്.

1. ക്രൈസ്തവ വിജ്ഞാനീയം: അനുബന്ധം 4 - കുരിശടയാളം, പി.ഒ.സി.

◆ ◆ ◆


www.malankaralibrary.com

# അദ്ധ്യായം 3

## ജപമാലയുടെ ഉറവിടങ്ങളിലേയ്ക്ക്

കൊന്ത എന്ന ജപമാല പ്രാർത്ഥനയ്ക്ക് ഇന്നത്തെ രൂപം കൈവന്നത് വി. ഡൊമിനിക്ക് വഴിയാണ്. വാഴ്ത്തപ്പെട്ട അലൻ ഡി ലാറേഷ്, വി. ഡൊമിനിക്കിന് എങ്ങനെയാണ് ഇത് ലഭിച്ചത് 'പരിശുദ്ധ ജപമാലയുടെ പ്രാധാന്യവും മനോഹാരിതയും' എന്ന ഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്. പാഷണ്ഡികൾക്ക് എതിരെ പോരാടിയ വി. ഡൊമിനിക്ക് ടോലോസിനടുത്തുള്ള ഒരു വനത്തിലിരുന്ന് മൂന്ന് ദിനരാത്രങ്ങൾ ഇടവിടാതെ പ്രാർത്ഥിക്കുകയാണ്. കഠോരമായ പ്രായ്ശ്ചിത്ത പ്രവർത്തികൾ ചെയ്ത് അവരുടെ പാപങ്ങൾക്ക് മാപ്പ് നൽകണമേയെന്ന് വിശുദ്ധൻ അപേക്ഷിച്ചു. ഈ സമയം മൂന്ന് മാലാഖമാരോടൊപ്പം മാതാവ് വിശുദ്ധന് പ്രത്യക്ഷപ്പെട്ടു. മാതാവ് ചോദിച്ചു. 'പ്രിയപ്പെട്ട ഡൊമിനിക്ക്, ലോകത്തെ നവീകരിക്കുവാനായി ഏത് ആയുധം ഉപയോഗിക്കണമെന്നാണ് പരിശുദ്ധ

ത്രിത്വം ആഗ്രഹിക്കുന്നത് എന്നു നിനക്കറിയാമോ? ഡൊമിനിക്ക് പറഞ്ഞു: 'എന്റെ മാതാവേ, എന്നെക്കാൾ കൂടുതലായി അങ്ങേയ്ക്ക് അറിയാം. കാരണം അങ്ങേ പുത്രനായ യേശുക്രിസ്തു കഴിഞ്ഞാൽ പിന്നെ ഞങ്ങളുടെ രക്ഷയുടെ മുഖ്യ ഉപകരണം എല്ലായ്പ്പോഴും അങ്ങു തന്നെയാണ്.' മാതാവ് പറഞ്ഞു: ശത്രുവിനെ അടിച്ചു തകർക്കുന്ന കൂടം, പുതിയ നിയമത്തിന്റെ അടിസ്ഥാനശിലയായ മാലാഖയുടെ കീർത്തനമാണ്. അവരുടെ കഠിനഹൃദയം മാറുവാനും അവർ സ്വർഗ്ഗത്തിലെത്തുവാനും നീ ആഗ്രഹിക്കുന്നെങ്കിൽ എന്റെ കീർത്തനം പ്രകീർത്തിക്കുക. ആശ്വാസചിത്തനായ വി. ഡൊമിനിക്ക് ഉടൻ തന്നെ എഴുന്നേറ്റ് കത്തീഡ്രലിലേക്ക് പോയി ജപമാലയുടെ പ്രാധാന്യത്തെപ്പറ്റി പ്രസംഗിച്ചു.

ചുരുക്കി പറഞ്ഞാൽ ആൽബി ജെനെസീസ് എന്ന സ്ഥലത്തുവച്ച് മാതാവ് വി. ഡൊമിനിക്കിന് പ്രത്യക്ഷപ്പെടുകയും ഒരു കൊന്ത നൽകിക്കൊണ്ട് കൊന്തയുടെ പ്രാധാന്യത്തെപ്പറ്റി പ്രസംഗിക്കാൻ ആവശ്യപ്പെട്ടെന്നുമാണ് ഇതിന്റെ പാരമ്പര്യം. കൊന്തയെന്ന പോർച്ചുഗീസ് വാക്കിന്റെ അർത്ഥം എണ്ണൽ, കണക്കുകൂട്ടൽ എന്നൊക്കെയാണ്.

ഏതായാലും ഇത് ഒരു വ്യക്തിയുടെ മാത്രം സംഭാവനയല്ല. ജപമാലയുടെ ചില ഭാഗം വിശുദ്ധ ഡൊമിനിക്കിനു മുമ്പ് ഉണ്ടായിരുന്നു. മറ്റു ചില ഭാഗം കാലക്രമത്തിൽ കൂട്ടിച്ചേർക്കപ്പെട്ടതുമാണ്. പലരുടെ കരങ്ങളിലൂടെയാണ് ജപമാല അതിന്റെ പൂർണ്ണരൂപം കൈവരിച്ചത്. എന്നാൽ ജോൺ എഫ്. മർഫിയെപ്പോലുള്ളവർ വി. അലൻ ഡി ലാറോക്കേയാണു ജപമാല ഭക്തിക്കു തുടക്കം കുറിച്ചതെന്ന വാദവും നിലനിൽക്കുന്നു.

രക്ഷാകര പ്രവൃത്തിയായ ആരാധനക്രമവും (വിശുദ്ധ കുർബാന എന്ന ബലി) രക്ഷാകര ധ്യാനമായ ജപമാലയും തമ്മിലുള്ള ബന്ധത്തിന്റെ ഏറ്റം സുന്ദരവശം ഉചിതമായ വിധത്തിലുള്ള ജപമാലയർപ്പണം വിശുദ്ധ കുർബാനയർപ്പണത്തെ ഏറെ ഫലവത്താക്കും. ഇതേപ്പറ്റി വിശുദ്ധ ജോൺ പോൾ പാപ്പയുടെ പ്രബോധനം വളരെ


www.malankaralibrary.com

പ്രധാനപ്പെട്ടതാണ്: "ആരാധനക്രമം ക്രിസ്തുവിന്റെ സഭയുടെ പ്രവർത്തനവും പരമോന്നതമായ രക്ഷാകര പ്രവൃത്തിയുമാണെങ്കിൽ, മറിയത്തോടൊപ്പം ക്രിസ്തുവിനെ ധ്യാനിക്കുന്ന ജപമാല രക്ഷാകര ധ്യാനമാണ്. രക്ഷകന്റെ ജീവിത രഹസ്യങ്ങളിൽ ആമഗ്നരാവുന്നതിലൂടെ, അവിടുന്നു പ്രവർത്തിച്ചതും, ഇന്ന് ആരാധനക്രമത്തിലൂടെ സാക്ഷാത്കരിക്കുന്നതും നാം ആഴത്തിൽ സ്വന്തമാക്കുകയും നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തുകയും ചെയ്യുന്നു. (കന്യകാ മറിയത്തിന്റെ ജപമാല - 13, 2002 ഒക്ടോബർ). കത്തോലിക്കാ സഭയിലേയ്ക്ക് തിരികെവരാനുണ്ടായ കാരണത്തെപ്പറ്റി കാർഡിനൽ ന്യൂമാൻ പറയുന്നു "അമ്മയില്ലാത്ത ഭവനത്തിൽ ജീവിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല."

ഒരു വലിയ മരിയ ഭക്തനായിരുന്നു പന്ത്രണ്ടാം പീയൂസ് മാർപാപ്പ. മാർപാപ്പയാകുന്നതിനു മുമ്പ് പച്ചേലി എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. യുദ്ധകാലത്ത് നിരീശ്വരവാദികളായ ഒരുപറ്റം അക്രമകാരികൾ അദ്ദേഹത്തിന്റെ മുറിയിൽ കയറി. അവിടെയുള്ള വിലപിടിപ്പുള്ള സാധനങ്ങളെല്ലാം അവർ വാരിക്കൂട്ടി. കത്തോലിക്കാ വിശ്വാസം ഉപേക്ഷിക്കുകയാണെങ്കിൽ വെറുതെ വിടാമെന്നും, ഇല്ലെങ്കിൽ വെടിവെച്ചുകൊല്ലുമെന്നും അവർ ഭീക്ഷണിപ്പെടുത്തി. അദ്ദേഹം ആശങ്കാകുലനായില്ല. വിശ്വാസത്തിനുവേണ്ടി മരണം വരിക്കാൻ അദ്ദേഹം സന്നദ്ധനായി. ഉടൻ തന്നെ അദ്ദേഹം പോക്കറ്റിൽ നിന്ന് ഒരു ജപമാലയും, ഒരു കുരിശുരൂപവും എടുത്ത് ചുംബിച്ചുകൊണ്ട് ധൈര്യവാനായി പറഞ്ഞു: നിങ്ങൾ വെടിവെയ്ക്കാൻ തയ്യാറുണ്ടെങ്കിൽ എന്റെ ചങ്കിനുനേരെ വെടിവെയ്ക്കുക. ജപമാലയും കൈയ്യിലേന്തി മുട്ടിന്മേൽ നിന്ന പച്ചേലിയെ വെടിവെയ്ക്കാൻ അവർക്കു കഴിഞ്ഞില്ല. ഈ മരിയ ഭക്തൻ പിന്നീട് പന്ത്രണ്ടാം പീയൂസ് മാർപാപ്പ എന്ന പേരിൽ പത്രോസിന്റെ സിംഹാസനം വരെയെത്തി. അദ്ദേഹമാണ് പരിശുദ്ധ കന്യകാ മറിയത്തിന്റെ സ്വർഗ്ഗാരോപണം വിശ്വാസ സത്യമായി പ്രഖ്യാപിച്ചത്.


www.malankaralibrary.com

## ജപമാലയുടെ വികാസം

വി. ഡൊമിനിക്ക് ജപമാലയ്ക്ക് ഒരു നിയത രൂപം നൽകി. ഹെൻട്രി കാൾക്കർ എന്ന കർത്തൂസ്യൻ സന്യാസി ജപമാലയെ ഇന്നത്തെ രീതിയിൽ ക്രമീകരിച്ചു. 1483-ലാണ് 'ജപമാല പുസ്തകം' ആദ്യമായി പ്രസിദ്ധപ്പെടുത്തുന്നത്. കാലക്രമേണ ലോകത്തിലെ എല്ലാ പ്രധാന ഭാഷകളിലേക്കും തന്നെ അവ വിവർത്തനം ചെയ്യപ്പെട്ടു. പതിനഞ്ചാം നൂറ്റാണ്ടിലെ അലൻ ഡി ലാറോക്കേയുടെ പരിശുദ്ധ ജപമാലയുടെ സഖ്യം (Confraternity of the Most Holy Rosary ) എന്ന സംഘടന വഴി ജപമാല യൂറോപ്പിലേയ്ക്കും മറ്റു പല സ്ഥലങ്ങളിലേക്കും വ്യാപിക്കാൻ ഇടയായി.

ഡൊമിനിക്കൻ, കർത്തൂസ്യൻ തുടങ്ങിയ സന്യാസാശ്രമങ്ങളു ടെയും, വി. ലൂയീ മോൺഫോർട്ട്, വി. ഫിലിപ്പ് നേരി, വി. പീറ്റർ കനിസിയൂസ് തുടങ്ങിയ വിശുദ്ധരുടെയും, ലിയോ പതിമൂന്നാമൻ മാർപാപ്പ, പതിനൊന്നാം പീയൂസ് മാർപാപ്പ, പീയൂസ് ഒമ്പതാമൻ മാർപാപ്പ, ജോൺ പോൾ രണ്ടാമൻ മാർപാപ്പ, ഇവരെപ്പോലുള്ള അനേകരുടെയും നിരന്തര പരിശ്രമഫലമായി ജപമാല കത്തോലിക്കാ കുടുംബങ്ങളിൽ സ്ഥാനം പിടിച്ചു. ജപമാല ചൊല്ലുന്നവർക്ക് സഭ അനുവദിച്ച ദണ്ഡവിമോചനം വിശ്വാസികൾ സന്തോഷത്തോടെ സ്വീകരിച്ചു. 1716-ൽ 22-ാം ക്ലെമന്റെ മാർപാപ്പ 'ജപമാല തിരുന്നാൾ' സാർവ്വത്രിക സഭ മുഴുവന്റെയും തിരുന്നാളായി പ്രഖ്യാപിച്ചു. അതോടെ ജപമാല ഭക്തിയുടെ മിഷണറിമാർ പോയിടത്തൊക്കെ അത് പടർന്നു പന്തലിച്ചു. കുടുംബങ്ങളിലും അതു വേരുറച്ചു. വിശുദ്ധരുടെ ജീവചരിത്രം പഠിക്കുമ്പോൾ അനേകം വിശുദ്ധർ ഈ ജപമാലയെ സ്നേഹിച്ചിരുന്നതായി കാണാം. വിശുദ്ധ പാദ്രെപിയോ ഓരോ ദിവസവും നാൽപ്പത് ജപമാല വീതം ചൊല്ലുമായിരുന്നു. വിശുദ്ധ മദർ തെരേസയും വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയും വിശുദ്ധ ഏവു


www.malankaralibrary.com

പ്രാസ്യാമ്മയും ജപമാലയിലൂടെ ധ്യാനത്തിന്റെ ഉന്നതിയിൽ എത്തിച്ചേരുമായിരുന്നു.

1526 ജനുവരി ഒന്നിന് സ്പെയിനിലെ വലെൻഷ്യയിൽ ജനിച്ച വിശുദ്ധനാണ് വി. ലൂയി പെർട്രാർഡ്. ജീവിച്ചിരുന്ന കാലത്തുതന്നെ അദ്ദേഹം ധാരാളം അത്ഭുതങ്ങൾ പ്രവർത്തിച്ചു. മരിച്ച പലരെയും ഉയിർപ്പിച്ചു. സൗത്ത് അമേരിക്കയിൽ വെച്ച് മരിച്ച ഒരു പെൺകുട്ടിയെ തന്റെ കൈയ്യിലെ ജപമാല സ്പർശിപ്പിക്കുക വഴി അദ്ദേഹം ഉയിർപ്പിക്കുകയുണ്ടായി.

"മറിയത്തിന്റെ സ്വന്തം അനുഭവത്തിൽ നിന്ന് ഉത്ഭവിക്കുന്നതുകൊണ്ടുതന്നെ ജപമാല ആപാദചൂഡം ധ്യാനാത്മക പ്രാർത്ഥനയാണ്... ഒരു ധ്യാനാത്മകഭാവം ഇല്ലെങ്കിൽ ഇതിന്റെ പ്രസക്തി നഷ്ടപ്പെടുകയാണ്. ധ്യാനമില്ലാത്ത ജപമാല ആത്മാവില്ലാത്ത ശരീരമാണ്. ഇതിന്റെ ഉരുവിടൽ, ക്രിസ്തുവിന്റെ മുന്നറിയിപ്പുകൾക്കു വിരുദ്ധമായി ചില നിർദ്ദിഷ്ട ജപങ്ങളുടെ യാന്ത്രികമായ ആവർത്തനമാകും. (വി. ജോൺ പോൾ രണ്ടാമൻ - കന്യകാമറിയത്തിന്റെ ജപമാല, ഖണ്ഡിക 12).

"ജപമാല ദൈവജനനിയുടെ ദിവ്യശിരസ്സിൽ വയ്ക്കുന്ന ഒരു കനക കിരീടമാകുന്നു. അത് ക്രിസ്തീയ ഭക്തിയുടെ കുസുമവും സ്വർഗ്ഗീയ മാനങ്ങളുടെ വറ്റാത്ത ഉറവയുമാകുന്നു" (ബനഡിക്ട് 15-ാമൻ പാപ്പ). "ജപമാല അർപ്പിക്കുന്ന ഒരു സൈന്യം എനിക്കുണ്ടായിരുന്നെങ്കിൽ ലോകത്തെ മുഴുവൻ ഞാൻ കീഴടക്കുമായിരുന്നു" എന്നാണ് ഒൻപതാം പീയൂസ് പാപ്പ പ്രസ്താവിച്ചത്. 'ദി സീക്രട്ട് ഓഫ് ദി റോസറി' എന്ന വിശ്വപ്രസിദ്ധ ഗ്രന്ഥത്തിൽ വി. ലൂയീസ് ദി മോൺഫോർട്ട് പറയുന്നു: "മരണദിനം വരെ നീ വിശ്വസ്തതയോടെ ജപമാല പ്രതിദിനം അർപ്പിച്ചാൽ ഞാൻ നിനക്ക് ഉറപ്പുതരുന്നു, നിന്റെ പാപാധിക്യം മറികടന്ന് ദൈവം നിനക്ക് മഹത്വത്തിന്റെ വാടാത്ത കിരീടം തരും. ഇപ്പോൾ നീ നിത്യനാശത്തിന്റെ വക്കിൽ എത്തി നിൽക്കുകയാണെങ്കിലും, ഇപ്പോൾ നിന്റെ ഒരു പാദം നരകത്തിൽ ആണെങ്കിലും, ഇപ്പോൾ നീ നിന്റെ ആത്മാവിനെ പിശാചിന് വിറ്റുകഴിഞ്ഞുവെ


www.malankaralibrary.com

ങ്കിൽ പോലും ഉടൻ തന്നെയോ പിന്നീടോ നീ മാനസാന്ത രപ്പെട്ടു ജീവിതം നവീകരിച്ച് രക്ഷപ്രാപിക്കും. ജപമാല ഭക്തിപൂർവ്വം ദിവസവും അർപ്പിച്ചുകൊണ്ടിരുന്നാൽ ഇവ സംഭവിക്കുകതന്നെ ചെയ്യും".

## ഓ ധന്യ ജപമാലയെ

(ജോൺ 23-ാം മാർപാപ്പ)

"ഓ... ധന്യ ജപമാലയെ,
എത്ര സുന്ദരമാണ് നിന്നെ ഞാൻ കാണുമ്പോൾ
നിഷ്ക്കളങ്കരായ കുഞ്ഞുങ്ങളുടെ കൈകളിൽ
വിശുദ്ധരായ വൈദികരുടെ കൈകളിൽ
പരിശുദ്ധരായ സന്യസ്തരുടെ കൈകളിൽ
ധന്യരായ ആത്മാക്കളുടെ കൈകളിൽ
വൃദ്ധരുടെയും യുവാക്കളുടെയും കൈകളിൽ
പ്രാർത്ഥനാജീവിതം നയിക്കുവരുടെ കൈകളിൽ
സമാധാനവും സന്തോഷവും കാംക്ഷിക്കുന്ന
ജപമാല സ്വന്തം ജീവിതത്തിന്റെ
ഭാഗമാക്കിത്തീർക്കു ഒട്ടനേകം
ജനതതികളുടെ കൈകളിൽ"

ജപമാല ചൊല്ലി മാനസാന്തരപ്പെട്ട് സഭയിലേയ്ക്ക് തിരികെ വന്ന ഒത്തിരിയേറെ ആളുകളുണ്ട്. അതിലൊ രാളാണ് വാഴ്ത്തപ്പെട്ട ബർത്തലോ ലോംഗോ. സാത്താൻ ആരാധകനും സാത്താന്റെ പുരോഹിതനുമായിരുന്നു അദ്ദേഹം. 1841 ഫെബ്രുവരി 10-നാണ് ബർത്തലോ ലോംഗോ ജനിച്ചത്. കുഞ്ഞുനാളിൽ തന്നെ ക്രിസ്തീ യവും മതനിരപേക്ഷവുമായ വിദ്യാഭ്യാസം അദ്ദേഹ ത്തിന് ലഭിച്ചിരുന്നു. ചെറുപ്പത്തിൽ മാതാപിതാക്കളോട് ഒരുമിച്ച് ജപമാല ചൊല്ലുന്ന പതിവ് ആ കുടുംബ ത്തിൽ ഉണ്ടായിരുന്നു. എന്നാൽ നിയമം പഠിക്കാ നായി നേപ്പിൾസിലേയ്ക്ക് യാത്രയായ അദ്ദേഹത്തിന്റെ ജീവിതം തലകീഴായി മറിഞ്ഞു. കടുത്ത ദൈവനിഷേ ധിയായി അദ്ദേഹം മാറി. ഹൃദയത്തിൽ അധമവികാര ങ്ങൾ നീന്തിത്തുടിച്ചു. മാർപാപ്പക്കെതിരെ മുഷ്ടിചുരു


www.malankaralibrary.com

ട്ടാൻ അദ്ദേഹം ഭയപ്പെട്ടില്ല. അതിന്റെ അനന്തരഫലം ഹൃദയഭേദകമായിരുന്നു. അദ്ദേഹം സാത്താൻ ആരാധകനും സാത്താൻ പുരോഹിതനുമായി. സഭയും സമൂഹവും കുടുംബാംഗങ്ങളും അദ്ദേഹത്തിനുവേണ്ടി മനമുരുകി പ്രാർത്ഥന ആരംഭിച്ചു. ബർത്തലോയുടെ നാട്ടുകാരായ പ്രൊഫസർ വിൻസെന്റെ പെപ്പേയും ഡൊമിനിക്കൻ സഭാംഗമായ ഫാദർ ആൽബർട്ടും നിരന്തരമായി നടത്തിയ സന്ദർശനങ്ങളുടെയും ഉപദേശങ്ങളുടെയും ഫലമായി ബർത്തലോ ലോംഗോ ഒരു മടങ്ങിവരവിന് തയ്യാറായി. പരിശുദ്ധ അമ്മ വിശുദ്ധ ഡൊമിനിക്കിനോടു പറഞ്ഞ "എന്റെ ജപമാല പ്രചരിപ്പിക്കുന്നവരെ ഞാൻ രക്ഷിക്കും" എന്ന വാക്ക് ഉദ്ധരിച്ചാണ് ഫാദർ ആൽബർട്ട് ബർത്തലോ ലോംഗോയുടെ സാത്താനിക ജീവിതത്തെ മറിയത്തിലേയ്ക്ക് തിരിച്ചുവിട്ടത്. ചെളിയിൽ നിന്നും പിടഞ്ഞെഴുന്നേറ്റ അദ്ദേഹം മാലിന്യങ്ങൾ കഴുകി ശുഭ്രവസ്ത്രം ധരിച്ചു. 1871 മാർച്ച് 25-ന് ഡൊമിനിക്കൻ മൂന്നാം സഭയിൽ ചേർന്നു, ജപമാല സഹോദരൻ എന്ന പേര് സ്വീകരിച്ചു. പൈശാചിക പ്രവർത്തികൾക്കെതിരേയും സാത്താൻ ആരാധകർക്കെതിരേയും അദ്ദേഹം ആഞ്ഞടിച്ചു. ഒരുപാടു അപവാദങ്ങളിലൂടെയും രോഗദുരിതങ്ങളിലൂടെയും അദ്ദേഹത്തിന് കടന്നുപോകേണ്ടിവന്നു. അപ്പോഴെല്ലാം അദ്ദേഹത്തെ പിടിച്ചുനിൽക്കാൻ സഹായിച്ചത് ജപമാല പ്രാർത്ഥനയായിരുന്നു. ജപമാല കൈകളിലേന്തി അദ്ദേഹം ലോകത്തോട് വിളിച്ചുപറഞ്ഞു: "ജപമാല രാജ്ഞിയോടുള്ള നിങ്ങളുടെ വിശ്വാസത്തെ ഉണർത്തുക. എന്റെ എല്ലാ പ്രതിസന്ധികളിലും ഞാൻ ശരണം വച്ചത് അമ്മയിലാണ്. എല്ലാ പ്രതീക്ഷയും അമ്മയാണ്.... എനിക്ക് ഒരൊറ്റ ആഗ്രഹമേയുള്ളൂ, മറിയത്തെ കാണണം. കാരണം അവളാണ് സാത്താന്റെ കരങ്ങളിൽ നിന്ന് എന്നെ. രക്ഷപെടുത്തിയത്...". 1926 ഒക്ടോബർ 5-ന് ഇഹലോകവാസം വെടിഞ്ഞ അദ്ദേഹത്തെ 1980 ഒക്ടോബർ 26-ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ വാഴ്ത്തപ്പെട്ടവനായി ഉയർത്തി. മാതൃസ്നേഹത്തിന്റെ ജപമാലയിൽ കോർത്ത ജീവിതമായിരുന്നു അദ്ദേഹത്തി


www.malankaralibrary.com

ന്റേത് എന്ന കാരണത്താലാണ് 'ജപമാല സഹോദരൻ' എന്ന് ബർത്തലോ ലോംഗോ അറിയപ്പെട്ടത്. ഇന്ന് അനേകരുടെ ആത്മീയ ഭക്ഷണങ്ങളിലൊന്നാണ് ജപമാല. കത്തോലിക്കാ സഭയിൽ ജപമാല കൈകളിലേന്തി ഭക്തിപൂർവ്വം ഈ പ്രാർത്ഥന ചൊല്ലുന്ന ലക്ഷക്കണക്കിന് ആളുകളെ ലോകത്തിന്റെ ഏതു കോണിലും നമുക്ക് കാണുവാൻ സാധിക്കും.

പതിനാറാം ശതകത്തിൽ പ്രൊട്ടസ്റ്റന്റുകാർ മരിയ ഭക്തിയും ജപമാലയും ഉപേക്ഷിച്ചുവെങ്കിലും ആധുനിക കാലത്ത് അവർ അത് സ്വീകരിച്ചു വരികയാണ്. ഒരിക്കൽ ബിഷപ്പ് ഫുൾട്ടൺ ജെ. ഷീൻ ഇപ്രകാരം പ്രസ്താവിച്ചു: ദൈവമാതാവിനെക്കുറിച്ച് അമേരിക്കയിൽ ഒരു നല്ല പുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടാൽ അത് ഒരു പ്രൊട്ടസ്റ്റന്റ് പണ്ഡിതന്റേതാണെന്ന് നമുക്ക് നേരത്തെ ഊഹിക്കാം. മഹാനായ അൽഫോൻസ് ലിഗോരി പുണ്യവാൻ ഒറ്റദിവസം പോലും കൊന്ത നമസ്ക്കാരം മുടക്കിയിട്ടില്ല. വിവിധ ഭാഷാപണ്ഡിതനായിരുന്ന തിസ്സാറാംങ് കർദ്ദിനാൾ ആഴ്ചയിൽ ഓരോ ദിവസവും ഓരോ ഭാഷയിൽ കൊന്ത ചൊല്ലിയിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രണേതാവായിരുന്ന ജോൺ 23-ാമൻ മാർപാപ്പ ജീവിതത്തിരക്കുകൾക്കിടയിൽ അല്പസമയം കിട്ടിയാലുടൻ കൊന്ത ചൊല്ലുമായിരുന്നു. ഫാത്തിമായിൽ മാതാവ് പ്രത്യക്ഷപ്പെട്ടപ്പോൾ നൽകപ്പെട്ട ഒരു പ്രധാന വെളിപ്പെടുത്തൽ കത്തോലിക്കർ എല്ലാവരും ഭക്തിപൂർവ്വം കൊന്ത ചൊല്ലണമെന്നതായിരുന്നു. ലോകമെമ്പാടുമുള്ള ക്രൈസ്തവ ദേവാലയങ്ങളിൽ വിശുദ്ധ കുർബാനയ്ക്കുശേഷം ജനം കൂട്ടമായി ജപമാല ചൊല്ലുന്നത് ഒരു പതിവു കാഴ്ചയാണ്.

*ഭക്തിപൂർവ്വം ജപമാല*
*ചൊല്ലുന്നവർക്ക് വിശുദ്ധ*
*ഡൊമിനിക്കിലൂടെ പരിശുദ്ധ*


www.malankaralibrary.com

## കന്യകാമറിയം നൽകിയ
## 15 വാഗ്ദാനങ്ങൾ

1. എന്റെ ജപമാല ഭക്തിപൂർവ്വം ചൊല്ലുന്നവർക്ക് എന്റെ പ്രത്യേക സംരക്ഷണവും വലിയ കൃപകളും ഞാൻ വാഗ്ദാനം ചെയ്യുന്നു.

2. എന്റെ ജപമാല ചൊല്ലുന്നതിൽ അശ്രാന്തം പരിശ്രമിക്കുന്നവർക്ക് ചില പ്രത്യേക കൃപ ലഭിക്കുന്നതാണ്.

3. നാരകീയ ശക്തികൾക്കെതിരെയുള്ള പോരാട്ടത്തിൽ ഒരു ശക്തിയേറിയ പരിചയായിരിക്കും ജപമാല. അതു തിന്മകളെ ഇല്ലായ്മ ചെയ്യുകയും പാപത്തിൽ നിന്ന് വിടുതൽ നൽകുകയും പാഷണ്ഡത ഉന്മൂലനം ചെയ്യുകയും ചെയ്യുന്നു.

4. പുണ്യവും സൽപ്രവർത്തികളും തഴച്ചുവളരുകയും ആത്മാക്കൾ ദൈവകരുണ പ്രാപിക്കുകയും ചെയ്യും. ലോക മോഹങ്ങളെയും അതിന്റെ മായകളെയും മനുഷ്യഹൃദയങ്ങളിൽ നിന്ന് പിഴുതുമാറ്റി അവിടെ നിത്യജീവനോടുള്ള അതിയായ ആഗ്രഹം പ്രതിഷ്ഠിക്കുന്നു.

5. ജപമാലയിലൂടെ എന്നിൽ വിശ്വാസം അർപ്പിക്കുന്നവർ ഒരിക്കലും നശിച്ചുപോകുകയില്ല.

6. എന്റെ ജപമാല ഭക്തിപൂർവ്വം ദിവ്യരഹസ്യങ്ങളെപ്പറ്റി ധ്യാനിച്ചുകൊണ്ട് ചൊല്ലുന്നവർക്ക് ഒരിക്കലും ദൗർഭാഗ്യമോ ദൈവകോപമോ ദുർമരണമോ സംഭവിക്കുകയില്ല. പാപികൾ മാനസാന്തരപ്പെടും. നീതിമാന്മാർ ദൈവകൃപയിൽ അഭിവൃദ്ധി പ്രാപിച്ച് നിത്യജീവൻ നേടും.

7. എന്റെ ജപമാലയോട് യഥാർത്ഥ ഭക്തിയുള്ളവർ ഒരിക്കലും സഭയുടെ കൂദാശകൾ സ്വീകരിക്കാതെ മരിക്കുകയില്ല.

8. എന്റെ ജപമാല ചൊല്ലുന്നതിൽ വിശ്വസ്തത പുലർത്തുവർക്ക് അവരുടെ ജീവിത കാലത്തും മരണസമയത്തും ദൈവത്തിന്റെ പ്രകാശവും പ്രസാദവരങ്ങളും ഉണ്ടായിരിക്കും. വിശുദ്ധന്മാരുടെ യോഗ്യതയിൽ പങ്കാളികളാകുകയും ചെയ്യും.


www.malankaralibrary.com

9. ജപമാലയോട് ഭക്തിയുള്ള ആത്മാക്കളെ എത്രയും വേഗം ശുദ്ധീകരണസ്ഥലത്തു നിന്നും ഞാൻ മോചിപ്പിക്കും.

10. എന്റെ ജപമാലയുടെ യഥാർത്ഥ മക്കളെല്ലാവരും സ്വർഗ്ഗത്തിൽ അനന്തമായ സന്തോഷം അനുഭവിക്കും.

11. എന്റെ ജപമാലയിലൂടെ നിങ്ങൾ ചോദിക്കുന്നതെല്ലാം നിങ്ങൾക്കു സാധിച്ചുകിട്ടും.

12. എന്റെ ജപമാല പ്രചരിപ്പിക്കുന്നവർക്ക് അവരുടെ എല്ലാ ആവശ്യങ്ങളിലും ഞാൻ സഹായം വാഗ്ദാനം ചെയ്യുന്നു.

13. ജപമാല ഭക്തർക്കെല്ലാം ജീവിതത്തിലും മരണത്തിലും സ്വർഗ്ഗീയ മദ്ധ്യസ്ഥരെ ലഭിക്കുമെന്ന് എന്റെ പുത്രനിൽ നിന്നും എനിക്ക് വാഗ്ദാനം ലഭിച്ചിട്ടുണ്ട്.

14. വിശ്വസ്തതയോടെ എന്റെ ജപമാല ചൊല്ലുന്നവർ എന്റെ പ്രിയപ്പെട്ട മക്കളും യേശു ക്രിസ്തുവിന്റെ സഹോദരീ സഹോദരന്മാരും ആയിരിക്കും.

15. എന്റെ ജപമാലയോടുള്ള ഭക്തി നിത്യരക്ഷയുടെ അടയാളമായിരിക്കും.

പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ട ലൂർദ്ദിലും, ഫാത്തിമായിലും വിവിധ ഭാഷക്കാരും ദേശക്കാരുമായി പതിനായിരക്കണക്കിനാളുകൾ കത്തിച്ച മെഴുകുതിരിയുമായി കൊന്ത ചൊല്ലി പ്രദക്ഷിണമായി നടന്നു നീങ്ങുന്നു. അട്ടപ്പാടി അഭിഷേകാഗ്നി ഹിൽസിലും ഇരുപത്തിനാല് മണിക്കൂറും ജപമാല കരങ്ങളിലേന്തി നൂറുകണക്കിന് ആളുകൾ കൊന്ത ചൊല്ലുന്നത് ഒരു പതിവു കാഴ്ചയാണ്. ഓഗസ്റ്റ്, ഡിസംബർ മാസങ്ങളിൽ അവിടെ നടക്കുന്ന അഖണ്ഡ ജപമാലയിൽ ഇന്ത്യയുടെ അനേകം സംസ്ഥാനങ്ങളിൽ നിന്നുള്ള ആളുകൾ പോലും പങ്കുചേരുന്നു. ഓരോ ദശകത്തിന്റെയും അവസാനം എല്ലാ ഭാഷക്കാരും ഒരുമിച്ചു ചേർന്ന് ആവേ, ആവേ, ആവേ മരിയാ എന്ന് ആകാശം തുളച്ചുകയറത്തക്കവിധം ആലപിക്കുന്നത്, സഭയിൽ ജപമാല ഭക്തി വീണ്ടും ഊർജ്ജിതപ്പെട്ടു വരികയാണ് എന്നുള്ളതിന്റെ സൂചനയല്ലേ?


www.malankaralibrary.com

ഈശോയുടെ വി. ത്രേസ്യാ പറയുന്നു: "ജപമാല ചൊല്ലാൻ തുടങ്ങുമ്പോൾ ആരെയാണ് അഭിവാദ്യം ചെയ്യുന്നതെന്നും ആരാണു സംസാരിക്കുന്നതെന്നും ആത്മാവ് ഓർമ്മിക്കണം. എങ്കിലേ ന്യായമായ ബഹുമാനത്തോടെ ആത്മാവ് സംസാരിക്കുകയുള്ളു". വളരെയേറെ പ്രാർത്ഥനകൾ ധൃതിയിൽ ചൊല്ലിത്തീർക്കാൻ പരിശ്രമിക്കുന്ന ആത്മാക്കളെ പുണ്യവതി പുച്ഛിക്കുന്നു "അനുദിനം ചൊല്ലിത്തീർക്കാനുള്ള ചുമതല നിറവേറ്റണമെ അവർക്ക് ആഗ്രഹമുള്ളൂ" എന്നാണ് പുണ്യവതി പറയുന്നത്. ജപമാല അങ്ങനെ ചൊല്ലി കടമ നിർവ്വഹിക്കാൻ ഉള്ളതല്ല. അങ്ങനെ ചെയ്യുക വഴി അത് അവരുടെ ആത്മീയ ജീവിതത്തിന് ഉപകരിച്ചെന്നും വരില്ല. അതിനാൽ ഭക്തിയോടും ശ്രദ്ധയോടും കൂടിവേണം ഇവ ധ്യാനിക്കുവാൻ.

പതിനൊന്നാം പീയൂസ് മാർപാപ്പ ഇപ്രകാരം പറഞ്ഞു: "ദൈവമാതാവിനോടുള്ള അനേകം മദ്ധ്യസ്ഥ പ്രാർത്ഥനകളിൽ അദ്വിതീയ സ്ഥാനമാണ് കൊന്ത നമസ്ക്കാരത്തിനുള്ളത്". മറ്റൊരിക്കൽ അദ്ദേഹം ഇങ്ങനെ എഴുതി: "ഞാൻ റോമിൽ കൊന്ത വെരിക്കുക മാത്രമല്ല അനുദിനം കൊന്ത ചൊല്ലുന്നുമുണ്ട്. അനുദിനം കൊന്ത ചൊല്ലുവാൻ നിങ്ങളെ എല്ലാവരെയും ഞാൻ ഹൃദയപൂർവ്വം ആഹ്വാനം ചെയ്യുകയും ചെയ്യുന്നു". പന്ത്രണ്ടാം പീയൂസ് മാർപാപ്പ ഇപ്രകാരം എഴുതി: "ദൈവാനുഗ്രഹങ്ങൾ കുടുംബങ്ങളിലേക്ക് ഒഴുകുവാൻ ജപമാല ഭക്തിയേക്കാൾ നല്ലതായി മറ്റൊന്നില്ല".

1. കന്യകാ മറിയത്തിന്റെ ജപമാല - 13, 2002 ഒക്ടോബർ,

വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ

◆ ◆ ◆



www.malankaralibrary.com

# അദ്ധ്യായം 4

# പരിശുദ്ധ കന്യകാ മാതാവിന്റെ ജപമാല

ബൈബിൾ വചനങ്ങളാലും, രക്ഷാകര സംഭവത്താലും നിറഞ്ഞതാണ് ജപമാല പ്രാർത്ഥന. നാൽപ്പത്-നാൽപ്പത്തിയഞ്ച് മിനിറ്റ് നീളുന്ന ഈ പ്രാർത്ഥന അനേകം സുപ്രധാന പ്രാർത്ഥനകളുടെ സമാഹാരമാണ്. പ്രാരംഭ പ്രാർത്ഥനയിൽ തുടങ്ങി ലുത്തിനിയായും സമാപന പ്രാർത്ഥനകളും ചേർന്നതാണ് ജപമാല പ്രാർത്ഥന. ജപമാല, മറിയത്തോടുള്ള ഒരു പ്രാർത്ഥനയായി തെറ്റിദ്ധരിക്കുന്നവർ ഇന്നും ധാരാളം ഉണ്ട്. വിശ്വാസത്തിന്റെ ഏറ്റു പറച്ചിലും, യേശുവിന്റെ രണ്ടാം വരവിനെപ്പറ്റിയുള്ള പ്രതിപാദ്യവും, ത്രിത്വത്തോടുള്ള സ്തുതിയും, ദിവ്യരഹസ്യങ്ങളുടെ ധ്യാനവും, വിശുദ്ധരോടുള്ള മാദ്ധ്യസ്ഥവും, പാപിയാണെന്നുള്ള ഏറ്റു പറച്ചിലും ഇതിലുണ്ട്. "മറിയത്തിന്റെ സ്വന്തം അനുഭവത്തിൽ നിന്ന് ഉത്ഭവിക്കുന്നതുകൊണ്ടു തന്നെ ജപമാല ആപാദചൂഡം ധ്യാനാത്മക പ്രാർത്ഥനയാണ്... ഒരു

www.malankaralibrary.com

ധ്യാനാത്മകഭാവം ഇല്ലെങ്കിൽ ഇതിന്റെ പ്രസക്തി നഷ്ട പ്പെടുകയാണ്. ധ്യാനമില്ലാത്ത ജപമാല ആത്മാവില്ലാത്ത ശരീരമാണ്. ഇതിന്റെ ഉരുവിടൽ, ക്രിസ്തുവിന്റെ മുറിയി പ്പുകൾക്കു വിരുദ്ധമായി ചില നിർദ്ദിഷ്ട ജപങ്ങളുടെ യാന്ത്രികമായ ആവർത്തനമാകും". (കന്യകാമറിയ ത്തിന്റെ ജപമാല, ഖണ്ഡിക 12). മെഡ്ജുഗോറിയിൽ പ്രത്യക്ഷയായ പരിശുദ്ധ അമ്മ നൽകിയ സന്ദേശം : "ജപ മാല ഭവനത്തിലെ ഒരു അലങ്കാര വസ്തു ആകരുത്. പലരും അലങ്കാര വസ്തുപോലെ വല്ലപ്പോഴുമാണ് കൊന്ത ഉപയോഗിക്കുന്നത്. കൊന്ത ജപിക്കുവാൻ എല്ലാ വരോടും പറയണം. കത്തോലിക്കാ സഭയുടെ മേൽ സാത്താൻ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്ന എല്ലാ ബുദ്ധിമുട്ടുകളെയും കൊന്തകൊണ്ട് നിങ്ങൾക്ക് ജയി ക്കാനാകും. പ്രിയ കുഞ്ഞുങ്ങളെ യുദ്ധത്തിനായി ആയു ധങ്ങൾ ധരിക്കുവിൻ. കൊന്ത കൈയ്യിലെടുത്തുകൊണ്ട് അവനെ പരാജയപ്പെടുത്തുവിൻ".

## പ്രാരംഭ പ്രാർത്ഥന

ജപമാലയിലെ പ്രാരംഭ പ്രാർത്ഥനയിൽ ആദ്യം സകല നന്മ സ്വരൂപനായ ദൈവത്തോട് ഉള്ള പ്രാർത്ഥനയാണ്. എളിയവരും, നന്ദിഹീനരുമായ ഞങ്ങൾ നിസ്സീമ പ്രതാ പവാനായ ദൈവസിധിയിൽ പ്രാർത്ഥിക്കുവാൻ അയോ ഗ്യരായതുകൊണ്ട്, പരിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യ സ്ഥതയിൽ പ്രാർത്ഥിക്കുകയാണ്. തുടർന്നുള്ള പ്രാർ ത്ഥനകൾ താനും കൂടെയുള്ളവരും ഭക്തിയോടും, ശ്രദ്ധയോടും കൂടി ചൊല്ലുന്നതിന് ദൈവസിധിയിൽ സഹായം യാചിക്കുകയും ചെയ്യുന്നതാണ് ഈ പ്രാരംഭ പ്രാർത്ഥന. പതിനൊന്നാം പീയൂസ് മാർപാപ്പ മാതാ പിതാക്കളെ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു: "സന്ധ്യാ സമയം കുടുംബങ്ങളിൽ എല്ലാവരെയും ഒരുമിച്ചുകൂട്ടി, മുട്ടിന്മേൽ നിന്നു ഭക്തിപൂർവ്വം ജപമാലചൊല്ലി, മാതാപി താക്കന്മാർ തങ്ങളുടെ മക്കൾക്ക് സന്മാതൃക കാണിച്ചു കൊടുക്കേണ്ടതാണ്. രക്ഷാകരവും അതിമനോജ്ഞവു


www.malankaralibrary.com

മായ ഈ പതിവിൽ നിന്ന് കുടുംബങ്ങളിൽ ശാന്തിയും സ്വർഗ്ഗീയാനുഗ്രഹ സമൃദ്ധിയും കവിഞ്ഞൊഴുകുമെന്ന് അസന്ദിഗ്ദ്ധമായി പറയാം". "പ്രാർത്ഥനകളിൽ ഏറ്റം മനോജ്ഞവും പ്രസാദവര സമ്പവുമാണ് ജപമാല. ദൈവമാതാവിന്റെ വിമല ഹൃദയത്തെ സ്പർശിക്കുന്ന ഒരു പ്രാർത്ഥനയാണിത്. വീടുകളിൽ സമാധാനം സംല ബ്ധമാകണമെങ്കിൽ കുടുംബങ്ങളിൽ ജപമാല എത്തി ക്കുവിൻ" എന്നാണ് വി. പത്താം പീയൂസ് മാർപാപ്പ നമ്മോട് ആഹ്വാനം ചെയ്യുന്നത്.

## വിശ്വാസപ്രമാണം

പ്രാരംഭ പ്രാർത്ഥനയ്ക്കുശേഷം നാം നമ്മുടെ വിശ്വാസം ഏറ്റു പറഞ്ഞ് പ്രാർത്ഥിക്കുന്നു. സഭയുടെ വിശ്വാസ പ്രമാണം ക്രിസ്തുമത പ്രബോധനങ്ങളുടെ സംഗ്രഹ മാണ്. കത്തോലിക്കാ വിശ്വാസത്തിന്റെ കാതലാണത്. ഏ.ഡി.325-ലെ കോൺസ്റ്റാന്റിനോപ്പിളിലെ സാർവ്വത്രിക സൂനഹദോസ് ചില കൂട്ടിച്ചേർക്കലുകൾ നടത്തി ഇത് സ്ഥിരീകരിച്ചുറപ്പിച്ചു. ഈ വിശ്വാസ സംഹിതയുടെ സംക്ഷിപ്ത രൂപമാണു ജപമാലയിൽ ഉപയോഗിക്കു ന്നത്. ഇത് ഏറ്റു പറയുന്നത് എത്രയോ ശ്രേഷ്ഠം. ദിവ്യരഹസ്യങ്ങൾക്കു മുമ്പുള്ള ഈ പ്രഖ്യാപനം പരി ശുദ്ധ അമ്മയോടു നമ്മെ കൂടുതൽ ഐക്യപ്പെടു ത്തുന്നു. കാരണം "മനസ്സിൽ വിശ്വാസം, ഉദരത്തിൽ മിശിഹാ" എന്നതായിരുന്നു മറിയത്തിന്റെ അവസ്ഥ യെന്ന് വി. അഗസ്റ്റിൻ വാദിക്കുന്നു. ജപമാലയിൽ വിശ്വാസ പ്രമാണം ചൊല്ലുമ്പോൾ കൊന്തയിലെ കുരിശു പിടിച്ചുകൊണ്ടാണ് ചൊല്ലേണ്ടത്. 1495-ൽ ലംഷീൻ എന്ന ഡൊമിനിക്കൻ വൈദികനാണ് ജപമാലയിൽ വിശ്വാസ പ്രമാണം കൂട്ടിച്ചേർത്തത്.

ഞാൻ വിശ്വസിക്കുന്നു എന്നർത്ഥമുള്ള ക്രേദോ എന്ന ലത്തീൻ ക്രിയയിൽ നിന്നാണ് ഇംഗ്ലീഷിലെ ക്രീഡ് എന്ന വാക്കുണ്ടായത്. മലയാളത്തിൽ 'വിശ്വസിക്കുന്നേൻ' എന്നു പണ്ടു പറഞ്ഞിരുന്നു. ശ്ലീഹന്മാരുടെ വിശ്വാ


www.malankaralibrary.com

സപ്രമാണത്തിലെ ആദ്യവാക്ക് സഭയുടെ വിശ്വാസം ഏറ്റുപറയുതിനുള്ള വിവിധ ഫോർമുലകളുടെ പേരായി ത്തീർന്നു. മാമ്മോദീസ നല്കാൻ തന്റെ ശിഷ്യന്മാരോടു കല്പിച്ച യേശുവിൽ നിന്നാണ് വിശ്വാസ പ്രമാണങ്ങളുടെ തുടക്കം. രക്തസാക്ഷികൾ മരണംവരെ വിശ്വാസത്തിൽ ഉറച്ചു നില്ക്കാൻ കാരണമായത് ഈ വിശ്വാസ പ്രമാണം തന്നെ. ഇന്നും മതപീഡനത്തിൽ ക്രിസ്ത്യാനികളെ താങ്ങിനിറുത്തുന്നതും ഈ വിശ്വാസമാണ്. "വിശ്വസി ച്ചുകൊണ്ട് ആരംഭിക്കുന്നില്ലെങ്കിൽ ഞാനൊരിക്കലും വിജ്ഞാനം നേടുകയില്ല" എന്നാണ് വി. ആൻസലെം പ്രോസ്ലോഗിയോൻ പറഞ്ഞത്. വിശ്വാസത്തോടുകൂടി ജപിക്കുകയാണെങ്കിൽ എല്ലാ പ്രാർത്ഥനകളും നല്ല താണ്. ഏറ്റവും മനോഹരമായ പ്രാർത്ഥന വിശ്വാസപ്ര മാണമാണെന്ന് മെഡ്ജുഗോറി മാതാവ് വെളിപ്പെടുത്തു കയുണ്ടായി.

## *ശ്ലീഹൻമാരുടെ വിശ്വാസപ്രമാണം എന്താണു പറയുന്നത്?*

"സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടത്തെ ഏകപുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിലും ഞാൻ വിശ്വസി ക്കുന്നു. അവിടുന്ന് പരിശുദ്ധാത്മാവാൽ ഗർഭസ്ഥനായി കന്യകാമറിയത്തിൽ നിന്നു പിറന്നു പന്തിയോസ് പീലാ ത്തോസിന്റെ ഭരണത്തിൻ കീഴിൽ അവിടുന്ന് പീഢകൾ സഹിക്കുകയും ക്രൂശിക്കപ്പെടുകയും മരിക്കുകയും സംസ്കരിക്കപ്പെടുകയും ചെയ്തു. അവിടന്നു പാതാള ങ്ങളിലേക്കിറങ്ങി, മരിച്ചവരുടെയിടയിൽ നിന്ന് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. അവിടന്ന് സ്വർഗ്ഗത്തിലേക്ക് എഴുന്നള്ളി സർവ്വശക്തനായ പിതാവിന്റെ വലത്തുഭാഗ ത്തിരിക്കുന്നു. അവിടെനിന്ന് ജീവിക്കുന്നവരെയും മരി ച്ചവരെയും വിധിക്കാൻ അവിടന്ന് വീണ്ടും വരും. പരി


www.malankaralibrary.com

ശുദ്ധാത്മാവിലും പരിശുദ്ധ കത്തോലിക്കാസഭയിലും പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിലും ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു. ആമ്മേൻ". (Youcat 28)

'ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം' എന്ന പേരിൽ അറിയപ്പെടു വിശ്വാസപ്രമാണത്തിന്റെ ആദ്യരൂപം അൻസീറിയായിലെ ബിഷപ്പായിരുന്ന മാർസെല്ലുസിന്റെ രചനയിലാണ് (അ.ഉ 337) കാണപ്പെടുന്നത്. എന്നാൽ ഈ വിശ്വാസപ്രമാണത്തിൽ പാതാളത്തിൽ ഇറങ്ങി എന്ന പ്രഖ്യാപനം ഇല്ല. പാതാളത്തിൽ ഇറങ്ങി എന്ന പ്രഖ്യാപനം ആദ്യം കാണപ്പെടുന്നത് അ.ഉ 359-ൽ രൂപംകൊണ്ട സിർമിയം എന്ന പ്രമാണരേഖ (ടശൃാശൗാ ളീൃാൗഹമ ീൃ ഉമലേറ ഇൃലലറ)യിലാണ്. അ. ഉ 750-തോടെ പാതാളത്തിൽ ഇറങ്ങി എന്ന പ്രഖ്യാപനം പാശ്ചാത്യസഭയുടെ ഔദ്യോഗിക പഠനത്തിന്റെ ഭാഗമായി. 1215-ലെ 4-ാം ലാറ്ററൻ കൗൺസിൽ 'പാതാളങ്ങളിൽ ഇറങ്ങി' എന്ന പ്രഖ്യാപനത്തെ സാർവ്വത്രിക സഭയുടെ വിശ്വാസ പ്രഖ്യാപനത്തിന്റെ ഭാഗമായി അംഗീകരിച്ചു.

## നിഖ്യാ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം എന്താണു പറയുന്നത്?

"സർവ്വശക്തനും പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും ദൃശ്യവും അദൃശ്യവുമായ എല്ലാറ്റിന്റെയും സ്രഷ്ടാവുമായ ഏകദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു.

ഏകനാഥനും ദൈവത്തിന്റെ ഏകപുത്രനും എല്ലായുഗങ്ങൾക്കും മുമ്പ് പിതാവിൽ നിന്ന് ജനിച്ചവനും ദൈവത്തിൽ നിന്നുള്ള ദൈവവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും പിതാവുമായി സത്തയിൽ ഏകനുമായ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു. അവി


www.malankaralibrary.com

ടുന്നു വഴി സകലതും സൃഷ്ടിക്കപ്പെട്ടു. മനുഷ്യരായ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും അവിടുന്ന് സ്വർഗ്ഗത്തിൽ നിന്നിറങ്ങി പരിശുദ്ധാത്മാവാൽ കന്യകാമറിയത്തിൽ നിന്ന് ശരീരം സ്വീകരിച്ച് മനുഷ്യനായിത്തീർന്നു.

പന്തിയോസ് പീലാത്തോസിന്റെ ഭരണത്തിൻ കീഴിൽ നമുക്കു

വേണ്ടി ക്രൂശിക്കപ്പെട്ടു പീഢകൾ സഹിച്ച് മരിച്ച് അടക്കപ്പെട്ടു. വിശുദ്ധ ലിഖിതങ്ങളനുസരിച്ച് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. സ്വർഗ്ഗത്തിലേക്ക് എഴുന്നെള്ളി പിതാവിന്റെ വലതുഭാഗത്തിരിക്കുന്നു. ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവിടുന്ന് മഹത്വത്തോടെ വീണ്ടും വരും. അവിടത്തെ രാജ്യത്തിന് അവസാനമുണ്ടാവുകയില്ല. കർത്താവും ജീവദാതാവും പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നവനും പിതാവിനോടും പുത്രനോടുമൊപ്പം ആരാധിക്കപ്പെടുവനും സ്തുതിക്കപ്പെടുന്നവനും പ്രവാചകന്മാർ വഴി സംസാരിച്ചവനുമായ പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു.

ഏകവും പരിശുദ്ധവും സാർവ്വത്രികവും അപ്പ സ്തോലികവുമായ സഭയിലും ഞാൻ വിശ്വസിക്കുന്നു. പാപമോചനത്തിനുള്ള ജ്ഞാനസ്നാനം ഞാൻ ഏറ്റുപറയുന്നു. മരിച്ചവരുടെ ഉയിർപ്പും വരാനിരിക്കുന്ന ലോകത്തിലെ ജീവിതവും ഞാൻ പ്രതീക്ഷിക്കുകയും ചെയ്യുന്നു. ആമ്മേൻ" (Youcat 29).

വി. ഐരേനീയൂസാണ് മരിയോളജിയുടെ വളർച്ചയ്ക്ക് അടി

ത്തറ പാകിയത്. ഈ കാലഘട്ടത്തിലാണ് വിശ്വാസപ്രമാണങ്ങളിൽ മറിയത്തിന്റേ പേര് ചേർത്തു തുടങ്ങിയത്. വി. എപ്പിഫാനിയോസ് (315-413) പറയുന്നു: "കർത്താവിനെ ബഹുമാനിക്കുന്നവർ അവന്റെ മാതാവിനെയും ബഹുമാനിക്കുന്നു". തീർച്ചയായും ഈ വാക്കുകൾ മരിയോളജിയുടെ അടിസ്ഥാന വാക്യമായിത്തീർന്നു. വി. ഗ്രിഗറി നസിയാൻസനാണ് (328-390) മാതാവിന്റെ


www.malankaralibrary.com

ശുദ്ധീകരണത്തെപ്പറ്റി ആധികാരികമായി പഠിപ്പിച്ചത്. അദ്ദേഹം ഇപ്രകാരം എഴുതി: "ദൈവവചനം ഒരു പരിപൂർണ്ണ മനുഷ്യനായി പാപം ഒഴികെ തന്റെ ആത്മാവിലും ശരീരത്തിലും റൂഹാ വഴി മുൻകൂറായി ശുദ്ധീകരിക്കപ്പെട്ട (protokathartheises) കന്യകയിൽ പിറന്നു".

## സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

വിശ്വാസ പ്രമാണത്തിനു ശേഷം സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, എന്ന കർത്തൃപ്രാർത്ഥന നാം ചൊല്ലുന്നു. ഈ പ്രാർത്ഥന നമ്മുടെ കർത്താവ് തന്നെ നമ്മെ പഠിപ്പിച്ചതാണ്.

കർത്തൃപ്രാർത്ഥന എങ്ങനെയുണ്ടായി? "യേശുവിന്റെ ശിഷ്യൻ നടത്തിയ അഭ്യർത്ഥനയുടെ ഫലമായിട്ടാണ് കർത്തൃപ്രാർത്ഥനയുണ്ടായത്. ഗുരുവായ യേശു പ്രാർത്ഥിക്കുന്നതു കാണുകയും ശരിയായി പ്രാർത്ഥിക്കാൻ ഗുരുവിൽ നിന്ന് പഠിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്ത ശിഷ്യനാണ് അഭ്യർത്ഥിച്ചത്". (യു ക്യാറ്റ് - 512)

**കർത്തൃപ്രാർത്ഥനയ്ക്ക് എന്തു ഘടനയാണുള്ളത്?** "സ്വർഗ്ഗസ്ഥനായ, കരുണനിറഞ്ഞ നമ്മുടെ പിതാവിനോടുള്ള ഏഴ് അപേക്ഷകളാണ് കർത്തൃപ്രാർത്ഥനയിലുള്ളത്. ആദ്യത്തെ മൂന്ന് അപേക്ഷകൾ ദൈവത്തെയും ശരിയായി അവിടുത്തെ സേവിക്കുന്നതിനെയും സംബന്ധിച്ചുള്ളതാണ്. അവസാനത്തെ നാല് അപേക്ഷകൾ സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിനോട് നാം

പറയു മൗലിക മാനുഷികാവശ്യങ്ങളാണ്." (യു ക്യാറ്റ് -513) യേശു ഒരിടത്തു പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയായിരുന്നു. പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ ശിഷ്യൻമാരിലൊരുവൻ വന്നു പറഞ്ഞു: കർത്താവേ യോഹന്നാൻ തന്റെ ശിഷ്യരെ പഠിപ്പിച്ചതു പോലെ ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കുക. അവൻ അരുളിച്ചെയ്തു: നിങ്ങൾ ഇങ്ങനെ പ്രാർത്ഥിക്കുക. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ


www.malankaralibrary.com

പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരേണമേ. അങ്ങയുടെ ഹിതം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകേണമേ. അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു നൽകണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ" (മത്താ. 6:9-13, ലൂക്കാ 11:2-4).

യേശു നേരിട്ടു പഠിപ്പിച്ച ഈ പ്രാർത്ഥന എല്ലാ ക്രിസ്ത്യാനികളും ചൊല്ലേണ്ടതാണ്. ഇത്ര വിശിഷ്ടമായ ഈ പ്രാർത്ഥന പോലെ മറ്റൊരു പ്രാർത്ഥനയും ഇതുവരെ ആരും രചിച്ചിട്ടില്ല.

"കർത്തൃപ്രാർത്ഥനയിൽ നമ്മൾ എല്ലാവരും ഒന്നിച്ച് ഞങ്ങളുടെ പിതാവേ എന്നു പറയുന്നു. ചക്രവർത്തിയും ഭിക്ഷുവും അടിമയും ഉടമസ്ഥനും അങ്ങനെ പറയുന്നു. അവരെല്ലാവരും സഹോദരങ്ങളാണ്. കാരണം, അവർക്കെല്ലാം ഒരു പിതാവേ ഉള്ളൂ" (വി. അഗസ്തീനോസ്).

ഒരു അൻപത്തിമൂന്നുമണി ജപം തീരും മുമ്പ് ആറുപ്രാവശ്യം ഇത് നാം ആവർത്തിക്കുന്നു. ബൈബിളിലെ ഒരു വാക്കുപോലും വള്ളിയോ പുള്ളിയോ മാറ്റാതെ പാലിക്കുവർ തങ്ങളാണെന്നത് അവകാശപ്പെടുന്ന പെന്തക്കോസ്ത് സഭാ വിഭാഗക്കാർ ഇത് ചൊല്ലുന്നില്ല എന്നുള്ളത് ശ്രദ്ധേയമാണ്.

"പിതാവിനോടു പ്രാർത്ഥിക്കുക എന്നാൽ ദൈവം ആയിരിക്കുന്ന രീതിയിലും പുത്രൻ നമുക്കു വെളിപ്പെടുത്തിത്തന്നതു പോലെയും ഉള്ള അവിടുത്തെ രഹസ്യത്തിലേയ്ക്ക് പ്രവേശിക്കുക എന്നതാണ്. പിതാവായ ദൈവം എന്ന നാമം ആർക്കും വെളിപ്പെടുത്തപ്പെട്ടിരുന്നില്ല. മോശ തന്നെ ദൈവത്തോട് അവൻ ആരാണെന്നു ചോദിച്ചപ്പോൾ, മറ്റൊരു പേരാണ് കേട്ടത്. പുത്രനിലാണ് നമുക്ക് അത് വെളിപ്പെടുത്തപ്പെട്ടത്. കാരണം, 'പുത്രനു മുമ്പ്' 'പിതാവ്' എന്ന നാമം ഇല്ല... നമുക്കു ദൈവത്തെ "പിതാവേ" എന്നു വിളിക്കാം. കാരണം മനുഷ്യനായിത്തീർ പുത്രനിലൂടെ അവിടുന്നു നമുക്കു വെളിപ്പെടുത്ത


www.malankaralibrary.com

പ്പെട്ടിരിക്കുന്നു; അവിടുത്തെ ആത്മാവ് നാം അവിടുത്തെ അറിയുന്നതിന് ഇടയാക്കിയിരിക്കുന്നു. നാം പിതാവിനോടു പ്രാർത്ഥിക്കുമ്പോൾ നാം അവിടുത്തോടും അവിടുത്തെ പുത്രനായ യേശുക്രിസ്തുവിനോടും ഐക്യത്തിലാണ്" (CCC: 239240).

'ജോലി ചെയ്യുമ്പോഴും പാടുക... അദ്ധ്വാനിക്കുമ്പോഴും ദൈവ സ്തുതികൾ അധരങ്ങളിലുണ്ടായിരിക്കട്ടെ... ദൈവസ്വരത്തിനെതിരായ മനുഷ്യപ്രകൃതിയുടെയോ മിത്രങ്ങളുടെയോ ഉപദേശങ്ങൾ ശ്രവിക്കാതിരിക്കുക' (വി. ഇസിദോർ). 'എന്തു ചെയ്യുകയാണെങ്കിലും സ്വന്തം കാര്യം ചിന്തിക്കാതെ ദൈവത്തെപ്പറ്റി ചിന്തിക്കുക' (വി. വിൻസെന്റ് ഫെററർ). അതെ, എല്ലായ്പ്പോഴും നാം പിതാവിനെ വിളിക്കുക, അവിടുത്തെ സ്തുതിക്കുക.

## ദൈവിക ശരണങ്ങൾ

അതേ തുടർന്നു വരുന്നത് ത്രിത്വത്തിലെ ഓരോ വ്യക്തികളെയും വിളിച്ച് വിശ്വാസം, ശരണം, സ്നേഹം എന്നീ ദൈവിക പുണ്യങ്ങൾക്കായി പ്രാർത്ഥിക്കുന്നതാണ്. വിശ്വാസത്തെയും ശരണത്തെയും സ്നേഹത്തെയും അടിസ്ഥാനമാക്കിയുള്ള ആത്മാർത്ഥമായ പ്രാർത്ഥനകൾ വഴി ആരാധനാകൃത്യമാണു നാം നിർവ്വഹിക്കുന്നത്. ഈ പുണ്യങ്ങളിൽ ജീവിക്കേണ്ടത് മനുഷ്യന്റെ കർത്തവ്യമാണ്. വിശ്വാസത്തിനും ശരണത്തിനും സ്നേഹത്തിനുമെതിരായ പ്രമാണങ്ങൾ ഒന്നാം പ്രമാണത്തിന്റെ ലംഘനമാണ്. വി. പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു: ഇപ്പോൾ നമുക്ക് വിശ്വാസം, ശരണം, സ്നേഹം ഇവ മൂന്നും ഉണ്ട് (1 കൊറി. 13:13). ഇതിനെ അതിസ്വാഭാവിക ഗുണങ്ങൾ എന്നു സഭ വിശേഷിപ്പിക്കുന്നു.

**എന്താണ് മൂന്ന് അതിസ്വാഭാവിക സദ്ഗുണങ്ങൾ (പുണ്യങ്ങൾ)?** "അതിസ്വാഭാവിക സദ്ഗുണങ്ങൾ വിശ്വാസം, ശരണം, സ്നേഹം, എന്നിവയാണ്.


www.malankaralibrary.com

അവയെ അതിസ്വാഭാവികം (പ്രകൃത്യതീതം) എന്നു വിളിക്കുന്നത് അവയുടെ അടിസ്ഥാനം ദൈവത്തിലാക യാലും അവ നേരിട്ടു ദൈവത്തോടു ബന്ധപ്പെട്ടവയാക യാലും നമുക്ക് നേരിട്ട് ദൈവത്തിലേക്ക് എത്തിച്ചേരാ നുള്ള മാർഗ്ഗമായിരിക്കയാലുമാണ്" (യു ക്യാറ്റ് - 305).

എന്തുകൊണ്ടാണ് വിശ്വാസവും ശരണവും സ്നേഹവും സദ്ഗുണങ്ങളായിരിക്കുന്നത്? "വിശ്വാസം, ശരണം, സ്നേഹം, എന്നിവയും യഥാർത്ഥ ശക്തികളാണ്. തീർ ച്ചയായും അവ ദൈവം നല്കുന്നവയാണ്. ആ ശക്തി കൾക്കൊണ്ട് ഒരു വ്യക്തിക്ക് ദൈവകൃപയുടെ സഹായ ത്താൽ വികസിക്കാനും സ്ഥിരചിത്തനാകാനും കഴിയും. അങ്ങനെ സമൃദ്ധമായ ജീവൻ (യോഹ. 10:10) നേടാൻ സാധിക്കും" (യു ക്യാറ്റ് - 306).

**എന്താണ് വിശ്വാസം?** "നാം ദൈവത്തോടു സമ്മതം പറയുകയും അവിടുത്തെ സത്യം അംഗീകരിക്കുകയും വ്യക്തിപരമായി അവിടുത്തേയ്ക്ക് സ്വയം സമർപ്പിക്കു കയും ചെയ്യുതിനുള്ള ശക്തിയാണ് വിശ്വാസം. ദൈവം സൃഷ്ടിച്ച മാർഗ്ഗമാണ് വിശ്വാസം. ദൈവം തന്നെയാ കുന്ന സത്യത്തിലേയ്ക്ക് അതുനമ്മെ നയിക്കുന്നു" (യു ക്യാറ്റ് - 307).

**എന്താണ് പ്രത്യാശ?** "നാം ലോകത്തിൽ നിവ സിക്കപ്പെട്ടിരിക്കുന്നത് എന്തുചെയ്യാനാണോ, അതി നായി ദൈവത്തെ സ്തുതിക്കാനും ആരാധിക്കാനു മായി, ദൈവത്തിലുള്ള നമ്മുടെ സാക്ഷാത്ക്കാരമാ കുന്ന യഥാർത്ഥ സന്തോഷത്തിനായി, ദൈവത്തിലുള്ള നമ്മുടെ അന്ത്യഭവനത്തിനായി, ദൃഢതയോടും സ്ഥിരത യോടും കൂടെ ആഗ്രഹിക്കാൻ സഹായിക്കുന്ന ശക്തി യാണ് പ്രത്യാശ" (യു ക്യാറ്റ് - 308).

**എന്താണ് സ്നേഹം?** "ആദ്യം നമ്മെ സ്നേ ഹിച്ച ദൈവത്തിന്, അവിടുത്തോട് ഐക്യപ്പെടുത്തുന്ന തിനുവേണ്ടി, നമ്മെത്തെ സമർപ്പിക്കാനും നാം നമ്മെ ത്തന്നെ സ്വീകരിക്കുന്നതുപോലെ വ്യവസ്ഥാതീതമായും ആത്മാർത്ഥമായും, ദൈവത്തെ പ്രതി, നമ്മുടെ അയ ല്ക്കാരനെ സ്നേഹിക്കാനും കഴിവ് നല്കുന്ന ശക്തി


www.malankaralibrary.com

യാണ് സ്നേഹം. യേശു എല്ലാ നിയമത്തിനും ഉപരി യായി സ്നേഹം പ്രതിഷ്ഠിച്ചു - നിയമങ്ങൾ റദ്ദാക്കാതെ തന്നെ. അതുകൊണ്ട് വിശുദ്ധ ആഗസ്തീനോസ് ശരി യായി പറയുന്നു:

സ്നേഹിക്കുക, എന്നിട്ട് നിങ്ങൾ ഇഷ്ടമുള്ളത് ചെയ്യുക" (യു ക്യാറ്റ് - 309).

എല്ലാ ക്രിസ്തീയ സുകൃതങ്ങളുടെയും ഏറ്റവും വലിയ പരിപൂർണ്ണതയിൽ മറിയം വിളങ്ങിയിരുന്നു. മറി യത്തിൽ പ്രശോഭിച്ചിരുന്ന സുകൃതങ്ങളെല്ലാം നാം നമ്മിലേയ്ക്ക് പകർത്തണം. ജപമാലയിൽ നാം ഇത് ചൊല്ലുമ്പോൾ പരിശുദ്ധ മറിയത്തിന് ഈ ത്രിത്വത്തിൽ ഉണ്ടായിരുന്ന വിശ്വാസത്തെ അനുകരിച്ച് ഈ പുണ്യ ങ്ങൾ നമ്മളിൽ നിറയാൻ വേണ്ടി പ്രാർത്ഥിക്കുകയാണ്. കൊന്ത നമസ്ക്കാരത്തിൽ അതിന്റെ ആരംഭ ഭാഗത്ത് ദൈവിക ശരണങ്ങളെ ധ്യാനിച്ച് മൂന്നു നന്മ നിറഞ്ഞ മറിയവും ഒരു ത്രിത്വ സ്തുതിയും ചൊല്ലണമെന്ന് നിർ ദ്ദേശിച്ചത് പീയൂസ് അഞ്ചാമൻ മാർപാപ്പയാണ്.

## നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന

കത്തോലിക്കാ സഭയും ഓർത്തഡോക്സ് സഭയും ഒരുപോലെ സ്നേഹിക്കുന്ന പ്രാർത്ഥനയാണ് നന്മനി റഞ്ഞ മറിയം. 'ലിബർ അന്തിഫനിയാനൂസ്' എന്ന ഗ്രന്ഥത്തിൽ പോപ്പ് ഗ്രിഗറി ദ ഗ്രേയ്റ്റ് (+ 604) ആണ് 'നന്മ നിറഞ്ഞ മറിയമേ സ്വസ്തി, കർത്താവ് അങ്ങ യോടുകൂടെ, സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവ ളാകുന്നു അങ്ങയുടെ ഉദരത്തിൻ ഫലമായ ഈശോ അനുഗ്രഹിക്കപ്പെടുന്നു' എന്ന പ്രാർത്ഥന ഭാഗം രചിച്ച തെങ്ങനെയെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. "നിങ്ങൾ മറിയത്തെ നന്മനിറഞ്ഞവളേ എന്നു വിളിക്കുമ്പോൾ അനുഗ്രഹങ്ങൾ വാരിവിതറി അവൾ മറുപടി നൽ കുന്നു"- എന്ന് സീയെന്നായിലെ വി. ബർണ്ണാഡിൻ (1380-1444) പറയുന്നു. ഈ പ്രാർത്ഥനയുടെ ആദ്യഭാഗം


www.malankaralibrary.com

മൂന്നു വ്യക്തികളിൽ നിന്ന് എടുത്തതാണ്. പരിശുദ്ധ കന്യകാ മറിയം, വിശുദ്ധ ഗബ്രിയേൽ ദൈവദൂതൻ, വിശുദ്ധ എലിസബത്ത്. ബൈബിളിൽ അത് ഇപ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. "ആറാം മാസം ഗബ്രിയേൽ ദൂതൻ ഗലീലിയിൽ നസറത്ത് എന്ന പട്ടണത്തിൽ, ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫ് എന്നു പേരായ പുരുഷനുമായി വിവാഹനിശ്ചയം ചെയ്തിരുന്ന കന്യകയുടെ അടുത്തേക്ക് ദൈവത്താൽ അയയ്ക്കപ്പെട്ടു. അവളുടെ പേര് മറിയം എന്നായിരുന്നു. ദൂതൻ അവളുടെ അടുത്തു വന്നുപറഞ്ഞു: ദൈവകൃപ നിറഞ്ഞവളേ! സ്വസ്തി, കർത്താവ് നിന്നോടുകൂടെ!" (ലൂക്കാ 1:26-27).

ഈ കൃപ നിറഞ്ഞ മറിയത്തെപ്പറ്റി വി. ബർണ്ണാർദ്ദ് ഇപ്രകാരം പറയുന്നു : "കൃപ നിറഞ്ഞ പരിശുദ്ധ മറിയം പിശാചിനെ ഓടിക്കുകയും നരകത്തെ ഭയാനകത കൊണ്ട് വിറപ്പിക്കാൻ കാരണമാകുകയും ചെയ്യുന്നു". മഹാനായ വി. ആൽബെർട്ട് ഇപ്രകാരം രേഖപ്പെടുത്തി. "പരിശുദ്ധ മറിയമേ, അങ്ങ് ഭയപ്പെടേണ്ട. അങ്ങ് ദൈവസന്നിധിയിൽ കൃപ കണ്ടെത്തി. അങ്ങ് ലൂസിഫറിനെപ്പോലെ കൃപ മോഷ്ടിച്ചില്ല. പകരം കണ്ടെത്തുകയാണ് ചെയ്തത്. അങ്ങേയ്ക്ക് ആദത്തിനു സംഭവിച്ചതുപോലെ നഷ്ടപ്പെട്ടില്ല. അങ്ങ് കൃപ ആഗ്രഹിച്ചു; കണ്ടെത്തി. അങ്ങ് സൃഷ്ടിക്കപ്പെടാത്ത കൃപ കണ്ടെത്തി. ദൈവം തന്നെ അങ്ങയുടെ സുതനായി. അങ്ങ് കണ്ടെത്തിയ കൃപയാൽ എല്ലാ സൃഷ്ടിക്കപ്പെടാത്ത നന്മയും നേടിയെടുത്തു". നാം സാധിക്കുമ്പോഴൊക്കെ കൃപ നിറഞ്ഞ മറിയമേ എന്ന് ചൊല്ലി പ്രാർത്ഥിക്കണം. ഇതിനേക്കാൾ ഉപരിയായി പരിശുദ്ധ മറിയത്തെ അഭിവാദനം ചെയ്യാൻ വേറെ ഒരു അഭിവാദനം ഇല്ലന്ന് ദൈവമാതാവുതന്നെ വിശുദ്ധ മെറ്റിൽഡയ്ക്ക് വെളിപ്പെടുത്തിക്കൊടുത്തു. വാഴ്ത്തപ്പെട്ട അലനൂസ് രേഖപ്പെടുത്തുന്നു: കൃപനിറഞ്ഞ മറിയമേ എന്ന വാക്കുകൾ സൂചിപ്പിക്കുമ്പോൾ തന്നെ സ്വർഗ്ഗം മുഴുവൻ ആനന്ദിക്കുന്നു. പിശാച് ഭയചകിതനായി ഓടി


www.malankaralibrary.com

പ്പോകുന്നുവെന്നാണ്. "ദൈവം തനിക്കു പകരമായി മുഖ്യദൂതനായ ഗബ്രിയേലിനെ മറിയത്തെ അഭിവാദനം ചെയ്യാൻ അയച്ചപ്പോൾ അവിടുന്ന് അവൾക്ക് നൽകിയ അതേ ആദരവാണ് ഓരോ നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയിലൂടെയും നാം പരിശുദ്ധ മാതാവിനു നൽകുന്നത്. ഈശോയെ പരിപൂർണ്ണമായി കണ്ടെത്താനും അവിടുത്തെ പരിപൂർണ്ണ ഹൃദയത്തോടെ സ്നേഹിക്കാനും വിശ്വസ്തതയോടെ സേവിക്കാനും പര്യാപ്തമായ മാർഗ്ഗമാണ് മരിയ ഭക്തിയെന്ന്" വി. ലൂയി ഡി മോൺഫോർട്ട് പ്രസ്താവിക്കുന്നു. നാം ചൊല്ലുന്ന നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയ്ക്ക് 20 ദിവസത്തെ ദണ്ഡവിമോചനമുണ്ടെന്ന് വി. അൽഫോൻസ് ലിഗോരി പഠിപ്പിക്കുന്നു. അനേകം വിശുദ്ധാത്മാക്കൾ ഈ പ്രാർത്ഥനയെ സ്നേഹിച്ചിരുന്നു. ഫ്രാൻസിലെ വി. ജെയിനിനോട് പരി. മറിയം പറഞ്ഞു: എനിക്ക് ഏറ്റവും സ്വീകാര്യമായ പ്രാർത്ഥന കൃപനിറഞ്ഞ മറിയമേ, എതാണ്. വി. ജെറാർഡ് മജെല്ലാ, തന്റെ ആഹാരത്തിന്റെ മുമ്പും പിമ്പും മൂന്ന് കൃപ നിറഞ്ഞവളേ എന്ന പ്രാർത്ഥന ചൊല്ലുമായിരുന്നു. മാത്രമല്ല ക്ലോക്ക് ഓരോ തവണ അടിക്കുമ്പോഴും, ഓരോ ഗ്ലാസ് വെള്ളം കുടിക്കുമ്പോഴും, ഒരു കൃപനിറഞ്ഞ മറിയം വീതം ചൊല്ലുമായിരുന്നു. നന്മനിറഞ്ഞ മറിയമേ എന്ന ജപത്തിന്റെ ആദ്യഭാഗം അഞ്ചാം നൂറ്റാണ്ടുമുതൽ പാശ്ചാത്യ സഭയിലും ആറാം നൂറ്റാണ്ടു മുതൽ പൗരസ്ത്യ സഭയിലും ഉൾപ്പെടുത്തി.

## *നീ സ്ത്രീകളിൽ? അനുഗൃഹീതയാണ്*

ഈ പ്രാർത്ഥനയിലെ അടുത്തവരി പരിശുദ്ധ കന്യകാമറിയം തന്റെ ചാർച്ചക്കാരിയായ എലിസബത്തിനെ സന്ദർശിച്ചപ്പോൾ വി. എലിസബത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി ഉദ്ഘോഷിച്ചതാണ്: "നീ സ്ത്രീകളിൽ അനുഗ്രഹീതയാണ്. നിന്റെ ഉദരഫലവും അനുഗൃഹീതം" (ലൂക്കാ 1:42). നമ്മൾ പ്രാർത്ഥിക്കുമ്പോൾ


www.malankaralibrary.com

'ഉദരഫലമായ ഈശോ' എന്നു കൂടി പ്രാർത്ഥിക്കുന്നുണ്ട്. ഉദരഫലം ഈശോ തന്നെയാണ്. ഈശോ എന്നു കൂടി കൂട്ടിച്ചേർത്തത് ഉർബൻ നാലാമൻ (1261-1264) മാർപാപ്പയാണ് (താലന്ത്-2002- ജനുവരി). വിശുദ്ധ ലൂയി ഡി മോൺഫോർട്ട് പറയുന്നു: "അബദ്ധ മാർഗ്ഗത്തിൽ ചരിക്കുന്നവരെ തിരിച്ചറിയുവാനുള്ള മാർഗ്ഗം അവരുടെ മറിയത്തോടുള്ള വെറുപ്പും നിസംഗതയുമാണ്. അവർ വാക്കാലും പ്രവർത്തിയാലും രഹസ്യമായും പരസ്യമായും ചിലപ്പോൾ തെറ്റായ ആശയങ്ങൾ പ്രചരിപ്പിച്ചും മറിയത്തോടുള്ള ഭക്ത്യാദരവുകൾ നശിപ്പിക്കുവാൻ യത്നിക്കുന്നു".

പ്രൊട്ടസ്റ്റന്റെ മതത്തിൽ നിന്നും കത്തോലിക്കാ സഭയിലേയ്ക്കു വന്ന പ്രധാനികളായ വ്യക്തികളിൽ ഒരാളാണ് ഫാദർ ടക്വൽ. സ്കൂളിൽ വച്ച് സഹപാഠികൾ നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ചൊല്ലുന്നതു കേട്ടപ്പോൾ വളരെ ആകർഷകമായി തോന്നിയതിനാൽ അവനും ആ ജപം ചൊല്ലുവാൻ തുടങ്ങി. എന്നാൽ പ്രൊട്ടസ്റ്റന്റ് വിശ്വാസിയായ അമ്മ അവനെ വിലക്കുകയും ശാസിക്കുകയും ചെയ്തു. വേദപുസ്തകം മാത്രം വായിച്ചാൽ മതിയെന്നും കത്തോലിക്കരുടെ അന്ധവിശ്വാസത്തിൽ നിന്നും ഉണ്ടായതാണ് ഈ പ്രാർത്ഥനയെന്നും സാധാരണ സ്ത്രീയിൽ നിന്നും അവൾക്ക് എന്താണ് വ്യത്യാസമെന്നും അമ്മ ചോദിച്ചു. അമ്മയുടെ വാക്കുകേട്ട അവൻ ആ പ്രാർത്ഥന ഉപേക്ഷിച്ച് വേദപുസ്തകം മാത്രം വായിക്കുവാൻ തുടങ്ങി. ഒരിക്കൽ അവൻ ബൈബിൾ വായിക്കുമ്പോൾ വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിലെ നന്മനിറഞ്ഞ മറിയമേ എന്ന ജപത്തിലെ ഏതാനും ഭാഗങ്ങൾ വായിക്കുവാനിടയായി. 'കർത്താവ് നിന്നോടുകൂടെ', 'തലമുറകൾ എന്നെ ഭാഗ്യവതിയെന്നു വിളിക്കും' എന്ന സുവിശേഷ വാക്യവും അവന്റെ ശ്രദ്ധയിൽപെട്ടു. അവനു സന്തോഷമായി.

ഒരു ദിവസം അവന്റെ കുടുംബാംഗങ്ങൾ പരിശുദ്ധ മറിയത്തെ താഴ്ത്തി സംസാരിക്കുന്നത് അവൻ കേട്ടു. മാതാവിനെപ്പറ്റി അവനും അവരോടു തർക്കിച്ചു.


www.malankaralibrary.com

വാദം നിർത്തിയപ്പോൾ അവന്റെ അമ്മ ഉത്കണ്ഠ യോടെ പറഞ്ഞു: 'ഹോ! എന്റെ ദൈവമേ, എന്റെ മകൻ കത്തോലിക്കാ വിശ്വാസത്തിൽ ചേരുമെന്ന് ഞാൻ ഭയപ്പെടുന്നു'. വാസ്തവത്തിൽ അതു തന്നെ സംഭവിച്ചു. അവൻ കത്തോലിക്കാ സഭയിൽ ചേരുക മാത്രമല്ല, സഭയിലെ ഒരു പുരോഹിതനുമായിത്തീർന്നു. ദൈവമാതാവിന്റെ മാദ്ധ്യസ്ഥ ശക്തിയിൽ അഗാധ വിശ്വാസമർപ്പിച്ച അദ്ദേഹം പറയുന്നു: "ഞാൻ എന്താകുന്നുവോ അതിനു ഞാൻ ദിവ്യനാഥയോടു കടപ്പെട്ടിരിക്കുന്നു. സഹോദരന്മാരേ, നിങ്ങളെ മുഴുവനായി ആ നാഥയ്ക്ക് പ്രതിഷ്ഠിക്കുവിൻ. നന്മനിറഞ്ഞ മറിയവും ജപമാലയും ചൊല്ലാത്തതായി നിങ്ങളുടെ ജീവിതത്തിൽ ഒരുനേരവും ഉണ്ടാകരുത്".

പുരോഹിതനായതിനുശേഷം അദ്ദേഹം ഒരിക്കൽ തന്റെ സഹോദരിയെ കണ്ടു. കോപം പൂണ്ട് അവൾ പറഞ്ഞു: 'എന്റെ കുഞ്ഞുങ്ങളെ ഞാൻ എത്രമാത്രം സ്നേഹിക്കുന്നുണ്ടെന്ന് നിനക്കറിയാമല്ലോ. എങ്കിലും അവരിലാരെങ്കിലും കത്തോലിക്കാ സഭയിൽ ചേരുവാൻ ആഗ്രഹം പ്രകടിപ്പിക്കുകയോ ജപമാല ചൊല്ലുവാൻ താല്പര്യം കാണിക്കുകയോ ചെയ്താൽ കഠാര കൊണ്ട് അവന്റെ ചങ്കു ഞാൻ കുത്തിപ്പിളർക്കും'. ഏതാനും മാസങ്ങൾക്കുശേഷം അവളുടെ കുഞ്ഞുങ്ങളിൽ ഒരാൾ രോഗബാധിതനായി. രോഗം മൂർച്ഛിച്ചു മരണത്തിന്റെ വക്കിലെത്തി. ഡോക്ടർമാരെല്ലാം കൈയ്യൊഴിഞ്ഞു. അപ്പോൾ ആ പുരോഹിതൻ തന്റെ സഹോദരിയോട് സ്നേഹപൂർവ്വം ഇപ്രകാരം ഉപദേശിച്ചു: 'സഹോദരീ, നിന്റെ കുഞ്ഞ് സുഖപ്പെടണമെന്നുണ്ടെങ്കിൽ ഞാൻ പറയുന്നത് ചെയ്യുക. 'നന്മനിറഞ്ഞ മറിയം' എന്നോടോത്തു ചൊല്ലുക. ഈ പ്രാർത്ഥന വഴി മകൻ സുഖപ്പെട്ടാൽ കത്തോലിക്കാ സഭയെപ്പറ്റി പഠിക്കണമെന്നും, സത്യം അവിടെയാണെറിഞ്ഞാൽ എന്ത് ത്യാഗം സഹിക്കേണ്ടിവന്നാലും അതിൽച്ചേരുമെന്നും വാഗ്ദാനം ചെയ്യുക'. ഗത്യന്തരമില്ലാതെ അവൾ അതു സമ്മതിക്കുകയും നന്മനിറഞ്ഞമറിയം ചൊല്ലുകയും ചെയ്തു. അത്ഭുതമെന്നു


www.malankaralibrary.com

പറയട്ടെ, അടുത്ത ദിവസങ്ങളിൽത്തന്നെ കുട്ടി പൂർണ്ണ സൗഖ്യം പ്രാപിച്ചു. അവൾ തന്റെ വാഗ്ദാനം നിറവേറ്റി. കത്തോലിക്കാ സഭയെ ആശ്ലേഷിച്ചു.

നീ സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളാകുന്നു നിന്റെ ഉദരഫലവും അനുഗ്രഹിക്കപ്പെട്ടത് എന്ന ഭാഗം പ്രാർത്ഥനയിൽ ചേർക്കപ്പെട്ടത് 12-ാം നൂറ്റാണ്ടു മുതലാണ്. എ.ഡി 1188 ൽ വിശ്വാസപ്രമാണം, സ്വർഗ്ഗസ്ഥനായ പിതാവേ എന്നീ പ്രാർത്ഥനകൾക്കൊപ്പം നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയും ചൊല്ലണമെന്ന് സഭ ഔദ്യോഗികമായി നിർദ്ദേശിച്ചു.

## പരിശുദ്ധ മറിയമേ
## തമ്പുരാന്റെ അമ്മേ

നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയിലെ രണ്ടാം പാദമായ 'പരിശുദ്ധ മറിയമേ' എന്നത് ബൈബിളിൽ നിന്നല്ല. എങ്കിലും അത് ബൈബിൾ ബന്ധിതന്നെ. നന്മനിറഞ്ഞ മറിയത്തിന്റെ പൂർവ്വഭാഗമായ ഈ പ്രാർത്ഥന മംഗളവാർത്ത അറിയിച്ച വി. ഗബ്രിയേൽ ദൈവദൂതന്റെ വാക്കുകളും മറിയത്തിന്റെ ചാർച്ചക്കാരിയായ ഏലീശ്വാ പുണ്യവതിയുടെ അഭിവാദ്യവും ചേർന്നതാണ് (ലൂക്കാ. 1:28,42) എന്നു നാം കണ്ടുകഴിഞ്ഞു. ഇത് ഇന്നത്തെ രൂപത്തിൽ എത്തിയത് പല കൈകളിലൂടെയാണ്. എന്നാൽ പരിശുദ്ധ മറിയമേ എന്ന ഭാഗം സുവിശേഷത്തെ അടിസ്ഥാനമാക്കി ക്രൈസ്തവ സമൂഹം രൂപപ്പെടുത്തി എടുത്തതാണ് (യോഹ. 1 :1; 19 -27). പന്ത്രണ്ടാം നൂറ്റാണ്ടോടുകൂടിയാണ് ഈ പ്രാർത്ഥന ഇന്നത്തെ രീതിയിൽ പൂർണ്ണത പ്രാപിച്ചത്. 1427-ൽ സീയെന്നായിലെ വി. ബെർണ്ണർദീനാണ് "പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ... ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ" എത് ആദ്യം ഉപയോഗിച്ചത്. പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മ (കർത്താവിന്റെ അമ്മ) എന്ന് എലിസബത്തിനു ശേഷം സംബോധന ചെയ്യുന്നത് സഭയിലെ പണ്ഡിതനും, മരിയഭക്തനുമായിരുന്ന


www.malankaralibrary.com

വിശുദ്ധ അപ്രേമാണ് (306-378). ദൈവത്തിന്റെ അമ്മ എന്ന് മറിയത്തെ ആദ്യമായി വിശേഷിപ്പിച്ചത് റോമിലെ ഹിപ്പോളിറ്റസാണ്. ദൈവമാതാവ് എന്ന പദപ്രയോഗം പൂർണ്ണമായും അംഗീകരിക്കപ്പെട്ടത് വിശുദ്ധ അത്തനാസിയോസിന്റെ (295-373) കാലത്താണ്. സുവിശേഷത്തിൽ 30 പ്രാവശ്യം മറിയത്തെ അമ്മ എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. എഫേസൂസ് സൂനഹദോസ് മാതാവ് ദൈവത്തിന്റെ അമ്മയാണെന്ന് ഔദ്യോഗികമായി പ്രഖ്യാപിച്ചു. വി. ഗ്രിഗറി നസിയാൻസൻ പറയുന്നു: "പരിശുദ്ധ മറിയം ദൈവ മാതാവാണെന്ന് ആരെങ്കിലും അവിശ്വസിക്കുന്നുവെങ്കിൽ അവൻ ദൈവത്തിന് അപരിചിതനാണ്". "ശിരസ്സായ യേശുവിന്റെ അവയവങ്ങളായി വിശ്വാസികൾ സഭയിൽ ജനിക്കാൻ സ്നേഹം നിമിത്തം സഹകരിച്ചതിനാൽ മറിയം സകല അംഗങ്ങളുടെയും മാതാവത്രെ. തന്മൂലം സഭയിലെ അതിശ്രേഷ്ഠവും അതുല്യവുമായ അംഗവും സ്നേഹത്തിലും വിശ്വാസത്തിലും തിരുസ്സഭയുടെ അതിവിശിഷ്ട പ്രതിരൂപവും മഹനീയ മാതൃകയുമാണ് അവൾ. പരിശുദ്ധാത്മാവിന്റെ പ്രബോധനത്താൽ പ്രേരിതയായ സഭ പുത്രസഹജമായ സ്നേഹത്തോടെ പ്രിയമാതാവായി മറിയത്തെ ബഹുമാനിക്കുന്നു(തിരുസ്സഭ - 53).

"പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ, ഞങ്ങളുടെ മാതാവേ, അങ്ങയോടുകൂടെ വിശ്വസിക്കാൻ, പ്രത്യാശിക്കാൻ, സ്നേഹിക്കാൻ ഞങ്ങളെ പഠിപ്പിക്കുക. അവിടുത്തെ രാജ്യത്തിലേയ്ക്കുള്ള പാത ഞങ്ങൾക്കു കാണിച്ചുതരുക. സമുദ്രതാരമേ, ഞങ്ങളുടെ മേൽ പ്രശോഭിക്കുകയും ഞങ്ങളെ വഴിനടത്തുകയും ചെയ്യുക" (Spe Salvi). പതിനാറാം ബനഡിക്ട് മാർപാപ്പ പഠിപ്പിച്ച ഈ പ്രാർത്ഥന വിശ്വാസത്തിൽ വളരാൻ നാം ധ്യാനപൂർവ്വം ഉരുവിടുന്നത് നല്ലതാണ്.

***ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ***


www.malankaralibrary.com

18-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഡൊമിനിക്കൻ സന്യാസിയായ പീറ്റർ നിഗ്റി എന്ന വൈദികൻ "പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ... ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ" എന്ന് ജപമാലയിൽ കൂട്ടിച്ചേർത്തു. വിശുദ്ധനായ അഞ്ചാം പീയൂസ് മാർപാപ്പ (1504-1572) "ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും" എന്ന വാചകം കൂട്ടിച്ചേർത്ത് ഈ പ്രാർത്ഥനയ്ക്ക് പൂർണ്ണരൂപം നൽകി. ഈ മാർപാപ്പയും ഒരു ഡൊമിനിക്കൻ സ്യാസിയായിരുന്നു.

"മറിയം യേശുവിന്റെ അമ്മായാകയാൽ നമ്മുടെയും അമ്മയാണ്. നല്ല അമ്മമാർ എപ്പോഴും അവരുടെ മക്കൾക്കുവേണ്ടി നിലകൊള്ളും. തീർച്ചയായും ഈ അമ്മ അപ്രകാരം ചെയ്യുന്നു. ഭൂമിയിലായിരിക്കേ അവൾ മറ്റുള്ളവർക്കുവേണ്ടി യേശുവുമായി മാധ്യസ്ഥ്യം വഹിച്ചു. ഉദാഹരണത്തിന് കാനായിൽവെച്ച് ഒരു മണവാളനെയും മണവാട്ടിയെയും സംഭ്രമത്തിൽ നിന്നു രക്ഷിച്ചു. പെന്തക്കുസ്താ ദിവസം ഊട്ടുശാലയിൽ അവൾ ശിഷ്യരുടെയിടയിൽ പ്രാർത്ഥിച്ചു. അവൾക്കു നമ്മോടുള്ള സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല. അതുകൊണ്ട് നമ്മുടെ ജീവിതത്തിന്റെ രണ്ടു സുപ്രധാന നിമിഷങ്ങളിൽ അവൾ നമുക്കായി വാദിക്കുമെന്ന് തീർച്ചയാക്കാം: ഇപ്പോഴും മരണനേരത്തും." (യു ക്യാറ്റ് - 148)

## ത്രിത്വസ്തുതി

പരിശുദ്ധ ത്രിത്വത്തിന്റെ സ്തുതിക്കായുള്ള ലളിതവും ഹൃദയാവർജ്ജകവുമായ ഒരു ചെറുപ്രാർത്ഥനയാണ് 'ത്രിത്വസ്തുതി' എന്നറിയപ്പെടുന്നത്. കാനോനരൂപത്തിൽ ഓരോ സങ്കീർത്തനത്തിന്റെയും അവസാനത്തിൽ അത് ആവർത്തിച്ചുചൊല്ലുന്നു: "പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി; ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേയ്ക്കും ആമ്മേൻ". (ക്രൈസ്തവ വിജ്ഞാനീയം: അനുബന്ധം 4 - ത്രിത്വസ്തുതി)


www.malankaralibrary.com

കത്തോലിക്കാ വിശ്വാസത്തിന്റെ കേന്ദ്രസിദ്ധാന്തമാണ് പരിശുദ്ധ ത്രിത്വം. അത് വിശ്വസിക്കുന്നവന് മാത്രമെ സഭ പഠിപ്പിക്കുന്ന മറ്റ് സത്യങ്ങൾ ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു. ഇത് ഒരു വിശ്വാസ രഹസ്യമാണ്. ദൈവത്തിൽ നിഗൂഢമായിരിക്കുന്നവയും, ദൈവികവെളിപാടുവഴിയല്ലാതെ മനസ്സിലാക്കാൻ സാധിക്കാത്തവയുമായ രഹസ്യങ്ങളിൽ ഒന്നത്രേ അത്. പല വെളിപ്പെടുത്തലുകളും മനുഷ്യബുദ്ധികൊണ്ടും, പര്യാന്വേഷണങ്ങൾ കൊണ്ടും മനുഷ്യന് ഗ്രഹിക്കുവാൻ സാധിക്കും. എന്നാൽ പരിശുദ്ധ ത്രിത്വം പോലുള്ള രഹസ്യങ്ങൾ മനുഷ്യബുദ്ധികൊണ്ട് സാധിക്കുന്നതല്ല; അതിന് ദൈവവിശ്വാസം തന്നെ വേണം. പിതാവ് പുത്രനെ ലോകത്തിലേയ്ക്ക് അയയ്ക്കുകയും, പിതാവിനാലും പുത്രനാലും പരിശുദ്ധാത്മാവ് അയയ്ക്കപ്പെടുകയും ചെയ്തപ്പോൾ (യോഹ. 14: 16,17; 15:26) ദൈവത്തിന്റെ ആന്തരീക ജീവിതത്തെക്കുറിച്ചുള്ള ഒരു ജ്ഞാനം നമുക്ക് ലഭിച്ചു. പരിശുദ്ധ ത്രിത്വത്തിൽ പുത്രൻ നിത്യതയിൽ പിതാവിൽ നിന്നും ജനിക്കുന്നു. നിത്യതയിൽ നിന്നു തന്നെ പരിശുദ്ധാത്മാവ് പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു. അതിനാൽ ത്രിത്വത്തിലുള്ള വിശ്വാസം എന്നുപറയുന്നത് നിത്യരും, തുല്ല്യരും, അപരിച്ഛിന്നരുമായ മൂന്ന് ആളുകളിലും ഉള്ള വിശ്വാസമാണ്. ഓരോ ആളും മറ്റൊരാളിൽ നിന്ന് വ്യതിരിക്തരാണ്. അതേസമയം ഒരേ ഒരു ദൈവവുമാണ്. ത്രിത്വസ്തുതിചൊല്ലി നാം പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗത്തിൽ ദൈവം സന്തോഷിക്കുന്നു. ദൈവ ദൂതന്മാരും സ്വർഗ്ഗീയ ഗണങ്ങളും ആനന്ദിക്കുന്നു.

പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യം ക്രൈസ്തവ വിശ്വാസത്തിന്റെയും ക്രൈസ്തവ ജീവിതത്തിന്റെയും കേന്ദ്ര രഹസ്യമാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായി തന്നെത്തന്നെ വെളിപ്പെടുത്തുന്ന ദൈവത്തിനു മാത്രമേ ഈ രഹസ്യം നമ്മെ അറിയിക്കുവാൻ കഴിയൂ (CCC: ഖണ്ഡിക - 2. 261 സംഗ്രഹം). "ഇസ്രായേലേ കേൾക്കുക: നമ്മുടെ ദൈവമായ കർത്താവ് ഒരേ ഒരു കർ


www.malankaralibrary.com

ത്താവാണ്" (നിയമ. 6:4, മർക്കോ. 12:29). "പരമസത്ത സമാനമായ മറ്റൊന്നില്ലാതെ അനന്യമായിരിക്കണം ... ദൈവം ഏകനല്ലെങ്കിൽ അവിടുന്നു ദൈവമല്ല" Tertullian, adv. Marc; 1, 3, 5: PL 2, 274). (CCC: ഖണ്ഡം - 2 സംഗ്രഹം: 228)

"പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ" ആണു ക്രിസ്ത്യാനികൾ മാമ്മോദീസ സ്വീകരിക്കുന്നത്. മാമ്മോദീസായ്ക്ക് മുമ്പ്, പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നുവോ? എന്ന മൂന്നു ഭാഗങ്ങളുള്ള ഒരു ചോദ്യത്തിന്, 'ഞാൻ വിശ്വസിക്കുന്നു' എന്നു പറഞ്ഞ് അവർ ഉത്തരം നൽകുന്നു. 'സർവ്വ ക്രിസ്ത്യാനികളുടെയും വിശ്വാസം പരിശുദ്ധ ത്രിത്വത്തിൽ അധിഷ്ഠിതമാണ്'.

ക്രിസ്ത്യാനികൾ മാമ്മോദീസ സ്വീകരിക്കുന്നതു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആണ്; അവരുടെ നാമങ്ങളിൽ അല്ല; കാരണം, സർവ്വശക്തനായ പിതാവും അവിടുത്തെ ഏകജാതനും പരിശുദ്ധാത്മാവുമായ ദൈവം ഒരുവൻ മാത്രമേയുള്ളൂ: പരിശുദ്ധ പരമത്രിത്വം (CCC: 232, 233).

"ത്രിത്വം ഏകമാകുന്നു. നമ്മൾ വിശ്വസിക്കുന്നതു മൂന്നു ദൈവങ്ങളിലല്ല, മൂന്നുവ്യക്തികളായ ഏകദൈവത്തിൽ ഏകസത്തയോടുകൂടിയ ത്രിത്വത്തിലാണ്. മൂന്നു ദൈവികവ്യക്തികളും കൂടി ഒരു ദൈവികസത്തയെ വിഭജിച്ചെടുക്കുകയുമല്ല ചെയ്യുന്നത്; പ്രത്യുത, ത്രിത്വത്തിലെ ഓരോ വ്യക്തിയും പൂർണ്ണമായും മുഴുവനായും ദൈവമാണ്: "പുത്രൻ എന്തായിരിക്കുന്നുവോ അതു തന്നെയാണ് പിതാവ്. പിതാവ് എന്തായിരിക്കുന്നുവോ അതുതന്നെയാണ് പുത്രൻ; പരിശുദ്ധാത്മാവ് എന്തായിരിക്കുന്നുവോ അതുതന്നെയാണ് പിതാവും പുത്രനും; അതായതു സ്വഭാവത്തിൽ ഒരു ദൈവമാണ്. ഈ മൂന്നു വ്യക്തികളിലോരോരുത്തരും ദൈവികസത്ത, ദൈവിക സാരാംശം അഥവാ ദൈവിക പ്രകൃതി തന്നെയാണ്" (CCC: 253).


www.malankaralibrary.com

17-ാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് ത്രിത്വ സ്തുതി കൊന്തയുടെ സമയത്ത് ഉപയോഗിക്കാൻ തുടങ്ങിയത്. 1568-ൽ ഇറ്റലിയിലാണ് ഇത് ആരംഭിച്ചതെന്നു കരുതുന്നു. ഈ ത്രിത്വ പ്രാർത്ഥന നാലാം ശതകത്തിൽ ജീവിച്ച ഗ്രീക്ക് പിതാക്കന്മാരായ ബാസിൽ (ബസിലയോസ്), ഗ്രിഗരി നസ്സിയാൻസൻ, നിസ്സായിലെ ഗ്രിഗരി എന്നിവർ ചേർന്നാണ് അന്തിമരൂപം നൽകിയതെന്ന് വിശ്വസിക്കപ്പെടുന്നു. ഇന്നത്തെ ഇസ്ലാം രാഷ്ട്രമായി നിലകൊള്ളുന്ന ടർക്കിയിലെ 'കപ്പഡോക്കിയ' എന്ന സ്ഥലത്ത് ജീവിച്ച് പഠിപ്പിച്ച വിശുദ്ധരും പ്രശസ്തരുമായ ഗ്രീക്കുസഭാ പിതാക്കന്മാരാണിവർ. പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകൾക്കും നൽകുന്ന സ്തുതിയാണിത്. ഈ പ്രാർത്ഥന 'വിശ്വാസ പ്രഖ്യാപനം' (Doxology) എന്ന് അറിയപ്പെടുന്നു. ഇത് പരിശുദ്ധ ത്രിത്വത്തെ സ്തുതിക്കുന്നതിനോടൊപ്പം ഓരോ പ്രാർത്ഥനയുടെയും സമാപ്തിയെ സൂചിപ്പിക്കുന്നതിനുള്ള അടയാളമായും ഉപയോഗിച്ചു പോന്നു. ജപമാലയിലും ഇതേ ലക്ഷ്യത്തോടെ തന്നെയാണ് ഈ ത്രിത്വപ്രാർത്ഥന ഉപയോഗിക്കുന്നത്.

എന്നാൽ ഒരു ഉപസംഹാര പ്രാർത്ഥനയായി മാത്രം ഇതിനെ ഒതുക്കരുത്. "ഓരോ ദശകത്തിന്റെയും അവസാനത്തിലുള്ള ത്രിത്വസ്തുതിക്ക് വളരെയേറെ പ്രാധാന്യമുണ്ട്. അത് കേവലം ഒരു ഉപസംഹാര പ്രാർത്ഥനയായിമാത്രം കണ്ടുകൂടാ. ത്രിത്വസ്തുതി ചൊല്ലുന്നതിലൂടെ നമ്മുടെ മനസ്സുകൾ സ്വർഗ്ഗീയോന്നതങ്ങളിലേയ്ക്ക് ഉയർത്തപ്പെടുകയും 'നാം ഇവിടെ ആയിരിക്കുന്നത് നന്നായിരിക്കുന്നു' (ലൂക്കാ 9:33) എന്ന ധ്യാനത്തിന്റെയും താബോർ അനുഭവത്തിന്റെയും മുന്നാസ്വാദനത്തിന് ഒരു വിധത്തിൽ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു" (Rosarium Virgnis Mariae - Pope John Paul II ). ഈ ത്രിത്വത്തിന്റെ നാമത്തിലുള്ള ലോകത്തിലെ ആദ്യ കപ്പേള ഇറ്റലിയിലെ 'വല്ലെപത്രെ' ആണ്. ജപമാലയിലെ ത്രിത്വസ്തുതി വിശുദ്ധ ലൂയിസിന്റെ ആവിഷ്ക്കാരമാണെന്ന് കരുതുന്നു.


www.malankaralibrary.com

# ആമ്മേൻ

"പ്രാർത്ഥനകളുടെ അവസാനത്തിൽ ചേർക്കു ഒരു ശൈലിയാണ് 'ആമ്മേൻ' എത്. 'യഥാർത്ഥമായി', അഥവാ, "സത്യമായി" എന്നാണ് ആ ഹീബ്രുശൈലിയുടെ അർത്ഥം. "അപ്രകാരം തന്നെയായിരിക്കട്ടെ" എന്നും ആ ശൈലി വിവർത്തനം ചെയ്യപ്പെടാറുണ്ട്. പ്രാർത്ഥന ചൊല്ലുന്നയാളുടെ മനസ്സിന്റെയും ഹൃദയത്തിന്റെയും വ്യക്തിഗതമായ സമ്മതത്തിന്റെയും ഏകീകരണം അത് ഏറ്റു പറയുന്നു. ഈ അർത്ഥത്തിൽ പഴയ നിയമത്തിലും പുതിയനിയമത്തിലും അതു പ്രയോഗിച്ചിരിക്കുന്നു" (1 രാജാ. 1:36; 1 കോറി. 14:16). (ക്രൈസ്തവ വിജ്ഞാനീയം: അനുബന്ധം 4 - കത്തോലിക്കാ പ്രാർത്ഥനകൾ).

കത്തോലിക്കാ തിരുസ്സഭയിലെ മിക്കവാറും പ്രാർത്ഥനകളെല്ലാം തന്നെ 'ആമ്മേൻ' എന്ന വാക്കോടുകൂടിയാണ് അവസാനിക്കുന്നത്. ഔദ്യോഗികമായി ഒരു കത്തോ, ഡോക്യുമെന്റ് തയ്യാറാക്കുമ്പോൾ അടിയിൽ ഒപ്പുവയ്ക്കുന്നതുപോലെയാണ് (വി. അഗസ്തീനോസ്) ആമ്മേൻ എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നത്. ഒപ്പില്ലെങ്കിൽ അത് ഔദ്യോഗികമാകുന്നില്ല. ജപമാല പ്രാർത്ഥനയിൽ പരിശുദ്ധ മറിയമേ എന്ന പ്രാർത്ഥനയുടെ അവസാനഭാഗത്ത് ആമ്മേൻ എന്ന വാക്ക് കൊടുത്തിട്ടുണ്ട്. അതുപോലെ സഭ ഔദ്യോഗികമായി അംഗീകരിച്ച പല പ്രാർത്ഥനകളിലും ആമ്മേൻ ഉണ്ടെങ്കിലും പല സന്ദർഭങ്ങളിലും പലരും അത് വിട്ടുകളയാറുണ്ട്. നമ്മുടെ പ്രാർത്ഥനകളിൽ സാത്താൻ കയറിക്കൂടാതിരിക്കാൻ നാം ശ്രദ്ധിക്കണം. ആമ്മേൻ എന്ന് ഓരോ പ്രാർത്ഥനയിലും നാം പ്രഖ്യാപിക്കണം. "എന്തെന്നാൽ ദൈവം നമ്മെ വിശ്വാസത്തിന്റെ സാക്ഷികളാകാൻ നിയോഗിച്ചിരിക്കുന്നു. ആമ്മേൻ എന്നു പറയുന്ന ഏതുവ്യക്തിയും സൃഷ്ടിയിലും വീണ്ടെടുപ്പിലുമുള്ള ദൈവത്തിന്റെ പ്രവർത്തനം സ്വതന്ത്രമായും സന്തോഷപൂർവകമായും അംഗീകരിക്കുന്നു" (Youcat 165). വി. പൗലോസ് ശ്ലീഹാ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു: "ദൈവത്തിന്റെ സകല


www.malankaralibrary.com

വാഗ്ദാനങ്ങളും ക്രിസ്തുവിൽ അതേ എന്നു തന്നെ. അതുകൊണ്ടുതന്നെയാണ് ദൈവമഹത്വത്തിന് അവൻ വഴി ഞങ്ങൾ ആമ്മേൻ പറയുന്നത്" (2 കോറി. 1:20).

വി. ക്ലെമന്റെ ഒന്നാമനാണ് (92-99) സഭാപ്രാർത്ഥനകളിൽ ആമ്മേൻ എന്ന പ്രാർത്ഥനയ്ക്ക് ഔദ്യോഗിക അംഗീകാരം നൽകിയത്. വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ മരണത്തിന് തൊട്ടുമുമ്പ് അവസാനമായി ഉരുവിട്ടത് ആമ്മേൻ എന്നാണെന്ന് ദൃക്സാക്ഷികൾ രേഖപ്പെടുത്തുന്നു.

1. കന്യകാമറിയത്തിന്റെ ജപമാല, ഖണ്ഡിക 12
2. യു ക്യാറ്റ് -513, പി.ഒ.സി.
3. താലന്ത് 2002-ജനുവരി, പി.ഒ.സി.
4. ക്രൈസ്തവ വിജ്ഞാനീയം: അനുബന്ധം 4 - ത്രിത്വ സ്തുതി, പി.ഒ.സി.
5. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖ, പി. ഒ.സി

◆ ◆ ◆


www.malankaralibrary.com

# അദ്ധ്യായം 5

## ജപമാല

## രഹസ്യങ്ങൾ

സഭയിൽ ബ്രിജിറ്റയിൻ ജപമാല രീതിയായിരുന്നു പണ്ട് നിലവിലുണ്ടായിരുന്നത്. അതിൽ ഏഴ് 'ആകാശങ്ങളിലിരിക്കുന്ന ബാവാതമ്പുരാനേ' എന്ന ജപവും, അറുപത്തിമൂന്ന് 'നന്മനിറഞ്ഞമറിയവും' ഉണ്ടായിരുന്നു. ഇതുകൂടാതെ 70, 72 മണികളുടെ ജപമാലയും പണ്ടുകാലങ്ങളിൽ ഉപയോഗിച്ചിരുന്നു. ബനഡിക്റ്റൻ, കാർത്തൂസ്യൻ, ഡൊമിനിക്കൻ എന്നീ സന്യാസസഭകൾ 160 മണി കൊന്തയായിരുന്നു ഉപയോഗിച്ചിരുന്നത്. എന്നാൽ ഫ്രാൻസിസ്ക്കൻക്കാർ യേശുവിന്റെ പ്രായത്തെ കണക്കാക്കി 33 മണി ജപമാലയാണ് ഉപയോഗിച്ചിരുന്നത്. മറിയത്തിന്റെ വയസ്സിനെ ആസ്പദമാക്കിയുള്ള വ്യത്യാസമാണ് ഇതിനു പിന്നിൽ. ഈ തർക്കവ്യത്യാസം ഇന്നും തുടരുന്നു.

www.malankaralibrary.com

വിശ്വാസികൾ സർവ്വസാധാരണമായി നടത്തിപ്പോരുന്ന ഒരു പ്രാർത്ഥനാരൂപമാണ് ജപമാല. അതിലെ ഓരോ ദശകത്തിലും ധ്യാനിക്കുന്നതിന് ഓരോ ദിവ്യരഹസ്യം അനുബന്ധിച്ചിരിക്കുന്നു. ഓരോ ക്രിസ്തുരഹസ്യവും ധ്യാനിച്ചുകൊണ്ട് പത്തു നന്മനിറഞ്ഞ മറിയം വീതം ചൊല്ലുന്നതുകൊണ്ട് അതിനെ ദശകം എന്നു പറയുന്നു. ദശകത്തിന്റെ ആരംഭത്തിൽ ഒരു സ്വർഗ്ഗസ്ഥനായ പിതാവോടുകൂടി ആരംഭിച്ച് അവസാനത്തിൽ ത്രിത്വസ്തുതി ചൊല്ലി ആ ദശകം സമാപിക്കുന്നു. ഒരു പൂർണ്ണ ജപമാല നാലുഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഒന്നാമത്തെ ഭാഗം സന്തോഷകരമായ രഹസ്യങ്ങളും, രണ്ടാമത്തേത് ദുഃഖകരമായ രഹസ്യങ്ങളും, മൂന്നാമത്തേത് മഹിമയുടെ രഹസ്യങ്ങളും, നാല് പ്രകാശത്തിന്റെ രഹസ്യങ്ങളും ഉൾക്കൊള്ളുന്നു. ഒരു ജപമാല പ്രാർത്ഥിക്കുക എന്നുപറയുമ്പോൾ ഇതിൽ ഏതെങ്കിലും ഒരു ഭാഗം ചൊല്ലുക എന്നത്രേ അർത്ഥമാക്കുന്നത്. ദിവ്യരഹസ്യങ്ങളെ ധ്യാനിച്ചുകൊണ്ടു നടക്കുന്ന ഈ പ്രാർത്ഥനയെ തിരുസ്സഭ എന്നും പ്രോത്സാഹിപ്പിച്ചു പോരുന്നു. വി. ബർണ്ണാർദ്ദ് പറയുന്നു: "മരിയ ഭക്തി നിത്യരക്ഷയുടെ അച്ചാരമാണ്". 1569 ലാണ് ജപമാല രഹസ്യങ്ങളെ സഭ ഔദ്യോഗികമായിട്ട് അംഗീകരിച്ചത്.

ഓരോ രഹസ്യങ്ങളുടേയും ധ്യാനം ജപമാലയിലെ അതിപ്രധാനമായ ഘടകമാണ്. "ധ്യാനമില്ലാത്ത ജപമാല ആത്മാവില്ലാത്ത ശരീരമാണ്. അതിന്റെ ഉരുവിടൽ ക്രിസ്തുവിന്റെ മുറിയിപ്പുകൾക്ക് വിരുദ്ധമായി ചില നിർദ്ദിഷ്ട ജപങ്ങളുടെ യാന്ത്രികമായ ആവർത്തനമാണ്. പ്രാർത്ഥിക്കുമ്പോൾ വിജാതീയരേപ്പോലെ നിങ്ങൾ അമിതഭാഷണം ചെയ്യരുത്. അമിതഭാഷണം വഴി തങ്ങളുടെ പ്രാർത്ഥന കേൾക്കപ്പെടുമെന്ന് അവർ കരുതുന്നു (മത്താ. 6:7). അതിന്റെ സ്വഭാവത്താൽ തന്നെ ജപമാല ഉരുവിടൽ ശാന്തമായ താളവും പ്രശാന്തതയും ആവശ്യപ്പെടുന്നു. അതിലൂടെ യേശുവിന്റെ ജീവിത രഹസ്യങ്ങൾ അവിടുത്തോട് ഏറ്റവും അടുത്തു നിന്ന മറിയത്തിന്റെ കണ്ണുകളിലൂടെ കണ്ട് ധ്യാനിക്കുവാൻ വിശ്വാസികൾ


www.malankaralibrary.com

ക്കാവുന്നു. അങ്ങനെ ഈ രഹസ്യങ്ങളുടെ അപരിമേയ മായ മഹത്വം വെളിപ്പെടുത്തപ്പെടുന്നു" (Marialis cultus - Pope Paul VI ).

വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുകൾ ശ്രദ്ധിക്കുക: "ഒന്നാമതായി ശ്രദ്ധിക്കേണ്ടത് ജപമാലമണികൾ കൊരുത്തെടുക്കുന്ന രീതിയാണ്. അവ ക്രൂശിത രൂപത്തിലേയ്ക്കാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രാർത്ഥനയുടെ അനുക്രമം ആരംഭിക്കുന്നതും പൂർത്തിയാക്കുന്നതും ഇങ്ങനെയാണ്. വിശ്വാസികളുടെ ജീവിതവും പ്രാർത്ഥനയും ക്രിസ്തുവിൽ കേന്ദ്രീകൃതമായിരിക്കുന്നു. എല്ലാം അവനിൽ നിന്ന് ആരംഭിക്കുന്നു. അവനിലേയ്ക്ക് നയിക്കപ്പെടുന്നു. അവനിലൂടെ പരിശുദ്ധാത്മാവിൽ പിതാവിലേയ്ക്ക് എത്തിച്ചേരുന്നു. പ്രാർത്ഥനയുടെ പുരോഗതി അടയാളപ്പെടുത്തുന്ന ഒരു സംവിധാനം എന്ന നിലയിൽ ജപമാലമണികൾ ധ്യാനത്തിന്റെയും ക്രൈസ്തവ പൂർണ്ണതയുടെയും അവസാനിക്കാത്ത പാതയെ ധ്വനിപ്പിക്കുന്നു. ദൈവവുമായി നമ്മെ ബന്ധിപ്പിക്കുന്ന ഒരു ചങ്ങലയായിട്ടാണ് വാഴ്ത്തപ്പെട്ട ബർത്തലോ ലോംഗോ ഇവയെ കാണുന്നത്. ഒരു ചങ്ങല, അതെ, മധുരമുള്ള ഒരു ചങ്ങല, ദൈവവുമായുള്ള ബന്ധനം മധുരമാണല്ലോ. കാരണം അവിടുന്നാണല്ലോ നമ്മുടെ പിതാവ്. പുത്രനിർവ്വിശേഷമായ ചങ്ങല നമ്മെ കർത്താവിന്റെ ദാസിയായ (ലൂക്കാ 1:28) മറിയത്തോടും അതിലുപരിയായി ദൈവത്തിന്റെ രൂപത്തിലായിരുന്നിട്ടും നമ്മോടുള്ള സ്നേഹത്തെ പ്രതി ദാസന്റെ രൂപം ധരിച്ച (ഫിലി. 2:7) ക്രിസ്തുവിനോടും അനുരൂപരാക്കുന്ന ജപമാലമണികളുടെ പ്രതീകാത്മകത വികസിപ്പിക്കുതിനുള്ളഒരു മനോഹര മാർഗ്ഗം, അവ നമ്മുടെ നിരവധിയായ ബന്ധങ്ങളെ അനുസ്മരിപ്പിക്കുന്നുവെന്നതാണ്; ക്രിസ്തുവിൽ നമ്മെ ഒന്നിപ്പിക്കുന്ന സാഹോദര്യത്തിന്റെയും കൂട്ടായ്മയുടെയും ബന്ധങ്ങളെ". (Rosarium Virgnis Mariae - Pope John Paul II ).

ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ പ്രകാശത്തിന്റെ രഹസ്യങ്ങൾകൂടി കൂട്ടിച്ചേർത്ത് ഇപ്പോൾ


www.malankaralibrary.com

നിലവിലുള്ള ഇരുപത് രഹസ്യങ്ങൾ ചേർന്ന ജപമാല, വിശുദ്ധഗ്രന്ഥത്തിൽ അധിഷ്ഠിതമാണ്. ഇതിലെ അവസാനത്തെ രണ്ടുരഹസ്യം അപ്രമാണിക ഗ്രന്ഥത്തെയും സഭയുടെ പാരമ്പര്യത്തെയും പഴയനിയമത്തെയും ആധാരമാക്കിയുള്ളതാണ്. ഇതിൽ സന്തോഷത്തിന്റെ രഹസ്യങ്ങൾ തിങ്കൾ, ശനി ദിവസങ്ങളിലും (ആഗമന കാലം മുതൽ അമ്പതു നോമ്പുവരെയുള്ള ഞായറാഴ്ചകളിലും), ദുഃഖത്തിന്റെ രഹസ്യങ്ങൾ ചൊവ്വ, വെള്ളി ദിവസങ്ങളിലും (വലിയ നോമ്പിലെ എല്ലാ ഞായറാഴ്ച കളിലും) മഹിമയുടെ രഹസ്യങ്ങൾ ബുധൻ, ഞായർ എന്നീ ദിവസങ്ങളിലും (ഉയർപ്പിനു ശേഷമുള്ള എല്ലാ ഞായറാഴ്ചകളിലും) പ്രകാശത്തിന്റെ രഹസ്യങ്ങൾ എല്ലാ വ്യാഴാഴ്ചകളിലും ധ്യാനിച്ചു ചൊല്ലുവാൻ സഭ നിർദ്ദേശിക്കുന്നു. അവിശ്വാസികൾക്കുവേണ്ടി അനുദിനം കൊന്തയിലെ എല്ലാ മൂന്നു രഹസ്യങ്ങളും ജപിക്കണമെന്ന് (മാർച്ച് 18, 1991) മെഡ്ജുഗോറിയായിൽ വെച്ച് മാതാവ് വെളിപ്പെടുത്തി. "ഭക്തിയില്ലാതെ തിടുക്കത്തിൽ 15 രഹസ്യങ്ങൾ ചെല്ലുന്നതിനേക്കാൾ അമ്മയ്ക്ക് പ്രിയങ്കരം ഭക്തിയോടെ 5 രഹസ്യങ്ങൾ ചൊല്ലുന്നതാണ്" (വാ. എവുലി).

## പ്രകാശത്തിന്റെ രഹസ്യം

വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ 2002 ഒക്ടോബർ മുതൽ 2003 ഒക്ടോബർ വരെ ജപമാല വർഷമായി പ്രഖ്യാപിച്ചു. തദവസരത്തിലാണ് പരിശുദ്ധ പിതാവ് കൊന്തയിൽ പ്രകാശത്തിന്റെ രഹസ്യങ്ങൾകൂടി കൂട്ടിച്ചേർത്തത്. 1957-ൽ മാൾട്ടായിൽ നിന്നുള്ള വാഴ്ത്തപ്പെട്ട ഫാദർ ജോർജ്ജ് പ്രേക തയ്യാറാക്കിയതാണ് ഈ പ്രകാശത്തിന്റെ രഹസ്യങ്ങൾ.

പ്രകാശത്തിന്റെ പുതിയ രഹസ്യം, ഈശോയുടെ പരസ്യജീവിതത്തിലെ മാമ്മോദീസ മുതൽ പന്തക്കുസ്താ വരെ ഉൾച്ചേർന്നതാണ്. മാർപാപ്പയുടെ വാക്കുകളിൽ ജപമാല, വ്യക്തമായും മരിയൻ സ്വഭാവമാണെങ്കിലും


www.malankaralibrary.com

ആന്തരികതയിൽ അത് ക്രിസ്തു കേന്ദ്രീകൃതമായ ഒരു പ്രാർത്ഥനയാണ്. അതിന്റെ സാരാംശം സുവിശേഷ സന്ദേശമാണ് (Rosarium Virgini & Marieae - Rosery of the Virgin Mary.

No 1) അഥവാ കൊന്ത മേരിയോടൊത്ത് ക്രിസ്തുവിനെ ധ്യാനിക്കുന്നതാണ്. 'മേരിയിൽ നിന്നും ക്രിസ്തുവിനെ അറിയുന്നതാണ്.' മേരിയോടു കൂടി ക്രിസ്തുവിലേക്ക് അനുരൂപപ്പെടുന്നതാണ്. 'മേരിയോടുകൂടി ക്രിസ്തുവിനോടു പ്രാർത്ഥിക്കുന്നതാണ്. മേരിയോടുകൂടി ക്രിസ്തുവിനെ പ്രഘോഷിക്കുന്നതാണ്' (No. 13-17,26).

ആദിമസഭയിലെ പ്രാർത്ഥനകൾ സങ്കീർത്തനങ്ങളെ ആസ്പദമാക്കിയുള്ളവയായിരുന്നു. എ.ഡി 800-ൽ ജീവിച്ചിരുന്ന വി. ഗോൾന്റെ രേഖകളിൽ പുരോഹിതൻ മരിച്ചവർക്കുവേണ്ടി ബലിയർപ്പിക്കുകയും 150 സങ്കീർത്തനങ്ങൾചൊല്ലി കാഴ്ചവയ്ക്കുകയും ചെയ്തിരുന്നു. എഴുത്തും ഭാഷയും അറിയാത്ത അല്മായർ സങ്കീർത്തനങ്ങളുടെ സ്ഥാനത്ത് മൂന്ന് ഗണമായി 150 സ്വർഗ്ഗസ്ഥനായ പിതാവേ ചൊല്ലുവാൻ തുടങ്ങി. 1096 ലെ ഉഡ്ലോറിയ രേഖയിൽ ഇപ്രകാരം കാണുന്നു; 'സമൂഹത്തിൽ നിന്ന് ഒരു വ്യക്തി മരിച്ചുപോയാൽ പുരോഹിതൻ ആ വ്യക്തിക്കുവേണ്ടി ബലിയർപ്പിക്കുകയും വൈദിക ഗണത്തിൽപ്പെടാത്ത മറ്റുള്ളവർ 150 സങ്കീർത്തനമോ, 150 സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയോ ചൊല്ലി കാഴ്ചവച്ചിരുന്നു. പിന്നീട് ആ പതിവ് 150 നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയിലേയ്ക്ക് മാറി. അതേതുടർന്ന് 1409 കാലഘട്ടങ്ങളിൽ കാർത്തൂസ്യൻ സന്യാസിമാർ നന്മനിറഞ്ഞ മറിയമേ എന്ന ജപം ചെല്ലുന്ന പതിവ് ആരംഭിച്ചു.

ഇത് കൃത്യമായി ചെയ്യാൻ പണ്ടുകാലം മുതൽ തന്നെ മനുഷ്യൻ 'മുത്തുകൾ' ഉപയോഗിച്ചിരുന്നു. വിവിധ മത വിശ്വാസികൾ തങ്ങളുടെ പ്രാർത്ഥനകൾ എണ്ണുന്നതിന് നീളമുള്ള ചരടിൽ പ്രത്യേകതരം മണികളോ, കല്ലുകളോ, സ്ഫടിക കഷ്ണങ്ങളോ, അസ്ഥികഷ്ണങ്ങളോ കോർത്ത് ഉപയോഗിച്ചിരുന്നു. അങ്ങനെ 'കൊന്താരെ'


www.malankaralibrary.com

അതായത് 'എണ്ണുക' എന്ന പോർച്ചുഗ്ഗീസ് പദത്തിൽ നിന്നുമാണ് കൊന്ത എന്ന വാക്കുണ്ടായത്.

1483-ൽ ഡൊമിനിക്കൻ സ്യാസിമാർ മാതാവിന്റെ 'സങ്കീർത്തനങ്ങൾ' എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. അതിൽ ജപമാലയുടെ ദുഃഖം, സന്തോഷം, മഹിമ തുടങ്ങി 15-രഹസ്യങ്ങൾ ഉൾപ്പെടുത്തി. ഇന്ന് നിലവിലുള്ള ജപമാല രഹസ്യങ്ങൾക്ക് (പ്രകാശത്തിന്റെ ഒഴികെ) രൂപം നൽകിയത് 1568-ൽ പീയൂസ് അഞ്ചാമൻ മാർപാപ്പയാണ്. ഭാരതത്തിൽ ഈ ജപമാല പ്രചരിപ്പിച്ചത് പോർച്ചുഗീസുകാരാണ്. സമയം ക്രമീകരിച്ച് 53 മണി ജപം ആക്കി നാം ഇപ്പോൾ പ്രാർത്ഥിച്ചു വരുന്നു.

## രഹസ്യങ്ങൾക്കുശേഷമുള്ള പത്തു നന്മനിറഞ്ഞ മറിയം

ഓരോ രഹസ്യങ്ങൾക്കുശേഷമുള്ള 'നന്മ നിറഞ്ഞ മറിയമേ' വാസ്തവത്തിൽ ക്രിസ്തു കേന്ദ്രീകൃത പ്രാർത്ഥനയാണ്. ആറാം പൗലോസ് മാർപാപ്പ ഇക്കാര്യം വിശദീകരിക്കുന്നത് ഇങ്ങനെയാണ്: "രക്ഷാകര മനുഷ്യാവതാര രഹസ്യത്തിൽ കേന്ദ്രീകൃതമായ ഒരു സുവിശേഷ പ്രാർത്ഥന എന്ന നിലയിൽ ജപമാലയ്ക്ക് വ്യക്തമായും ക്രിസ്തു ആഭിമുഖ്യമുണ്ട്. ലുത്തിനിയാ പോലെ തുടർച്ചയായി ആവർത്തിക്കപ്പെടുന്ന നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയാണ് ഇതിന്റെ ഏറ്റവും സവിശേഷമായ ഘടകം. മാലാഖയുടെ അഭിവാദനത്തിന്റെയും "നിന്റെ ഉദരഫലം അനുഗ്രഹീതം" (ലൂക്കാ 1:42) എന്ന സ്നാപക യോഹന്നാന്റെ അമ്മയുടെ അഭിവാദനത്തിന്റെയും പരമോന്നത ലക്ഷ്യമായ ക്രിസ്തുവിനുള്ള അവിരാമമായ സ്തുതിയാണ് ഇത്. മറിയത്തോടുള്ള പ്രാർത്ഥനയാണ് ജപമാല, എങ്കിലും അത് ആന്തരാർത്ഥത്തിൽ ക്രിസ്തു കേന്ദ്രീകൃതമായ പ്രാർത്ഥനയാണ്... സുവിശേഷ സന്ദേശത്തിന്റെ ഒരു സാരസംഗ്രഹമായി അതിനെ വിശേഷിപ്പിക്കാം". (വി. ജോൺപോൾ. 'കന്യകാമറിയത്തിന്റെ ജപമാല, ഖണ്ഡിക 1)


www.malankaralibrary.com

ഈ ജപത്തിന്റെ തുടർച്ചയായ ആവർത്തനം ദിവ്യര ഹസ്യങ്ങളുടെ ധ്യാനാത്മകമായ ചിത്രം നെയ്തുണ്ടാ ക്കുന്നതിനുവേണ്ടി രൂപം കൊള്ളുന്ന ഒരു തറിയെ (നെയ്ത്ത് യന്ത്രം)പ്പോലെ വർത്തിക്കുന്നു. "ഓരോ നന്മ നിറഞ്ഞ മറിയത്തിലും വിളിച്ചപേക്ഷിക്കപ്പെടുന്ന അതേ യേശുവിനെത്തന്നെയാണ് ദൈവപുത്രനായും, കന്യക യുടെ മകനായും, ബെത്ലഹേമിലെ കാലിത്തൊഴുത്തിൽ ജനിക്കുന്നവനായും, സ്വമാതാവിനാൽ ദൈവാലയ ത്തിൽ സമർപ്പിക്കപ്പെടുവനായും, പിതാവിന്റെ കാര്യ ത്തിലുള്ള തീക്ഷ്ണതയാൽ നിറഞ്ഞവനായും പ്രത്യ ക്ഷീകരിക്കുന്നത്. ലോകരക്ഷകനായി തോട്ടത്തിൽ മര ണവേദന അനുഭവിക്കുമ്പോഴും, കൊരടാവുകൊണ്ട് അടിക്കപ്പെടുമ്പോഴും, മുൾമുടി ധരിപ്പിക്കപ്പെടുമ്പോഴും, കാൽവരിയിൽ മരിക്കുമ്പോഴും, ദിവ്യദാനമായ പരിശു ദ്ധാത്മാവിനെ അയയ്ക്കുന്നതിനുവേണ്ടി പിതാവിന്റെ മഹിമയിലേയ്ക്ക് ആരോഹണം ചെയ്യുമ്പോഴും അതേ യേശു തന്നെയാണ് നമ്മുടെ ധ്യാനവിഷയമായി അവത രിക്കപ്പെടുക". MarialisCultus , 7 (2)).

"തുടർച്ചയായുള്ള 'നന്മനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ദിവ്യരഹസ്യങ്ങളുടെ ധ്യാനം തുന്നിച്ചേർത്തി രിക്കുന്ന ഒരു മേലങ്കിയാണെന്നു പറയാം. ഓരോ നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയും അനുസ്മരിപ്പി ക്കുന്ന 'യേശു' ദിവ്യരഹസ്യങ്ങൾ തുടർച്ചയായി നമ്മുടെ മുമ്പിൽ ദൈവപുത്രനായും, കന്യകാസുതനായും അവ തരിപ്പിക്കുന്ന അതേ യേശുതന്നെയാണ്" (Marialis Cultus, n.46). "വിശ്വാസികൾക്കു മുന്നിൽ മറിയം തന്റെ പുത്രന്റെ രക്ഷാകര രഹസ്യങ്ങൾ നിസ്തന്ദ്രമായി അനാവരണം ചെയ്യുന്നു. അവയുടെ ധ്യാനത്തിലൂടെ രക്ഷാകര ശക്തി ഓരോരുത്തർക്കും തുറന്നു കിട്ടുന്നു". (കന്യകാ മറിയത്തിന്റെ ജപമാല, ഖണ്ഡിക II)

കൊന്തയിലെ നന്മനിറഞ്ഞ മറിയമേ എന്നുള്ള പ്രാർ ത്ഥനയുടെ ആവർത്തിച്ചുള്ള ധ്യാനം 15-ാം നൂറ്റാണ്ടിലെ സന്യാസിയായ പേർഷ്യയിലെ വി. ഡൊമിനിക്ക് ഏർപ്പെ ടുത്തിയതാണെന്ന് കരുതപ്പെടുന്നു. മനുഷ്യകരങ്ങളിൽ


www.malankaralibrary.com

പത്തുവിരൽ ഉള്ളതുകൊണ്ടാണ് ജപമാലയെ പത്തിന്റെ ഘടകങ്ങളായി (ദശകങ്ങൾ, Decades) തിരിച്ചത്. കൊന്ത കൈവശമില്ലാത്തപ്പോഴും കൈവിരലിൽ എണ്ണി കൊന്ത ജപിക്കാമെന്നതാണ് ഇതിന്റെ കാതൽ.

## ഫാത്തിമാ ജപം

### ഓ എന്റെ ഈശോയെ

"ഓ എന്റെ ഈശോയെ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ, നരകാഗ്നിയിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ. എല്ലാ ആത്മാക്കളെയും, പ്രത്യേകം അങ്ങേ സഹായം കൂടുതൽ ആവശ്യമുള്ളവരെയും സ്വർഗ്ഗത്തിലേയ്ക്ക് ആനയിക്കേണമേ" എന്ന പ്രാർത്ഥന 1917 ജൂലൈ 13-ന് മാതാവ് ഫാത്തിമായിൽ മൂന്നാം പ്രാവശ്യം പ്രത്യക്ഷപ്പെട്ടപ്പോൾ ആവശ്യപ്പെട്ടതിനാലാണ് ജപമാലയിൽ കൂട്ടിചേർത്തത്. ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്കുവേണ്ടിയുള്ള ഒരു നല്ല പ്രാർത്ഥന കൂടിയാണ് ഇത്. 1973ൽ ജപ്പാനിലെ അക്കിത്തയിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു കൊണ്ടിരുന്ന സിസ്റ്റർ ആഗ്നസിന് മാതാവ് പ്രത്യക്ഷപ്പെട്ടു. വർഷങ്ങൾക്കുമുമ്പ് ഫാത്തിമായിൽ കൊടുത്ത അതേ സന്ദേശം ഓരോ രഹസ്യത്തിനുശേഷവും ചൊല്ലണമെന്ന് മാതാവ് വീണ്ടും ഓർമ്മിപ്പിച്ചു. അനേകം ആത്മാക്കൾ നഷ്ടപ്പെടുന്നുവെന്ന് കരഞ്ഞുകൊണ്ട് സി. ആഗ്നസിന് അമ്മ വെളിപ്പെടുത്തി. ഓരോ രഹസ്യത്തിനുശേഷവും ഈ പ്രാർത്ഥന ചൊല്ലണമെന്ന് പരിശുദ്ധ അമ്മ ആവശ്യപ്പെട്ടു.

## ജപമാല സമർപ്പണം

ദിവ്യരഹസ്യങ്ങൾ ധ്യാനിച്ച് പ്രാർത്ഥിച്ചതിനുശേഷം ജപമാല സമർപ്പണത്തിലേക്ക് നാം പ്രവേശിക്കുന്നു. മുഖ്യ ദൂതന്മാരായ വി. മിഖായേൽ, വി. ഗബ്രിയേൽ, വി. റഫായേൽ എന്നീ മാലാഖമാരുടെ കീർത്തനങ്ങളോട് ഒരു ജപമാല ഭക്തൻ ചേരുന്നു. കൂടാതെ സ്വർഗ്ഗത്തിലെ വിശുദ്ധാത്മാക്കളായ വി. യൗസേപ്പ്,


www.malankaralibrary.com

ശ്ലീഹന്മാരായ മാർ പത്രോസ്, മാർ പൗലോസ്, മാർ യോഹന്നാൻ, നമ്മുടെ സഭയുടെ പിതാവായ മാർ തോമ്മാ ഇവരുടെ കീർത്തനങ്ങളോട് പാപികളായ തങ്ങളുടെ പ്രാർത്ഥനകൾ ചേർത്ത്, ദൈവമാതാവിന്റെ തൃപ്പാദത്തിങ്കൽ ഒരുവൻ പാപകരമായ അവസ്ഥ ഏറ്റു പറയുന്നു. സ്വർഗ്ഗത്തിന്റെ മൂന്നാം തട്ടോളം ഉയർത്തപ്പെട്ട പൗലോസ് അപ്പസ്തോലൻ വിളിച്ചു പറഞ്ഞു: ഞാൻ പാപികളിൽ ഒന്നാമനാണ്. അങ്ങനെയെങ്കിൽ നമ്മുടെ പാപകരമായ അവസ്ഥ നാം ഏറ്റുപറയുന്നത് എത്രയോ നല്ലത്. ഈ പ്രാർത്ഥനയിൽ കാണുന്ന 'മാർ' എന്ന പദം സുറിയാനി ഭാഷയിൽ നിന്ന് വന്നതാണ്. മാർ എന്ന സുറിയാനി പദത്തിന്റെ അർത്ഥം വിശുദ്ധൻ, കർത്താവ്, പരിശുദ്ധൻ എന്നൊക്കെയാണ്. വിശുദ്ധരായ പിതാക്കന്മാരോടു ചേർന്ന് ഇപ്രകാരം നാം പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗത്തിന്റെ എത്രയോ അനുഗ്രഹമായിരിക്കും ഒരു ഭക്തനിലേക്ക് ചൊരിയപ്പെടുന്നത്.

*End Notes:-*


1. *Rosarium Virginis Marieae - Pope John Paul-II*
2. *Marialis cultus - Pope Paul VI*
3. *കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം - 1154, പി. ഒ.സി*
4. *രണ്ടാം വത്തിക്കാൻ കൗൺസിൽ, പി. ഒ.സി*


◆ ◆ ◆


www.malankaralibrary.com

# അദ്ധ്യായം 6

## ലുത്തിനിയ

4-ാം നൂറ്റാണ്ടിൽ അന്ത്യോക്യയിലാണ് ആദ്യമായി ലുത്തിനിയ ആരംഭിച്ചത്. ആഗോളസഭ ഔദ്യോഗികമായി അംഗീകരിച്ച അഞ്ചുലുത്തിനിയകളാണ് ഉള്ളത്. സകല വിശുദ്ധരുടെയും ലുത്തിനിയ, പരി. ദൈവമാതാവിന്റെ ലുത്തിനിയ, കർത്താവിന്റെ തിരുഹൃദയ ലുത്തിനിയ, കർത്താവിന്റെ തിരുരക്തത്തിന്റെ ലുത്തിനിയ, വി. യൗസേപ്പിതാവിന്റെ ലുത്തിനിയ (Catholic Dictionary, By Reynolds R. Ekstrom) എന്നിവയാണവ. സകല വിശുദ്ധരുടെയും ലുത്തിനിയായ്ക്ക് ശേഷം സഭയിൽ രൂപംകൊണ്ട ലുത്തിനിയയാണ് പരിശുദ്ധ ദൈവമാതാവിന്റെ ലുത്തിനിയ. ഇത് ദണ്ഡ വിമോചനമുള്ള ഒരു പ്രാർത്ഥനയാണ്. 'ഹൃദയം സമർപ്പിച്ചുകൊണ്ടുള്ള പ്രാർത്ഥന' എന്ന അർത്ഥമുള്ള ഗ്രീക്ക് പദവുമായി ബന്ധപ്പെട്ടാണ് ലുത്തിനിയ എന്ന വാക്ക് വന്നത്. കീർത്തനം പോലുള്ള പ്രാർത്ഥനയെയാണ് ലുത്തിനിയ എന്നു വിളിക്കുന്നത്.

### *ദൈവമാതാവിന്റെ ലുത്തിനിയ*

മാതാവിനെപ്പറ്റി ഒന്നിലധികം ലുത്തിനിയ ഇന്ന് ലോകത്ത് നിലവിലുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതും കൂടുതൽ ആളുകൾ ചൊല്ലുന്നതും, നമ്മളിന്നു ചൊല്ലുന്ന 'ലൊറേറ്റൊ' ലുത്തിനിയ ആണ്. ലൊറേറ്റൊ എന്ന ആശ്രമത്തിൽ നിന്ന് ആരംഭിച്ചതിനാൽ ഇതിന് ലൊറേറ്റൊ ലുത്തിനിയ എന്ന പേരു വന്നത്.

ലുത്തിനിയായുടെ ആദ്യരൂപം 1150-നും 1200-നും ഇടയിൽ ഫ്രാൻസിൽ രൂപം കൊണ്ടതാണ്. മധ്യശതകങ്ങളിലെ ലുത്തിനിയായിൽ 66 അഭിസംബോധനകൾ ഉണ്ടായിരുന്നു. എന്നാൽ സഭ ഔദ്യോഗികമായി അംഗീകരിച്ച ഇപ്പോഴത്തെ ലുത്തിനിയായിൽ 51 അഭിസംബോധനകളാണുള്ളത്. തുടർന്നുള്ള ഭാഗങ്ങൾ ആനുകാലിക സഭ അതിനോടു കൂട്ടിച്ചേർത്തിട്ടുള്ള ഭാഗങ്ങളാണ് (Dictionary of Mary). 1558 മുതൽ ലുത്തിനിയ ലൊറേറ്റൊയിൽ ഉപയോഗിച്ചിരുന്നു. കപ്പൂച്ചിൻ വൈദികനായ വി. ലോറൻസ് ബ്രാൻസീസിയാണ് മാതാവിന്റെ ലുത്തിനിയ രചിച്ചത്. 1857-ൽ സിക്തൂസ് അഞ്ചാമൻ മാർപാപ്പ പരിശുദ്ധ മറിയത്തിന്റെ ലുത്തിനിയ ഔദ്യോഗികമായി അംഗീകരിച്ചു.

ലൊറേറ്റൊ ലുത്തിനിയായ്ക്ക് പുറമെ നിലവിലുള്ള മരിയൻ ലുത്തിനിയകൾ ഇവയാണ്. a,ബിബ്ലിക്കൽ മരിയൻ ലുത്തിനിയ
b, മറിയത്തിന്റെ രാജ്ഞിത്വത്തിന്റെ ലുത്തിനിയ (1981-മാർച്ച് 25-ന് നിലവിൽ വന്നു) എന്നിവയാണവ. ഇതും കൂടാതെ മറ്റു മരിയൻ ലുത്തിനിയകളും ലോകത്തിൽ നിലവിലുണ്ട്.

കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം ഇപ്രകാരം പഠിപ്പിക്കുു. "ധ്യാനാത്മക സങ്കീർത്തനങ്ങൾ, ലുത്തിനിയകൾ, വിശ്വാസ പ്രഖ്യാപനം, എന്നിവ വിശ്വാസം പരിപോഷിപ്പിക്കുന്ന അടയാളവും വിശ്വാസ പ്രഖ്യാപനവുമാണ്" (CCC 1154). "യാമ പ്രാർത്ഥനകളിലെ ഗീതങ്ങളും ലുത്തിനിയകളും സങ്കീർത്തനങ്ങളിലെ പ്രാർത്ഥനകളെ കൂടുതൽ ആർജ്ജവമുള്ളവയാക്കുന്നു" (CCC 1177). വി. പീറ്റർ ഡാമിയൻ രചിച്ചതായി


www.malankaralibrary.com

കണക്കാക്കുന്ന 'നമ്മുടെ നാഥയുടെ യാമപ്രാർത്ഥനകളോട്' ഉർബൻ രണ്ടാമൻ മാർപാപ്പ അനേകം ദണ്ഡവിമോചനങ്ങൾ അനുവദിച്ചു. കൂടാതെ പരിശുദ്ധ മറിയത്തിന് സ്വീകാര്യമായ ഭക്താനുഷ്ഠാനമായ ലുത്തിനിയ ചൊല്ലുവർക്ക് 300 ദിവസത്തെ ദണ്ഡവിമോചനം കൂടി അനുവദിച്ചുകൊണ്ട് ഇതിനെ പ്രോത്സാഹിപ്പിച്ചു.

ലുത്തിനിയ മാതാവിനുള്ള സ്തുതിപ്പാണ്. ഈ പ്രാർത്ഥന നാം ചൊല്ലുന്നതിലൂടെ മറിയത്തിന്റെ മഹത്വവും കാരുണ്യവും മാദ്ധ്യസ്ഥവുമാണ് നാം അനുസ്മരിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നത്. 'രക്ഷാകര മനുഷ്യാവതാരത്തിന്റെ രഹസ്യത്തിൽ കേന്ദ്രീകൃതമായ ഒരു സുവിശേഷാത്മക പ്രാർത്ഥനയെ നിലയിൽ കൊന്തനമസ്ക്കാരം വ്യക്തമായ ക്രിസ്തു ശാസ്ത്രപരമായ ലക്ഷ്യമുള്ള പ്രാർത്ഥനയാണ്. യഥാർത്ഥത്തിൽ അതിന്റെ ഏറ്റവും വലിയ പ്രത്യേകതയായ നന്മനിറഞ്ഞ മറിയമേ എന്ന ജപത്തിന്റെ ലുത്തിനിയാ പോലുള്ള പരമ്പര നിരന്തരമായ ക്രിസ്തു സ്തുതിയായിത്തീരുന്നു" (പോൾ ആറാമൻ മാർപാപ്പ).

## *ലുത്തിനിയ - ഗണ*
## *ങ്ങൾ തിരിച്ച്*

മനസ്സിലാക്കാൻ എളുപ്പത്തിന് പരിശുദ്ധ ദൈവമാതാവിന്റെ
ലുത്തിനിയായെ അതിന്റെ സ്വഭാവം അനുസരിച്ച് എട്ടു ഗണ
ങ്ങളായി നമുക്ക് തിരിക്കാം.

### ഒന്നാം ഗണം

*ലുത്തിനിയായുടെ ഒന്നാം ഗണത്തിൽ*

*നാലു പ്രാർത്ഥനകളാണുള്ളത്.*

**കർത്താവേ അനുഗ്രഹിക്കണമേ**

**മിശിഹായെ അനുഗ്രഹിക്കണമേ**

**കർത്താവേ അനുഗ്രഹിക്കണമേ**


www.malankaralibrary.com

**മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ**
**മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ**

ഇതിൽ കർത്താവേ അനുഗ്രഹിക്കണമേ എന്ന പ്രാർത്ഥന രണ്ട് പ്രാവശ്യം ആവർത്തിക്കുന്നതിനാൽ ഈ ഗണത്തിൽ അഞ്ച് പ്രാർത്ഥനകളുണ്ട് എന്നു പറയാം. അതിനു മറുപടിയായി അതേ പ്രാർത്ഥന തന്നെയാണ് നാം ആവർത്തിക്കുന്നത്. ഈ പ്രാർത്ഥനകൾ നാം ചൊല്ലുമ്പോൾ യേശു കർത്താവാണെും, മിശിഹായാണെും നാം ഏറ്റു പറയുു. അതോടൊപ്പം കർത്താവേ ഞങ്ങളെ അനുഗ്രഹിക്കണമേയെും, കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എും താഴ്മയോടെ അപേക്ഷിക്കുകയുമാണ്.

ഏശയ്യാ പ്രവാചകൻ തന്റെ ദർശനത്തിൽ ദൈവം സിംഹാസനത്തിൽ ഇരിക്കുത് കണ്ടു (ഏശ. 6:1). പ്രവാസികളെ ആശ്വസിപ്പിക്കു എസെക്കിയേൽ ദർശനത്തിൽ ദൈവത്തെ കാണുതും സിംഹാസനസ്ഥനായിട്ടാണ്. അതിപ്രകാരമായിരുു: "മനുഷ്യപുത്രാ എന്റെ സിംഹാസനവും പാദപീഠവും ഇസ്രായേൽ മക്കളുടെ ഇടയിൽ ഞാൻ നിത്യമായി വസിക്കു ഇടവും ഇതാണ്" (എസെ. 43:7). "എന്നാൽ പുത്രനെപ്പറ്റി പറയുന്നു: ദൈവമേ അങ്ങയുടെ സിംഹാസനം എക്കേും നിലനിൽക്കുന്നു" (ഹെബ്രാ.1:8). "യേശു പറഞ്ഞു: എന്നെ കാണുവൻ പിതാവിനെ കാണുന്നു" (യോഹ. 14:9).

ഈ അഖിലാണ്ഡം മുഴുവൻ ദൈവത്തിന്റേതാണ്. ഈ ഭൂമിയിലെ എത്രയോ ശക്തികൾ അവന്റെ സിംഹാസനം തകർക്കാൻ നോക്കി. അതു തകർക്കാൻ ആർക്കും സാധിച്ചില്ല. അവൻ നീതിയോടെ വിധിച്ചുകൊണ്ട് സിംഹാസനത്തിൽ ഇും ഇരിക്കു (സങ്കീ. 9:4). അഖിലാണ്ഡത്തിന്റെ സ്രഷ്ടാവും പരിപാലകനുമായ അവിടുത്തെ സിധിയിൽ വെയ്ക്കാൻ എനിക്കു സ്വർണ്ണക്കിരീടമില്ല. എാൽ ഇവിടെ അങ്ങ് എന്റെ കർത്താവും രക്ഷകനും പരിപാലകനുമാണ്െ എക്കാലവും


www.malankaralibrary.com

ഞാൻ ദൃഢമായി ഏറ്റു പറയുു. ഏശയ്യാ പ്രവാചകൻ അരുളിച്ചെയ്യുു: "ദൈവത്തിൽ ആശ്രയിക്കുവർ വീണ്ടും ശക്തി പ്രാപിക്കും. അവർ കഴുകന്മാരേപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടാൽ തളരുകയുമില്ല" (ഏശ. 40:31). ഈ പിതാവിലും പുത്രനിലുമുള്ള ആശ്രയവും വിശ്വാസവും പരസ്യമായി ഏറ്റുപറയുതാണ് ആദ്യഭാഗത്തെ പ്രാർത്ഥനകൾ; ഒപ്പം ദൈവത്തോട് അനുഗ്രഹം യാചിക്കുന്നതും.

## രണ്ടാം ഗണം

*രണ്ടാം ഗണത്തിൽ നാലു പ്രാർത്ഥനകളാണുള്ളത്.*

**സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ**

**ഭൂലോക രക്ഷകനായ പുത്രനായ ദൈവമേ**

**പരിശുദ്ധാത്മാവായ ദൈവമേ**

**ഏക ദൈവമായ പരിശുദ്ധ ത്രിത്വമേ**

ഇത് നാലും ത്രിയൈക ദൈവത്തെ അനുസ്മരിച്ചുകൊണ്ട് അനുഗ്രഹങ്ങൾ യാചിക്കുന്ന പ്രാർത്ഥനകളാണ്. ഈ നാലു പ്രാർത്ഥനകൾക്കും കർത്താവേ ഞങ്ങളെ അനുഗ്രഹിക്കണമേ എന്ന് താഴ്മയോടെ ദൈവജനം പ്രാർത്ഥിക്കുകയാണ്.

### *സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ*

"ദൈവത്തെ 'പിതാവേ' എന്നു സംബോധന ചെയ്യു രീതി പല മതങ്ങളിലുമുണ്ട്. ദൈവം 'ദേവന്മാരുടെയും മനുഷ്യരുടെയും പിതാവ്' ആയി പലപ്പോഴും പരിഗണിക്കപ്പെടുന്നു. പ്രപഞ്ച സൃഷ്ടാവ് എന്ന നിലയ്ക്ക് ഇസ്രായേലിൽ ദൈവത്തെ 'പിതാവ്' എന്നു വിളിച്ചിരുന്നു. അതിനുംപുറമേ, ഇസ്രായേലുമായി ദൈവം ചെയ്ത ഉടമ്പടിയുടെയും അവർക്കു നൽകിയ നിയമത്തിന്റെയും അടിസ്ഥാനത്തിൽ ദൈവം ഇസ്രായേൽ ജനത്തിനു സവിശേഷമാംവിധം പിതാവാകുന്നു. ഇങ്ങനെ പറഞ്ഞിരിക്കുന്നു: ഇസ്രായേൽ എന്റെ ആദ്യജാതനായ പുത്രനാണ്. ഇസ്രായേൽ രാജാവിന്റെ പിതാവ് എന്ന സംജ്ഞയും ദൈവ


www.malankaralibrary.com

ത്തിനു നൽകപ്പെട്ടിരുന്നു. വളരെ പ്രത്യേകമായ രീതിയിൽ, ദൈവം പാവങ്ങളുടെ പിതാവാണ്, അവിടുത്തെ സ്നേഹസംരക്ഷണത്തിലുള്ള അനാഥരുടെയും വിധവകളുടെയും പിതാവാണവിടുന്ന്" (CCC: 238).

ഈശോയുടെ വിശുദ്ധ ത്രേസ്യായുടെ ഒരു പ്രാർത്ഥന ഇതു ചേതോഹരമായി പ്രകാശിപ്പിക്കുന്നു: "യാതൊന്നും നിന്നെ ആകുലചിത്തയാക്കാതിരിക്കട്ടെ. യാതൊന്നും നിന്നെ ഭയപ്പെടുത്താതിരിക്കട്ടെ. എല്ലാം കടന്നുപോകുന്നു. ദൈവം മാത്രം മാറ്റമില്ലാത്തവൻ; ക്ഷമ സർവ്വതും നേടുന്നു. ദൈവം സ്വന്തമായി ഉള്ളവന് ഒന്നിനും കുറവില്ല. ദൈവംമാത്രം മതി". ദൈവമാണ് എന്റെ പിതാവ്, അവിടുന്നാണ് എന്റെ സംരക്ഷകൻ എന്നു നാം ഏറ്റുപറയുകയാണിവിടെ.

## ഭൂലോക രക്ഷകനായ പുത്രനായ ദൈവമേ

'പാപത്തിന്റെ പ്രത്യാഘാത ശൃംഖലയാൽ മനുഷ്യൻ ക്രമേണ തന്നെത്തന്നെയും ചുറ്റുമുള്ള ലോകത്തെയും നശിപ്പിക്കുമ്പോൾ ദൈവം വെറുതേ നോക്കിയിരിക്കുകയില്ല. അവിടുന്ന് രക്ഷകനും വീണ്ടെടുപ്പുകാരനുമായ യേശുക്രിസ്തുവിനെ നമ്മിലേക്ക് അയയ്ക്കുന്നു. പാപത്തിന്റെ ശക്തിയിൽനിന്ന് യേശു നമ്മെ പിടിച്ചു മാറ്റുന്നു' (CCC 70).

'ദൈവം തന്റെ അനന്തസ്നേഹം മൂലം മനുഷ്യരായ നമ്മിലേക്ക് തന്റെ പുത്രനെ അയയ്ക്കുന്നുവെന്ന് സുവിശേഷങ്ങളില്ലായിരുങ്കിൽ നാം അറിയുമായിരുന്നില്ല. അവിടു് തന്റെ പുത്രനെ അയച്ചത്, നമ്മൾ പാപികളാണെങ്കിലും ദൈവവുമായുള്ള സഹവാസത്തിലേക്ക് തിരിച്ചുചെല്ലാനുള്ള വഴി നാം കണ്ടെത്തുതിനു വേണ്ടിയാണ്' (CCC 71).

യേശുവിന്റെ ജീവിതം, മരണം, ഉത്ഥാനം എന്നിവ സംബന്ധിച്ച റിപ്പോർട്ടുകൾ ലോകത്തിലെ ഏറ്റവും നല്ല വാർത്തയാണ്. നസ്രത്തിലെ യേശു, ബെത്ലഹേമിൽ


www.malankaralibrary.com

ജനിച്ച യഹൂദൻ മനുഷ്യനായിത്തീർ 'സജീവ ദൈവ പുത്രൻ' (മത്താ. 16:16) ആണെന്ന് അവ സാക്ഷ്യപ്പെടുത്തുന്നു. 'എല്ലാ മനുഷ്യരും രക്ഷിക്കപ്പെടാനും സത്യത്തെക്കുറിച്ചുള്ള അറിവിലേക്കു വരാനും'(1 തിമോ. 2:4) വേണ്ടി അവിടുന്ന് നിത്യപിതാവാൽ അയയ്ക്കപ്പെട്ടവനാണ്.

'ദൈവം രക്ഷിക്കുന്നു' എന്നാണ് ഹീബ്രുഭാഷയിൽ യേശു എന്ന പേരിന്റെ അർത്ഥം (ccc72). അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളിൽ വി. പത്രോസ് ഇങ്ങനെ പറയുന്നു: 'ആകാശത്തിനു കീഴേ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല' (അപ്പ. 4:12). എല്ലാ മിഷണറിമാരും ജനങ്ങൾക്കു നല്കിയ സന്ദേശം സാരാംശപരമായി ഇതാണ്.

പരി. കന്യക ക്രിസ്തുവിനോട് യോജിച്ച് ലോകത്തെ രക്ഷിച്ചുവെന്ന് ബെനഡിക്ട് 15-ാംമൻ മാർപാപ്പ പ്രഖ്യാപിക്കുന്നു. മറിയത്തിലൂടെ ഭൂമിയിൽ അവതരിച്ച യേശു സകല മനുഷ്യകുലത്തിന്റെയും രക്ഷകനാണെന്ന് നാം ഇവിടെ ഏറ്റു പറയുന്നു.

## പരിശുദ്ധാത്മാവായ ദൈവമേ

"പ്രഥമ പ്രഭവമായ പിതാവിൽനിന്നും കാലഭേദമില്ലാതെ അവിടുന്നു നല്കിയ പുത്രനിൽ നിന്നും അങ്ങനെ ഇരുവരിലും നിന്ന് പരിശുദ്ധാത്മാവു പുറപ്പെടുന്നു".(St. Augustine, De Trin. 15, 26, 47:PL 42:1095.) (CCC: ഖണ്ഡിക - 2. 264: സംഗ്രഹം)

"പരിശുദ്ധാത്മാവിൽ വിശ്വസിക്കുക എന്നതിന്റെ അർത്ഥം, പരിശുദ്ധാത്മാവ് പരിശുദ്ധ ത്രിത്വത്തിലെ ഒരു വ്യക്തിയാണെന്ന്, പിതാവിനോടും പുത്രനോടും ഏകസത്തയായ വ്യക്തിയാണെന്ന് പിതാവിനോടും പുത്രനോടുമൊപ്പം ആരാധിക്കപ്പെടുന്നവനും മഹത്ത്വീകരിക്കപ്പെടുന്നവനും ആണെന്ന് ഏറ്റുപറയുക എന്നതാണ് " (CCC 685).


www.malankaralibrary.com

'അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളിലും ലേഖനങ്ങളിലും കൂടെക്കൂടെ പ്രയോഗിക്കുന്ന പരിശുദ്ധാത്മാവ് എന്ന യഥാർത്ഥ നാമം കൂടാതെ, വി. പൗലോസിന്റെ ലേഖനങ്ങളിൽ വാഗ്ദാനത്തിന്റെ ആത്മാവ്, ദത്തെടുപ്പിന്റെ ആത്മാവ്, ക്രിസ്തുവിന്റെ ആത്മാവ്, കർത്താവിന്റെ ആത്മാവ്, ദൈവത്തിന്റെ ആത്മാവ് എന്നീ സംജ്ഞകൾ കാണാം. വി. പത്രോസിന്റെ ലേഖനത്തിൽ മഹത്വത്തിന്റെ ആത്മാവ് എന്നും കാണുന്നു' (CCC: 693).

പരിശുദ്ധാത്മാവിനെ സംബന്ധിക്കുന്ന അപ്പസ്തോലിക വിശ്വാസം, കോൺസ്റ്റാന്റിനോപ്പിളിൽ ചേർന്ന രണ്ടാം സാർവ്വത്രിക സൂനഹദോസിൽ (381-ൽ) പ്രഖ്യാപിക്കപ്പെട്ടു: "കർത്താവും ജീവദാതാവും പിതാവിൽനിന്നു പുറപ്പെടുന്നവനുമായ പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു". ഈ പ്രഖ്യാപനത്തിലൂടെ ദൈവത്വത്തിന്റെ മുഴുവൻ പ്രഭവമായി പിതാവിനെ സഭ അംഗീകരിക്കുന്നു; പരിശുദ്ധാത്മാവിന്റെ നിത്യോത്ഭവം, പുത്രന്റെ ഉത്ഭവവുമായി ബന്ധമില്ലാത്തതല്ല: "പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവ്, ദൈവവും പിതാവിനോടും പുത്രനോടുമൊപ്പം ഏകനും സമനുമായി ഒരേ സത്തയും ഒരേ പ്രകൃതിയുമുള്ളവനുമാണ്... എന്നിരുന്നാലും പരിശുദ്ധാത്മാവ് പിതാവിന്റെ മാത്രമോ പുത്രന്റെ മാത്രമോ ആത്മാവല്ല. ഒരേസമയം അവിടുന്നു പിതാവിന്റെയും പുത്രന്റെയും ആത്മാവാണ്". കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസിന്റെ വിശ്വാസപ്രമാണത്തിൽ സഭ ഇങ്ങനെ പ്രഖ്യാപിക്കുന്നു: "പിതാവിനോടും പുത്രനോടുമൊപ്പം അവിടുന്ന് ആരാധിക്കപ്പെടുകയും മഹത്ത്വീകരിക്കപ്പെടുകയും ചെയ്യുന്നു" (CCC: 245). ഈ സത്യം നാം ലുത്തിനിയായിൽ ഏറ്റു പറയുന്നു.

"സർവ്വപരിശുദ്ധയും നിത്യകന്യകയും ദൈവത്തിന്റെ അമ്മയുമായ മറിയം സമയത്തിന്റെ തികവിൽ പുത്രനും പരിശുദ്ധാതാമാവും നിർവഹിക്കുന്ന ദൗത്യത്തിന്റെ ഏറ്റവും ഉത്കൃഷ്ടഫലമാണ്. രക്ഷാപദ്ധതിയിൽ ആദ്യമായി, മനുഷ്യരുടെയിടയിൽ തന്റെ പുത്രനും തന്റെ


www.malankaralibrary.com

പരിശുദ്ധാത്മാവിനും വസിക്കാനുള്ള ഒരു വാസസ്ഥാനം പിതാവ് കണ്ടെത്തി. അവിടുത്തെ ആത്മാവ് അവളെ സജ്ജീകരിച്ചിട്ടുണ്ടായിരുന്നു. ഈ അർത്ഥത്തിൽ, സഭയുടെ പാരമ്പര്യം മിക്കപ്പോഴും ജ്ഞാനത്തെപ്പറ്റിയുള്ള ഏറ്റവും മനോഹരങ്ങളായ ഗ്രന്ഥഭാഗങ്ങളെ മറിയവുമായി ബന്ധപ്പെടുത്തി മനസ്സിലാക്കി. ആരാധനക്രമത്തിൽ മറിയം ജ്ഞാനത്തിന്റെ ഇരിപ്പിടമായി സ്തുതിക്കപ്പെടുകയും ചിത്രീകരിക്കപ്പെടുകയും ചെയ്യുന്നു. ആത്മാവ് ക്രിസ്തുവിലും സഭയിലും പൂർത്തീകരിക്കാനിരുന്ന ദൈവത്തിന്റെ അത്ഭുതകൃത്യങ്ങൾ അവളിൽ വെളിപ്പെടാൻ തുടങ്ങി. പരിശുദ്ധാത്മാവ് തന്റെ കൃപാവരംകൊണ്ട് മറിയത്തെ സജ്ജീകരിച്ചു. ദൈവികതയുടെ സമഗ്രപൂർണ്ണ ശാരീരികമായി കുടികൊള്ളുന്നവന്റെ മാതാവു കൃപാപൂർണയായിരിക്കുക എത് ഉചിതം തന്നെയാണ്" (CCC: 721,722). "പരിശുദ്ധാത്മാവിന്റെ മണവാട്ടിയെന്നാണ് വി. ഫ്രാൻസിസ് അസ്സീസി മറിയത്തെ വിശേഷിപ്പിച്ചത്". ഈ മണവാട്ടിയോടൊപ്പം പരിശുദ്ധാത്മാവായ ദൈവത്തോട് ഞങ്ങളെ അനുഗ്രഹിക്കണമേ എന്ന് ഇവിടെ നാം യാചിക്കുന്നു.

## ഏക ദൈവമായ
## പരിശുദ്ധ ത്രിത്വമേ

പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യമാണ് ക്രിസ്തീയ വിശ്വാസത്തിലെ കേന്ദ്രരഹസ്യം. "ക്രിസ്തുമത സിദ്ധാന്തങ്ങളിൽ പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യത്തിനുള്ള മൗലിക സ്ഥാനം ആരംഭകാലം മുതൽക്കേ പ്രകടമായിക്കാണാവുന്നതാണ്. ലോകം മുഴുവനിലും പോയി "എല്ലാ ജനതകളിലും നിന്ന് അനുയായികളെ സമ്പാദിക്കുവിൻ" (മത്താ. 28:19) എന്നു ക്രിസ്തുനാഥൻ തന്റെ അപ്പസ്തോലന്മാരോട് ആജ്ഞാപിച്ചുകൊണ്ട് അവർക്കു നൽകിയ നിർദ്ദേശം, അനുയായികളെയെല്ലാം ത്രിത്വത്തിന്റെ നാമത്തിൽ സ്നാനപ്പെടുത്തുവാനാണ്. "...പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാ


www.malankaralibrary.com

ത്മാവിന്റേയും നാമത്തിൽ അവരെ ജ്ഞാനസ്നാന പ്പെടുത്തുവിൻ" (മത്താ. 28:9). ആദ്യനൂറ്റാണ്ടു മുതൽ തന്നെ സഭയിൽ ഉപയോഗിച്ചുപോന്നിട്ടുള്ള വിശ്വാസപ്ര മാണങ്ങൾ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ ത്രിയേക ദൈവത്തിലുള്ള വിശ്വാസം പ്രഖ്യാപിക്കുന്ന വയാണ്. "ഇതാണ് കത്തോലിക്കാ വിശ്വാസം: ത്രിത്വ ത്തിൽ ഒരു ദൈവത്തെ നമ്മൾ ആരാധിക്കുു; ഏകത്വ ത്തിൽ ത്രിത്വത്തേയും ആരാധിക്കുു... പിതാവ് വ്യതിരി ക്തനായ ആളാണ്; പുത്രൻ വ്യതിരിക്തനായ ആളാണ്; പരിശുദ്ധാത്മാവും വ്യതിരിക്തനായ ആളാണ്. എാൽ, പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഒരേയൊരു ദൈവത്വവും, ഒരേ മഹത്വവും, ഒരേ നിത്യപ്രതാപവുമാ ണുള്ളത്"(ക്രൈസ്തവ വിജ്ഞാനീയം: അദ്ധ്യായം 11 - പരിശുദ്ധ ത്രിത്വം).

ഖണ്ഡിതമായിപ്പറഞ്ഞാൽ, പരിശുദ്ധ ത്രിത്വം ഒരു വിശ്വാസ രഹസ്യമാണ്. "ദൈവത്തിൽ നിഗൂഢമായിരി ക്കുവയും, ദൈവ വെളിപാടുവഴിയല്ലാതെ മനസ്സിലാക്കു വാൻ സാധിക്കാത്തവയുമായ രഹസ്യങ്ങളിൽ ഒത്രേ അത്. വെളിപ്പെടുത്തപ്പെട്ട സത്യങ്ങളിൽ ചിലതെല്ലാം മനുഷ്യബുദ്ധിയുടെ പര്യന്വേഷണങ്ങൾകൊണ്ടും കണ്ടു പിടുത്തങ്ങൾകൊണ്ടും മനുഷ്യനു ഗ്രഹിക്കുവാൻ സാധിക്കും; എാൽ, പരിശുദ്ധ ത്രിത്വംപോലുള്ള രഹ സ്യങ്ങൾ ദൈവവിശ്വാസംവഴി മാത്രമേ മനുഷ്യനു മനസ്സിലാക്കാൻ കഴിയുകയുള്ളൂ; വിശ്വാസം സംബ ന്ധിച്ച കാര്യങ്ങളിൽ ദൈവസാക്ഷ്യം അംഗീകരിക്കുന്ന വർക്കു മാത്രമേ അവ സ്വീകരിക്കുവാനും സാധിക്കൂ". (ക്രൈസ്തവ വിജ്ഞാനീയം: അദ്ധ്യായം 11 - വിശ്വാസ രഹസ്യം)

"നാം ദൈവത്തിന്റെ മക്കളും ക്രിസ്തുവിൽ ഒരു കുടും ബവുമായിത്തീർന്നിരിക്കെ പരസ്പരം സ്നേഹിക്കുന്ന തിനും പരിശുദ്ധപരമായ ത്രിത്വത്തിനു ഏകയോഗ്യമായ സ്തുതി അർപ്പിക്കുന്നതിനും ഒന്നിച്ചുകൂടുമ്പോൾ സഭ യുടെ ഏറ്റം മൗലികമായ വിളിക്ക് നാം പ്രത്യുത്തരം നൽകുകയും മകുടംപ്രാപിച്ചു മഹത്വത്തിലുള്ള തിരുകർ


www.malankaralibrary.com

മ്മങ്ങളെ മുൻകൂട്ടി അനുഭവിക്കുന്നതിൽ പങ്കുകൊള്ളു കയുമാണ് ചെയ്യുന്നത്" (രണ്ടാം വത്തിക്കാൻ. തിരുസ്സഭ, അദ്ധ്യായം. 7:51). മേൽ പ്രസ്താവിക്കപ്പെട്ട വത്തിക്കാൻ കൗൺസിലിന്റെ പ്രഖ്യാപനം ഈ പ്രാർത്ഥനയിൽ സംഭ വിക്കുന്നുണ്ട്. കാരണം പരിശുദ്ധ ത്രിത്വത്തിനും, പരി. കന്യകയ്ക്കും മഹത്വം നല്കുന്ന മനോഹരമായ പ്രാർ ത്ഥനയാണ് ജപമാല. പരി.മറിയത്തോടുള്ള ഭക്തിക്ക് ത്രിത്വപരവും, ക്രിസ്തു
പരവും, സഭാപരവും, മാനുഷികവുമായ ഒരു വശമുണ്ട്. മറിയം വഴി പരി.ത്രിത്വത്തോട് നാം സംഭാഷണം നട ത്തുന്നു.

## മൂന്നാം ഗണം

*ലുത്തിനിയായുടെ മൂന്നാം ഗണത്തിൽ പന്ത്രണ്ട് പ്രാർത്ഥനകൾ ഉണ്ട്. ഇവയെല്ലാം മറിയത്തിന്റെ മാതൃത്വത്തെ പ്രകീർത്തിക്കുതാണ്. ഇത് വെളിപാടു പുസ്തകത്തിലെ മറിയത്തിന്റെ ശിരസ്സിലെ കിരീടങ്ങളിൽ കാണുന്ന പന്ത്രണ്ട് നക്ഷത്രങ്ങളെ സൂചിപ്പിക്കുന്നു.*

**പരിശുദ്ധ മറിയമേ,**
**ദൈവത്തിന്റെ പരിശുദ്ധ ജനനീ,**
**കന്യകകൾക്കു മകുടമായ നിർമ്മല കന്യകേ,**
**മിശിഹായുടെ മാതാവേ,**
**ദൈവവരപ്രസാദത്തിന്റെ മാതാവേ,**
**ഏറ്റം നിർമ്മലയായ മാതാവേ,**
**അത്യന്ത വിരക്തയായ മാതാവേ,**
**കളങ്കമറ്റ കന്യകയായ മാതാവേ,**
**കന്യാത്വത്തിനു ഭംഗം വരാത്ത മാതാവേ,**
**സ്നേഹത്തിന് ഏറ്റം യോഗ്യയായ മാതാവേ,**
**അത്ഭുതത്തിനു വിഷയമായ മാതാവേ,**
**സദുപദേശത്തിന്റെ മാതാവേ,**

## പരിശുദ്ധ മറിയമേ

വി.ബർണ്ണാർദ്ദ് പറയുന്നു: "ലോകസാഗരത്തിൽ കൊടുങ്കാറ്റുകളുടെ ഇടയിൽ ഞാൻ ഇളക്കിമറിക്കപ്പെട്ടു


www.malankaralibrary.com

കൊണ്ടിരിക്കുമ്പോൾ കല്ലോലമാലകൾ എന്നെ വിഴു ങ്ങാതിരിക്കാൻ മറിയമേ, ഞാൻ എന്റെ ദൃഷ്ടി അങ്ങ യുടെ നേർക്കു തിരിക്കുന്നു".

അവൾ പരിശുദ്ധയാണ്. അഹങ്കാരം, ഏഷണി, അതിമോഹം, അസൂയ എന്നീ തിരമാലകൾ നമ്മെ അല ട്ടുമ്പോൾ നമ്മുടെ ദൃഷ്ടി അവളിലേയ്ക്ക് തിരിയട്ടെ. കോപമോ അത്യാഗ്രഹമോ ജഡത്തിന്റെ ദുരാശയോ എന്റെ ആത്മാവാകുന്ന തോണിയെ ഇളക്കാൻ തുടങ്ങു മ്പോൾ നാം അവളെപ്പറ്റി ചിന്തിക്കണം. അവളെ വിളിച്ച പേക്ഷിച്ചാൽ നാം തുറമുഖത്തെത്തും. ബോധജ്ഞാനം എന്ന ഗ്രന്ഥത്തിൽ ഒരു വാക്യം ഉദ്ധരിച്ചിട്ടുണ്ട്. "മറിയം ഫലസമ്പുഷ്ടമായ ഒരു മുന്തിരിയാണ്. അതിൽ ഉണ്ടായ വിശിഷ്ടമായ ഫലമാണ് ഈശോ. സുന്ദരമായ സ്നേഹ ത്തിന്റെ അമ്മയാണ് മറിയം. അവിടുന്നിലാണ് മാർഗ്ഗ ത്തിന്റേയും സത്യത്തിന്റേയും പ്രസാദവരം, ജീവന്റേയും പുണ്യത്തിന്റേയും പ്രത്യാശ".

"പരി. മറിയത്തിന്റെ മഹത്വം പ്രസിദ്ധീകരിക്കാൻ തയ്യാറുള്ളഅല്മായർക്ക് പറുദീസ ഉറപ്പാണ്. മാലാഖ മാരുടെ ഈ രാജ്ഞിയെ ആദരിക്കുന്നവൻ നിത്യജീവൻ നേടിയെടുക്കും. ഇഹലോക ജീവിതത്തിൽ ഏറ്റവും ഉദാ രവതിയായവളെ ആദരിക്കുന്നവനെ പരലോകത്തിൽ അവിടുന്നും ആദരിക്കും. എന്റെ ആത്മാവേ സന്തോ ഷിക്കുക, ആർപ്പു വിളിക്കുക, പരി. മറിയത്തിൽ ആനന്ദിക്കുക. എന്തുകൊണ്ടന്നാൽ തന്നെ പ്രകീർത്തി ക്കുവർക്കായി അനേകം നല്ല കാര്യങ്ങൾ ഒരുക്കിവെ ച്ചിരിക്കുന്നു. വി. ഗ്രന്ഥം മുഴുവനും പരി. മറിയത്തിന്റെ പുകഴ്ച്ചകളെക്കുറിച്ച് സംസാരിക്കുന്നതിനാൽ അധര ങ്ങൾക്കൊണ്ടും ഹൃദയം കൊണ്ടും ദൈവമാതാവിനെ പ്രകീർത്തിക്കുക" (വി. ബൊനവെന്തൂരാ).

സീയെന്നായിലെ വി. കത്രീന പറയുന്നു: "ഓ മറി യമേ, പരിശുദ്ധ ത്രിത്വത്തിന്റെ ആലയമായ മറിയമേ, എളിമയുടെ പാത്രമായ മറിയമേ, അങ്ങ് നിത്യപിതാ വിനു സംപ്രീതയാണ്. തന്റെ സ്നേഹത്താൽ അങ്ങയെ അവിടുന്ന് വലിച്ചടുപ്പിച്ചു. അങ്ങയുടെ സ്നേഹം അങ്ങ


www.malankaralibrary.com

യുടെ വിനയത്തിന്റെ അഭിഷേകത്താൽ ദൈവസ്വഭാവം അങ്ങയിലേക്ക് ഇറങ്ങിവരുന്നതിന് ഇടയായി". വിശുദ്ധി എന്നതിന് ഹീബ്രുവിലെ മൂലാർത്ഥം വേർതിരിക്കപ്പെട്ടത് എന്നാണ്. മറിയം പാപക്കറയില്ലാതെ ഉദ്ഭവിച്ചു. എളിമ യുടെയും പരിശുദ്ധിയുടെയും നിറകുടമായ മറിയത്തോട് മൂലപാപങ്ങളിൽ
വീഴാതിരിക്കുവാനും, പുണ്യങ്ങളിൽ വളരുവാനുമുള്ള അപേക്ഷയാണ് നാമിവിടെ ചെയ്യുന്നത്. അതോടൊപ്പം അവൾ പരിശുദ്ധയാണെന്ന് നാം ഏറ്റുപറയുകയും ചെയ്യുന്നു. സാത്താന് ഒട്ടും സഹിക്കാനാവാത്തതാ ണിത്. "രേഖയോ ശബ്ദമോ കൂടാതെ ലേഖകനായ ദൈവത്തേയും വചനത്തെയും വായിക്കാവുന്ന ദൈവ ത്തിന്റെയും വചനത്തിന്റെയും സജീവവും പരിശുദ്ധവു മായ ഗ്രന്ഥമാണ് പരി. മറിയമെന്ന്" വി. ജെർമ്മാനൂസ് പ്രഖ്യാപിക്കുന്നു.

## ദൈവത്തിന്റെ പരി ശുദ്ധ ജനനീ

യേശു ദൈവമാണ്. യോഹന്നാൻ ശ്ലീഹാ പഠിപ്പി ക്കുന്നു: 'വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു. കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം. യോഹന്നാൻ അവനു സാക്ഷ്യം നൽകിക്കൊണ്ടു വിളി ച്ചുപറഞ്ഞു: ഇവനെപ്പറ്റിയാണു ഞാൻ പറഞ്ഞത്, എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയ വനാണ്; കാരണം, എനിക്കു മുമ്പുതന്നെ അവനു ണ്ടായിരുന്നു. അവന്റെ പൂർണതയിൽനിന്നു നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു. എന്തുകൊ ണ്ടെന്നാൽ, നിയമം മോശ വഴി നൽകപ്പെട്ടു; കൃപയും സത്യവുമാകട്ടെ, യേശുക്രിസ്തുവഴി ഉണ്ടായി' (യോഹ. 1:14-17). യേശു ദൈവമായതിനാൽ മറിയം യഥാർത്ഥ മായി ദൈവജനനി തന്നെ.


www.malankaralibrary.com

"ദൈവത്തിന്റെ അമ്മ നമ്മുടെയും അമ്മയാണ്. അവൾ നമ്മുടെ നന്മയ്ക്കായി യാചിക്കുകയും ചെയ്യുന്നു. അവൾ തന്റെ പുത്രനോട് മക്കൾക്കുവേണ്ടി യാചിക്കുന്നു. മകൻ അവളുടെ പ്രാർത്ഥന കേട്ട് തന്റെ രക്തത്താൽ മേചിക്കപ്പെട്ടവരെ അനുഗ്രഹിക്കുന്നു" (വി. ആൻസലേം). "കന്യകയായ ദൈവമാതാവിൽ നിന്ന് പരിപൂർണ്ണമായ ക്രിസ്തീയാനുകരണത്തിന്റെ ഏറ്റവും ആധികാരികമായ രൂപം സഭ ഉൾക്കൊള്ളുന്നു" (പോൾ ആറാമൻ മാർപാപ്പ). "അവിടുത്തേക്കുള്ളതെല്ലാം നമുക്കുള്ളതാണ്. അതുകൊണ്ടുതന്നെ ക്രിസ്തുവിന്റെ അമ്മ നമ്മുടെയും അമ്മ തന്നെയാണ്" (മാർട്ടിൻ ലൂഥർ).

## കന്യകകൾക്കു മകുടമായ നിർമ്മല കന്യകേ

നിർമ്മല കന്യക (Parthense agne) എന്നാണ് രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അൽബേർസീയൂസ് (Abercius) ന്റെ ലിഖിതത്തിൽ മറിയത്തെ അഭിസംബോധന ചെയ്തിരിക്കുന്നത്. അദ്ദേഹം ഇക്കോണിയം എന്ന രൂപതയുടെ മെത്രാനായിരുന്നു. നിത്യകന്യാത്വം നിമിത്തം മറിയം അതിനിർമ്മലയായ കന്യക എന്നു വിളിക്കപ്പെടുന്നു. മൂന്നു വയസ്സായിരിക്കവേ, ദൈവാലയത്തിൽ സമർപ്പിക്കപ്പെട്ടപ്പോൾ മറിയം നിത്യകന്യാത്വം നേർന്നുവെന്നാണു പാരമ്പര്യം ഘോഷിക്കുന്നത്. മാലാഖമാരുടെ രാജ്ഞിയും പറുദീസായിലെ കുസുമവുമായ ആ ചെറുബാലിക വെള്ളനിറത്തിലും നീലനിറത്തിലുമുള്ള വസ്ത്രങ്ങളണിഞ്ഞ്, തന്റെ കന്യാത്വത്തെ ദൈവത്തിനു പ്രതിഷ്ഠിക്കാൻ ആ ദൈവാലയത്തിന്റെ പടവുകൾ കയറി. ഇതിനുമുൻപ് ഇതുപോലുള്ള ഒരു സമർപ്പണം ആരും ചെയ്തിട്ടില്ല. അവളാണത് ആദ്യം നിർവ്വഹിച്ചത്. എന്നാൽ, അവൾക്കുശേഷം അവളെ അനുകരിച്ചുകൊണ്ട് ആയിരക്കണക്കിനു സ്ത്രീപുരുഷന്മാർ ഇപ്രകാരമുള്ള വ്രതത്താൽ തങ്ങളെത്തെ ദൈവത്തിനു പ്രതിഷ്ഠിക്കുന്നു. അതുകൊണ്ടാണ് കന്യകകളുടെ കന്യക,


www.malankaralibrary.com

അതിനിർമ്മല കന്യക എന്നു അവൾ വിളിക്കപ്പെടുന്നത്. "അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്"(മത്താ. 1:20). വി. മത്തായിയുടെയും, വി. ലൂക്കായുടെയും സുവിശേഷമനുസരിച്ച്, യേശു പിറന്നത് കന്യകയായ മറിയത്തിൽ നിന്നാണ് (മത്താ. 1:18-25; ലൂക്കാ 1:28-38; 2:1-7). ഏതാണ്ട് ക്രി.വ. 90-നും 95-നുമിടയ്ക്ക് എഴുതപ്പെട്ട ഈ സുവിശേഷങ്ങൾ പ്രചാരത്തിലായതോടെ യേശുവിന്റെ അമ്മയായ മറിയം കന്യകയാണെ ബോധ്യം ക്രൈസ്തവർക്കിടയിൽ രണ്ടാം നൂറ്റാണ്ടുമുതൽ ഉറച്ച വിശ്വാസമായിത്തീർന്നു. തർക്കമറ്റ ഒരു കാര്യമായിട്ടാണ് മറിയത്തിന്റെ കന്യകാത്വം സഭയുടെ ആരംഭം മുതൽ ക്രൈസ്തവർ കണക്കാക്കിയിരുത്. പരിശുദ്ധ കന്യക (The Blessed Virgin) എന്നാണ് മറിയത്തെ പലപ്പോഴും വിളിച്ചുകൊണ്ടിരുന്നതുതന്നെ. എന്നാൽ, പ്രോട്ടസ്റ്റന്റ് മതനവീകരണ കാലത്തോടെ ചിലർ മറിയത്തിന്റെ കന്യകാത്വത്തിൽ സംശയം പ്രകടിപ്പിച്ചുതുടങ്ങി. മറിയം നിത്യകന്യക എന്ന പദം ആദ്യമായി ഉപയോഗിച്ചത് വി. അത്തനാസിയോസാണ്. 553 ലെ രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് ഇത് ഔദ്യോഗികമായി പ്രഖ്യാപിച്ചു.

## *മിശിഹായുടെ മാതാവേ*

മിശിഹായുടെ അമ്മയായ മറിയത്തിന് സഭയിൽ അദ്വിതീയ സ്ഥാനമാണുള്ളത്. മിശിഹാ കഴിഞ്ഞാൽ സഭയിലെ ഏറ്റം ഉതവും സഭയോടു ബന്ധപ്പെട്ടതുമായ സ്ഥാനം അലങ്കരിക്കുന്ന ആളായാണ് വത്തിക്കാൻ കൗൺസിൽ പിതാക്കന്മാർ മറിയത്തെ വിശേഷിപ്പിച്ചത് (LG 54). "ക്രിസ്തുവിനെ രൂപീകരിച്ച പരിശുദ്ധ കന്യകയേക്കാൾ ഒരു ക്രിസ്ത്യാനിയെ രൂപീകരിക്കുവാൻ യോഗ്യയായവൾ വേറെ ആരുണ്ടെന്നാണ്" ഫുൾട്ടൺ ജെഷീൻ ചോദിക്കുന്നത്.

'കടലിൽ മുത്തുണ്ടാകുന്ന പ്രതിഭാസത്തെക്കുറിച്ചുണ്ടാക്കിയ ഒരു പുരാതന സങ്കല്പം ആധാരമാക്കി മറിയ


www.malankaralibrary.com

ത്തിൽനിന്ന് മിശിഹാ എന്ന മുത്തും, സഭയിലെ പരിശുദ്ധകുർബാന എന്ന മുത്തും ഉണ്ടാകുന്നതായി സുറിയാനി പിതാക്കന്മാർ വ്യാഖ്യാനിക്കുന്നുണ്ട്. ഈ സങ്കല്പമനുസരിച്ച് കടലിലെ മുത്തുച്ചിപ്പിയുടെമേൽ ഇടിമിന്നൽ പതിക്കുമ്പോഴാണ് മനോഹരവും, വിശേഷപ്പെട്ടതുമായ മുത്ത് രൂപപ്പെടുന്നത്. അഗ്നിയും ജലവും ഇവിടെ ഒരുമിച്ച് പ്രവർത്തിക്കുന്നു. ഇതുപോലെ പരിശുദ്ധാത്മാവിന്റെ അഗ്നി മറിയത്തിന്റെ ജലമായ ഉദരത്തിൽ വന്നിറങ്ങിയതിന്റെ ഫലമായി മിശിഹാ എന്ന മുത്ത് ഉണ്ടായി എന്ന് വി. അപ്രേം വിശ്വാസ ഗീതങ്ങളിൽ പാടുന്നു' (HFide 8185).

'പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ മറിയത്തെ എമ്മേ ദ്മശിഹാ - മിശിഹായുടെ അമ്മയെന്നാണ് വിളിച്ചിരുന്നത്. മനുഷ്യനായി അവതരിച്ച പുത്രന്റെ അമ്മ എന്ന അർത്ഥമാണ് ഇതിനുള്ളത്. ഗ്രീക്കിൽ തെയോത്തോക്കസ എന്ന പദം ഉപയോഗിക്കുമ്പോഴും പുത്രൻ തമ്പുരാന്റെ അമ്മ എന്നാണല്ലോ അർത്ഥമാക്കുന്നത്. വിശുദ്ധ ഗ്രന്ഥാധിഷ്ഠിതവും (ഈശോയുടെ അമ്മ: മത്താ 1:21; 2:11; 12:48; 50; മർക്കോ 3:33; ലൂക്കാ 2:48; 8:19-21; യോഹ 2:1, 3, 5, 12; 19:25-27) ആരെ വിവക്ഷിക്കുമേന്ന് വ്യക്തതയുള്ളതുമായ പദമാണിത്. കിഴക്കൻ റോമാ സാമ്രാജ്യത്തിലെ സഭയിലെ വിശ്വാസ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ അംഗീകരിച്ചുറപ്പിച്ച തെയോത്തോക്കസ എന്ന പദം പേർഷ്യാസാമ്രാജ്യത്തിലെ സുറിയാനി സഭയ്ക്ക് അജ്ഞാതമായിരുന്നിരിക്കണം. മേല്പറഞ്ഞ വിശ്വാസ പ്രതിസന്ധിയുടെ പശ്ചാത്തലമില്ലാതിരുന്ന ഈ സഭ മറിയത്തിന്റെ വിശുദ്ധ ഗ്രന്ഥാധിഷ്ഠിതമായ നാമങ്ങൾ ഉപയോഗിക്കുന്നത് തുടർന്നുപോന്നുവെന്നതാണ് വസ്തുത'. കടപ്പാട്: (മറിയവും പരിശുദ്ധ കുർബാനയും സഭാ പാരമ്പര്യങ്ങളിൽ - ഡോ. ജോസ് കൊച്ചുപറമ്പിൽ). മറിയം ദൈവമാതാവായതു കൊണ്ടാണ് അവൾ സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെട്ടത്. ദൈവവുമായുള്ള അഗാധമായ ഐക്യമാണ് ദൈവമാതൃത്വം പ്രകാശിപ്പിക്കുന്നത്.


www.malankaralibrary.com

## ദൈവവര പ്രസാദ

## ത്തിന്റെ മാതാവേ

"ദൈവവചനം മനുഷ്യനായി അവതരിക്കണമെ ദൈവപരിപാലന അനാദിയിൽ നിശ്ചയിച്ചപ്പോൾ പരിശുദ്ധ കന്യാമാതാവിനെ ദൈവമാതാവായി തിരഞ്ഞെടുത്തു. ദൈവപരിപാലനയുടെ ക്രമീകരണം വഴി അവൾ ലോകത്തിൽ ദിവ്യരക്ഷകന്റെ വത്സലമാതാവായും അതുല്യമാംവിധം ഉൽകൃഷ്ടയായ സഹപ്രവർത്തകയായും, കർത്താവിന്റെ എളിയ ദാസിയായും സേവനമനുഷ്ഠിച്ചു. അവൾ ക്രിസ്തുവിനെ ഗർഭംധരിച്ചു പ്രസവിക്കുകയും വളർത്തിക്കൊണ്ടുവരുകയും ചെയ്തു. ദൈവാലയത്തിൽവച്ചു പിതാവിന് അവിടുത്തെ കാഴ്ചവയ്ക്കുകയും, ക്രിസ്തു കുരിശിൽ കിടന്നു മരിച്ചപ്പോൾ, അവിടുത്തെ പീഡകളോടു സ്വയം യോജിപ്പിക്കുകയും ചെയ്തു. ഇങ്ങനെ ആത്മാക്കൾക്ക് അതിസ്വാഭാവിക ജീവൻ പ്രാപിച്ചുകൊടുക്കുവാനുള്ള രക്ഷകന്റെ ദൗത്യത്തിൽ അവൾ തന്റെ അനുസരണം, വിശ്വാസം, ശരണം, ഉജ്ജ്വലിക്കുന്ന ഉപവി എന്നിവ വഴി തികച്ചും അനിതരസാധാരണമായ രീതിയിൽ സഹകരിച്ചു. ഇതുകൊണ്ടാണ് പ്രസാദവര മണ്ഡലത്തിൽ അവൾ നമ്മുടെ മാതാവായിരിക്കുന്നത്" (രണ്ടാം വത്തിക്കാൻ. തിരുസ്സഭ, അദ്ധ്യായം: 8 - 6).

"ദൈവമാതാവാകുന്നതിന് അവൾ സമ്മതം നല്കിയതു മനുഷ്യവർഗ്ഗത്തിനു വേണ്ടിയാണ്. മനുഷ്യപരിത്രാണാർത്ഥം ക്രിസ്തു നമുക്കുവേണ്ടി എന്തെല്ലാം ചെയ്തോ അതിലെല്ലാം മറിയവും ക്രിയാത്മകമായി സഹകരിച്ചു. മനുഷ്യ പരിത്രാണം സാധിക്കാൻ ക്രിസ്തുവിന് ആരുടേയും സഹായമോ സഹകരണമോ ആവശ്യമായിരുന്നില്ലായെന്നതു വാസ്തവം തന്നെ. എങ്കിലും ക്രിസ്തുവിനെ ഗർഭം ധരിച്ച നിമിഷം മുതൽ അവിടുത്തെ മരണംവരെ പരിത്രാണ കർമ്മത്തിൽ മറിയം ക്രിസ്തുവിനോടു സഹകരിച്ചുവെന്നതു സത്യമത്രെ. മറിയം രക്ഷകനെ ഗർഭംധരിച്ചു, പ്രസവിച്ചുവള


www.malankaralibrary.com

ർത്തി. ദേവാലയത്തിൽവച്ചും കുരിശിൻ ചുവട്ടിൽവച്ചും അവിടുത്തെ ദൈവത്തിനു കാഴ്ച സമർപ്പിച്ചു. ഈ പ്രവൃത്തികളൊക്കെയും ആത്മാക്കൾക്ക് അതിസ്വാഭാവിക ജീവൻ പ്രദാനം ചെയ്യാനുള്ള ഉത്പത്തി സ്ഥാനങ്ങളായിരുന്നു. ഇവയിൽ സമ്പൂർണ്ണമായി സഹകരിച്ചതു മൂലം, മറിയം ആത്മാക്കളുടെ അതിസ്വാഭാവിക ജീവന്റെ-പ്രസാദവരത്തിന്റെ-അമ്മയായിത്തീർന്നു" (LG 62).

"മദ്ധ്യസ്ഥൻ കഴിഞ്ഞാൽ, ലോകം മുഴുവന്റെയും മദ്ധ്യസ്ഥ മറിയമാണ്" എന്നാണല്ലോ വേദപാരംഗതനും സഭാപിതാവുമായ വി. എഫ്രേമിന്റെ സാക്ഷ്യം. കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയാർക്കീസ് ജർമാനൂസ് പ്രസ്താവിക്കുന്നത് (AD. 733) മറിയത്തിലൂടെയല്ലാതെ യാതൊരുവനും രക്ഷപെടുന്നതിനോ, ഏതെങ്കിലും പ്രസാദവരം പ്രാപിക്കുന്നതിനോ സാധിക്കയില്ലെന്നാണ്. മറിയത്തിന്റെ കരങ്ങളിലൂടെയല്ലാതെ യാതൊരു നന്മയും നമുക്കു ലഭിക്കാൻ പാടില്ലെന്നും ദൈവം നിശ്ചയിച്ചുവെത്രേ വി. ബർണ്ണാർഡ് (AD1153) പഠിപ്പിക്കുന്നത്.

അലക്സാഡ്രിയായിലെ വി. സിറിൽ എഫേസൂസ് സൂനഹദോസിൽ ചെയ്ത പ്രസംഗം ശ്രദ്ധേയമാണ്. ലോകത്തിന്റെ മുഴുവൻ അനുഗ്രഹ ഭണ്ഡാരമായി വണങ്ങപ്പെടേണ്ട പ്രസാദവരപൂർണ്ണയായ ദൈവമാതാവേ, അവിടുന്ന് ഒരിക്കലും അണയാത്ത നിത്യദീപമാണ്. കന്യാത്വത്തിന്റെ മണിമകുടമാണ്. സത്യവിശ്വാസത്തിന്റെ സംരക്ഷകയാണ്. അവിടുന്ന് വഴി പരി.ത്രിത്വം ആരാധിക്കപ്പെടുകയും മഹത്വപ്പെടുകയും ചെയ്യുന്നു. ലോകം മുഴുവൻ കുരിശ് ആദരിക്കപ്പെടുന്നു... അന്ധകാരത്തിലും മരണഭീതിയിലും സ്ഥിതിചെയ്യുന്നവരെ ദൈവത്തിന്റെ ഏകജാതൻ പ്രകാശിപ്പിക്കുന്നത് കന്യകാമറിയം വഴിയാണ്... നമ്മുടെ അനുദിന ജീവിതത്തിൽ ആദ്ധ്യാത്മികവും ഭൗതീകവുമായ നിരവധി ആവശ്യങ്ങൾ ഉണ്ടാകും. അവയിലെല്ലാം പുത്രസഹജമായ സ്നേഹത്തോടെ മരിയാംബികയെ സമീപിച്ചാൽ അവൾ നമ്മെ പരിത്യജിക്കുകയില്ല.


www.malankaralibrary.com

വി. അപ്രേമിന്റെ ഒരു പ്രാർത്ഥനയിൽ പരിശുദ്ധ മറിയത്തെ 'എല്ലാ നന്മകളുടെയും വിതരണക്കാരി' എന്ന് വിളിച്ച് പ്രാർത്ഥിക്കുന്നുണ്ട്. സഭാമല്പാനായ വി. ബർണ്ണാർദ്ദ് പഠിപ്പിക്കുന്നതനുസരിച്ച്, പരിശുദ്ധ മറിയത്തിന്റെ കരങ്ങളിലൂടെ മാത്രമേ ദൈവാനുഗ്രഹങ്ങൾ നമുക്കു ലഭിക്കൂയെന്നത് ദൈവതിരുമനസ്സാണ് ("God has willed that we should have nothing which would not pass through the hands of Mary " cited in J.Carol, Vol. II, p.44). സിക്സ്റ്റസ് നാലാമൻ മാർപാപ്പ (1471-1484) പരിശുദ്ധ മറിയം, എല്ലാ ദൈവാനുഗ്രഹങ്ങളുടെയും നീർച്ചാലാണെന്ന് പഠിപ്പിച്ചു. പീയൂസ് ഏഴാമൻ മാർപാപ്പ (1800-1823) പരിശുദ്ധ മറിയത്തെ എല്ലാ വരപ്രസാദങ്ങളുടെയും വിതരണക്കാരി (Dispensatrix of all Graces) എന്നു വിളിക്കുകയുണ്ടായി. ഈ അർത്ഥത്തിൽ തന്നെയാണ് പരിശുദ്ധ മറിയത്തെ പ്രസാദവര മദ്ധ്യസ്ഥ (Mediatric of all Graces) എന്നും വിളിക്കുന്നത്. ലിയോ പതിമൂന്നാമൻ പാപ്പാ (1878-1903) കൊന്തയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ തിരുവെഴുത്തിൽ, ദൈവം, മറിയത്തെ സകല അനുഗ്രഹങ്ങളുടെയും വിതരണക്കാരിയായി തിരഞ്ഞെടുത്തുവെന്ന് ഔദ്യോഗികമായി പഠിപ്പിച്ചു (J. Carol, vol 2, P.430435). "ദിവ്യനാഥൻ തന്റെ തിരുരക്തത്താലും മരണത്താലും സമാർജ്ജിച്ച പ്രസാദവരങ്ങളുടെയും വിതരണക്കാരിയാണ് പരി. കന്യകാമറിയമെന്ന് വി. പത്താം പീയൂസ് പറയുന്നു".

1917-ൽ ബെനഡിക്റ്റ് 15-ാമൻ മാർപാപ്പ മറിയം പ്രസാദവരനാഥയാണെന്ന് പ്രഖ്യാപിക്കുകയും തിരുനാൾ ആഘോഷത്തിന് തുടക്കം കുറിക്കുകയും ചെയ്തു.

## ഏറ്റം നിർമ്മലയായ മാതാവേ

സെമറ്റിക് പാരമ്പര്യപ്രകാരം കന്യകാത്വം ദേവതകളുടെ വിശേഷതയാണ്. എന്നാൽ അതിനപ്പുറത്ത്, സ്വർഗ്ഗരാജ്യത്തെ പ്രതിയുള്ള കന്യകാത്വം വളരെ ശ്രേഷ്ഠ


www.malankaralibrary.com

മാണെന്ന് യേശു പഠിപ്പിച്ചു. യേശു പറഞ്ഞു: "കൃപ ലഭിച്ചവരല്ലാതെ മറ്റാരും ഈ ഉപദേശം ഗ്രഹിക്കുന്നില്ല. എന്തെന്നാൽ ഷണ്ഡരായി ജനിക്കുന്നവരുണ്ട്; മനുഷ്യരാൽ ഷണ്ഡരാക്കപ്പെടുന്നവരുണ്ട്; സ്വർഗ്ഗരാജ്യത്തെ പ്രതി തങ്ങളെത്തെ ഷണ്ഡരാക്കുന്നവരുണ്ട്. ഗ്രഹിക്കാൻ കഴിവുള്ളവൻ ഗ്രഹിക്കട്ടെ (മത്താ. 19:11,12). വി. പൗലോസ് ശ്ലീഹായും ഇതിന് ഊന്നൽ നൽകുന്നുണ്ട് (1 കൊറി. 7:1-8). കന്യകാത്വം വഴി യേശുവുമായി ഒരു പ്രത്യേക ബന്ധം സ്ഥാപിക്കുന്നു. ഇപ്രകാരമുള്ള ജീവിതം ശ്രേഷ്ഠമായ ഒരു ജീവിതശൈലിയായി ആദിമസമൂഹം കരുതി. പലരും മറിയത്തെ അനുകരിച്ചു. അങ്ങനെ അവൾ കന്യകകളിൽ ഏറ്റവും നിർമ്മല കന്യകയായി മാറി. മറിയം നിത്യകന്യക ആയിരുവ്വെ സഭാപാരമ്പര്യം വിശ്വസിച്ചുപോന്നു.

സിറിയായിലെ വിശുദ്ധ എഫ്രേം പറയുന്നു: 'അമലയും, നിർമ്മലയുമായ പരിശുദ്ധ കന്യകയേ, പ്രപഞ്ചത്തിന്റെ മുഴുവൻ ശക്തിയായ കർത്താവ്, അങ്ങയുടെ തിരുസുതനും അങ്ങ് അവിടുത്തെ പവിത്രയായ അമ്മയുമാണല്ലോ. നീ പരിശുദ്ധയും പാപരഹിതയുമാകുന്നു. പാപികളുടെയും നിരാശരുടെയും പ്രത്യാശയാകുന്നു. ഞങ്ങൾ അങ്ങയുടെ സ്തുതി പാടുന്നു. സർവ്വനന്മകളുടെയും നിറകുടമെന്ന് ഞങ്ങൾ അങ്ങയെ പ്രകീർത്തിക്കുന്നു. കാരണം, ദൈവകുമാരനെത്തന്നെ അങ്ങ് സംവഹിച്ചു. ഞങ്ങൾ അങ്ങയെ വണങ്ങുന്നു. അങ്ങയുടെ നാമം വിളിച്ചപേക്ഷിക്കുന്നു. അങ്ങയുടെ സഹായത്തിനായി യാചിക്കുന്നു.'

1981 ജൂൺ 24 മുതൽ മെഡ്ജുഗോറിയായിൽ ആറു കുട്ടികൾക്ക് പരി. അമ്മ പ്രത്യക്ഷപ്പെട്ടു. മൂന്നാം ദിവസത്തെ കൂടിക്കാഴ്ച്ച അരമണിക്കൂറോളം നീണ്ടുനിന്നു. ആഗത ആരാണെന്ന കുട്ടികളുടെ ചോദ്യത്തിനുള്ള ഉത്തരം ഇതായിരുന്നു: 'ഞാൻ പരിശുദ്ധ കന്യകാ' മറിയമാണ്... ജനങ്ങളെ മാനസാന്തരപ്പെടുത്തുക, അനുരഞ്ജിപ്പിക്കുക സമാധാനം, മനപരിവർത്തനം, പ്രാർത്ഥന,


www.malankaralibrary.com

പ്രായശ്ചിത്തം എന്നിവക്കായി ഏവരേയും ആഹ്വാനം ചെയ്യുക... എതാണ് എന്റെ ആഗമനോദ്ദേശം.

## അത്യന്ത വിരക്തയായ മാതാവേ

"തന്റെ പുത്രന്റെ അമ്മയായിരിക്കുവാൻ ദൈവം ഹവ്വായുടെ സന്താനപരമ്പരയിൽനിന്നു കന്യകാമറിയത്തെ തെരഞ്ഞെടുത്തു. "ദൈവകൃപ നിറഞ്ഞവളായ" അവൾ, രക്ഷാകർമ്മത്തിന്റെ അത്യുത്തമ ഫലമാണ് (SC103). ഉത്ഭവത്തിന്റെ ആദ്യനിമിഷംമുതൽ മറിയം ഉത്ഭവ പാപമാലിന്യത്തിൽ നിന്നു പരിപൂർണ്ണ വിമുക്തയായി പരിരക്ഷിക്കപ്പെട്ടു. ജീവിതകാലം മുഴുവൻ വ്യക്തിപരമായ എല്ലാ പാപങ്ങളിൽനിന്നും അവൾ വിമുക്തയായിരുന്നു" (CCC: ഖണ്ഡിക - 2. 508: സംഗ്രഹം).

"ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതൽ, അതുല്യവിശുദ്ധിയുടെ തേജസ്സിനാൽ പ്രശോഭിതയായ കന്യകാമറിയത്തിന് ആ വിശുദ്ധി മുഴുവൻ സിദ്ധിച്ചതു ക്രിസ്തുവിൽ നിന്നാണ്. സ്വപുത്രന്റെ യോഗ്യതകളെ മുൻനിറുത്തി, കൂടുതൽ ഉന്നതമായ രീതിയിൽ രക്ഷിക്കപ്പെട്ടവളാണ് അവൾ. സൃഷ്ടിക്കപ്പെട്ട മറ്റേതൊരു വ്യക്തിയെക്കാളുമധികമായി മറിയത്തെ പിതാവു ക്രിസ്തുവിൽ സ്വർഗ്ഗീയമായ എല്ലാ അനുഗ്രഹങ്ങളും കൊണ്ട് ആശീർവദിച്ചു. തന്റെ മുമ്പിൽ സ്നേഹത്തിൽ പരിശുദ്ധയും നിഷ്കളങ്കയുമായിരിക്കുവാൻ ലോകസ്ഥാപനത്തിനു മുമ്പേ മറിയത്തെ ദൈവം ക്രിസ്തുവിൽ തെരഞ്ഞെടുത്തു. പൗരസ്ത്യ സഭാപിതാക്കന്മാർ മറിയത്തെ സർവ്വവിശുദ്ധ (panagia) എന്നു വിളിക്കുന്നു; കൂടാതെ, പാപ സ്പർശമേൽക്കാത്തവൾ, പരിശുദ്ധാത്മാവിനാൽ പ്രത്യേകം രൂപപ്പെടുത്തിയാലെന്നവണ്ണം തികച്ചും നൂതന സൃഷ്ടിയായവൾ എന്നിങ്ങനെ മറിയത്തെ പ്രകീർത്തിക്കുകയും ചെയ്യുന്നു. ദൈവകൃപയാൽ മറിയം തന്റെ ജീവിതകാലം മുഴുവൻ വ്യക്തിപരമായ എല്ലാ പാപങ്ങളിൽ നിന്നും വിമുക്തയായിരുന്നു" (CCC 492, 493).


www.malankaralibrary.com

മറിയത്തിന്റെ നിത്യകന്യകാത്വം ലൈംഗീകത യെയോ, വിവാഹത്തെയോ ഒരിക്കലും അവൾ വില യിടിച്ചു കണ്ടതുകൊണ്ടല്ല. പിന്നെയെന്തുകൊണ്ടാണ് മറിയം നിത്യകന്യകയായി ജീവിച്ചത്? എന്തുകൊണ്ടാണ് സഭ അതിനെ ഒരു വിശ്വാസസത്യമായി പരിഗണി ക്കുന്നത്? യേശുവിന്റെ ജനനത്തിനുശേഷവും നിത്യക ന്യകയായി മറിയം ജീവിച്ചത് രക്ഷാകര ചരിത്രത്തിൽ ദൈവം തനിക്കുത ദൗത്യത്തോടു പൂർണ്ണവിശ്വസ്തത പുലർത്തുന്നതിനും യേശുവിന്റെ ശുശ്രൂഷയ്ക്കായി സ്വയം സമ്പൂർണ്ണമായി സമർപ്പിക്കുന്നതിനും വേണ്ടി യായിരുന്നു.

## കളങ്കമറ്റ കന്യകയായ മാതാവേ

മറിയത്തിന്റെ കന്യകാമാതൃത്വത്തിലുള്ള വിശ്വാ സത്തിന്റെ ആഴം വർദ്ധിച്ചതോടെ, അവളുടെ യഥാ ർത്ഥവും നിത്യവുമായ കന്യാത്വം - മനുഷ്യനായി ത്തീർ ദൈവപുത്രനെ പ്രസവിക്കു അവസരത്തിൽ പ്പോലുമുള്ള കന്യാത്വം - പ്രഘോഷിക്കുവാൻ സഭ പ്രേരിപ്പിക്കപ്പെട്ടു. വാസ്തവം പറഞ്ഞാൽ മിശിഹാ യുടെ ജനനം, അവിടുത്തെ അമ്മയുടെ കന്യാത്വത്തിന്റെ സമഗ്രതയ്ക്ക് ഒരു വിധത്തിലും മങ്ങലേൽപ്പിക്കാതെ, പകരം അതിനെ പവിത്രീകരിക്കുകയാണ് ചെയ്തത്. അങ്ങനെ സഭയുടെ ആരാധനാക്രമം, മറിയത്തെ "നിത്യകന്യക" (Aeiparthenos) എന്നു പ്രകീർത്തിക്കുന്നു.

യേശുവിന്റെ സഹോദരീ സഹോദരന്മാരേക്കുറിച്ച് ബൈബിൾ പരാമർശിക്കുന്നുണ്ടെന്ന ആക്ഷേപം ഈ വിശ്വാസ പ്രബോധനത്തിനെതിരായി ചിലപ്പോൾ ഉയ രാറുണ്ട്. ഈ ബൈബിൾ വിവരണങ്ങൾ കന്യകാമാതാ വിന്റെ മറ്റുമക്കളെപ്പറ്റി പരാമർശിക്കുന്നതല്ല എന്നാണ് സഭ എല്ലായ്പ്പോഴും മനസ്സിലാക്കിയിട്ടുള്ളത്. "യേശു വിന്റെ സഹോദരന്മാർ" ആയ യാക്കോബും, ജോസഫും വാസ്തവത്തിൽ ക്രിസ്തുവിന്റെ ശിഷ്യയായ മറ്റൊരു


www.malankaralibrary.com

മറിയത്തിന്റെ മക്കളാണ്. ഈ മറിയത്തെയാണു മത്തായി സുവിശേഷകൻ അർത്ഥപൂർണ്ണമായി, "മറ്റേ മറിയം" എന്നു വിശേഷിപ്പിക്കുന്നത്. പഴയനിയമ ശൈലി യിൽ, അവർ അടുത്ത ബന്ധുക്കളാണ് (CCC: 499500).

"മറിയം പുത്രനെ ഗർഭം ധരിച്ചപ്പോഴും പ്രസവിച്ച പ്പോഴും സംവഹിച്ചപ്പോഴും പാലൂട്ടി വളർത്തിയപ്പോഴും നിത്യകന്യകയായി തുടർന്നു (St. Augustine, Serm. 186, 1:PL 38, 999). തന്റെ ഉൺമ മുഴുവനോടുംകൂടെ അവൾ കർത്താവിന്റെ ദാസിയാണ്" (ലൂക്കാ. 1:38). (CCC: ഖണ്ഡിക - 2. 510: സംഗ്രഹം). ക്ലെമന്റിന്റെ ശിഷ്യനായിരു ഒരിജൻ (186-253) തന്റെ പഠനങ്ങളിലൂടെ മറിയം കള ങ്കമറ്റവളാണെന്ന് ശക്തമായി വാദിക്കുന്നു. വി. ബ്രിജി ത്തയുടെ വാക്കുകളിൽ: "ദൈവപുത്രൻ പാപരഹിതനാ യിരിക്കാൻവേണ്ടി മറിയം പാപരഹിതയായി സൃഷ്ടിക്ക പ്പെട്ടു. ദൈവം തനിക്ക് വസിക്കാൻ ഏറ്റവും വിശുദ്ധമായ ശരീരം സ്വീകരിച്ചു".

## കന്യാത്വത്തിന് ഭംഗം
## വരാത്ത മാതാവേ

A.D.533 ൽ ചേർന്ന രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് മറിയം നിത്യകന്യകയാണെന്ന വിശ്വാ സത്തെ ഔദ്യോഗികമായി പഠിപ്പിച്ചു. A.D. 649 ലെ ലാറ്റ റൺ കൗൺസിലിൽ വെച്ച് വി. മാർട്ടിൻ ഒന്നാമൻ മാർ പാപ്പ മറിയത്തിന്റെ നിത്യകന്യകാത്വം ഒരു വിശ്വാസസ ത്യമായി പ്രഖ്യാപിച്ചു. വേദപുസ്തകവും ഇതിന് തെളിവു നൽകുന്നു. ബൈബിളിൽ ഇപ്രകാരം നാം കാണുന്നു: "കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും"(മത്താ. 1:22).

"ആറാം മാസം ഗബ്രിയേൽ ദൂതൻ ഗലീലിയിൽ നസറത്ത് എന്ന പട്ടണത്തിൽ ദാവീദിന്റെ വംശത്തിൽ പ്പെട്ട ജോസഫ് എന്ന് പേരായ പുരുഷനുമായി വിവാ ഹനിശ്ചയം ചെയ്തിരുന്ന കന്യകയുടെ അടുത്തേക്ക് ദൈവത്താൽ അയയ്ക്കപ്പെട്ടു. അവളുടെ പേര് മറിയം


www.malankaralibrary.com

എന്നായിരുന്നു" (ലൂക്കാ 1:26,27). അവൾ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ് (മത്താ. 1:20) തുടങ്ങിയ വചനങ്ങൾ അവളുടെ കന്യാത്വത്തിന് ഉറപ്പ് നൽകുന്നു.

മറിയം പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്ന് വിശ്വസിക്കുന്ന ഒരുവന് അവളുടെ പ്രസവത്തെക്കുറിച്ചും അത്ഭുതപ്പെടേണ്ടിവരില്ല. അത് ദൈവത്തിന്റെ പ്രവൃത്തിയാണ്. പ്രസവസമയത്ത് അവളുടെ കന്യാചർമ്മം ഭേദിക്കപ്പെടാതെ സ്വാഭാവിക രീതിയിൽത്തെ പ്രസവിച്ചു എന്നാണ് പല സഭാപിതാക്കന്മാരും രേഖപ്പെടുത്തിയിരിക്കുന്നത്. അതിനാൽ മറിയം കന്യകയായിരുന്നുവെന്നും യേശുവിനെ പ്രസവിച്ചതിനു ശേഷം നിത്യ കന്യകയാണെും കത്തോലിക്കാസഭ പഠിപ്പിക്കുന്നു.

## സ്നേഹത്തിന് ഏറ്റം യോഗ്യയായ മാതാവേ

യേശു തന്റെ അമ്മയും താൻ സ്നേഹിച്ചിരുന്ന ശിഷ്യനും നിൽക്കുന്നതുകണ്ട് അമ്മയോടു പറഞ്ഞു: സ്ത്രീയേ ഇതാ നിന്റെ മകൻ. അനന്തരം അവൻ ശിഷ്യനോട് പറഞ്ഞു; ഇതാ നിന്റെ അമ്മ (യോഹ. 19: 26,27). ഈ സംഭവം ഒരു വെളിപാടിന്റെ വേദിയാകുകയായിരുന്നു. യേശു തന്റെ ഇഹലോക ജീവിതത്തിന്റെ അവസാനം തന്റെ അമ്മയേയും, താൻ സ്നേഹിച്ച ശിഷ്യനേയും അഭിസംബോധന ചെയ്തപ്പോൾ ക്രൂശിതനായ മിശിഹാ; മറിയവും-ക്രൈസ്തവരും തമ്മിൽ ഒരു പുതിയ സ്നേഹബന്ധം സ്ഥാപിക്കുകയായിരുന്നു. സഭാപിതാക്കന്മാരുടെയും, ബൈബിൾ പണ്ഡിതന്മാരുടെയും വ്യാഖ്യാന പ്രകാരം രക്ഷാകര പദ്ധതിയിൽ മറിയത്തിനുള്ള പങ്ക് മനസ്സിലാക്കി തരുന്നതിനുള്ള ഏറ്റവും സുപ്രധാനമായ ദൈവിക സംഭവമായി ഇതിനെ കാണുന്നു. മേൽ പ്രഖ്യാപിക്കപ്പെട്ട വചനങ്ങളിലൂടെ യേശു മറിയത്തിന് ഒരു പുതിയ ദൗത്യം ഏല്പിച്ചുകൊടുക്കുകയും അവളും-എല്ലാ ശിഷ്യരും തമ്മിൽ ഒരു പ്രത്യേക സ്നേഹ


www.malankaralibrary.com

ബന്ധം സ്ഥാപിക്കുകയും ചെയ്തു. അങ്ങനെ ക്രിസ്തു ശിഷ്യരായ നമുക്കും അവൾ സ്നേഹത്തിന് ഏറ്റം യോഗ്യയായി മാറി.

## അത്ഭുതത്തിന് വിഷ യമായ മാതാവേ

രക്ഷകന്റെ ജനനത്തെപ്പറ്റി ദൂതൻ ഇടയന്മാരെ അറിയിച്ചു. അവർ പറഞ്ഞു: നമുക്ക് ബേത്ലെഹേം വരെ പോകാം. കർത്താവ്
നമ്മെ അറിയിച്ച ഈ സംഭവം നമുക്ക് കാണാം (ലൂക്കാ. 2:15). അവർ ബേത്ലെഹേമിലെത്തി, 'ദൈവമാതാവ് സന്തോഷത്തോടെ
അവളുടെ ആദ്യജാതനെ കാണിച്ചുകൊടുത്തു' (തിരുസഭ. 57). ശിശുവിനെക്കുറിച്ച് തങ്ങളോട് പറയപ്പെട്ട കാര്യങ്ങൾക്ക് പ്രചാരം നൽകാൻ ഇടയന്മാർക്ക് പ്രേരണ ഉണ്ടായി. എന്നാൽ ഈ സംഭവത്തെപ്പറ്റി ലൂക്കാ പറയുന്നു: മറിയം ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു (ലൂക്കാ. 2:19). ഇടയന്മാർ ഭയത്തിൽ നിന്ന് സന്തോഷത്തിലേക്ക് പ്രവേശിച്ചപ്പോൾ പരിശുദ്ധ മറിയം അവളുടെ പുത്രനെ സംബന്ധിച്ച ഈ സംഭവങ്ങളുടെ ഓർമ്മ വിശ്വാസപൂർവ്വം ഹൃദയത്തിൽ സംഗ്രഹിച്ച്, അത് ധ്യാനിച്ച് അതിന്റെ അർത്ഥം ആഴത്തിൽ ഉൾക്കൊണ്ടു. അങ്ങനെയവൾ അത്ഭുതത്തിന് വിഷയമായി. ഇപ്രകാരം രക്ഷാകര വിശ്വാസം ആഴത്തിൽ മനസ്സിലാക്കി എല്ലാ യുഗങ്ങളിലുമുള്ള ജനത്തോട് പ്രഘോഷിക്കണമെന്ന് അവൾ നിർദ്ദേശിക്കുന്നു.

## സദുപദേശത്തിന്റെ മാതാവേ

പ്രശ്ന സങ്കീർണതകൊണ്ട് നിറഞ്ഞതാണ് ഈ ലോകം. അതിന് പരിഹാരം തേടി മനുഷ്യൻ ഓടുകയാണ്. നേർവഴി കാട്ടാൻ ആളില്ലാത്തതിനാൽ മനുഷ്യകുലം ഇന്ന് ഭയവിഹ്വലമാണ്. മറിയം അതിന് വ്യക്തമായ പരി


www.malankaralibrary.com

ഹാരം നിർദ്ദേശിക്കുന്നുണ്ട്. കാനായിലെ കല്യാണത്തിൽ അത് നമുക്ക് വ്യക്തമായി കാണാം. മറിയം പറഞ്ഞു: "അവൻ പറയുന്നതുപോലെ ചെയ്യുവിൻ" (യോഹ. 2:5). ഈശോയുടെ മരണശേഷവും, ഉത്ഥാനത്തിനുശേഷവും ഉത്കണ്ഠാകുലരായവർക്ക് മറിയം മാർഗ്ഗ നിർദ്ദേശം നൽകുന്നുണ്ട്.

നിസംഗതരായി നിൽക്കുന്നവർ, പീഡിപ്പിക്കപ്പെട്ട വർ, ഉറകെട്ടുപോയവർ, സംശയഗ്രസ്തർ, പ്രതിസന്ധിക ളിൽപ്പെട്ടു പോയവർ, ചിതറിക്കപ്പെട്ടവർ, ഭയപ്പെട്ടുപോയ വർ... ഇവർക്കെല്ലാം മറിയം സദുപദേശകയാണ്. വിശ്വാ സത്തിന് ഭംഗം തട്ടുന്ന അവസരങ്ങളിലെല്ലാം ഇന്നും മറിയം സദുപദേശകയെപ്പോലെ ഇറങ്ങിവരുന്നു. അവൾ നമ്മെ യേശുവിലേക്ക് നയിക്കും, ആത്മാഭിഷേകം വിളി ച്ചുവരുത്തും. ആത്മാഭിഷേകം ഉണ്ടാകുന്നത് മറിയം വിസ്മയനീയ ഉപദേഷ്ടാവെന്ന നിലയിൽ വർത്തിച്ചതു കൊണ്ടാണ്.

## നാലാം ഗണം

*ഈ ഗണത്തിൽ രണ്ട് പ്രാർത്ഥനകളാണ് ഉള്ളത്.*

**സ്രഷ്ടാവിന്റെ മാതാവേ,**

**രക്ഷകന്റെ മാതാവേ,**

അതു രണ്ടും അവളുടെ മാതൃമഹിമയെ പ്രകീർത്തിക്കു ന്നതാണ്.

### *സ്രഷ്ടാവിന്റെ മാതാവേ*

"പ്രപഞ്ചം മുഴുവൻ നിറഞ്ഞിരിക്കുന്നവൻ കന്യക യുടെ ഉദരത്തിൽ കൂടാരമടിച്ചിരിക്കുന്നു. ഏറ്റവും ദരി ദ്രയായ യുവതി ഏറ്റവും സമ്പന്നയായി. ഒരു യുവതി ലോക സൃഷ്ടാവിന്റെ മാതാവ്, അതോടൊപ്പം മനു ഷ്യരാശി മുഴുവന്റെയും. രാജാവിന്റെ സിംഹാസനത്തെ ക്കാൾ എത്രയോ മഹനീയമാണ് അങ്ങയുടെ മാതൃപദമ ലങ്കരിക്കുക" (വി. അപ്രേം).

പതിനൊന്നാം പീയൂസ് മാർപാപ്പ ഇപ്രകാരം രേഖ പ്പെടുത്തിയിരിക്കുന്നു: "നമ്മുടെ അമ്മമാർ നമ്മുടെ ശരീ


www.malankaralibrary.com

രങ്ങളുടെയോ മനുഷ്യപ്രകൃതിയുടെയോ മാത്രം അമ്മ മാരല്ല. മനുഷ്യവ്യക്തികളായ നമ്മുടെ അമ്മമാരാണ്. നമ്മുടെ ആത്മാക്കളെ ദൈവം നേരിട്ട് സൃഷ്ടിക്കുന്നു വെന്നാണല്ലോ നമ്മുടെ വിശ്വാസം. നമ്മുടെ ആത്മാ ക്കളെ ദൈവം നേരിട്ട് സൃഷ്ടിക്കുന്നുവെന്ന കാരണ ത്താൽ നാം ആരും നമ്മുടെ അമ്മമാരെ ശരീരത്തിന്റെ മാത്രം ജനയത്രികളായി കണക്കാക്കുന്നില്ല. ദൈവമാതാ വിന്റെ കാര്യത്തിലും ഇങ്ങനെ തന്നെയാണ് നാം മനസ്സി ലാക്കേണ്ടത്. മറിയത്തിന്റെ പുത്രൻ ദൈവമാണെങ്കിൽ അവൾ ദൈവത്തിന്റെ മാതാവാണ്".

മാർട്ടിൻ ലൂഥർ പറയുന്നു: "മറിയം ദൈവത്തിന്റെ അമ്മയാണെന്ന വസ്തുത സൂനഹദോസിന്റെ പുതിയ സൃഷ്ടിയല്ല. പ്രത്യുത, വിശുദ്ധ ഗ്രന്ഥത്തിൽ അടിസ്ഥാ നമായിട്ടുള്ളതും സഭയുടെ ആരംഭം മുതൽ വിശ്വസിച്ചു പോന്നിരുന്നതുമായ ഒരു സത്യമാണ്". കാൽവിൻ ഇപ്ര കാരം എഴുതിവെച്ചു: "ദൈവത്തിന്റെ അമ്മയായി മറി യത്തെ ദൈവം തിരഞ്ഞെടുത്തത് ദൈവം മറിയത്തെ എത്ര ഔന്നത്യപൂർവ്വം കാണുന്നുവെന്നതിന്റെ തെളി വാണ്". യേശു മുഖേന മാനവഗണത്തിനു കൈവന്ന നേട്ടങ്ങൾ അനുസ്മരിക്കുമ്പോൾ തന്നെ സംബന്ധി ക്കുന്ന ദൈവിക കാഴ്ച്ചപ്പാട് നാം മറന്നുകൂടാത്ത താകുന്നു. നിരീശ്വര തത്ത്വജ്ഞാനിയായിരുന്ന ലുഡ് വിഗ് ഫോയർബാക്ക് (1804-72) പറഞ്ഞത് ഇപ്രകാര മാണ്: "ദൈവമാതാവിലുള്ള വിശ്വാസം ക്ഷയിക്കുമ്പോൾ അതേപോലെ തന്നെ ദൈവപുത്രനിലും പിതാവിലു മുള്ള വിശ്വാസവും നശിക്കും". വി. അംബ്രോസ് എഴുതി "ദൈവമാതാവ് സ്വർഗ്ഗത്തിലേക്കുള്ള ഗോവണിയാണ്. ഗോവണി വഴി ദൈവം ഇറങ്ങി വന്നത് മനുഷ്യർ മറിയം വഴി സ്വർഗ്ഗത്തിലേക്ക് കയറിപ്പോകുവാനാണ്".

എ.ഡി. 431-ലെ ഓമത്തെ എഫേസൂസ് കൗൺ സിലിൽ വച്ച് യേശുവിന്റെ ദൈവത്വം സ്ഥിരീകരിക്കു വാൻവേണ്ടി വിശുദ്ധ ഡമാസ്ക്കസ് മാർപാപ്പ മറിയം ദൈവമാതാവാണെന്ന വിശ്വാസ സത്യം ഔദ്യോഗിക മായി പ്രഖ്യാപിച്ചു. ദൈവം യേശുവിൽ മനുഷ്യനായി


www.malankaralibrary.com

അവതാരം ചെയ്തു. യേശുവിന് ജന്മം നൽകിയ മേരി ദൈവമാതാവുമായി. "മറിയം യഥാർത്ഥത്തിൽ ദൈവത്തിന്റെ അമ്മയാണ്" (CCC: 495).

## രക്ഷകന്റെ മാതാവേ

"മാലാഖയുടെ മംഗളവാർത്തയനുസരിച്ച് ദൈവവചനത്തെ ഹൃദയത്തിലും ശരീരത്തിലും സ്വീകരിക്കുകയും അങ്ങനെ ലോകത്തിനു ജീവൻ പ്രദാനം ചെയ്യുകയും ചെയ്ത കന്യകാമറിയത്തെ ദൈവത്തിന്റെയും രക്ഷകന്റെയും യഥാർത്ഥ മാതാവായി അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യണം. തന്റെ പുത്രന്റെ യോഗ്യതയാൽ പ്രത്യേകവും അത്യുൽകൃഷ്ടവുമായ രീതിയിൽ അവൾ വീണ്ടെടുക്കപ്പെട്ടു. അവിഭക്തമാംവിധം ഗാഢൈക്യത്തിൽ അവിടുത്തോടു ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്നു. ദൈവപുത്രന്റെ മാതാവെ മഹനീയ സ്ഥാനത്താലും പരമമായ ഔന്നദ്ധ്യത്താലും അവൾ അലംകൃതയത്രെ. തൽഫലമായി മറിയം പിതാവിന്റെ പ്രിയപുത്രിയും പരിശുദ്ധാരൂപിയുടെ സംപൂജ്യാലയവും ആയിത്തീർന്നു. അതുല്യമായ ഈ ദാനം സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല സൃഷ്ടികളേക്കാളും ഉപരിയായി അവളെ ഉയർത്തി" (രണ്ടാം വത്തിക്കാൻ. തിരുസ്സഭ, അദ്ധ്യായം: 8 - 53).

മറിയം രക്ഷകന്റെ അമ്മയായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന കാര്യം വി. ഗബ്രിയേൽ അവളെ അറിയിച്ചു. സദാ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടുകൊണ്ടിരുന്ന അവൾ നിത്യകന്യകയായി ജീവിക്കാൻ നിശ്ചയിച്ചിരിക്കുകയായിരുന്നു. രക്ഷകന്റെ അമ്മയായി തിരഞ്ഞെടുത്ത വിവരം ഗ്രഹിച്ചപ്പോൾ അവൾ ദൈവതിരുമനസ്സിന് കീഴടങ്ങാൻ തയ്യാറായി. എന്നാൽ ഒരാൾക്ക് ഒരേ സമയം കന്യകയും അമ്മയുമായിരിക്കുവാൻ എങ്ങനെ കഴിയുമെന്ന് ഗ്രഹിക്കാൻ അവൾക്ക് കഴിഞ്ഞില്ല. അവൾ ദൂതനോട് ചോദിച്ചു: ഇത് എങ്ങനെ സംഭവിക്കും? ദൂതൻ പറഞ്ഞു: പരിശുദ്ധാത്മാവ് നിന്റെമേൽ എഴു


www.malankaralibrary.com

ന്നെള്ളി വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ പ്രവർത്തിക്കും. അതായത് മാതൃത്വം പരിശുദ്ധാത്മാവിന്റെ പ്രത്യക്ഷ പ്രവർത്തനത്താൽ നൽകപ്പെടും. പരിശുദ്ധാത്മാവ് അവളുടെ കന്യാത്വം സമാദരിക്കും. ഇപ്രകാരം കന്യകയായ അവൾ രക്ഷകന്റെ അമ്മയാകാൻ തിരഞ്ഞെടുക്കപ്പെട്ടു.

വി. ബർണ്ണാർദ്ദ് പറയുന്നു: "നന്മ നിറഞ്ഞ മറിയമേ സ്വസ്തി; കർത്താവ് അങ്ങയോടുകൂടെ. അങ്ങു രക്തം അരുളിയ ദൈവപുത്രൻ മാത്രമല്ല അങ്ങയുടെ കൂടെയുള്ളത്. പരിശുദ്ധാത്മാവും അങ്ങയുടെ കൂടെയുണ്ട്. അവിടുത്തെ പ്രവൃത്തിയിൽ പിതാവിൽ നിന്നു ജനിച്ച പുത്രനെ അങ്ങു ഗർഭം ധരിച്ചു. പിതാവ് അങ്ങയുടെ കൂടെയുണ്ട്. പുത്രൻ അങ്ങയുടെ കൂടെയുണ്ട്. പരിശുദ്ധാത്മാവ് അങ്ങയോടു കൂടെയുണ്ട്. പിതാവ് അങ്ങേയ്ക്കു തന്റെ പുത്രനെ നല്കി. പുത്രൻ അങ്ങയുടെ കന്യാത്വത്തിനു ഭംഗം വരുത്താതെ അങ്ങയുടെ ഉദരത്തിൽ മറഞ്ഞിരുന്നു. ഇത് മഹാരഹസ്യം തന്നെ. പിതാവിനോടും പുത്രനോടും കൂടെ പരിശുദ്ധാത്മാവ് അങ്ങയെ പവിത്രീകരിക്കുന്നു. ദൈവം യഥാർത്ഥത്തിൽ അങ്ങയുടെ കൂടെയുണ്ട്."

## പുരോഹിതനായ യേശുവിന്റെ അമ്മ

(Spritual Exercises in the Form of Cenacle with the Priests of the M.M.P of the Italian Language)

വത്സലസുതരേ, നിങ്ങളുടെ സ്വർഗ്ഗീയ അമ്മയായ എന്നോടൊത്ത് നിങ്ങൾ നടത്തുന്ന സാഹോദര്യത്തിന്റെയും പ്രാർത്ഥനയുടേതുമായ ഈ സമ്മേളനം എന്റെ ഹൃദയത്തിന് വളരെ ആനന്ദദായകമാണ്. പുരോഹിതനായ യേശുവിന്റെ അമ്മയാകുന്നു ഞാൻ. സ്വർഗ്ഗീയ പിതാവിന് പൗരോഹിത്യ നിവേദ്യം അർപ്പിക്കുവാൻ യേശു ആഗ്രഹിച്ച അർപ്പിതവേദി എന്റെ വിമലഹൃദയ


www.malankaralibrary.com

മാണ്. മനുഷ്യാവതാരത്തിന്റെ അവർണ്ണനീയ നിമിഷം മുതൽ മനുഷ്യസ്വഭാവം സ്വീകരിച്ചുകൊണ്ട് ദൈവീക വചനം എന്റെ നിർമ്മല ഉദരത്തിൽ ഉരുവാക്കപ്പെട്ട നിമിഷം മുതൽ എന്റെ സുതനായ യേശുവിന്റെ ആദ്യ പൗരോഹിത്യ പ്രവർത്തനം നടപ്പിലാക്കുവാൻ എന്റെ വിമലഹൃദയം അൾത്താരയായിത്തീർന്നു. ബലിദായകനും, ബലിവസ്തുവുമായി നിരന്തരം സമർപ്പിക്കപ്പെടുന്ന പ്രക്രിയയിൽ അവിടുത്തെ ഞാൻ എന്നും അനുധാവനം ചെയ്തുകൊണ്ടിരിക്കുന്നു. ദാരിദ്ര്യത്തിലുള്ള ജനനവിപ്രവാസത്തിലൂടെയുള്ള ബാല്യം, വിനീതമായ പ്രവർത്തനങ്ങളുടെ സമാഹാരമായ യൗവ്വനം, നിണം ചിന്തിയ മരണവേദനയുടെ തിക്തമായ മണിക്കൂറുകൾ നീണ്ടുനിന്ന തെറ്റിദ്ധാരണകളുടെയും സഹനത്തിന്റെയും നീർച്ചുഴിയിൽപ്പെട്ട് പുളഞ്ഞ അനുസരണയാർന്ന പരസ്യജീവിതം, സഹനത്തിന്റെ ഉന്നത ശൃംഖത്തിലേറിയ കുരിശുമരണം. അതേ യേശുവിന്റെ ജീവിതം മുഴുവനും നമ്മുടെ രക്ഷക്കുവേണ്ടി പിതാവിന് സ്നേഹത്തോടെയുള്ള അർപ്പണമായ തുടർച്ചയായ ഒരു പൗരോഹിത്യ പ്രവർത്തനമായിരുന്നു. ഈ അർപ്പണ നിമിഷങ്ങളിൽ യേശു തന്റെ അമ്മ സഹിക്കുന്നതിനും, താന്നോടോത്ത് ആയിരിക്കുവാൻ തിരുമനസ്സായി. ഇങ്ങനെ അവിടുത്തെ രക്ഷാകര കർമ്മത്തിൽ ഞാൻ സഹകാരിയായിത്തീർന്നു. യഥാർത്ഥ സഹരക്ഷക: എല്ലാറ്റിനുമുപരി പുരോഹിതനായ യേശുവിന്റെ അമ്മയാണ് ഞാൻ. (കടപ്പാട്- നമ്മുടെ ദിവ്യനാഥ വൈദികരോട് പ്രഭാഷിക്കുന്നു - 291).

## അഞ്ചാം ഗണം

*ഈ ഗണത്തിൽ ആറ് പ്രാർത്ഥനകൾ ഉണ്ട്.*

**ഏറ്റം വിവേകമതിയായ കന്യകേ,**
**വണക്കത്തിന് ഏറ്റം യോഗ്യയായ കന്യകേ,**
**സ്തുതിക്കു യോഗ്യയായ കന്യകേ,**
**മഹാവല്ലഭയായ കന്യകേ,**
**കനിവുള്ള കന്യകേ,**


www.malankaralibrary.com

**ഏറ്റം വിശ്വസ്തയായ കന്യകേ,**

അവയെല്ലാം മറിയത്തിന്റെ കന്യകാത്വത്തെ സൂചിപ്പിക്കുന്നതും പ്രകീർത്തിക്കുന്നതുമാണ്.

## ഏറ്റം വിവേകമതി യായ കന്യകേ

സെന്റ് വിക്ടറിയിലെ ഹ്യൂഗോ പറയുന്നത്, പരിശുദ്ധ മറിയം ഏറ്റവും ബുദ്ധിമതിയായ കന്യകയെന്നാണ്. പരിശുദ്ധ മറിയത്തെ ഒലിവുമരത്തോട് സാദൃശ്യപ്പെടുത്തിയിട്ടുണ്ട്. 'നിരപ്പായ സമതലത്തിൽ നില്ക്കുന്ന സൗന്ദര്യവതിയായ ഒലിവുമരം'. എന്തിനാണ് അവളെ സമതലത്തിൽ നട്ടത്? കർദ്ദിനാൾ ഹ്യൂഗോ പറയുന്നു: അമ്മയെ എളുപ്പം കാണാനും, അമ്മയുടെ അഭയം തേടി എല്ലാവരും അമ്മയിലേക്ക് പോകുവാനുമാണ്. ഒലിവിൽ നിന്ന് ഒലിവെണ്ണയാണ് നമുക്ക് ലഭിക്കുന്നത്. ഇപ്രകാരം മറിയത്തിൽ നിന്ന് കൃപയും കരുണയുമാണ് നമ്മിലേക്ക് ഒഴുകുന്നത്. ധന്യൻ ലൂയിസ് ഡെ പോണ്ടെ പരിശുദ്ധ മറിയത്തെ എണ്ണയുടെ അമ്മയെു വിളിച്ചു. ഈ അമ്മയുടെ അടുക്കലേയ്ക്ക് കരുണയുടെ തൈലം ചോദിച്ചുകൊണ്ടാണ് നാം ഓടുന്നത്. ഈ ഓട്ടത്തിന്റെ അവസാനം ബുദ്ധിമതിയായ കന്യകകൾ ബുദ്ധിമതികളല്ലാത്ത കന്യകകളോട് ഇത് ഞങ്ങൾക്കു തികയുകയില്ല എന്നു പറഞ്ഞതുപോലെ, പരിശുദ്ധ മറിയം ഇത് നമുക്ക് നിഷേധിക്കും എന്ന് നാം കരുതേണ്ടതില്ല.

കാനായിലെ കല്ല്യാണ വീട്ടിൽ സജീവ ശ്രദ്ധ ചെലുത്തി പരിശുദ്ധ അമ്മ അവിടെയുണ്ട്. യേശുവിന്റെ അമ്മ അവിടെയുണ്ടായിരുന്നുവെന്നും യേശുവും ശിഷ്യന്മാരും വിരുന്നിന് ക്ഷണിക്കപ്പെട്ടിരുന്നുവെന്നും യോഹന്നാൻ പ്രത്യേകം എടുത്തു പറയുന്നു (യോഹ. 2:1, 2). യേശുവിൽ വിശ്വസിക്കുന്നവരുടെ ഭവനത്തിൽ പരിശുദ്ധ അമ്മയുണ്ട്. കല്ല്യാണ വിരുന്നിലെ വീഞ്ഞ് തീർന്നുപോയപ്പോൾ അത് ആദ്യം അറിഞ്ഞത് പരിശുദ്ധ അമ്മയാണ്. നാട്ടുനടപ്പനുസരിച്ച് വീഞ്ഞിന്റെ അളവും,


www.malankaralibrary.com

രുചിയുമൊക്കെ വിരുന്നിനെക്കുറിച്ചുള്ള വിലയിരുത്തലാണ്. അപമാന ദു:ഖത്തിലേയ്ക്ക് വീണുപോകാവുന്ന അവസ്ഥയിൽ നിന്ന് അവരെ സഹായിക്കാനായി അമ്മ ഓടിയെത്തി. അവൾ തന്റെ പുത്രനോട് അവർക്ക് വീഞ്ഞില്ല എന്നു പറഞ്ഞു. പുത്രന്റെമേലുള്ള അമ്മയുടെ അധികാരം പ്രയോഗിച്ചുകൊണ്ട് അവൾ പരിചാരകരോടു പറഞ്ഞു: " അവൻ നിങ്ങളോട് പറയുന്നത് ചെയ്യുവിൻ" (യോഹ. 2:5). തുടർന്നു നാം കാണുന്നത് അമ്മ പറയുന്നത് മകൻ അനുസരിക്കുന്നതും, മകൻ പറയുന്നത് പരിചാരകർ അനുസരിക്കുന്നതുമാണ്. അതോടെ മേൽത്തരം വീഞ്ഞ് രൂപപ്പെട്ടു. "എന്റെ സമയം ഇനിയും ആയിട്ടില്ല, എനിക്കും നിനക്കും എന്ത്" എന്ന് യേശു പറയുന്നുണ്ടെങ്കിലും, അമ്മയുടെ ഇടപെടലിനെ പരിഗണിക്കുന്ന യേശുവിനെയാണ് നാം ഇവിടെ കാണുന്നത്. അതോടൊപ്പം ഈ സംഭവത്തിലൂടെ ചെറിയ കാര്യങ്ങളിൽപ്പോലും ഏറ്റം വിവേകത്തോടെ ഇടപെടുന്ന അമ്മയേയും നാം കാണുന്നു. അതെ, അവൾ ഉണർന്നിരിക്കുന്ന വിവേകമതിതന്നെ.

## വണക്കത്തിന് ഏറ്റവും യോഗ്യയായ കന്യകയെ

മറിയം വണക്കത്തിന് ഏറ്റവും യോഗ്യയായി സഭ കരുതുന്നു. അതിനുള്ള കാരണങ്ങൾ അനേകമാണ്. യേശു പത്തുമാസം ജീവിച്ചതും, വളർന്നതും മറിയത്തിന്റെ ശരീരത്തിനുള്ളിലായിരുന്നു. ആദ്യത്തെ സക്രാരി എന്നു വിശേഷിപ്പിക്കാൻ മാത്രം അവൾ യോഗ്യതയുള്ളവളായി മാറി. യേശുവുമായി ഇത്രമാത്രം ഒന്നായി ജീവിച്ച വ്യക്തി വേറെ ഇല്ല. തന്റെ അമ്മ എന്ന നിലയിൽ യേശു ഏറ്റവും കൂടുതൽ വിധേയപ്പെട്ടിരുന്നത് മറിയത്തോടാണ്. പിന്നെ അവൻ അവരോടൊപ്പം പുറപ്പെട്ട് നസ്രത്തിൽ വന്ന് അവർക്ക് വിധേയനായി ജീവിച്ചു (ലൂക്കാ 2:51) എന്ന് നാം വേദപുസ്തകത്തിൽ വായിക്കുന്നു.


www.malankaralibrary.com

യേശുവിനുവേണ്ടി രക്തസാക്ഷികൾ ആയവർ ധാരാളമുണ്ട്. എങ്കിലും മറിയത്തോളം ആത്മീയ-മാനസിക സഹനം അനുഭവിച്ചവർ വേറെയില്ല. യൗസേപ്പിന്റെ സംശയം, ബേത്ലെഹേമിലേക്കുള്ള യാത്ര, കാലിത്തൊഴുത്തിലെ പ്രസവം, ഈജിപ്തിലേക്കുള്ള ഒളിച്ചോട്ടം, ശിമയോന്റെ പ്രവചനം, തിരുന്നാൾ നാളിലെ നഷ്ടപ്പെടൽ, കുരിശിന്റെ വഴിയിലെ വേദനനിറഞ്ഞ അനേകം സന്ദർഭങ്ങൾ, തിരുക്കുമാരന്റെ മൃതദേഹം മടിയിൽ കിടത്തിയത്... ഇവിടെയെല്ലാം അവൾ സഹിക്കുകയായിരുന്നു.

യേശുവിന്റെ മരണത്തിനും, ഉത്ഥാനത്തിനും ശേഷം ശിഷ്യരെ ഒരുമിച്ച് ചേർത്ത് പ്രാർത്ഥിച്ചതും, ശിഷ്യരെ ധൈര്യപ്പെടുത്തിയതും, പരിശുദ്ധാത്മാവ് ഇറങ്ങിവന്നതും, മറിയത്തിന്റെ മാധ്യസ്ഥം തന്നെ. ഇങ്ങനെ ചിന്തിക്കുമ്പോൾ യേശുവിനെപ്പറ്റി ഇത്രമാത്രം കൂടുതലറിഞ്ഞ, അവനിൽ വിശ്വസിച്ച മറ്റൊരു വ്യക്തിയില്ല. വി. ലൂയി മോൺഫോർട്ട് പറയുന്നു: ശാരീരിക ജനനത്തിനു ഒരു പിതാവും മാതാവും ആവശ്യമായിരിക്കുന്നതു പോലെ, ആത്മീയ ജനനത്തിന് പിതാവായി ദൈവവും, മാതാവായി മറിയവും ഉണ്ടായിരിക്കണം. മറിയത്തെ അമ്മയായി സ്വീകരിക്കാത്തവർക്ക് ദൈവത്തെ പിതാവായി സ്വീകരിക്കാൻ കഴിയില്ല. ഈ സത്യം മനസ്സിലാക്കിയവരാണ് മരിയൻ തീർത്ഥാടന കേന്ദ്രങ്ങൾ സന്ദർശിക്കുന്നവരും, മരിയൻ ഭക്താഭ്യാസങ്ങളിൽ വ്യാപരിക്കുന്നവരും.

ഇന്ന് സഭയിലുടനീളം കാണുന്ന മരിയൻ ഭക്തിയും, അവളോടുള്ള മാധ്യസ്ഥവും എന്താണ് സൂചിപ്പിക്കുന്നത്...? ഫാത്തിമ, ഗരബന്ദാൾ, ലൂർദ്ദ്, വേളാങ്കണ്ണി, വല്ലാർപാടം, ഇവിടെയൊക്കെ തടിച്ചുകൂടുന്ന ജനം എന്താണ് ഇന്ന് ലോകത്തോട് വിളിച്ചു പറയുന്നത്...? അവൾ വണക്കത്തിന് ഏറ്റം യോഗ്യ എന്നു തന്നെ.

## സ്തുതിക്ക് യോഗ്യ

## യായ കന്യകയേ


www.malankaralibrary.com

പരിശുദ്ധ മറിയം നിത്യകന്യകയായിരുന്നു. അവൾ കന്യകാത്വത്തിന് ശ്രേഷ്ഠവും, ദൈവത്തിന് പ്രീതികരവുമായ ജീവിതമാണ് നയിച്ചത്. കന്യകാജീവിതം നയിച്ച് അവൾ ദൈവപ്രീതിക്ക് പാത്രമായി. അവളെ അനുകരിച്ച് അനേകം യുവതികൾ പുണ്യജീവിതം നയിച്ചു എന്നു നാം കണ്ടുകഴിഞ്ഞു. അക്കാലഘട്ടത്തിൽ കന്യകാത്വം ദേവതകളുടെ ഗുണഗണമായിരുന്നു. അതിനാൽ കന്യകാത്വം സ്വീകരിച്ച മറിയത്തെ ആദിമസഭ പുകഴ്ത്തി എന്നുമാത്രമല്ല, അവളെ ഉന്നതയായി കാണുകയും, പലരും ആ വഴി തിരഞ്ഞെടുക്കുകയും ചെയ്തു.

വിശുദ്ധ ഇരണേവൂസ് പ്രസ്താവിക്കുന്നതുപോലെ, 'സ്വന്തം അനുസരണംമൂലം മറിയം തനിക്കും മാനവവംശം മുഴുവനും രക്ഷാഹേതുവായിത്തീർന്നു. അതുകൊണ്ടാണ് അനേകം ആദിമ സഭാപിതാക്കന്മാർ ഉദ്ഘോഷിക്കുന്നത്: ഹവ്വായുടെ ധിക്കാരം മൂലമുണ്ടായ ബന്ധനം അഴിക്കുവാൻ മറിയത്തിന്റെ അനുസരണത്തിനു കഴിഞ്ഞു. കന്യകയായ ഹവ്വാ അവിശ്വാസം കൊണ്ടുതീർത്ത ബന്ധനത്തെ മറിയം തന്റെ വിശ്വാസം കൊണ്ട് അഴിച്ചുകളഞ്ഞു. ഹവ്വായോട് ഉപമിച്ചുകൊണ്ട്, സഭാപിതാക്കന്മാർ അവളെ ജീവിക്കുന്നവരുടെ മാതാവ് എന്നു പ്രകീർത്തിക്കുന്നു. ഹവ്വായിലൂടെ മരണം, മറിയത്തിലൂടെ ജീവൻ എന്ന് അവർ പ്രസ്താവിക്കുകയും ചെയ്യുന്നു' (CCC 494). അങ്ങനെ ആ മഹാവല്ലഭ സ്തുതിക്ക് യോഗ്യയായി. ഇപ്രകാരം കന്യാകാത്വത്തിന്റെ ശ്രേഷ്ഠമായ ജീവിതം നയിച്ചവൾ സ്തുതിക്ക് യോഗ്യയായ കന്യകയായി മാറുകയായിരുന്നു.

## മഹാവല്ലഭയായ കന്യകയെ

താൻ ആഗ്രഹിക്കുന്നതെല്ലാം ദൈവത്തിൽ നിന്ന് നേടി എടുക്കുന്നവളാണ് പരിശുദ്ധ മറിയം. ദൈവസന്നിധിയിൽ ഇത്ര ശക്തമായി നിൽക്കുന്നവർ വേറെ ആരുമില്ല. വി. പീറ്റർ ഡാമിയൻ പറയുന്നത്: 'മറിയം ദൈവത്തിൽ നിന്ന് കൃപകൾ ചോദിക്കുമ്പോൾ അവൾ


www.malankaralibrary.com

പ്രാർത്ഥിക്കാറില്ല; മറിച്ച് കല്പിക്കുകയാണ് ചെയ്യുന്നത്'. എന്തെന്നാൽ അവൾ ദൈവമാതാവുകൂടിയാണ്. തന്റെ മാധ്യസ്ഥ്യം തേടുന്ന വ്യക്തി ഒരു പാപിയാണെങ്കിൽ കൂടി അവൾ അത് അവർക്ക് സാധിച്ചുകൊടുക്കും. പാപികളെ രക്ഷിക്കാൻ തക്കവിധം സർവ്വശക്തയാണവൾ. ദൈവസിധിയിൽ ഇപ്രകാരം നിലകൊള്ളുന്നവൾ മഹാവല്ലഭയാണ്. അവൾക്ക് ഒരുവനെ വിശുദ്ധനാക്കാൻ കഴിയും. ദൈവസിധിയിൽ അവനുവേണ്ടി നിലകൊള്ളാൻ കഴിയും.

## കനിവുള്ള കന്യകേ

വിശുദ്ധ ബർണ്ണാദ്ദിന്റെ ഒരു പ്രാർത്ഥനയുണ്ട്. അത് ഇപ്രകാരമാണ്: 'ഏറ്റം അനുഗ്രഹീതയായ കന്യകേ, അങ്ങയുടെ സഹായം അപേക്ഷിച്ച ആരെങ്കിലും സഹായിക്കപ്പെടാതിരുട്ടുണ്ടോ? അങ്ങയുടെ കുഞ്ഞുമക്കളായ ഞങ്ങളെല്ലാവരും അങ്ങയുടെ കാരുണ്യം ഓർത്ത് ആനന്ദിക്കുന്നു. അങ്ങയുടെ വിനയത്തിൽ ഞങ്ങൾ ആശ്ചര്യപ്പെടുന്നു. കാരുണ്യത്തെ ഞങ്ങൾ ആർദ്രതാപൂർവ്വം സ്നേഹിക്കുന്നു. പലപ്പോഴും ഞങ്ങൾ കാരുണ്യത്തെ സ്മരിക്കുന്നു. പലപ്രാവശ്യം കാരുണ്യത്തെ വിളിച്ചപേക്ഷിക്കുന്നു. സത്യമായും അങ്ങയുടെ കാരുണ്യം ലോകരക്ഷ നേടിയിരിക്കുന്നു. അങ്ങയുടെ പ്രാർത്ഥനയോടൊപ്പം കാരുണ്യം മനുഷ്യവർഗ്ഗത്തിന്റെ രക്ഷ സുരക്ഷിതമാക്കിയിരിക്കുന്നു.

ഓ മറിയമേ, അങ്ങയുടെ കാരുണ്യത്തിന്റെ അഗാധത സ്വർഗ്ഗനഗരത്തിന്റെ കവാടങ്ങൾ തുറക്കുകയും അന്ധകാരത്തിലും മരണനിഴലിലും വസിക്കുവർക്ക് രക്ഷ നല്കുകയും ചെയ്തിരിക്കുന്നു. നീ വഴി മറിയമേ, വഴിപിഴച്ചവർ ശരിയായ പാതയിൽ ആനയിക്കപ്പെടുന്നു; സ്വർഗ്ഗം നിറയുന്നു. അങ്ങനെ അങ്ങയുടെ ശക്തവും കരുണയുമുള്ള അനുകമ്പ കരുണാർദ്രമായ സഹായ സ്നേഹം പോലെ ഞങ്ങളുടെമേൽ പ്രവഹിക്കുന്നു.


www.malankaralibrary.com

വല്ലഭത്വമാർന്ന പരമോന്നത രാജ്ഞി, ഈ ഭൂമിയിലായിരിക്കുമ്പോൾ അവിടുത്തോട് ഏറ്റം അഗാധമായ സ്നേഹത്തോടെ സംഭാഷിച്ചിരുന്നതും ഇപ്പോൾ സ്വർഗ്ഗത്തിൽ ഏറ്റവും കൂടുതലായി അവിടുത്തെ സ്വന്തമാക്കിയിരിക്കുന്നതും അങ്ങുന്നാണല്ലോ. ഞങ്ങൾ ദൈവസ്നേഹത്തിൽ വളരുവാനും അവിടുത്തെ സ്നേഹൈക്യത്തിൽ മരിക്കുവാനും വേണ്ട കൃപാവരത്തിനായി പ്രാർത്ഥിക്കണമേ.' മനുഷ്യവർഗ്ഗത്തിന്റെ രക്ഷ സുരക്ഷിതമാക്കിയ മറിയം ഏറ്റവും കനിവുള്ള കന്യകയാണ്.

## ഏറ്റം വിശ്വസ്തയായ കന്യകേ

ചിതറിപ്പോയ ശിഷ്യഗണത്തെ മറിയം ഒരുമിച്ചു ചേർത്തു. അവരെ ധൈര്യപ്പെടുത്തി. അവർ "ഏക മനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു" (അപ്പ. 1:14).

ഈ കാത്തിരിപ്പിന് പ്രതിഫലമുണ്ടായി. "പന്തക്കുസ്താദിനം സമാഗതമായപ്പോൾ അവരെല്ലാവരും ഒരുമിച്ചു കൂടിയിരിക്കുകയായിരുന്നു. കൊടുങ്കാറ്റടിക്കുന്നതുപോലുള്ള ഒരു ശബ്ദം പെട്ടെന്ന് ആകാശത്തുനിന്നുണ്ടായി. അത് അവർ സമ്മേളിച്ചിരുന്ന വീടുമുഴുവൻ നിറഞ്ഞു. അഗ്നിജ്വാലകൾ പോലുള്ള നാവുകൾ തങ്ങളോരോരുത്തരുടെയും മേൽ വന്നു നില്ക്കുന്നതായി അവർ കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു" (അപ്പ. 2:1-4).

## ആറാം ഗണം

*ഇതിൽ പതിനേഴ് പ്രാർത്ഥനകൾ ഉണ്ട്.*

**നീതിയുടെ ദർപ്പണമേ,**

**ദിവ്യജ്ഞാനത്തിന്റെ സിംഹാസനമേ,**

**ഞങ്ങളുടെ സന്തോഷത്തിന്റെ കാരണമേ,**

**ആത്മജ്ഞാനപൂരിത പാത്രമേ,**

**ബഹുമാനത്തിന്റെ പാത്രമേ,**


www.malankaralibrary.com

**അത്ഭുതമായ ഭക്തിയുടെ പാത്രമേ,**
**ദിവ്യരഹസ്യം നിറഞ്ഞിരിക്കുന്ന റോസാപുഷ്പമേ,**
**ദാവീദിന്റെ കോട്ടയേ,**
**നിർമ്മല ദന്തം കൊണ്ടുള്ള കോട്ടയേ,**
**സ്വർണ്ണാലയമേ,**
**വാഗ്ദാനത്തിന്റെ പേടകമേ,**
**സ്വർഗ്ഗത്തിന്റെ വാതിലേ,**
**ഉഷഃകാല നക്ഷത്രമേ,**
**രോഗികളുടെ ആരോഗ്യമേ,**
**പാപികളുടെ സങ്കേതമേ,**
**പീഢിതരുടെ ആശ്വാസമേ,**
**ക്രിസ്ത്യാനികളുടെ സഹായമേ.**

ഈ പ്രാർത്ഥനകൾ പലസന്ദർഭങ്ങളിലായി സഭയിൽ ഉരുത്തിരിഞ്ഞുവന്ന പിതാക്കന്മാരുടെ പഠനങ്ങളും അവരുടെ വിശേഷണങ്ങളും അടങ്ങിയവയാണ്. അതിൽ പ്രധാനപ്പെട്ടവയെ ക്രോഡീകരിച്ചതാണ് ഈ ഗണത്തിൽ. ഇവയെല്ലാം മറിയത്തിന്റെ മാതൃമഹിമയെ പ്രകീർത്തിക്കുന്നു. ഈ മാതൃമഹിമയെ പ്രതി നാം അവളോട് മാദ്ധ്യസ്ഥം അപേക്ഷിക്കുതാണ് തുടർുള്ള ഈ പ്രാർത്ഥനകൾ.

## നീതിയുടെ ദർപ്പണമേ

ദർപ്പണം എതിന് കണ്ണാടിയെന്നാണ് അർത്ഥം. കണ്ണാടിയുടെ മുമ്പിൽ ഒരാൾ നിൽക്കുമ്പോൾ അയാളുടെ പ്രതിഛായ തന്നെ നമുക്ക് കിട്ടുന്നു. നീതി നിറഞ്ഞുനിന്ന വ്യക്തിയായിരുന്നു പരി. മറിയം. മറിയം നീതിയുടെ ദർപ്പണം എന്നു നാം പറയുമ്പോൾ ആ നീതി യഥാർത്ഥത്തിൽ അവളിൽ നിറഞ്ഞുനിന്നിരുന്നു എന്നാണ് നാം മനസ്സിലാക്കേണ്ടത്. പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു: "എല്ലാവരും പാപം ചെയ്ത് ദൈവമഹത്വത്തിന് അയോഗ്യരായി. അവർ അവിടുത്തെ കൃപയാൽ യേശുക്രിസ്തുവഴിയുളള വീണ്ടെ


www.malankaralibrary.com

ടുപ്പിലൂടെ സൗജന്യമായി നീതികരിക്കപ്പെടുന്നു" (റോമാ 3:23). ഇവിടെ ദൈവത്തിന്റെ നീതി ദൈവസ്നേഹമായി രൂപാന്തരപ്പെടുന്നു. യേശു പറഞ്ഞു: "...നിങ്ങളുടെ നീതി നിയമജ്ഞരുടെയും ഫരിസേയരുടെയും നീതിയെ അതി ശയിപ്പിക്കുന്നില്ലെങ്കിൽ നിങ്ങൾ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല" (മത്താ. 5:17-20). വി. ബർണ്ണാർദ്ദ് പറയുന്നു: മറിയം സമ്പൂർണ്ണമായും ദൈവകൃപ നിറ ഞ്ഞവളാണ്. മറിയം കൃപനിറഞ്ഞവളാകയാൽ അവൾ ദൈവസ്നേഹത്തിന്റെ ദർപ്പണമാണെന്ന് വി. ജോൺ ഡമഷീൻ പ്രഖ്യാപിക്കുന്നു. ഇപ്രകാരം തന്നെ പാപിയായ ഒരുവൻ മാതൃസവിധേ നിൽക്കുമ്പോൾ യേശുവിലും മറിയത്തിലും നിറഞ്ഞുനിന്ന നീതി അവനിലേയ്ക്ക് സ്നേഹമായി പെയ്തിറങ്ങുന്നു.

വി. പീറ്റർ ഡാമിയന്റെ സഹോദരനാണ് മാർട്ടിൻ. മാർട്ടിൻ ഒരിക്കൽ ദൈവത്തെ വേദനിപ്പിക്കുത് പീറ്റർ കണ്ടു. ഇത് അദ്ദേഹത്തെ വളരെയേറെ വേദനിപ്പിച്ചു. തൽഫലമായി പരിശുദ്ധ മറിയത്തിന് മാർട്ടിനെ സമ ർപ്പിക്കാൻ വിശുദ്ധൻ തീരുമാനിച്ചു. അടിമത്വത്തിന്റെ അടയാളമായി, സ്വയം സമർപ്പിക്കുതിന്റെ പ്രതീകമായി അവന്റെ കഴുത്തിൽ ഒരു ചരട് കെട്ടി. തുടര് പരിശുദ്ധ മറിയത്തിന്റെ തിരുസ്വരൂപത്തിലേക്ക് പോയി. പരിശുദ്ധ മറിയത്തെ ദർശിച്ചയവർ ദൈവമാതാവിന്റെ മുമ്പിൽ നിുകൊണ്ട് ഇപ്രകാരം പ്രാർത്ഥിച്ചു: 'ഓ എന്റെ നാഥേ, ശുദ്ധതയുടെ കണ്ണാടിയെ, ദരിദ്രപാപിയായ ഞാൻ എന്റെ പരിശുദ്ധിക്ക് ഭംഗം വരുത്തി. അങ്ങനെ ഞാൻ ദൈവ ത്തെയും, ദൈവമാതാവായ അങ്ങയേയും ഉപദ്രവിച്ചു. നിന്റെ അടിമയായി ഐ സ്വയം സമർപ്പിക്കുകയല്ലാതെ ഇനി വേറെ മാർഗ്ഗമില്ല. ഇതാ ഞാൻ ഇുമുതൽ എത്തെ നിന്റെ ശുശ്രൂഷയ്ക്കായി സ്വയം സമർപ്പിക്കു. ഈ നിഷേധിയെ സ്വീകരിക്കുക'. തുടര് അവൻ ഏതാനും നാണയത്തുട്ടുകൾ നേർച്ചയായി നിക്ഷേപിച്ചു. തുടർുള്ള എല്ലാ വർഷവും ഈ പതിവ് അവൻ തുടർു.

വർഷങ്ങൾ കഴിഞ്ഞു; മാർട്ടിൻ രോഗബാധിത നായി. മരണത്തോടടുത്ത ഒരു പ്രഭാതത്തിൽ അവൻ


www.malankaralibrary.com

ഇപ്രകാരം കേട്ടു: "ഉണരുക, ഉണരുക, നാഥയെ ബഹുമാനിക്കുക". അവൻ ഉണർ താഴ്മയോടെ നിലകൊണ്ടു. ഈ സമയം പരിശുദ്ധ മറിയം അവന് പ്രത്യക്ഷപ്പെട്ട് അവനെ അനുഗ്രഹിച്ചു. അധികം വൈകാതെ അദ്ദേഹം ആ ആനന്ദലഹരിയിൽ മരിച്ചു.

ഇവിടെ എന്താണ് മാർട്ടിന് സംഭവിച്ചത്? പാപിയായ ഒരുവൻ അവളുടെ സിധിയിൽ വരുമ്പോൾ അവളിലെ നന്മയും, നീതിയും അവനിലേയ്ക്ക് പ്രവേശിക്കു. അവനും ഒരു വിശുദ്ധനായി തീരു എതുതെ. ഏശയ്യ പ്രവാചകൻ അരുളിച്ചെയ്യു: "ഏദോനിൽനി വരുത് ആര്? രക്താംബരം ധരിച്ച് ബൊസ്രായിൽനിു വരുത് ആര്? തന്റെ മഹനീയമായ വേഷവിധാനങ്ങളോടെ... അടിവച്ചടുക്കുതാര്? നീതിയുടെ വിജയം പ്രഖ്യാപിക്കുവനും രക്ഷിക്കാൻ ശക്തിയുള്ളവനുമായ ഞാൻ ത"െ (ഏശയ്യ 63:1). വി. ഫ്രാൻസിസ്സ് അസ്സീസി ദിവ്യകാരുണ്യത്തിന്റെ അമ്മയെ ഇപ്രകാരമാണ് വിശേഷിപ്പിച്ചത്. "പരിശുദ്ധ മറിയത്തിന്റെ ഗർഭത്തിൽ വചനം മാംസമായതും വൈദികന്റെ കൈകളിൽ ദിവ്യകാരുണ്യം വാഴ്ത്തപ്പെട്ടതും തമ്മിലുള്ള സാദൃശ്യം കാണുമ്പോൾ എല്ലാ വൈദികരുടെയും ദർപ്പണം പ്രതിനിധാനം ചെയ്യുത് പരിശുദ്ധ കന്യകാ മറിയത്തെയാണ്".

## *ദിവ്യജ്ഞാനത്തിന്റെ സിംഹാസനമേ*

പരിശുദ്ധാത്മാവിനാൽ നിറഞ്ഞ മറിയം ബോധ ജ്ഞാനത്തിന്റെ സിംഹാസനമായി മാറി. പന്ത്രണ്ടാം നൂറ്റാണ്ടോടുകൂടിയാണ് പരിശുദ്ധ കന്യകയ്ക്ക് ഈ നാമം നൽകപ്പെട്ടത്. ജ്ഞാനത്തിന്റെ പുസ്തകത്തിൽ ജ്ഞാനം അതിന്റെ ചുവരുകളാൽ പണിയപ്പെടുന്നു എന്ന് എഴുതപ്പെട്ടിരിക്കുന്നു. ഈശോയെ ഗർഭത്തിൽ സ്വീകരിച്ചതിനാൽ അവൾ ജ്ഞാനത്തിന്റെ വീടായി.

"ജ്ഞാനിയായി ഒരുവനേയുള്ളു. ഭയം ജനിപ്പിക്കുന്ന അവിടുന്ന് സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കു


www.malankaralibrary.com

ന്നു" (പ്രഭാ. 1:8). 'ബോധജ്ഞാനത്തിന്റെ സിംഹാസനം' എന്നുള്ള ഈ വിശേഷണം ഈശോയോട് ബന്ധപ്പെട്ട് കിടക്കുന്നതാണ്.

യഥാർത്ഥ ജ്ഞാനം യേശുക്രിസ്തുവാണ്. ഇതിന്റെ ഇരിപ്പിടം (സിംഹാസനം) മറിയമാണ്. മറിയം തന്റെ ഉദരമാകുന്ന സിംഹാസനത്തിൽ യേശുവിനെ വഹിച്ചു, പാലൂട്ടി വളർത്തി. തുടർന്ന് പരസ്യജീവിതത്തിന്റെ ആരംഭത്തിൽ മറിയത്തെ നാം കണ്ടുമുട്ടുന്നു. അവിടുത്തെ മരണത്തിൽ അവൾ പങ്കുചേർന്നു. മാത്രമല്ല പരിശുദ്ധാത്മാവിനെ ശിഷ്യന്മാർക്ക് ലഭിക്കാൻ മധ്യസ്ഥയായി. അങ്ങനെയവൾ ബോധജ്ഞാനത്തിന്റെ സിംഹാസനം എന്ന വിളിപ്പേരിന് അർഹയായി.

"ജ്ഞാനം നേടുന്നവനും അറിവു ലഭിക്കുന്നവനും ഭാഗ്യവാനാണ്. എന്തെന്നാൽ, അതുകൊണ്ടുള്ള നേട്ടം വെള്ളിയെയും സ്വർണ്ണത്തെയുംകാൾ ശ്രേഷ്ഠമാണ്. അവൾ രത്നങ്ങളെക്കാൾ അമൂല്യയാണ്. നിങ്ങൾ കാംക്ഷിക്കുതൊന്നും അവൾക്കു തുല്യമല്ല. അവളുടെ വലതു കൈയിൽ ദീർഘായുസ്സും അവളുടെ ഇടതു കൈയിൽ സമ്പത്തും ബഹുമതിയും സ്ഥിതി ചെയ്യുന്നു" (സുഭാ. 3:13-16).

റോമിനടുത്തുള്ള ജെൻസാനോയിലെ അഗസ്റ്റീനിയൻ ദൈവാലയവുമായി ബന്ധപ്പെട്ടാണ് പരിശുദ്ധ അമ്മ സൽബുദ്ധിയുടെ മാതാവ് എന്ന് അറിയപ്പെടുവാൻ തുടങ്ങിയത്. ഇതിനെപ്പറ്റിയുള്ള പാരമ്പര്യം ഇപ്രകാരമാണ്. 1467-ൽ ഈ ദൈവാലയത്തിൽ വിശുദ്ധ മർക്കോസിന്റെ തിരുനാളാഘോഷങ്ങൾ നടക്കുകയാണ്. ഈ ആഘോഷങ്ങൾക്കിടയിൽ ഒരു പ്രത്യേകമായ സംഗീതം അവിടെയുള്ള ജനങ്ങൾ കേട്ടു. അതോടൊപ്പം പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം ഇരു ചുമരിൽ അത്ഭുതകരമായി ഒരു മേഘം ഇറങ്ങിവന്നു. അല്പം കഴിഞ്ഞപ്പോൾ ഈ മേഘം അപ്രത്യക്ഷമായി. അവിടെ 15 ഇഞ്ചോളം വലുപ്പം വരുന്ന പരിശുദ്ധ അമ്മയുടെയും ഉണ്ണീശോയുടെയും ഒരു ചിത്രം കാണപ്പെട്ടു. ഈ സമയം അൽബേനിയായിൽ അതേ വലുപ്പത്തിലുള്ള ഒരു രൂപം അപ്രത്യക്ഷമായി.


www.malankaralibrary.com

അധികം വൈകാതെ ഉണ്ടാകുവാൻ പോകുന്ന മുസ്ലീം ആക്രമണത്തിൽനിന്നും നഷ്ടപ്പെട്ടു പോകാതിരിക്കാൻ അൽബേനിയായിലെ സ്കൂട്ടാരി എന്ന പള്ളിയിൽ നിന്നും അത്ഭുതകരമായി മാറ്റപ്പെട്ടതാണ് ഈ രൂപ മെന്ന് വിശ്വസിച്ചുപോരുന്നു. പിന്നീടുള്ള സംഭവത്തിൽ നിന്നും അന്വേഷണത്തിൽ നിന്നും ഈ സംഭവത്തിന്റെ യാഥാർത്ഥ്യം കണ്ടെത്തുകയായിരുന്നു. 1682 നവംബർ 17-ന് 11-ാം ഇന്നസെന്റ് മാർപാപ്പ ഈ മാതാവിന് കിരീടം ചാർത്തി. ലെപ്പാന്റോ യുദ്ധത്തിൽ ഈ രൂപം വഴിയാണ് പീയൂസ് അഞ്ചാമൻ മാർപാപ്പ വിജയിച്ചത്. വിശുദ്ധ ബർണാർദ്ദ് ഇപ്രകാരം പറയുന്നു: "സംശയങ്ങ ളിൽ പ്രബോധനവും മാർഗ്ഗഭ്രംശങ്ങളിൽ നേർവഴിയും പരീക്ഷകളിൽ താങ്ങും ബലഹീനതകളിൽ ശക്തിയും അധഃപതനത്തിൽ സമുദ്ധാരണവും അധൈര്യത്തിൽ ധീരതയും മനഃശ്ചാല്യങ്ങളിൽ ദൃഢചിത്തതയും അവൾ തരും. അവളെ അനുഗമിച്ചാൽ നീ വഴിതെറ്റുകയില്ല". വിശുദ്ധരും മാർപാപ്പമാരും വിശ്വാസസമൂഹവും പുലർ ത്തിപ്പോ ഈ ഭക്തി ലുത്തിനിയായിൽ കൂട്ടിച്ചേർക്ക പ്പെട്ടു.

## ഞങ്ങളുടെ സന്തോഷ ത്തിന്റെ കാരണമേ

കാൽവരിയിലെ പീഢാസഹനത്തിലും, സെഹിയോൻ മാളികയിലും സിഹിതയായിരുന്ന മറിയം, ക്രിസ്തു രഹസ്യങ്ങൾക്ക് സാക്ഷിയായി. എല്ലാ അവസര ങ്ങളിലും തന്റെ സഹകരണം നൽകി അവൾ അത് പൂർ ണ്ണമാക്കി. അങ്ങനെ ഉത്ഥിതനായ യേശുവിനെ അവൾ സ്വാഗതം ചെയ്തു. ഉയിർപ്പുകാലത്ത് നാം ഇപ്രകാരം അഭിസംബോധന ചെയ്ത് പ്രാർത്ഥിക്കുന്നു. സ്വർലോക രാജ്ഞി ആനന്ദിച്ചാലും... കർത്താവ് സത്യമായും ഉയിർ ത്തെഴുന്നേറ്റു; ഹല്ലേലൂയ്യാ. ഇങ്ങനെ പ്രാർത്ഥിച്ചുകൊണ്ട് മറിയത്തിന്റെ സന്തോഷത്തെ നാം അനുസ്മരിക്കുന്നു. ഇത് രക്ഷകന്റെ ജനന സമയത്ത് അനുഭവിച്ച അതേ


www.malankaralibrary.com

സന്തോഷത്തിന്റെ; അവളുടെ ജീവിതയാത്രയിലെ സാക്ഷാത്കാരമായിരുന്നു. അങ്ങനെ മരിച്ചവരുടെ ഉത്ഥാനത്തിൽ ജീവിതസാക്ഷാത്കാരം കൈവരിക്കാൻ ആഗ്രഹിക്കുന്ന മനുഷ്യകുലത്തിന്റെ അടയാളവും മുന്ന നുഭവവും ആകുകയാണവൾ - സർവ്വജനപദങ്ങളുടെയും മഹാസന്തോഷത്തിനു കാരണമാകുവിധമുള്ള സാക്ഷാ ത്കാരം!

മെഡ്ജുഗോറിയായിൽ വെച്ച് പരി. അമ്മ ഇപ്ര കാരം വെളിപ്പെടുത്തി: 'ഞാൻ സന്തോഷഭരിതയാണ്. പക്ഷേ നിങ്ങൾ ആനന്ദപൂരിതരാകുന്നതുവരെ എന്റെ സന്തോഷം പൂർണ്ണമാകുകയില്ല. നിങ്ങൾ ഇതേവരെ ആനന്ദത്താൽ നിറഞ്ഞിട്ടില്ല. കാരണം എന്റെ അളവി ല്ലാത്ത സ്നേഹം ഗ്രഹിക്കുവാൻ തക്ക സ്ഥിതി നിങ്ങൾ പ്രാപിച്ചിട്ടില്ല' (ഒക്ടോബർ 25, 1986). 'നിങ്ങളോരോ രുത്തരും സന്തുഷ്ടരായിരിക്കണമെന്നു ഞാൻ ആഗ്ര ഹിക്കുന്നു. പക്ഷേ പാപത്തിൽ ആർക്കും സന്തോഷമു ള്ളവരായിരിക്കാനാവില്ല. അതുകൊണ്ട് പ്രിയ കുഞ്ഞു ങ്ങളേ, പ്രാർത്ഥിക്കൂ. പ്രാർത്ഥനയിൽ ഒരു പുതിയ തരം സന്തോഷം നിങ്ങൾക്ക് അനുഭവിച്ചറിയാനാകും. 'ആന ന്ദം നിങ്ങളുടെ ഹൃദയങ്ങളിൽ തെ പ്രകടമാകും. നിങ്ങൾ, എന്റെ തിരുക്കുമാരനും ഞാനും നിങ്ങളിലോരോരുത്ത രിൽ നിന്നും കാംക്ഷിക്കുന്നവയുടെ സന്തോഷഭരിത രായ സാക്ഷികളാകും' (ഫെബ്രുവരി 25, 1987).

## ആത്മജ്ഞാനപൂരിത പാത്രമേ

തെർത്തുല്യനാണ് (160-220) ഈ വിശേഷണം മറി യത്തിന് ആദ്യമായി നൽകിയത്. പിന്നീട് കോൺസ്റ്റാ ന്റിനോപ്പിൾ പാത്രിയാർക്കീസ് ആയിരു പ്രൊക്ക്ളൂസും (434-446) മറിയത്തെ 'ആധ്യാത്മിക പാത്രം' എന്ന് വിശേ ഷിപ്പിച്ചു.

ദൈവമാതാവെ മറിയത്തിന്റെ അഭിധാനം മനുഷ്യാ വതാരരഹസ്യം മുഴുവനെയും ഉൾക്കൊള്ളുന്നുവെന്ന്


www.malankaralibrary.com

ഗ്രീക്ക് സഭാപിതാവായ ജോൺ ഡമഷീൻ പഠിപ്പിക്കുന്നു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ സുവിശേഷത്തിന്റെ രത്നച്ചുരുക്കവും, ഏകവചനത്തിലുള്ള ദൈവശാസ്ത്രവുമാണ് മറിയം (De Fide Orthodox I, III C12 PG 94, 1029c). മനുഷ്യാവതാര രഹസ്യത്തെക്കുറിച്ചു ധ്യാനിച്ചുകൊണ്ട് ഡമഷീൻ എഴുതുന്നു: ദൈവത്തിന്റെ കൂടാരമാണ് മറിയത്തിന്റെ ശരീരം. സകല വിജ്ഞാനത്തിന്റെയും ഉറവിടമാണ് മറിയം. മറിയത്തിൽനിന്നെടുത്ത ശരീരം സത്യമായും ദൈവവുമായി ഐക്യപ്പെട്ടിരിക്കുന്നു(Hom. Dormition of Mary PG 96; 816).

ഗബ്രിയേൽ "ദൂതൻ അവളുടെ അടുത്തുവന്നു പറഞ്ഞു. ദൈവ കൃപനിറഞ്ഞവളേ! സ്വസ്തി, കർത്താവ് ninnoടുകൂടെ" (ലൂക്കാ 1:28). കൃപയുടെ നിറകുടമാണ് മറിയം. മറിയമാകുന്ന പാത്രം ആദ്ധ്യാത്മികതയുടെ ഭണ്ഡാരമാണ്. കൃപ നിറഞ്ഞമറിയത്തിൽ പരിശുദ്ധാത്മാവ് വന്ന് ആവസിക്കുന്നു. യേശു തമ്പുരാൻ അവളിൽ മനുഷ്യസ്വഭാവം സ്വീകരിക്കുന്നു. അവളുടെ ഹൃദയത്തിലൂടെ വാൾ കടന്നപ്പോൾ കോപമോ നിരാശയോ, പരാതിയോ അല്ല പുറത്തേക്ക് വന്നത്. മറിച്ച് ദൈവിക പുണ്യങ്ങളാണ്. അങ്ങനെ എല്ലാം കൊണ്ടും അവൾ ആദ്ധ്യാത്മിക പാത്രമായി മാറുന്നു. പരിശുദ്ധാത്മാവ് മറിയത്തിൽ ആവസിക്കുകയും യേശുവിനെ ഉദരത്തിൽ ഉൾക്കൊള്ളുകയും ചെയ്തതു കൊണ്ടാണ് ഈ വിശേഷണത്തിന് മറിയം അർഹയായത്. (താലന്ത് 2014-മാർച്ച്)

## ബഹുമാനത്തിന്റെ പാത്രമേ

'സോളമൻ രാജാവ്, ലബനോനിലെ മരംകൊണ്ട് തനിക്കൊരു പല്ലക്കു നിർമിച്ചു. അവൻ അതിൻറെ തണ്ട് വെള്ളികൊണ്ടും ചാരുന്നിടം സ്വർണംകൊണ്ടും ഇരിപ്പിടം ജറുസലെം പുത്രിമാർ മനോഹരമായി നെയ്തെടുത്ത രക്താംബരം കൊണ്ടും പൊതിഞ്ഞു' (ഉത്തമ. 3:9-10). ലെബനോനിലെ മരങ്ങളുടെ പല്ലക്കായി അവൻ അവനെ


www.malankaralibrary.com

മാറ്റി. ഈ വചനത്തെ വ്യാഖ്യാനിച്ചുകൊണ്ട് കോർണേലിയൂസ് ലാപ്പിഡേ പറയുന്നു: 'ഈ പല്ലക്ക് അവതരിച്ച വചനം പ്രസവിച്ച പരിശുദ്ധ മറിയത്തെ ഉപവികൊണ്ട് നിറച്ച, ജറുസലെം പുത്രന്മാരോടുള്ള സ്നേഹംകൊണ്ട് നിറച്ച ഉദരമാണ്'.

കാനായിലെ കല്യാണ വീട്ടിൽ അവരുടെ വിഷമഘട്ടത്തിൽ, അവർ ചോദിക്കാതെ തന്നെ തന്റെ പുത്രനോട് അപേക്ഷിച്ച് അവർക്ക് വീഞ്ഞ് കൊടുക്കാൻ അപേക്ഷിച്ചയവൾ അവിടെയും ബഹുമാനത്തിന് അർഹയാകുകയായിരുന്നു (യോഹ. 2).

തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം അത്രമാത്രം ലോകത്തെ സ്നേഹിച്ചു എന്ന് നാം വേദപുസ്തകത്തിൽ വായിക്കുമ്പോൾ; വി. ബെനവുന്തുര പറയുത്: 'പരിശുദ്ധ മറിയം തന്റെ ഏകജാതനെ നൽകാൻ തക്കവണ്ണം അത്രയധികം ലോകത്തെ സ്നേഹിച്ചു' എന്നാണ്. അതിനാൽ സ്ത്രീകളിൽ അനുഗൃഹീതേ എന്നാണ് വി. ആൻസലെം അവളെ അഭിസംബോധന ചെയ്യുന്നത്.

ഇങ്ങനെ നോക്കുമ്പോൾ കാലിത്തൊഴുത്തു മുതൽ പന്തക്കുസ്തവരെ എല്ലാ തലങ്ങളിലും അവൾ ബഹുമാനത്തിന് അർഹയാണ്

## അത്ഭുതകരമായ ഭക്തിയുടെ പാത്രമേ

രക്ഷകന്റെ ജനനത്തെപ്പറ്റി ദൂതൻ ഇടയന്മാരെ അറിയിച്ചു. അവർ പറഞ്ഞു: നമുക്ക് ബേത്ലെഹേം വരെ പോകാം. കർത്താവ് നമ്മെ അറിയിച്ച ഈ സംഭവം നമുക്ക് കാണാം (ലൂക്കാ. 2:15). അവർ ബേത്ലെഹേമിലെത്തി, ദൈവമാതാവ് സന്തോഷത്തോടെ അവളുടെ ആദ്യജാതനെ കാണിച്ചുകൊടുത്തു (തിരുസഭ. 57). ശിശുവിനെക്കുറിച്ച് തങ്ങളോട് പറയപ്പെട്ട കാര്യങ്ങൾക്ക് പ്രചാരം നൽകാൻ ഇടയന്മാർക്ക് പ്രേരണ ഉണ്ടായി. എന്നാൽ ഈ സംഭവത്തെപ്പറ്റി ലൂക്കാ പറയുന്നു:


www.malankaralibrary.com

"മറിയം ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു" (ലൂക്കാ. 2:19). ഇടയന്മാർ ഭയത്തിൽ നിന്ന് സന്തോഷത്തിലേക്ക് പ്രവേശിച്ചപ്പോൾ പരിശുദ്ധ മറിയം അവളുടെ പുത്രനെ സംബന്ധിച്ച ഈ സംഭവങ്ങളുടെ ഓർമ്മ വിശ്വാസപൂർവ്വം ഹൃദയത്തിൽ സംഗ്രഹിച്ച്, അത് ധ്യാനിച്ച് അതിന്റെ അർത്ഥം ആഴത്തിൽ ഉൾക്കൊണ്ടു. അവളുടെ പുത്രൻ ഒരു നല്ല മാതൃക നമുക്ക് കാണിച്ചുതന്നു. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം ഇപ്രകാരം പഠിപ്പിക്കുന്നു: 'നമ്മൾ ശത്രുക്കൾ ആയിരിക്കെത്തന്നെ ക്രിസ്തു നമ്മളോടുള്ള സ്നേഹം നിമിത്തം മരിച്ചു. താൻ ചെയ്തതുപോലെ നമ്മുടെ ശത്രുക്കളെപ്പോലും സ്നേഹിക്കാനും നമ്മെത്തന്നെ ഏറ്റവും അകലെയുള്ളവരുടെയും അയൽക്കാരനാക്കാനും ക്രിസ്തുവിനെപ്പോലെ തന്നെ കുട്ടികളെയും ദരിദ്രരെയും സ്നേഹിക്കാനും കർത്താവ് നമ്മോട് ആവശ്യപ്പെടുന്നു'.

വിശുദ്ധ പൗലോസ് അപ്പസ്തോലൻ സ്നേഹത്തിന്റെ അതുല്യമായ ഒരു വിവരണം നൽകുന്നു. 'സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്, സ്നേഹം അസൂയപ്പെടുന്നില്ല, ആത്മപ്രശംസ ചെയ്യുന്നില്ല, അഹങ്കരിക്കുന്നില്ല, അനുചിതമായി പെരുമാറുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല. വിദ്വേഷം പുലർത്തുന്നില്ല. അത് അനീതിയിൽ സന്തോഷിക്കുന്നില്ല. സത്യത്തിൽ അത് ആഹ്ലാദം കൊള്ളുന്നു. സകലതും വിശ്വസിക്കുന്നു. സകലതും പ്രത്യാശിക്കുന്നു. സകലത്തേയും അതിജീവിക്കുന്നു'.

സ്നേഹമില്ലെങ്കിൽ ഞാൻ ഒന്നുമല്ല എന്ന് അപ്പസ്തോലൻ പറയുന്നു. എന്റെ വിശേഷാനുകൂല്യമോ ശുശ്രൂഷയോ സുകൃതം പോലുമോ എന്തുതന്നെയാലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ ഒന്നും നേടുന്നില്ല. സ്നേഹം മറ്റ് എല്ലാ സുകൃതങ്ങളെക്കാളും ശ്രേഷ്ഠമാണ്. അതു ദൈവികസുകൃതങ്ങളിൽ പ്രഥമമാണ്. അതുകൊണ്ട് വിശ്വാസം, ശരണം, സ്നേഹം എന്നിവ മൂന്നും നിലനിൽക്കുന്നും. എന്നാൽ സ്നേഹ


www.malankaralibrary.com

മാണ് അവയിൽ സർവോത്കൃഷ്ടം (CCC 1825,1826). സ്നേഹത്തിന്റെ ഫലങ്ങൾ സന്തോഷവും സമാധാനവും കാരുണ്യവുമാണ് (CCC 1829). മേൽ പറയപ്പെട്ട എല്ലാ സുകൃതങ്ങളും ഫലങ്ങളും പരിശുദ്ധ മറിയത്തിൽ വിളങ്ങി നിൽക്കുന്നത് നമുക്ക് കാണാൻ സാധിക്കും. അങ്ങനെ നോക്കുമ്പോൾ എല്ലാ കാലത്തും അവൾ അത്ഭുതത്തിന് വിഷയമായി നിലകൊള്ളുന്നു. ഇപ്രകാരം രക്ഷാകര വിശ്വാസവും, ദൈവിക പുണ്യങ്ങളും ആഴത്തിൽ മനസ്സിലാക്കി എല്ലാ യുഗങ്ങളിലുമുള്ള ജനത്തോട് പ്രഘോഷിക്കണമെന്ന് അവൾ നിർദ്ദേശിക്കുന്നു.

## *ദിവ്യരഹസ്യം നിറഞ്ഞിരിക്കുന്ന? റോസാപുഷ്പമേ*

വിതക്കാരന്റെ ഉപമ പറഞ്ഞു കഴിഞ്ഞപ്പോൾ ശിഷ്യന്മാർ യേശുവിന്റെ അടുക്കൽ ചെന്ന് ഈ ഉപമയുടെ അർത്ഥം എന്താണെന്ന് അവനോടു ചോദിച്ചു. അവൻ പറഞ്ഞു: ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ അറിയാൻ വരം ലഭിച്ചിരിക്കുന്നത് നിങ്ങൾക്കാണ് (ലൂക്കാ.8:10). ക്രിസ്തുവും സഭയുമായി ബന്ധപ്പെട്ട അനേകം രഹസ്യങ്ങൾ ഉണ്ട്. വി. പൗലോസ് ശ്ലീഹാ പറഞ്ഞു: "രഹസ്യവും നിഗൂഢവുമായ ദൈവികജ്ഞാനമാണു ഞങ്ങൾ പ്രസംഗിക്കുന്നത്" (1 കോറി 2:7). സഭ ഒരു ദിവ്യരഹസ്യമാണ്!

കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്നവൻ വിളിക്കപ്പെടും എന്ന് കർത്താവ് പ്രവാചകൻ വഴി അരുളിച്ചെയ്തു (മത്താ. 1:22,23). കാലസമ്പൂർണ്ണതവപ്പോൾ ദൈവം തന്റെ പുത്രനെ അയച്ചു. സ്ത്രീയിൽ നിന്ന് ജാതനായി (ഗലാ.4:4). ദൈവത്തിന്റെ പുത്രൻ സ്ത്രീയിൽനിന്ന് ജാതനായെങ്കിൽ ആ സ്ത്രീ തീർച്ചയായും ദൈവത്തിന്റെ മാതാവാണ്. മറിയത്തിന്റെ ഗർഭം ദിവ്യരഹസ്യമാണ്. കാരണം അവളുടെ പുത്രൻ ദൈവമാകുന്നു.


www.malankaralibrary.com

മറിയത്തെ റോസാപ്പൂവായി ഉപമിക്കുന്ന രീതി മധ്യ ശതകങ്ങളിൽ ആരംഭിച്ചതാണ്. 'റോസറി' എന്നാൽ റോസാ പുഷ്പങ്ങൾക്കൊണ്ട് കോർത്ത മാല എന്നാണർത്ഥം. ഈ റോസറിയിലെ രഹസ്യങ്ങൾ ധ്യാനിക്കുകവഴി ഒരുവന് യേശുവിനെ സ്വീകരിക്കാൻ കഴിയും. റോസാപ്പൂവ് സ്നേഹത്തിന്റെ പ്രതീകമാണ്. ഇത് മണത്തിലും, ഗുണത്തിലും മുന്നിൽ തന്നെ. ദിവ്യരഹസ്യം നിറഞ്ഞിരിക്കുന്ന ഈ റോസാപ്പൂവ് മറിയത്തിന്റെ പ്രതീകമായി.

സ്നേഹത്തിന്റെയും സൂക്തങ്ങളുടെയും വിളനിലമായ മറിയത്തിൽ ഈശോ പ്രതിഷ്ഠിതനായി. മറിയമാകട്ടെ റോസാപ്പൂവ് എന്നും വിശേഷിപ്പിക്കപ്പെട്ടു. (താലന്ത് 2014-മാർച്ച്) വി. ബൊനവെന്തൂരാ വിസ്മയത്തോടെ പറയുന്നു. "ഈ അതീവ സൗന്ദര്യവതിയായ രാജ്ഞിയെ സ്നേഹിക്കാത്തവരായി ആരെങ്കിലും ഭൂമിയിലുണ്ടോ"?

മെക്സിക്കോയിലെ ഗ്വാഡലൂപ്പെ എന്ന സ്ഥലത്ത് ജൂവാൻ ഡീഗോ എന്ന കർഷകന് മാതാവ് പ്രത്യക്ഷപ്പെട്ട് താൻ 'ദൈവമാതാവാകുന്നു' എന്നറിയിച്ചു. ഡീഗോ ഇക്കാര്യം സ്ഥലത്തെ ബിഷപ്പിനെ അറിയിച്ചു. എന്നാൽ തെളിവില്ലാതെ ഈ ദർശനം അംഗീകരിക്കാൻ ബിഷപ്പ് തയ്യാറായില്ല. മറ്റൊരിക്കൽ മാതാവ് വീണ്ടും ഡീഗോയ്ക്ക് പ്രത്യക്ഷപ്പെട്ടു. പ്രസ്തുത സ്ഥലത്ത് ഒരു ദൈവാലയം നിർമ്മിക്കണമെന്നും; അതിനു തെളിവായി സമീപത്തുള്ള പാറയിൽ പുഷ്പിച്ചു നിൽക്കുന്ന റോസാപൂക്കൾ ബിഷപ്പിന് തെളിവായി സമ്മാനിക്കണമെും മറിയം നിർദ്ദേശിച്ചു. അത് റോസാപൂക്കൾ വിരിയുന്ന കാലം അല്ലായിരുന്നു. മാത്രമല്ല അവിടം പാറക്കെട്ടുകളുമായിരുന്നു. റോസാപൂക്കൾ ശേഖരിച്ച് ഡീഗോ ബിഷപ്പിന്റെ മുമ്പിലെത്തി. പൂക്കൾ കുടഞ്ഞിട്ടപ്പോൾ ആ തുണിയിൽ മാതാവിന്റെ ഛായാചിത്രം പതിഞ്ഞിരിക്കുന്നു! ഇതു കണ്ട ബിഷപ്പ് ഈ ദർശനം അംഗീകരിക്കുകയും പ്രസ്തുത സ്ഥലത്ത് ഒരു ദൈവാലയം നിർമ്മിക്കുകയും ചെയ്തു. ദൈവാലയം നിർമ്മിക്കുവാൻ ബിഷപ്പിനുള്ള തെളിവായി മാതാവു കൊടുത്തത് കുറെ റോസാപുഷ്പങ്ങളാണ്.


www.malankaralibrary.com

വിശുദ്ധ ഫ്രാൻസിസ്സിന്റെ ദിനവൃത്താന്തത്തിൽ ദിവസവും അത്താഴത്തിന് മുമ്പ് ജപമാല ചൊല്ലുന്ന ഒരു യുവ സന്യാസിയെക്കുറിച്ച് പറയുന്നുണ്ട്. ഒരു ദിവസം എന്തോ കാരണത്താൽ ഈ സന്യാസിക്ക് ജപമാല ചൊല്ലാൻ സാധിച്ചില്ല. ഊട്ടുശാലയിൽ അത്താഴത്തിനുള്ള മണിയടിച്ചു. ഭക്ഷണത്തിനു മുമ്പ് ജപമാല ചൊല്ലുവാൻ അനുവദിക്കുമോ എന്ന് അദ്ദേഹം സുപ്പീരിയറോട് ചോദിച്ചു. സുപ്പീരിയറിൽ നിന്ന് അനുമതി കിട്ടിയ അദ്ദേഹം പ്രാർത്ഥിക്കുവാനായി മുറിയിലേക്കു പോയി. കുറെ നേരമായിട്ടും യുവ സന്യാസിയെ കാണാത്തതിനാൽ അന്വേഷിക്കുവാനായി മറ്റൊരു സന്യാസിയെ സുപ്പീരിയർ പറഞ്ഞുവിട്ടു. അദ്ദേഹം മുറിയിൽ ചെന്നു നോക്കിയപ്പോൾ രണ്ട് മാലാഖമാരോടൊപ്പം നിൽക്കു പരിശുദ്ധ മാതാവിന്റെ മുന്നിൽ സ്വർഗ്ഗീയ പ്രകാശത്തിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന സന്യാസിയെയാണ് അദ്ദേഹം കണ്ടത്. ഓരോ നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ചൊല്ലുമ്പോഴും മനോഹരമായ റോസാപ്പൂക്കൾ നിർഗ്ഗമിച്ചുകൊണ്ടിരുന്നു. മാലാഖമാർ അതെടുത്ത് പരിശുദ്ധ മാതാവിന്റെ ശിരസ്സിൽ വച്ചുകൊടുക്കുകയും മാതാവ് പുഞ്ചിരിച്ചുകൊണ്ട് അവ സ്വീകരിക്കുകയും ചെയ്തു.

## ദാവീദിന്റെ കോട്ടയേ

കോട്ടകൾ സംരക്ഷണത്തിനു വേണ്ടിയുള്ളതാണ്. ലോക ചരിത്രത്തിലുടനീളം സുരക്ഷിതത്തിനും ഭദ്രതയ്ക്കും വേണ്ടി രാജാക്കന്മാർ കോട്ടകൾ നിർമ്മിക്കുന്നത് കാണാം. ഈ നൂറ്റാണ്ടിലും അത് തുടരുന്നു. ബൈബിളിലും കോട്ടകളെപ്പറ്റിയും വേലികളെപ്പറ്റിയും ഉള്ള പരാമർശങ്ങളുണ്ട്.

ഇസ്രായേല്യർ ഹെബ്രോണിൽ ദാവീദിന്റെ അടുക്കൽ ഒിച്ചുകൂടി പറഞ്ഞു. ഞങ്ങൾ നിന്റെ അസ്ഥിയും മാംസവുമാണ്... സാമുവേലിലൂടെ കർത്താവ് അരുളിച്ചെയ്തതനുസരിച്ച് അവർ ദാവീദിനെ ഇസ്രായേൽ


www.malankaralibrary.com

രാജാവായി അഭിഷേകം ചെയ്തു. അനന്തരം ദാവീദും, ഇസ്രായേല്യരും ജറുസലെമിലേക്കു പോയി. ജബൂസ് എന്നാണ് ജറുസലെം അറിയപ്പെട്ടിരുന്നത്; അവിടുത്തെ നിവാസികൾ ജബൂസ്യർ എന്നും. നീ ഇവിടെ കടക്കുക യില്ല എന്ന് ജബൂസ്യർ ദാവീദിനോടു പറഞ്ഞു. എങ്കിലും ദാവീദ് സീയോൻ കോട്ട പിടിച്ചെടുത്തു. അതാണ് ദാവീ ദിന്റെ നഗരം... സീയോൻ കോട്ടയിൽ ദാവീദ് താമസിച്ച തിനാൽ അതിനു ദാവീദിന്റെ നഗരം എന്നു പേരുവന്നു. പിന്നെ അവൻ നഗരത്തെ മില്ലോ മുതൽ ചുറ്റും പണി തുറപ്പിച്ചു (1 ദിന. 11:1-8).

ഇതുപോലെ മറിയം തിന്മയ്ക്കെതിരെയുള്ള സുര ക്ഷിത കോട്ടയാണ്. ദാവീദ് സുരക്ഷിതമായ കോട്ടകെട്ടി അവിടെ താമസമാക്കി. ഇതിൽ നിന്നും മറിയം ദാവീ ദിന്റെ വംശജയാണെ വിശേഷണവും മറിയത്തിനു നൽ കാനിടയായി.

## നിർമ്മല ദന്തം
## കൊണ്ടുള്ള കോട്ടയേ

രാജാക്കന്മാർ തങ്ങളുടെ കൊട്ടാരം മോടിപിടിപ്പി ക്കാൻ വേണ്ടി ആനയുടെ ദന്തം ഉപയോഗിക്കുന്ന പതിവ് സാധാരണമായിരുന്നു. "സോളമൻ രാജാവ് ദന്തംകൊണ്ട് ഒരു വലിയ സിംഹാസനം പണിതു തങ്കം പൊതിഞ്ഞു" (2 ദിന. 9:18). "ആഹാബ് രാജാവ് ദന്ത ഗൃഹം പണിയിച്ചു" (1 രാജാ. 22:39). "ദന്ത നിർമ്മി തമായ തൽപങ്ങളിൽ, വിരിച്ച മെത്തകളിൽ, നിവർന്നു ശയിക്കുകയും ആട്ടിൻ പറ്റത്തിൽ നിന്ന് കുഞ്ഞാടു കളെയും കാലിക്കൂട്ടത്തിൽ നിന്ന് പശുക്കിടാങ്ങളെയും ഭക്ഷിക്കുകയും ചെയ്യുന്നവർക്ക് ദുരിതം" (ആമോ. 6:4) എന്ന് ആമോസ് പ്രവാചകൻ പ്രവചിച്ചു. ദന്തത്തെപ്പറ്റി ഇതുപോലുള്ള പരാമർശങ്ങൾ ബൈബിളിൽ അനേകം സ്ഥലത്ത് കാണാം.

"ദന്തനിർമ്മിതമായ ഗോപുരം പോലെയാണ് നിന്റെ കഴുത്ത്" (ഉത്തമ. 7:4) എന്നൊരു വചനം ഉത്തമ


www.malankaralibrary.com

ഗീതത്തിൽ കാണുന്നു. ഉത്തമഗീതത്തിലെ മണവാട്ടി മാതാവാണെന്നാണ് പൊതുവേയുള്ള പണ്ഡിത മതം. കഴുത്ത് ഉയർന്നു നിൽക്കുന്നതാണ്. അത് ഭംഗി ഉളവാക്കുന്നു. പരിശുദ്ധ മറിയം ദൈവജനത്തെയും ദൈവജനം ദൈവത്തിന്റെ മണവാട്ടിയെയും പ്രതിനിധീകരിക്കുന്നു (X.L. Dufour, P. 339-340). മൗതിക ശരീരത്തിലെ, (ദൈവജനത്തിന്റെ) കഴുത്തിന്റെ സ്ഥാനമാണ് പരിശുദ്ധ മറിയത്തിനുള്ളത്. അതിനാൽ, 'ദന്ത നിർമ്മിതമായ ഗോപുരം പോലെയാണ് നിന്റെ കഴുത്ത്' എന്ന തിരുവചനത്തിന്റെ അടിസ്ഥാനത്തിലാണ്, പരിശുദ്ധ മറിയത്തെ, 'നിർമ്മല ദന്തം കൊണ്ടുള്ള കോട്ടയേ' എന്ന് നാം വിളിച്ചപേക്ഷിച്ചിരുന്നത് എന്നാണ് പരമ്പരാഗതമായ പഠനം. ഐവറി വളരെ വിലമതിക്കപ്പെട്ടതും, വളരെ ബലമുള്ളതുമാണ്. നിർമ്മലദന്തംകൊണ്ടുള്ള കോട്ടയായതിനാൽ, പരിശുദ്ധ മറിയത്തെ സാത്താൻ വളരെ ഭയപ്പെടുന്നുവെന്ന് വിശുദ്ധൻ പഠിപ്പിക്കുന്നു (cf. St. A Liguori, P. 631-632) മറിയത്തെ ദന്തനിർമ്മിത ഗോപുരം എന്ന് വിശേഷിപ്പിക്കുന്നതിന് ഇത് ഇടയാക്കി. മറിയത്തിന്റെ ആത്മീയ കരുത്തും സൗന്ദര്യവുമാണ് ഈ വിശേഷണത്തിലൂടെ അർത്ഥമാക്കുന്നത്. അവൾ തിന്മയുടെ കരങ്ങളിൽ നിന്ന് ജനത്തെ രക്ഷിച്ച ദന്തംപോലെ ബലമുള്ള കോട്ടയാണ്.

## സ്വർണ്ണാലയമേ

സ്വർണ്ണത്തെ സ്നേഹത്തോടാണ് ഉപമിച്ചിരിക്കുന്നത്. പരി. മറിയത്തിന്റെ ഹൃദയം നിറയെ സ്നേഹമാണ്. കരുവേലുകൊണ്ട് ഒരു പേടകം നിർമ്മിക്കാൻ ദൈവം മോശയോട് ആവശ്യപ്പെട്ടു. ദൈവം അതിന്റെ നിർമ്മാണം എപ്രകാരമായിരിക്കണമെന്ന് വെളിപ്പെടുത്തുകയും ചെയ്തു. ദൈവം അരുളിച്ചെയ്തു: "കരുവേലമരം കൊണ്ട് ഒരു പേടകം നിർമിക്കണം. അതിനു രണ്ടര മുഴം നീളവും ഒരമുഴം വീതിയും ഒരമുഴം ഉയരവും ഉണ്ടായിരിക്കണം. ശുദ്ധിചെയ്ത സ്വർണം കൊണ്ട് അതി


www.malankaralibrary.com

ൻറെ അകവും പുറവും പൊതിയണം. അതിനുമീതേ ചുറ്റും സ്വർണംകൊണ്ടുള്ള ഒരരികുപാളി ഉറപ്പിക്കണം. നാലു സ്വർണ വളയങ്ങളുണ്ടാക്കി പേടകത്തിൻറെ ചുവട്ടിലെ നാലു മൂലകളിൽ ഘടിപ്പിക്കണം. രണ്ടെണ്ണം ഒരു വശത്തും രണ്ടെണ്ണം മറുവശത്തും ആയിരിക്കണം. കരുവേലമരംകൊണ്ടു തണ്ടുകളുണ്ടാക്കി അവയും സ്വർണംകൊണ്ടു പൊതിയണം. കൃപാസനത്തിൻറെ രണ്ടറ്റത്തുമായി അടിച്ചു പരത്തിയ സ്വർണംകൊണ്ട് രണ്ടു കെരൂബുകളെ നിർമിക്കണം. തനി സ്വർണംകൊണ്ട് ഒരു വിളക്കുകാലുണ്ടാക്കണം. അതിൻറെ ചുവടും തണ്ടും ചഷകങ്ങളും മുകുളങ്ങളും പുഷ്പങ്ങളും ഒരേ സ്വർണത്തകിടിൽ തീർത്തതായിരിക്കണം. വിളക്കുകാലും ഉപകരണങ്ങളുമെല്ലാം കൂടി ഒരു താലന്തു തനി സ്വർണംകൊണ്ടുവേണം നിർമിക്കാൻ" (പുറ. 25:10-13,18,31,39). ഇവിടെ ദേവാലയം സ്വർണ്ണം കൊണ്ട് പൂശപ്പെട്ടതുപോലെ, പരി. മറിയത്തിന്റെ ഹൃദയം മുഴുവൻ സ്നേഹത്താൽ നിറയപ്പെട്ടിരിക്കുന്നു. വാ. ആൽബർട്ട് മാഗ്നൂസ് മറിയത്തെ ഉപവിയുടെ സ്വർണ്ണാലയമേ, എന്നാണ് അഭിസംബോധന ചെയ്തിരുന്നത്. പരി. മറിയം ദൈവത്തെ അത്രയധികം സ്നേഹിച്ചു. ഒരിക്കൽ പരി. മറിയം വി. ബ്രിജിത്തിന് തന്റെ ശൈശവം വെളിപ്പെടുത്തി കൊടുത്തു. പരി. മറിയം പ്രായത്തിൽ വളർന്നതിനൊപ്പം കൃപയിലും വളർന്നു. ആ സമയം മുതൽ പരി. മറിയം ദൈവത്തെ പൂർണ്ണ ഹൃദയത്തോടെ സ്നേഹിക്കാൻ ആരംഭിച്ചു. "അവൾ ഒരിക്കലും വാക്കാലോ, പ്രവൃത്തിയാലോ ദൈവത്തെ മുറിവേൽപ്പിച്ചില്ല."

വി. തോമസ് അക്വിനാസ് പറയുന്നു: "ദൈവവചനമാകുന്ന നിത്യമായ ജ്ഞാനം, ഈ ഭൂമിയിൽ ഒരു വാസസ്ഥലമായി തിരഞ്ഞെടുത്ത സ്വർണ്ണാലയമാണ് പരിശുദ്ധ മറിയം". സ്വർണ്ണാലയമേ എന്നു നാം പ്രാർത്ഥിക്കവേ ദൈവസ്നേഹവും പരസ്നേഹവും നമ്മളിൽ നിറയുന്നു.


www.malankaralibrary.com

## വാഗ്ദാനത്തിന്റെ പേടകമേ

ദൈവം ഇസ്രായേൽ ജനത്തിന്റെ ചരിത്രത്തിലേക്കിറങ്ങി വന്നു. അവരെ അടിമത്വത്തിൽ നിന്നും മോചിപ്പിച്ച്, അവരുമായി ഉടമ്പടി ചെയ്തു; അവരുടെ മധ്യേ കൂടാരത്തിൽ വസിച്ചു. ദൈവസാന്നിധ്യത്തിന്റെ പ്രതീകമായിരുന്നു ഈ പേടകം. ദൈവം എപ്പോഴും അവരോട് കൂടെ ഉണ്ടായിരുന്നു. മോശയുടെ കാലത്ത് പേടകവും ഉടമ്പടിയും ഉണ്ടായി. ഈ പേടകത്തിന് സാക്ഷ്യ പേടകം, വാഗ്ദാന പേടകം, ഉടമ്പടിയുടെ പേടകം, കർത്താവിന്റെ പേടകം എന്നൊക്കെ പേരുണ്ടായിരുന്നു. ഈ പേടകത്തിൽ കല്പലകകളിലെ രണ്ടുപ്രമാണരേഖയും, മന്ന ഇട്ടുവച്ച ഒരു പാത്രവും, അഹറോന്റെ വടിയും സൂക്ഷിച്ചിരുന്നു.. അവരുടെ ദൈവാനുഭവത്തിന്റെ ഉറവ ഈ വാഗ്ദാന പേടകമായിരുന്നു. ഈ വാഗ്ദാന പേടകം കൂടയുള്ളപ്പോളെല്ലാം അവർ അനുഗ്രഹിക്കപ്പെട്ടുകൊണ്ടിരുന്നു. വാഗ്ദാന പേടകവുമായി ഏഴു ദിവസത്തെ പ്രദക്ഷിണം നടത്തിയപ്പോൾ ജറീക്കോ കോട്ട നിലംപതിച്ചു (ജോഷ്വാ 6:4). വാഗ്ദാന പേടകവുമായി ജോർദ്ദാൻ നദിയെ സ്പർശിച്ചപ്പോൾ അരാബാ ഉപ്പുകടലിലേയ്ക്ക് ഒഴുകിയ വെള്ളം നിശ്ശേഷം വാർന്നുപോയി, ഇസ്രായേൽ ജനം ജോർദ്ദാൻ നദി കടന്നു. അതോടൊപ്പം മറ്റൊരു സംഭവവും നാം ബൈബിളിൽ കാണുന്നു. ദൈവത്തിന്റെ പേടകം അബിനാദാബിന്റെ വീട്ടിൽ നിന്ന് കാളവണ്ടിയിൽ കയറ്റി കൊണ്ടുപോകുമ്പോൾ, നാക്കോന്റെ മെതിക്കളത്തിൽവച്ച് കാള വിരണ്ടോടി. ഇതുകണ്ട ഉസ്സാം കൈ നീട്ടി ദൈവത്തിന്റെ പേടകത്തെ പിടിച്ചു. തൽഫലമായി ദൈവത്തിന്റെ കോപം ജ്വലിച്ചു. അനാദരവോടെ പേടകത്തിനുനേരെ കൈ നീട്ടിയതുകൊണ്ട് ദൈവം അവനെ കൊന്നുകളഞ്ഞു (2 സാമു. 6:1-23).

ഇപ്രകാരം മന്നയ്ക്ക് പകരം, ജീവന്റെ അപ്പമായ യേശുവിനെ വാഗ്ദാന പേടകമെപോലെ വഹിച്ചത് മറിയമാണ്. മറിയമാകുന്ന വാഗ്ദാന പേടകത്തെ അവഹേളിക്കുന്നവർ എത്ര ബുദ്ധിശൂന്യമായാണ് പെരുമാറുന്നത്.


www.malankaralibrary.com

ഇന്ന് ഈ വാഗ്ദാന പേടകം ഭൗതീകമായി നമ്മുടെ ഇട യിൽ ഇല്ല. പഴയ നിയമ പേടകത്തിൽ മന്ന ഇട്ടുവെച്ച പൊൻപാത്രം ഉണ്ടായിരുന്നെങ്കിൽ പുതിയ നിയമത്തിൽ ജീവന്റെ മന്നയായ ഈശോയെ വഹിച്ച മറിയം ഉണ്ട്. പഴയ നിയമത്തിലെ വാഗ്ദാന പേടകം മറിയത്തിന്റെ സാദൃശ്യമാണ്.

ഭൂമിയിൽ പാപം പെരുകുകയും, മനുഷ്യന്റെ ദുഷ്ടത വർദ്ധിക്കുകയും ചെയ്തപ്പോൾ ഭൂമുഖത്ത് മനുഷ്യനെ സൃഷ്ടിച്ചതിൽ ദൈവം പരിതപിച്ചു. അവിടുന്ന് മനു ഷ്യനേയും സകല ജീവജാലങ്ങളേയും ഭൂമുഖത്തുനിന്ന് തുടച്ചുമാറ്റാൻ തീരുമാനിച്ചു. എന്നാൽ നീതിമാനായ നോഹയേയും കുടുംബത്തേയും രക്ഷിക്കാൻ ദൈവം തീരുമാനിച്ചു. അതിനുവേണ്ടി ഗോഫെർ മരംകൊണ്ട് ഒരു പെട്ടകം നിർമ്മിക്കാൻ ദൈവം ആവശ്യപ്പെട്ടു. ദൈവം നോഹയോട് അരുളിച്ചെയ്തു: "ഭൂതലത്തിലെല്ലാം ഞാനൊരു ജലപ്രളയം വരുത്താൻ പോകുന്നു. ആകാ ശത്തിനു കീഴേ ജീവശ്വാസമുള്ള എല്ലാ ജഡവും ഞാൻ നശിപ്പിക്കും. ഭൂമുഖത്തുള്ളതെല്ലാം നശിക്കും. എന്നാൽ നീയുമായി ഞാനെൻറെ ഉടമ്പടി ഉറപ്പിക്കും. നീ പെട്ട കത്തിൽ കയറണം; നിൻറെ കൂടെ നിൻറെ ഭാര്യയും പുത്രൻമാരും അവരുടെ ഭാര്യമാരും" (ഉത്. 6:17,18). ദൈവം പറഞ്ഞതുപോലെ നോഹയും കൂട്ടരും പെട്ടക ത്തിൽ കയറി. ജലപ്രളയത്താൽ സകല ജീവജാലങ്ങ ളെയും ഭൂമുഖത്തുനിന്ന് ദൈവം തുടച്ചുനീക്കിയപ്പോൾ നീതിമാനായ നോഹവഴി പ്രപഞ്ചത്തെ നിലനിർത്താൻ ദൈവം തീരുമാനിച്ചു. അങ്ങനെ നോഹ പ്രപഞ്ചത്തിന്റെ നിലനിൽപ്പിനുതന്നെ കാരണമായി. നോഹ പുതിയ പ്രപഞ്ചത്തിന്റെ പങ്കാളിയാണ്. ജലപ്രളയത്തിൽ നിന്ന് രക്ഷപെടാൻ നോഹയ്ക്ക് പെട്ടകമുണ്ടായി, പാപത്തിന്റെ പിടിയിൽനിന്നും മനുഷ്യകുലത്തെ രക്ഷിക്കുവാൻ മനു ഷ്യനായി അവതരിച്ച യേശുവിന്റെ മുന്നോടിയാണ് ഈ നോഹ. മനുഷ്യകുലത്തെ പാപത്തിൽനിന്നു രക്ഷിക്കു വാൻ മനുഷ്യനായിപ്പിറന്ന യേശു, മറിയമാകുന്ന പെട്ട കത്തിലൂടെ ലോകത്തിൽ അവതരിച്ചു. അങ്ങനെ പരി


www.malankaralibrary.com

ശുദ്ധ മറിയം നോഹയുടെ പെട്ടകത്തിന്റെയും പ്രതീക മായി.

യോഹാൻ ശ്ലീഹ പറയുന്നു: "ആദിയിൽ വചന മുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു. വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവ ത്തോടുകൂടെയായിരുന്നു" (യോഹ 1:1,2). വചനം തന്നെ യായ ദൈവത്തെ ഉള്ളിൽ വഹിച്ചതിനാൽ മറിയത്തെ വാഗ്ദാന പേടകമെന്ന് വിശേഷിപ്പിക്കുന്നു.

## സ്വർഗ്ഗത്തിന്റെ വാതിലേ

വിശുദ്ധ ഫ്രാൻസിസ് ഇപ്രകാരം പ്രാർത്ഥിക്കുന്നു: "തിരഞ്ഞെടുക്കപ്പെട്ട കന്യകേ, സർവ്വാനുഗ്രഹങ്ങളു ടെയും വാതിലാണ് അങ്ങ്".

ദൈവത്തിന്റെ കല്പന ലംഘിച്ച ആദത്തെയും ഹവ്വ യെയും ദൈവം ഏദൻ തോട്ടത്തിൽ നിന്ന് പുറത്താക്കി. "മനുഷ്യനെ പുറത്താക്കിയശേഷം ജീവന്റെ വൃക്ഷത്തി ലേക്കുള്ള വഴികാക്കാൻ ഏദൻതോട്ടത്തിനു കിഴക്ക് അവിടുന്ന് കെരൂബുകളെ കാവൽ നിർത്തി. എല്ലാവ ശത്തേക്കും കറങ്ങുന്നതും തീജ്വലിക്കുന്നതുമായ ഒരു വാളും അവിടുന്നുസ്ഥാപിച്ചു" (ഉത്. 3:24).

"ആകാശം കർത്താവിനു മാത്രമുള്ളതാണ്. എന്നാൽ ഭൂമി അവിടുന്ന് മനുഷ്യമക്കൾക്കു നല്കിയി രിക്കുന്നു" (സങ്കീ. 115:16). ഭൂമിയിലെ മനുഷ്യന് പാപം മൂലം അടയ്ക്കപ്പെട്ട സ്വർഗ്ഗത്തിലേക്ക് കയറുവാനുള്ള കവാടമായി മറിയം മാറി. വി. അപ്രേം ആണ് മറിയത്തെ സ്വർഗ്ഗവാതിൽ എന്നു വിശേഷിപ്പിച്ചത്.

ഒരിക്കൽ വാ. ബ്ര. ലിയോ ഒരു ദർശനത്തിൽ രണ്ട് ഗോവണികൾ കണ്ടു. അതിലെ ചുവന്ന ഗോവ ണിയുടെ മുകളിൽ ഈശോമിശിഹാ നില്ക്കുന്നതും, വേറൊരു വെളുത്ത ഗോവണിയുടെ മുകളിൽ പരി ശുദ്ധ അമ്മ നില്ക്കുന്നതായും കണ്ടു. ഏതാനും പേർ ചുവന്ന ഗോവണിയിൽ രണ്ട് തവണ കയറാൻ പരിശ്ര മിച്ചെങ്കിലും താഴെ വീണു. അവരോട് പിന്നീട് വെളുത്ത


www.malankaralibrary.com

ഗോവണിയിൽ കയറാൻ ആവശ്യപ്പെടുന്നതായും ബ്രദർ ലിയോ കണ്ടു. പരിശുദ്ധ കന്യക തന്റെ കരങ്ങൾ നീട്ടിക്കൊടുത്തു. അവർ പറുദീസായിലേക്ക് ആരോഹണം ചെയ്യപ്പെട്ടു.

ലോറൻസിലെ വിശുദ്ധ റിച്ചാർഡ് പറയുന്നു: "പരിശുദ്ധ മറിയം പറുദീസായിലെ മിസ്ട്രസ്സാണ്". എന്തെന്നാൽ നാഥ തന്റെ ഇഷ്ടംപോലെ കല്പനകൾ പുറപ്പെടുവിക്കുന്നു. അമ്മയ്ക്ക് ഇഷ്ടമുള്ളവരെ അമ്മ അവിടെ പ്രവേശിപ്പിക്കുന്നു.

'മാതാവാകുന്ന വാതിലിലൂടെയല്ലാതെ ആരും സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുകയില്ല' എന്ന് വി. ബൊനവന്തൂരാ മല്പാൻ പഠിപ്പിക്കുന്നു. അദ്ദേഹം തുടർന്നു പറയുന്നു: 'അമ്മയുടെ തൃക്കടാക്ഷം ഉള്ളവരാണ് സ്വർഗ്ഗത്തിലെ പൗരന്മാർ; അമ്മയുടെ സ്നേഹമുദ്രയുള്ളവരാണ് അവളുടെ മക്കൾ, അവരാണ് ജീവന്റെ പുസ്തകത്തിൽ പേരെഴുതപ്പെട്ടവർ; അമ്മ തന്നെയാണ് ജീവന്റെ പുസ്തകം' (cited in St . A. Liguori, P 633-634).

## ഉഷഃകാല നക്ഷത്രമേ

പരിശുദ്ധ മറിയം പ്രസാദവര പൂർണ്ണതയിൽ ജനിച്ചു. അതേ വിശുദ്ധിയിൽ വളർന്നു. അതേ ചൈതന്യത്തിൽ മരിച്ചു. വിശുദ്ധിയുടെ പൂർണ്ണത ഇല്ലാത്ത ഒരു വേളയിൽ നിന്ന് വചനത്തിന് മാംസം സ്വീകരിക്കാൻ പറ്റില്ല. വി. പീറ്റർ ഡാമിയനാണ് (1007 - 1072) പരിശുദ്ധ കന്യാമറിയത്തെ ഉഷഃകാല നക്ഷത്രം എന്ന് വിശേഷിപ്പിച്ചത്. വേദപാരംഗതനായ വി.ജോൺ ഡമഷീനും മറിയത്തെ ഉഷഃകാല നക്ഷത്രം എന്ന് വിശേഷിപ്പിച്ചു. സൂര്യന് മുൻപേ പോകുന്ന പ്രഭാത നക്ഷത്രം പോലെ പരിശുദ്ധ കന്യക യേശുവിന് മുൻപേ പോകുന്നു. അവളോടുള്ള ഭക്തി ദൈവകൃപയാകുന്ന സൂര്യന് മുൻപേ പോകുന്നു. വിശുദ്ധ ബർണാർദ്ദ് ഇപ്രകാരം പറയുന്നു. "അവളെ അനുഗമിച്ചാൽ നിനക്ക് വഴി തെറ്റിപോകാൻ കഴിയില്ല. പരിശുദ്ധ മറിയം നിന്നെ സംരക്ഷിക്കുന്നുവെങ്കിൽ നീ


www.malankaralibrary.com

നഷ്ടപ്പെടുമെന്ന് ഭയപ്പെടേണ്ട. പരിശുദ്ധ മറിയം നിനക്ക് അനുകൂലമെങ്കിൽ നീ പറുദീസായിൽ എത്തിച്ചേരും".

പരിശുദ്ധ മറിയം, അതിർക്കവിഞ്ഞ പരിശുദ്ധിയോടെ നിലനിൽക്കുന്നു. അനേകം തലമുറകളിലെ സ്ത്രീകളുടെ മുഴുവൻ പ്രതിനിധിയായിട്ടാണ് ദൈവം പരിശുദ്ധ മറിയത്തെ തിരഞ്ഞെടുത്തത്. കാർഡിനൽ ന്യൂമാൻ പറയുന്നതു പോലെ: "പ്രിയനാഥയായ പരിശുദ്ധ മറിയമേ, നിന്റെ മുഖവും രൂപവും നിത്യപിതാവിനെക്കുറിച്ച് ഞങ്ങളോട് പ്രസംഗിക്കുന്നു. അവയിൽ കളിയാടുന്ന ആ മനോഹാരിത, നോക്കുവാൻ സംശയിക്കേണ്ട. ഭൗമിക സൗന്ദര്യമല്ല, അതു പ്രഭാതനക്ഷത്രം പോലെ പ്രഭാന്വിതവും ആഹ്ലാദപ്രദവുമാണ്. അതു വിശുദ്ധിയെ പ്രകാശിപ്പിക്കുന്നതും, സ്വർഗ്ഗത്തെ അനുസ്മരിപ്പിക്കുന്നതുമത്രെ. ഉഷസ്സിന്റെ ഉദയത്തെ വിളംബരം ചെയ്യുന്നവളേ, പഥികരുടെ പ്രത്യാശയേ, ഞങ്ങളെ നീ നയിക്കുക. ഇത്രനാൾ നയിച്ചതുപോലെ ഇനിയും നയിക്കുക. അന്ധകാരനിബിഢമായ രാത്രിയിൽ, ഭയാനകമായ വനാന്തരങ്ങളിലൂടെ ഞങ്ങളുടെ സങ്കേതമായ യേശുവിന്റെ സിധിയിലേക്ക് ഞങ്ങളെ നീ നയിക്കുക. മറിയമേ, നീ ഭാഗ്യവതി. എന്തുകൊണ്ടെന്നാൽ നീ പ്രസാദവരപൂർണ്ണയാകുന്നു. മറിയമേ, നീ ഭാഗ്യവതി. എന്തുകൊണ്ടെന്നാൽ നീ അത്യുന്നതന്റെ പുത്രനെ സംവഹിക്കുന്നവളാകുന്നു. മറിയമേ നീ ഭാഗ്യവതി. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗീയദൗത്യം നിന്നിൽ നിറവേറി". "പാപപങ്കിലമായ പ്രപഞ്ചത്തിൽ പാപരഹിതയായ ഏക സൃഷ്ടി മറിയമാണെന്നുള്ള" ജി.കെ ചെസ്റ്റർട്ടന്റെ പ്രസ്താവന എത്രയോ സത്യം. അവൾ പ്രകാശമായ യേശുവിന്റെ ജനനത്തിനുമുമ്പ് പ്രത്യക്ഷപ്പെട്ട നക്ഷത്രമാണ്. 'പാപപങ്കിലമായ മാനവവംശത്തിന്റെ ഏക അഭിമാനമേ' എന്ന വില്യം വേഡ്സ്വർത്തിന്റെ മഹാസ്തുതി അവളുടെ കിരീടത്തിലെ ഒരു നക്ഷത്രം തന്നെ.

## രോഗികളുടെ ആരോഗ്യമേ


www.malankaralibrary.com

ലൂർദ്ദിലെ ബുനോർട്ടൾസ് കുടുംബത്തിൽ ജനിച്ച കുട്ടിയാണ് ജസ്റ്റിൻ. ജനിച്ച നാൾമുതൽ അവൻ രോഗിയായിരുന്നു. സന്നിയും, കോട്ടവുമായിരുന്നു രോഗം. ഒരു രാത്രി രോഗം മൂർദ്ധന്യാവസ്ഥയിലായി. അവന്റെ ശ്വാസോച്ഛ്വാസം മന്ദഗതിയിലായി. മരണത്തോടടുത്തു കൊണ്ടിരിക്കുന്ന കുട്ടിയേയുമെടുത്തുകൊണ്ട് അവന്റെ അമ്മ ലൂർദ്ദിലെ മാതാവിന്റെ ഗ്രോട്ടോയിലേയ്ക്ക് ഓടി. അവിടുത്തെ അത്ഭുത ഉറവയിൽ വെള്ളം നിറഞ്ഞുനിൽക്കുന്ന തൊട്ടിയിൽ കുഞ്ഞിന്റെ ശിരസ്സ് ഒഴിച്ചുള്ള ശരീരഭാഗം മുഴുവൻ അവൾ മുക്കി. മഞ്ഞുകട്ടയ്ക്ക് തുല്യമായ തണുപ്പുള്ള വെള്ളത്തിൽ കുട്ടിയെ മുക്കുന്നതുകണ്ട് കൂടെയുള്ളവർ അമ്പരന്നു. അവൾ പറഞ്ഞു: എനിക്ക് കഴിവുള്ളത് ഞാൻ ചെയ്യുന്നു. ബാക്കി നല്ലവനായ ദൈവവും പരിശുദ്ധ കന്യകയും ചെയ്യുന്നതാണ്. പതിനഞ്ച് മിനിറ്റോളം അങ്ങനെ ചെയ്തതിനു ശേഷം കുട്ടിയെ തുണിയിൽ പൊതിഞ്ഞെടുത്ത് വീട്ടിലേയ്ക്ക് ഓടി. കുട്ടിമരിച്ചെന്നു ബന്ധുക്കളെല്ലാവരും വിചാരിച്ചു. അവൾ കുട്ടിയെ തൊട്ടിലിൽ കിടത്തി, അവൻ ഗാഢനിദ്രയിലായി. പിറ്റേന്ന് ഉണർപ്പോഴേയ്ക്കും അവൻ പൂർണ്ണ ആരോഗ്യവാനായി കഴിഞ്ഞിരുന്നു. അവനെ ചികിത്സിച്ച ഡോക്ടർമാർ ഈ രോഗശാന്തി അത്ഭുത സംഭവമാണെന്ന് രേഖപ്പെടുത്തി. (കടപ്പാട്- ലൂർദ്ദിലെ ബാലിക).

വി. ബർണ്ണാദ്ദ് ഇപ്രകാരം എഴുതി: "... അങ്ങനെ അടിമ തന്റെ മോചനദ്രവ്യം പ്രാപിക്കട്ടെ. രോഗികൾക്ക് ആരോഗ്യവും പീഡയനുഭവിക്കുന്നവർക്ക് ആശ്വാസവും പാപികൾക്ക് ക്ഷമാപണവും ദൈവത്തിന് മഹത്വവും, എന്തുകൊണ്ടെന്നാൽ നാഥ സൂര്യനാകുന്നു. നാഥയുടെ ചൂടിൽ പങ്കു പറ്റാത്തവരായി ആരും തന്നെയില്ല". ഇന്ന് ഫാത്തിമ, ലൂർദ്ദ്, വേളാംങ്കണ്ണി, വല്ലാർപാടം... ഇതുപോലുള്ള മരിയൻ തീർത്ഥാടന കേന്ദ്രങ്ങളിൽ തീർത്ഥാടനം നടത്തി പ്രാർത്ഥിക്കുന്ന ആയിരക്കണക്കിന് രോഗികൾ സൗഖ്യം പ്രാപിക്കുന്നത് പതിവു കാഴ്ചയാണ്. അതെ, അമ്മയുടെ ചൂടനുഭവിച്ച് മാറാരോഗികൾ സൗഖ്യം പ്രാപിക്കുന്നു.


www.malankaralibrary.com

പാരമ്പര്യമനുസരിച്ച് മംഗളവാർത്ത നടന്നതും തിരുക്കുടുംബം താമസിച്ചിരുന്നതും ലൊരോറ്റോയിലെ പരിശുദ്ധ ഭവനത്തിലാണ്. ഇത് മാതാവിന് സമർപ്പിക്കപ്പെട്ടിട്ടുള്ള ആദ്യത്തെ ബസിലിക്ക എന്ന പേരിലറിയപ്പെടുന്നു. ഈ ദൈവാലയവുമായി ബന്ധപ്പെട്ട് ഒരു പാരമ്പര്യം നിലവിലുണ്ട്. മൂന്നു സ്വർഗ്ഗീയ വ്യക്തികൾ താമസിച്ച ഈ ഭവനം 1291-ൽ മാലാഖമാർ അവിടെ നിന്നും താങ്ങിയെടുത്ത് ഡാൽമേഷ്യയിലുള്ള ടെർസാറ്റോയിലേയ്ക്ക് കൊണ്ടുപോയി. അവിടെനിന്നും റീനാൻഷ്യേയിലേയ്ക്കും. 1294 ഡിസംബർ 19-ന് മാലാഖമാർ ഈ ഭവനത്തെ അവിടെ നിന്നെടുത്ത് ഇറ്റലിയിലെ ലൊരോറ്റോ മലയിൽ അത്ഭുതകരമായി കൊണ്ടുവന്നു വച്ചു.

പെട്ടെന്ന് ഒരു സ്ഥലത്ത് ഒരു ഭവനം പ്രത്യക്ഷപ്പെട്ടപ്പോൾ അവിടുത്തെ ജനങ്ങൾക്ക് അത്ഭുതമായി. അവർ ഉടൻതന്നെ ഈ വിവരം സ്ഥലത്തെ മെത്രാനെ അറിയിച്ചു. ആർത്രൈറ്റീസ് എന്ന രോഗം ബാധിച്ച് അവശനായി കഴിഞ്ഞിരുന്ന മെത്രാൻ പ്രാർത്ഥനയോടെ കരഞ്ഞപേക്ഷിച്ചു. പെട്ടെന്ന് മാലാഖമാരുടെ അകമ്പടിയോടെ മാതാവ് പ്രത്യക്ഷപ്പെട്ട് പറഞ്ഞു: "എന്റെ മകനേ, നീ എന്നെ വിളിച്ചപേക്ഷിച്ചതുകൊണ്ട് ഇതാ ഞാൻ വന്നിരിക്കുന്നു. നിനക്ക് പൂർണ്ണ സൗഖ്യം നൽകുവാനും ഈ ഭവനം ഇവിടെ വന്നതിന്റെ രഹസ്യം വെളിപ്പെടുത്തുവാനുമാണ് ഞാൻ വന്നിരിക്കുന്നത്. ഈ ഭവനത്തിലാണ് ഞാൻ ജനിച്ചതും വളർന്നതും. ഈ ഭവനത്തിൽവച്ചാണ് രക്ഷകന്റെ ജനനത്തെക്കുറിച്ചുള്ള മംഗളവാർത്ത എനിക്കു ലഭിച്ചത്. അവിടെവച്ചാണ് വചനം മാംസം ധരിച്ചത്. എന്റെ മരണശേഷം അപ്പസ്തോലന്മാർ പരിശുദ്ധ ബലിയർപ്പിച്ച് ഈ ഭവനത്തോടുള്ള ബഹുമാനം നിലനിർത്തി. ഇതിന്റെ അൾത്താര വിശുദ്ധ പത്രോസും കേദാർ മരത്തിൽ തീർത്ത എന്റെ പ്രതിമ വിശുദ്ധ ലൂക്കായും ഉണ്ടാക്കിയതാണ്. നൂറ്റാണ്ടുകളോളം ഈ ഭവനം ബഹുമാനിക്കപ്പെട്ടു. എന്നാൽ വിശ്വാസം ക്ഷയിക്കുകയും ബഹുമാനവും ആദരവും കുറയുകയും ചെയ്തപ്പോഴാണ് ഈ ഭവനം നസ്രത്തിൽനിന്ന് പറിച്ചെടുത്ത് ഇങ്ങോട്ടു


www.malankaralibrary.com

കൊണ്ടുപോന്നത്. ദൈവത്തിന് ഒന്നും അസാദ്ധ്യമല്ലല്ലോ. ഇനി ഇവയ്ക്കെല്ലാം നീ സാക്ഷ്യം വഹിക്കണം. നിനക്ക് ഇപ്പോൾതന്നെ പൂർണ്ണ സൗഖ്യം ലഭിക്കും". മാതാവ് പറഞ്ഞതിൻ പ്രകാരം മെത്രാനച്ചൻ അത്ഭുതകരമായി സൗഖ്യപ്പെട്ടു. ബോനിഫസ് എട്ടാമൻ മാർപാപ്പ ഈ രോഗശാന്തിയെപ്പറ്റി പഠിക്കുകയും അത് വിശ്വാസയോഗ്യമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. പതിനാം നൂറ്റാണ്ടിൽ ഈ ഭവനത്തെ ഉള്ളിലാക്കിക്കൊണ്ട് വലിയൊരു ബസിലിക്ക അവിടെ നിർമ്മിക്കുകയുണ്ടായി. അതെ, അവൾ രോഗികളുടെ ആരോഗ്യമാണ്.

## പാപികളുടെ സങ്കേതമേ

ലുത്തിനിയ പ്രാർത്ഥനയിൽ പാപികളുടെ സങ്കേതമേ എന്നു നാം പ്രാർത്ഥിക്കാറുണ്ട്. സങ്കേതം എന്നതിന് ബൈബിളിൽ 'സുരക്ഷിത സ്വതന്ത്ര സ്ഥലം' എന്നാണ് അർത്ഥം. "കർത്താവ് ജോഷ്വായോട് അരുൾ ചെയ്തു. ഇസ്രായേൽ ജനത്തോട് പറയുക, ഞാൻ മോശയോട് കൽപ്പിച്ചതുപോലെ സങ്കേത നഗരങ്ങൾ നിർമ്മിക്കുവിൻ. അബദ്ധവശാൽ ആരെയെങ്കിലും കൊല്ലാൻ ഇടയായാൽ അവന് അഭയം തേടാൻവേണ്ടിയാണിത്" (ജോഷ്വ. 20:1-3). അനേകം അഭയ നഗരങ്ങളെക്കുറിച്ച് ബൈബിൾ പ്രതിപാദിക്കുന്നുണ്ട്. ഈ അഭയ നഗരങ്ങൾ അവർക്ക് ആശ്രയമാണ്. ആദ്യ മാതാപിതാക്കളുടെ പാപത്തോടെ പറുദീസയുടെ വാതിൽ അടയ്ക്കപ്പെട്ടു. അത് മനുഷ്യനെ ആദ്യ കൃപാജീവിതത്തിലേയ്ക്ക് ഉയർത്തുതിനുവേണ്ടിയായിരുന്നു.

അവരുടെ മക്കളായ കായേനും ആബേലും തമ്മിൽ വീണ്ടും പ്രശ്നങ്ങളുണ്ടായി. കായേനും ആബേലും തമ്മിലുള്ള പ്രശ്നത്തിൽ ദൈവം ഇടപെട്ട് തീർപ്പുണ്ടാക്കി. എന്നാൽ "കർത്താവിനോട് പാപം ചെയ്താൽ ആര് മാധ്യസ്ഥ്യം വഹിക്കും?" (1 സാമു. 2:25). ഇവിടെ യേശു മധ്യസ്ഥനായി വരുന്നു. കുരിശുമരണംവഴി പാപിയുടെ ശിക്ഷ അവൻ ഏറ്റെടുത്തു. അങ്ങനെ യേശു


www.malankaralibrary.com

പാപികളുടെ സങ്കേതവും, രക്ഷകനും വിമോചകനുമായി. പരി. മറിയത്തിന്റെ നയവും കാഴ്ചപ്പാടും യേശുവിന്റേതു തന്നെയാണ്. ആ മനോഭാവത്തിന്റെയും ജീവിതശൈലിയുടെയും തുടർച്ചക്കാരികൂടിയാണ് പരി. മറിയം. അതിനാൽ അവൾ പാപികളുടെ സങ്കേതമാണ്. വി. അഗസ്റ്റിന്റെ ഒരു പ്രാർത്ഥന ഇപ്രകാരമാണ്: 'നീ മാത്രമാണല്ലോ പാപികളായ ഞങ്ങൾക്ക് ആശ്രയം! അങ്ങിലൂടെ ഞങ്ങളുടെ പാപങ്ങൾക്ക് മോചനം നേടാനാവുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.. ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവളും, എന്നെന്നും ജീവിക്കുകയും വാഴുകയും ചെയ്യുന്ന ലോകരക്ഷകനെ വഹിക്കുവാൻ യോഗ്യയായി തിരഞ്ഞെടുക്കപ്പെട്ടവളുമായ മറിയമേ. ആമ്മേൻ.'

പരിശുദ്ധ അമ്മ പാപം ഇല്ലാതെ ജനിച്ചവളാണ്. അവൾ വിശുദ്ധിയുടെ നിറകുടമാണ്. എങ്കിലും പാപികളോട് കരുണയുള്ളവളാണ് അവൾ. വിശുദ്ധ ബ്രിജീറ്റ് വഴി പരിശുദ്ധ അമ്മ ഇത് വെളിപ്പെടുത്തുകയും ചെയ്തു. അമ്മ വിശുദ്ധയോടു പറഞ്ഞു: "ഞാൻ നീതിമാന്മാരുടെയും നിഷ്കളങ്കരുടെയും മാത്രം അമ്മയല്ല, പകരം ജീവിതത്തിൽ വ്യതിയാനം വരുത്താൻ ആഗ്രഹിക്കുന്ന പാപികളുടെയും അമ്മയാണ്". ഫാത്തിമായിൽ മാതാവ് പ്രത്യക്ഷപ്പെട്ടു പറഞ്ഞു: "പാപാവസ്ഥയിൽ ആയിരിക്കു ലോകത്തെ സംരക്ഷിക്കുന്നതിനായിട്ടാണ് ദൈവം എന്നെ ഭൂമിയിലേയ്ക്ക് അയച്ചിരിക്കുന്നത്. തിന്മ ഈ ലോകത്തിൽ വർദ്ധിച്ചിരിക്കുന്നു. ഇത് എന്റെ പുത്രനെ വളരെയേറെ വേദനിപ്പിക്കുന്നു. എല്ലാവരും മാനസാന്തരപ്പെടണമെന്നും സമാധാനത്തിൽ ജീവിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു. ദൈവം നിങ്ങളെ ശിക്ഷിക്കാതിരിക്കാനായി ഞാൻ പ്രാർത്ഥിക്കുന്നു".

ആദ്യ അനുസരണക്കേടു വഴി പാപത്തിന്റെ അടിമത്വത്തിലേയ്ക്ക് സാത്താൻ നമ്മളെ കൂട്ടിക്കൊണ്ടുപോയി. സാത്താനെ പരാജയപ്പെടുത്തുവാൻ ഈശോ നമുക്ക് ഒരമ്മയെ നൽകിയിട്ടുണ്ട്. ഈ അമ്മയാണ് സാത്താന്റെ തലയും തകർത്ത പരിശുദ്ധ അമ്മ. "ഒരുവൻ എത്ര വലിയ പാപിയായിരുന്നാലും അവൻ മരി


www.malankaralibrary.com

യഭക്തനാണെങ്കിൽ ഒരിക്കലും നശിച്ചു പോകില്ല" (വി. ഹിലാരി). അതെ; അവൾ പാപികളുടെ സങ്കേതമാണ്.

## പീഡിതരുടെ ആശ്വാസമേ

ഹീബ്രുവിലെ 'അനി' എന്നതിന് പീഢിതൻ എന്നാണർത്ഥം. പീഢിതർ എത് സമൂഹത്തിന്റെ താഴെത്തട്ടിൽ കഴിഞ്ഞവരെ വിശേഷിപ്പിക്കാൻ ഉപയോഗിച്ചിരുന്ന വാക്കാണ്. പഴയനിയമ കാലഘട്ടത്തിൽ പീഢിതർ എന്നതിനു പകരം ദരിദ്രർ, പാവങ്ങൾ എന്ന വാക്കുകളാണ് ഉപയോഗിച്ചിരുന്നത്. ഈ ജനവിഭാഗം പീഢിതരാണെങ്കിലും ദൈവത്തിൽ ഉറച്ച വിശ്വാസം ഉള്ളവരായിരുന്നു. എ.ഡി എഴുപതുവരെ യഹൂദ പുരോഹിതർ ദാരിദ്ര്യത്തെ ശാപമായി കരുതിയിരുന്നു. എന്നാൽ യേശു എന്നും പീഢിതരോടൊപ്പം നിന്നു. തന്റെ വിമോചന ദൗത്യത്തിന്റെ തുടക്കത്തിൽ യേശു ഇപ്രകാരം പറഞ്ഞു: "കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്നെന്നെ എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ. 4:18,19). ഇപ്രകാരം മറിയവും പീഢിതർക്ക് സാന്ത്വനമാണ്. ഇളയമ്മയായ ഏലീശ്വായെ സന്ദർശിച്ച് ശുശ്രൂഷിച്ചതും കാനായിലെ വിരുന്നിൽ ഇടപെട്ടതും ഇതിന് ഉദാഹരണമാണ്. മാത്രമല്ല "ദൈവിക വാഗ്ദാനങ്ങൾ സാക്ഷാത്കരിക്കുന്നതിനുവേണ്ടി മറിയം അവളുടെ തിരുക്കുമാരന്റെ കുരിശിൻ ചുവട്ടിൽ ധൈര്യപൂർവ്വം നിൽക്കുന്നു. പന്തക്കുസ്തായ്ക്കു ശേഷവും; പീഢാനുഭവങ്ങളുടെ ഭീഷണിക്കു നടുവിലായിരുന്ന സഭയുടെ പ്രത്യാശയ്ക്കു ശക്തിപകർന്നത് യേശുവിന്റെ അമ്മയാണ്. അതുകൊണ്ട് അവൾ വിശ്വാസി സമൂഹത്തിന്റെയും ഓരോ ക്രൈസ്തവന്റെയും പ്രത്യാശയുടെ മാതാവാണ്. ദൈവരാജ്യത്തിനുവേണ്ടി കാത്തിരിക്കുന്ന


www.malankaralibrary.com

മക്കളെ അവൾ പ്രോത്സാഹിപ്പിക്കുകയും, നയിക്കുകയും ചെയ്യുന്നു. ചരിത്രത്തിലുടനീളം എത്ര ദാരുണമായ സാഹചര്യങ്ങളിലും അവരുടെ അനുദിന ജീവിത ക്ലേശങ്ങളിൽ അവർക്കു തുണയാകുന്നു. (ജോൺപോൾ II. പരി. കന്യകയെക്കുറിച്ച് നൽകിയ പ്രബോധനം-61. ബ്ര. തോമസ് പോൾ). യേശുവും മറിയവും പീഢിതരുടെ ആശ്വാസമാണെന്ന വസ്തുത അനുസ്മരിച്ച് മറിയത്തിലും യേശുവിലും അഭയംതേടുകയാണ് നാം ഇവിടെ.

വി. ബെനവെന്തൂര പരിശുദ്ധ മറിയത്തെ വിശേഷിപ്പിക്കുന്നത് ബുദ്ധിമതിയായ അബിഗെയിൻ എന്നാണ്. നാബാലിനെതിരെയുള്ള ദാവീദിന്റെ കോപം ഈ സ്ത്രീയുടെ അപേക്ഷയാലാണ് ശമിക്കുന്നത്. സ്വന്തം കരങ്ങളാൽ പ്രതികാരം എടുക്കാൻ ഒരുങ്ങിയ ദാവീദിനെ തടഞ്ഞ അവളെ ദാവീദ് ഇപ്രകാരം അനുഗ്രഹിച്ചു. "ഇന്നേ ദിവസം എന്നെ രക്തം ചൊരിയുന്നതിൽ നിന്നും എന്റെ കരങ്ങളാൽ പ്രതികാരം ചെയ്യുന്നതിൽ നിന്നും കാത്ത് സംരക്ഷിച്ചതിന് അനുഗ്രഹിക്കപ്പെടട്ടെ". ഇതേ കാര്യം തന്നെയാണ് പാപികളായ മനുഷ്യർക്ക് വേണ്ടി പരിശുദ്ധ മറിയം സ്വർഗ്ഗത്തിൽ ചെയ്യുന്നതും. അവൾ പീഢിതർക്കുവേണ്ടി യേശുവിന്റെ മുമ്പിൽ നമുക്കുവേണ്ടി നിലകൊള്ളുന്നു.

## ക്രിസ്ത്യാനികളുടെ സഹായമേ

മെയ് മാസം 24-ാം തീയതിയാണ് ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിന്റെ തിരുനാൾ സഭയിൽ ആചരിക്കുന്നത്. എ.ഡി. 345-ൽ വിശുദ്ധ ജോൺ ക്രിസോസ്റ്റമാണ് ക്രിസ്ത്യാനികളുടെ സഹായമായ മറിയം എന്ന സംജ്ഞ ആദ്യമായി ഉപയോഗിച്ചതെന്ന് കണക്കാക്കപ്പെടുന്നു. മൂന്നാം നൂറ്റാണ്ടിലെ പാപ്പിറസുകളിൽപോലും ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്.


www.malankaralibrary.com

1453-ൽ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചെടുത്തു. ധാരാളം ക്രൈസ്തവർ വധിക്കപ്പെട്ടു. സഭയുടെ സ്ഥാപനങ്ങൾ കൊള്ളയടിച്ചു. അവിടെ ഉണ്ടായിരുന്ന ക്രിസ്തീയ ദൈവാലയങ്ങളെല്ലാം അവർ മോസ്ക്കുകളാക്കി മാറ്റി. അവർ ആക്രമണം നടത്തി മുറേിക്കൊണ്ടിരുന്നു. 1571-ൽ റോമിലും, മറ്റ് ക്രിസ്ത്യൻ രാജ്യങ്ങളിലുമുള്ള ദൈവാലയങ്ങൾ മോസ്ക്കുകളാക്കി മാറ്റണമെന്ന ലക്ഷ്യത്തോടെ തുർക്കികളുടെ ഒട്ടോമാൻ സൈന്യം ഇറങ്ങി പുറപ്പെട്ടു.

അന്ന് സഭയെ നയിച്ചുകൊണ്ടിരുന്നത് പീയൂസ് അഞ്ചാമൻ മാർപാപ്പയാണ്. മാർപാപ്പയുടെ നിർദ്ദേശപ്രകാരം 1571 സെപ്റ്റംബറിൽ ഓസ്ട്രിയായിലെ ഡോൺ ജുവാൻ ഓട്ടോമാൻ തുർക്കിപ്പടയെ നേരിടാൻ ഇറങ്ങി. അതിനായി മൂന്നു ദിവസത്തെ ഉപവാസം പ്രഖ്യാപിച്ചു. നാവികരെ യുദ്ധസജ്ജരാക്കി. ഓരോരുത്തർക്കും വെഞ്ചരിച്ച ഒരു ജപമാലയും നൽകി. കൂടെയുള്ള വൈദികർ വിശുദ്ധ കുർബാനയർപ്പിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. നാവികർ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം യാചിച്ചുകൊണ്ട് യുദ്ധത്തിനായി പുറപ്പെട്ടു. ഈ സമയം റോമിൽ മാർപാപ്പയുടെ നേതൃത്വത്തിൽ വിശ്വാസസമൂഹം മാതാവിന്റെ തിരുസ്വരൂപവും
വഹിച്ച് ക്രിസ്ത്യാനികളുടെ സഹായമായ മാതാവിന്റെ മാധ്യസ്ഥം തേടി, ജപമാല ചൊല്ലി പ്രദക്ഷിണം നടത്തി.

1571- ഒക്ടോബർ 7-ന് നിർണ്ണായകമായ യുദ്ധം നടന്നു. അന്നു രാവിലെ വരെ ക്രിസ്ത്യാനികൾക്ക് പ്രതികൂലമായിരുന്ന കടൽക്കാറ്റ് പെട്ടെന്ന് അനുകൂലമാവുകയും, ശത്രുസൈന്യത്തിന് മുന്നോട്ട് പോകാൻ പറ്റാതാവുകയും ചെയ്തു. ഈ സമയം തുർക്കികളുടെ മേൽ കനത്ത പ്രഹരം ഏല്പ്പിച്ച് ക്രിസ്ത്യാനികൾ മഹത്തായ വിജയം നേടി. സ്വർഗ്ഗം അനുവദിച്ച ഈ കനത്ത പ്രഹരം വന്നില്ലായിരുന്നുവെങ്കിൽ യൂറോപ്പ് ഓട്ടോമാൻ സാമ്രാജ്യത്തിൽ ഉൾപ്പെടുമായിരുന്നു. യൂറോപ്പിൽ നിന്ന് ക്രൈസ്തവർ തുടച്ചു നീക്കപ്പെടുമായിരുന്നു. ഈ വിജയത്തെ തുടർന്ന് പീയൂസ് അഞ്ചാമൻ മാർപാപ്പ


www.malankaralibrary.com

യാണ് ലുത്തിനിയായിൽ 'ക്രിസ്ത്യാനികളുടെ സഹായമേ' എന്ന പ്രാർത്ഥന കൂട്ടിച്ചേർത്തത്. ഒക്ടോബർ 7-നാണ് ക്രിസ്ത്യാനികളുടെ സഹായമായ മാതാവിന്റെ തിരുനാൾ സഭയിൽ ആഘോഷിക്കുന്നത്.

"എല്ലാ നന്മകളും മറിയം വഴി നാം സ്വീകരിക്കണമെന്നാണ് ദൈവതിരുനിശ്ചയം. അവൾ അനുഗ്രഹ സമ്പൂർണ്ണയും അരിഷ്ടതകളിൽ ക്രിസ്ത്യാനികളുടെ സഹായവുമാണ്" (ഒമ്പതാം പീയൂസ് മാർപാപ്പ). വി.ജെർമ്മാനൂസ് ഇപ്രകാരം രേഖപ്പെടുത്തി: "ഓ ക്രിസ്ത്യാനികളുടെ ജീവനായ പരിശുദ്ധ മറിയമേ അങ്ങ് ഞങ്ങളെ ഉപേക്ഷിക്കുകയാണെങ്കിൽ രക്ഷയെക്കുറിച്ച് ഞങ്ങൾക്ക് എന്ത് പ്രത്യാശയാണുള്ളത്". ക്രിസ്ത്യാനികളുടെ സഹായമായ പരി. മറിയത്തോടുള്ള ഭക്തി പ്രചരിപ്പിക്കുക, നിങ്ങൾ അത്ഭുതം ദർശിക്കുമെന്നാണ് വി. ഡോൺ ബോസ്ക്കോ പറഞ്ഞിട്ടുള്ളത്.

## ഏഴാം ഗണം

*മറിയത്തിന്റെ രാജ്ഞിത്വത്തെ പ്രകീർത്തിച്ചു കൊണ്ടുള്ളതാണ് ഈ ഗണം.*

**മാലാഖമാരുടെ രാജ്ഞീ,**
**പൂർവ്വപിതാക്കന്മാരുടെ രാജ്ഞീ,**
**ദീർഘദർശികളുടെ രാജ്ഞീ,**
**ശ്ലീഹന്മാരുടെ രാജ്ഞീ,**
**വേദസാക്ഷികളുടെ രാജ്ഞീ,**
**വന്ദകന്മാരുടെ രാജ്ഞീ,**
**കന്യകകളുടെ രാജ്ഞീ,**
**സകല വിശുദ്ധരുടേയും രാജ്ഞീ,**
**അമലോത്ഭവയായ രാജ്ഞീ,**
**സ്വർഗ്ഗാരോപിതയായ രാജ്ഞീ,**
**പരിശുദ്ധ ജപമാലയുടെ രാജ്ഞീ,**
**കർമ്മല സഭയുടെ അലങ്കാരമായ രാജ്ഞീ,**
**സമാധാനത്തിന്റെ രാജ്ഞീ,**

ഇവിടെ പതിമൂന്നു പ്രാവശ്യം മറിയം രാജ്ഞിയാണെന്ന് പ്രഖ്യാപിക്കുന്നു. വെളിപാടു പുസ്തകത്തിൽ


www.malankaralibrary.com

പന്ത്രണ്ടാം അദ്ധ്യായത്തിൽ ഒരു സ്ത്രീയെപ്പറ്റി പറയുന്നുണ്ട്. "സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ; ശിരസ്സിൽ പന്ത്രണ്ട് നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടം" (വെളി. 12:1). ഇവിടെ രേഖപ്പെടുത്തപ്പെട്ട സ്ത്രീ നമ്മുടെ സ്വർഗ്ഗീയ മാതാവാണ്. യേശു രാജാവാണ്. അതിന്റെ സൂചനകൾ വേദപുസ്തകം നൽകുന്നുമുണ്ട്. യേശുവിന്റെ രാജത്വ തിരുനാൾ നാം സഭയിൽ ആഘോഷിക്കാറുണ്ട്. യേശു രാജാവാണെങ്കിൽ അമ്മ രാജ്ഞീ സ്ഥാനത്തു തന്നെ. 1951 ഫെബ്രുവരി 4 ന് സഭയുടെ ആദ്യകാലം മുതലേ ഉണ്ടായിരുന്ന ഈ വിശ്വാസം ലുത്തിനിയായിൽ കൂട്ടിച്ചേർത്ത് ചൊല്ലുവാൻ പന്ത്രണ്ടാം പീയൂസ് മാർപാപ്പ കൽപ്പിച്ചു. മാത്രമല്ല 1954 ൽ (ഒക്ടോബർ 11) "സ്വർഗ്ഗറാണി" എന്ന ചാക്രിക ലേഖനത്തിലൂടെ മറിയത്തിന്റെ രാജ്ഞിത്വ തിരുനാൾ പ്രഖ്യാപിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി ഫാത്തിമായിലെ മാതാവിന്റെ തിരുസ്വരൂപത്തിൽ മാർപാപ്പ സ്വർണ്ണ നിർമ്മിതമായ ഒരു കിരീടം വയ്ക്കുകയും ചെയ്തു.

ഇരുപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു വിശുദ്ധയാണ് തെരേസ ബെനഡിക്റ്റ് ഓഫ് ദി ക്രോസ് അഥവാ ഈഡിത്ത് സ്റ്റെയിൻ. തത്വചിന്തക, മിസ്റ്റിക് എന്നീ നിലകളിലെല്ലാം അവൾ അറിയപ്പെട്ടിരുന്നു. 1891 ഒക്ടോബർ 2ന് ജനിച്ച അവളുടെ ജീവിതം സംഭവബഹുലമായിരുന്നു. പഠനകാലഘട്ടത്തിൽ നിരീശ്വരവാദിനിയായിത്തീർന്ന അവൾ വി. അമ്മത്രേസ്യയുടെ ആത്മകഥ വായിച്ച് മാനസാന്തരപ്പെട്ടു. പരിശുദ്ധ ദൈവമാതാവുമായി വലിയ ബന്ധം പുലർത്തിയ അവൾ മറിയത്തെ രാജ്ഞി എന്നാണ് സംബോധന ചെയ്തിരുന്നത്. മാത്രമല്ല കർമ്മല കുസുമമേ എന്ന സഭയുടെ പുരാതന കീർത്തനത്തിൽ നാല് വരികൾ കൂടി അവൾ എഴുതിച്ചേർക്കുകയും ചെയ്തു.

"യേശുവിനോട് കരുതൽ കാട്ടിയ അമ്മയായ മറിയം ഇപ്പോൾ, മുറിവേറ്റ ഈ ലോകത്തോട് മാതൃസഹജമായ വാത്സല്യത്തോടെയും വേദനയോടെയും കരു


www.malankaralibrary.com

തൽ കാട്ടുന്നു. അവളുടെ പിളർക്കപ്പെട്ട ഹൃദയം യേശുവിന്റെ മരണത്തിൽ വിലപിച്ചതുപോലെ ഇപ്പോൾ അവൾ ക്രൂശിതരായ ദരിദ്രരേയും മനുഷ്യശക്തിയാൽ തരിശ്ശാക്കപ്പെട്ട ഈ ലോകത്തിലെ സൃഷ്ടികളെയും പ്രതി വിലപിക്കുന്നു. പൂർണ്ണമായി രൂപാന്തരപ്പെട്ട അവൾ ഇപ്പോൾ യേശുവിനോടൊത്തു ജീവിക്കുകയും സകല സൃഷ്ടികളും അവളുടെ മനോഹാരിതയെക്കുറിച്ച് പറ യുകയും ചെയ്യുന്നു. "സൂര്യനെ ഉടയാടയാക്കിയ പാദ ങ്ങൾക്കടിയിൽ ചന്ദ്രനും ശിരസ്സിൽ പന്ത്രണ്ടു നക്ഷ ത്രങ്ങൾ കൊണ്ടുള്ള കിരീടവുമുള്ള" (വെളി. 12:1) സ്ത്രീയാണവൾ. സ്വർഗ്ഗത്തിലേയ്ക്ക് സംവഹിക്കപ്പെട്ട അവൾ സകല സൃഷ്ടികളുടെയും മാതാവും രാജ്ഞിയു മാണ്. ഉത്ഥിതനായ ക്രിസ്തുവിനോടൊത്ത്, അവളുടെ മഹത്വീകരിക്കപ്പെട്ട ശരീരത്തിൽ സൃഷ്ടിയുടെ ഒരംശം അതിന്റെ സൗന്ദര്യത്തിന്റെ പൂർണ്ണതയിലായിരിക്കുന്നു. തന്റെ ഹൃദയത്തിൽ അവൾ യേശുവിന്റെ ജീവിതം മുഴു വൻ സൂക്ഷിച്ചുവച്ചിരിക്കുന്നു 2:19,51). ഇപ്പോൾ സകല കാര്യങ്ങളു

ടെയും അർത്ഥം ഗ്രഹിക്കുകയും ചെയ്യുന്നു. അതു കൊണ്ട് ജ്ഞാനത്തിന്റെ കണ്ണുകൾകൊണ്ട് ഈ ലോകത്തെ നോക്കുവാൻ നമ്മെ പ്രാപ്തരാക്കണമെന്ന് നമുക്ക് അവളോടു പ്രാർത്ഥിക്കുവാൻ കഴിയും". (Laudato Si അങ്ങേയ്ക്ക് സ്തുതി - ഫ്രാൻസീസ് മാർ പാപ്പ).

## *മാലാഖമാരുടെ രാജ്ഞി*

പരിശുദ്ധ മറിയത്തിന്റെ ജീവിതം മുഴുവനും മാലാ ഖമാരോട് ബന്ധപ്പെട്ടാണ് കിടക്കുന്നത്. മാലാഖമാരുടെ രാജ്ഞി എന്ന പദം സ്വർഗ്ഗത്തിൽ യേശു രാജാവും മാതാവ് രാജ്ഞിയുമായതിനെ അനുസ്മരിപ്പിക്കുന്നു. സ്വർഗ്ഗത്തിലെ ദൈവദൂതന്മാർക്ക് ഈ രാജ്ഞിയോ ടുള്ള ബഹുമാനവും ഇവിടെ സൂചിതമാണ്. മംഗളവാർ ത്തയുടെ സമയത്ത് ഗബ്രിയേൽ മാലാഖ മറിയത്തിന്


www.malankaralibrary.com

പ്രത്യക്ഷപ്പെടുന്നു (ലൂക്കാ 1:28-38). ഈശോ ജനിച്ചപ്പോൾ സ്വർഗ്ഗീയ സൈന്യത്തിന്റെ വ്യൂഹം പ്രത്യക്ഷപ്പെട്ടു (ലൂക്കാ 2: 13,14). മറിയത്തിന്റെ കിരീടധാരണവും മാലാഖമാരുടെ സാദ്ധ്യത്തിൽ (പാരമ്പര്യം). പയസ്സ് ഏഴാമൻ മാർപാപ്പ എന്തുകൊണ്ട് പരിശുദ്ധ അമ്മ മാലാഖമാരുടെ രാജ്ഞിയായി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. "ക്രിസ്തു" നമ്മുടെ രാജാവായത് അവിടുന്ന് നമ്മുടെ രക്ഷകൻ കൂടിയായതുകൊണ്ടാണ്. അതുപോലെ മേരി നമ്മുടെ രാജ്ഞിയായത് അവൾ ദൈവത്തിന്റെ അമ്മയായതുകൊണ്ട് മാത്രമല്ല രക്ഷാകർമ്മത്തിൽ ക്രിസ്തുവിന്റെ കൂടെ രണ്ടാം ഹവ്വയായി പങ്കാളിയായതുകൊണ്ടാണ്". വിശുദ്ധ വിൻസെന്റ് ഫെററർ പറയുന്നു: "സകല വിശുദ്ധരുടെയും മാലാഖമാരുടെയും ദൈവവരപ്രസാദത്തെ കവിയുവാൻ പര്യാപ്തമായവിധം മറിയത്തിൽ ദൈവവരപ്രസാദം ഒഴുകിയിരുന്നു".

1863-ൽ വിശുദ്ധ ബർണാർദ്ദിന്റെ സഭയിൽപ്പെട്ട ഒരു സിസ്റ്ററിന് ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥ കാണിച്ചുകൊടുത്തുകൊണ്ട് നൽകിയ ദർശനത്തിൽ പരിശുദ്ധ അമ്മ പറഞ്ഞു: "പിശാചിനും അവന്റെ അനുയായികൾക്കും എതിരായി യുദ്ധം ചെയ്യുവാൻ മാലാഖമാരെ അയയ്ക്കുവാൻ പ്രാർത്ഥിക്കുക. മാത്രമല്ല പരിശുദ്ധ അമ്മ ഒരു പ്രാർത്ഥന അവളെ പഠിപ്പിക്കുകയും ചെയ്തു. അത് ഇപ്രകാരമായിരുന്നു: "സ്വർഗ്ഗരാജ്ഞീ, മാലാഖമാരുടെ മഹത്വമേറിയ നാഥേ, സർപ്പത്തിന്റെ തല തകർക്കുവാൻവേണ്ട ദൗത്യവും ശക്തിയും ആരംഭം മുതലേ സ്വീകരിച്ചവളേ, ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു, അങ്ങയുടെ കല്പനയാൽ സ്വർഗ്ഗീയദൂതരെ അയക്കേണമേ. അങ്ങനെ സാത്താന്റെ പ്രവർത്തികൾക്കെതിരെ പോരാടുവാനുള്ള ശക്തിയാൽ ഞങ്ങളെ നിറയ്ക്കുകയും അവരെ നിത്യനരകത്തിലേയ്ക്ക് അയക്കുകയും ചെയ്യണമേ. എത്രയും പരിശുദ്ധ മാതാവേ, തിന്മയുടെ ശക്തിയെ എതിർക്കുവാനും ഞങ്ങളിൽ നിന്നും അവയെ അകറ്റുവാനും സ്വർഗ്ഗീയ ദൂതഗണങ്ങളെ ഞങ്ങളുടെ സഹായത്തിനും സംരക്ഷണത്തിനു


www.malankaralibrary.com

മായി അയയ്ക്കണമേ". വി. എയാർഡ്മെർ (1060-1141) ന്റെ വീക്ഷണത്തിൽ ദൈവത്തിന്റെ അമ്മയാകുക എന്നത് ഒരു സൃഷ്ടിക്ക് ലഭിക്കാവുന്നതിൽവച്ച് ഏറ്റവും വലിയ ബഹുമതിയാണ്. അവർ ലോകത്തിന്റെ പ്രഥമ വനിതയാണ്, മാലാഖമാരുടെ രാജ്ഞിയാണ്, പ്രപഞ്ചത്തിന്റെ ചക്രവർത്തിനിയാണ്. അവൾ നിശ്ചയമായും ഉത്ഭവ പാപരഹിതയാണ്".

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ സ്വപ്നവുമായി ബന്ധപ്പെട്ട പോർസ്യുങ്കുളായിലെ മാലാഖമാരുടെ രാജ്ഞിക്കായിട്ട് സമർപ്പിക്കപ്പെട്ടിട്ടുള്ള ദൈവാലയം പ്രസിദ്ധമാണ്. 1045 മുതൽത്തന്നെ മാലാഖമാരുടെയും പരിശുദ്ധ അമ്മയുടെ ഇടപെടലുമായി ബന്ധപ്പെട്ട ചരിത്രം ഈ ദൈവാലയത്തിനുണ്ട്. തന്റെ മാനസാന്തരത്തിനുശേഷം മൂന്നാം വർഷം തകർന്നുകിടന്ന ഈ ദൈവാലയം അദ്ദേഹം പുനഃരുദ്ധരിച്ച് മാലാഖമാരുടെ രാജ്ഞിക്ക് സമർപ്പിക്കുകയുണ്ടായി.

1954 ഒക്ടോബർ 11-ന് 12-ാം പീയൂസ് മാർപാപ്പ പരിശുദ്ധ അമ്മയുടെ രാജ്ഞി പദം അംഗീകരിച്ച് പ്രഖ്യാപിച്ചു. തിരുസഭയിൽ ആഗസ്റ്റ് 2-നാണ് മാലാഖമാരുടെ രാജ്ഞിയുടെ തിരുനാൾ ആഘോഷിക്കുന്നത്.

## പൂർവപിതാക്കൻമാരുടെ രാജ്ഞി

ദൈവത്തോട് ഒരു പ്രത്യേക ബന്ധം കാണിച്ചവരാണ് പൂർവ്വ പിതാക്കന്മാർ. ഉത്പത്തി 15:5, റോമ 4, ഹെബ്രായർ 11:8 ഇവിടെയൊക്കെ നാം കണ്ടുമുട്ടു അബ്രാഹം, ഇസഹാക്ക്, യാക്കോബ്, ഇവരെല്ലാം പൂർവ്വ പിതാക്കന്മാരാണ്. ഇവരെ ഇങ്ങനെ കാണുമ്പോൾ കന്യകാമേരി പൂർവ്വ പിതാക്കന്മാരുടെയെല്ലാം രാജ്ഞിയാണ്.

ആദവും ഹവ്വായും മനുഷ്യകുലത്തിന് വലിയ നഷ്ടം വരുത്തിവെച്ചു. എന്നാൽ കാരുണ്യവാനായ ദൈവം ആദത്തിനും സന്തതി പരമ്പരകൾക്കും മോചനം പ്രഖ്യാ


www.malankaralibrary.com

പിച്ചു. "നീയും സ്ത്രീയും തമ്മിലും നിൻറെ സന്തതിയും അവളുടെ സന്തതിയും
തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാലിൽ പരിക്കേൽപിക്കും" (ഉത്. 3:15). "യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും" (ഏശയ്യ. 7:14). പൂർവ്വപിതാക്കന്മാർ രക്ഷകന്റെ ആഗമനം പ്രതീക്ഷിക്കുകയും അവന്റെ വരവിനായി ആകാംഷാപൂർവ്വം കാത്തിരിക്കുകയും മെസപ്പൊട്ടോമിയായിലെ ഊർ എന്ന സ്ഥലത്തു നിന്ന് ദൈവം അബ്രാഹത്തെ വിളിച്ചപ്പോൾ രക്ഷകനും പ്രവാചകനുമായ യേശുവിന്റെ ആഗമനത്തിന്റെ തുടക്കമായിരുന്നു അത്. വി. മത്തായി സുവിശേഷകൻ ഇപ്രകാരം രേഖപ്പെടുത്തുന്നു: "നിങ്ങളുടെ കണ്ണുകൾ ഭാഗ്യമുള്ളവ; എന്തെന്നാൽ, അവ കാണുന്നു. നിങ്ങളുടെ കാതുകൾ ഭാഗ്യമുള്ളവ; എന്തെന്നാൽ, അവ കേൾക്കുന്നു. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അനേകം പ്രവാചകൻമാരും നീതിമാൻമാരും നിങ്ങൾ കാണുവ കാണാൻ ആഗ്രഹിച്ചു, എങ്കിലും കണ്ടില്ല; നിങ്ങൾ കേൾക്കുവ കേൾക്കാൻ ആഗ്രഹിച്ചു, എങ്കിലും കേട്ടില്ല" (മത്താ. 13:16,17). എന്നാൽ ഈ കാത്തിരുപ്പ് പൂർണ്ണമായി സാഫല്യമാകുന്നത് മറിയത്തിലാണ്. പൂർവ്വ പിതാക്കന്മാരുടെ സ്വപ്നം മറിയംവഴി നിറവേറ്റപ്പെടുകയാണ്. അതിനാൽ മറിയം പൂർവ്വ പിതാക്കന്മാരുടെ രാജ്ഞിയായി.

എദേസ്സായിലെ വിശുദ്ധ എഫ്രേം പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു: 'ഏറ്റവും പരിശുദ്ധയായ മാതാവും, ദൈവത്തിന്റെ അമ്മയും, ദൈവകൃപ നിറഞ്ഞവളും, മനുഷ്യപ്രകൃതിയുടെ അഭിമാനപാത്രവും, എല്ലാ നന്മകളും ഞങ്ങളിലേക്ക് ഒഴുകിയെത്തു നീർച്ചാലും, പരിശുദ്ധ ത്രിത്വം കഴിഞ്ഞാൽ സകലത്തിനും അധിപതിയായിരിക്കുന്നവളും, ഏക മദ്ധ്യസ്ഥനായ ക്രിസ്തു കഴിഞ്ഞാൽ അഖില ലോകത്തിനും മദ്ധ്യസ്ഥയായിരിക്കുന്നവളും മറിയമാണ്. അങ്ങയിലാണ് ഞങ്ങളുടെ നിത്യരക്ഷയുടെ അച്ചാരം. സ്വർഗ്ഗത്തിലെത്തിച്ചേരാ


www.malankaralibrary.com

നുള്ള ഞങ്ങളുടെ പ്രത്യാശ അങ്ങയിലാണ്. ആദം മുതൽ അന്ത്യനാളുകൾവരെയുള്ള മനുഷ്യവംശത്തിന്, അപ്പസ്തോലന്മാർക്കും പ്രവാചകന്മാർക്കും രക്തസാക്ഷികൾക്കും നീതിമാന്മാരും വിനീതഹൃദയരുമായ സകലർക്കും സ്തുതിയും ബഹുമതിയും വിശുദ്ധിയും കൈവിട്ടുള്ളതും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുതും ഇനി ലഭിക്കാനിരിക്കുതും അങ്ങയിലൂടെ മാത്രമാണ്. മാലിന്യമേശാത്തവൾ നീ മാത്രമാണ്. അങ്ങ് ദൈവകൃപ നിറഞ്ഞവളാണ്. അങ്ങിൽ സർവ്വസൃഷ്ടികളും സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നു". അതിനാൽ അവൾ നമ്മുടെ മാത്രമല്ല പൂർവ്വ പിതാക്കന്മാരുടെ എല്ലാം രാജ്ഞിയാണ്.

## ദീർഘദർശികളുടെ രാജ്ഞി

അടിമത്വത്തിന്റെ നാട്ടിൽനിന്ന് ഇസ്രായേൽ ജനത്തെ വാഗ്ദത്ത നാട്ടിലേയ്ക്ക് നയിച്ചു. അവർ ചില സന്ദർഭങ്ങളിൽ ദൈവത്തെ ഓർക്കുകയും മറ്റു ചില സന്ദർഭങ്ങളിൽ ദൈവത്തോട് മറുതലിക്കുകയും ചെയ്തു. "യാക്കോബിന്റെ സന്തതികളിൽനിന്ന് കാരുണ്യവാനായ ഒരുവനെ കർത്താവ് ഉയർത്തി. അവൻ ജനത്തിന് സുസമ്മതനായിരുന്നു. ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിക്ക് അവൻ പാത്രമായി. അവനത്രെ ഭാഗ്യസ്മരണാർഹനായ മോശ" (പ്രഭാ. 45:1). മോശയും ജോഷ്വായും അവരുടെ നേതാക്കന്മാരായിരുന്നു. ജോഷ്വായുടെ മരണത്തെത്തുടർന്ന്. ദൈവം പ്രവാചകന്മാരെ അയക്കുകയാണ്. ദൈവത്തിനുവേണ്ടി ജനത്തോട് സംസാരിക്കാൻ ദൈവം അവരെ നിയോഗിച്ചു. ദൈവത്തോട് വിശ്വസ്തത കാണിക്കണമെന്ന് അവർ നിരന്തരം ജനത്തെ ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു. ഏലിയാ, എലീഷാ, ആമോസ്, ഹോസിയ എിവർ ഇസ്രയേലിലും, ഏശയ്യ, ജറെമിയ, എന്നിവർ യൂദയായിലും കഠിനപ്രയത്നം ചെയ്തു. ബി.സി 538-ൽ ബാബിലോൺ പ്രവാസകാലം അവസാനിച്ചതോടെ പ്രവാചക


www.malankaralibrary.com

ന്മാർ ഇല്ലാതായി. പിന്നെ ദൈവം ഇസ്രായേൽ ജനത്തെ നയിച്ചത് എഴുതപ്പെട്ട ദൈവിക ഗ്രന്ഥംവഴിയാണ്.

പ്രവാചകന്മാർ ദീർഘദർശികളാണ്. അനേകം ദീർഘദർശികൾ അവളെ മുൻകൂട്ടി കാണുകയും, അവളെപ്പറ്റി പ്രവചിക്കുകയും ചെയ്തിരുന്നു. വി. താരാസിയൂസ് ഇങ്ങനെ പറയുന്നു: "പ്രവാചകന്മാരുടെ മുഖകണ്ണാടിയായ നീ അവരുടെ പ്രവചനങ്ങളുടെ പൂർത്തീകരണവും കൂടിയാകുന്നു. കന്യാത്വ കവാടഭേദനമില്ലാതെ ദൈവത്തെ ഉൾക്കൊണ്ടവളായി നിന്നെ എസെക്കിയേൽ കാണുന്നു. ഏശയ്യായാകട്ടെ ക്രിസ്തുവെന്ന പുഷ്പം വിരിയുന്ന ജെസ്സെയുടെ പൂച്ചെടിയായി കാണുന്നു. ഈ പുഷ്പം വിരിയുന്നതോ എല്ലാ തിന്മകളെയും അപജയപ്പെടുത്തുതിനും എല്ലാ ഹൃദയങ്ങളിലും നന്മ വിതയ്ക്കുതിനുമത്രെ".

ജറെമിയ ദീർഘദർശി പറഞ്ഞതുപോലെ, ദൈവമായ കർത്താവ്, അവരുടെ പിതാക്കന്മാരോടു ചെയ്തതുപോലെ ഇസ്രായേൽ ഗോത്രവും യൂദായുടെ ഗോത്രവും തമ്മിൽ ഒരു പുതിയ ഉടമ്പടി ഉണ്ടാകുന്ന നാളുകൾ ആസന്നമാകും. എല്ലാ ജനതയെയും ദൈവാരാധനയ്ക്കു ക്ഷണിക്കുന്ന നിന്റെ പുത്രനായ ക്രിസ്തുവിന്റെ ആഗമനമാണ് ജറെമിയ വിവക്ഷിക്കുന്നത്. അഭിലാഷങ്ങളുടെ മനുഷ്യനായ ദാനിയേൽ പ്രവാചകൻ, പിശാചിന്റെ പ്രവൃത്തികളെ നശിപ്പിക്കുവാനും അവന്റെ ശക്തിയെ ചിതറിക്കാനുമുള്ള മൂലക്കല്ലായി ക്രിസ്തുവിനെ ചിത്രീകരിക്കുന്നു. ആ കല്ല് അത്ഭുതപർവ്വതമായ നിന്നിൽ നിന്നുമാകുന്നു. ഓ, അമലോത്ഭവയായ ആട്ടിൻകുട്ടി! കൃപാവര സംപൂരിതേ! ദൈവത്തിന്റെ പരിശുദ്ധവും നിർമ്മലവുമായ സക്രാരി! ഇതാ ഞങ്ങൾ വരുന്നു. ദൈവത്തിന്റെ ജനമായി, വിശുദ്ധ ജനമായി, സ്വീകാര്യമായ തലമുറയായി, കൃപാവരത്തിന്റെ മക്കളായി, പരിശുദ്ധിയുടെ സന്താനങ്ങളുമായി ഉന്നതചിന്തകളുമായി വരുന്നു. ഉറച്ച സ്വരത്തിൽ സ്തുതിഗീതങ്ങൾ ആലപിക്കാൻ വാനദൂതന്മാരേ, മനുഷ്യമക്കളെ, നിങ്ങൾ


www.malankaralibrary.com

ഏകകണ്ഠമായി ഗബ്രിയേലിന്റെ ഉദാത്തമായ സ്തുതി തന്നെ ഏറ്റു പറയട്ടെ. കൃപാവര സംപൂരിതേ, സ്വസ്തി!

പരി. മറിയം ദീർഘദർശികളുടെ രാജ്ഞിയാണ്. കാരണം പ്രവാചകന്മാരിൽ നിറഞ്ഞുനിന്ന എല്ലാ ദൈവിക ഗുണങ്ങളും മറിയത്തിൽ അതിന്റെ പൂർണ്ണത യിലുണ്ടായിരുന്നു. പ്രവാചകന്മാർ ലോകത്തിന് ദൈവ ത്തിന്റെ വചനം, വചനമായി നൽകിയതുപോലെ, പരി. മറിയം ഈ വചനത്തെ ദൈവ-മനുഷ്യനായി നമുക്കു നൽകി.

## ശ്ലീഹൻമാരുടെ രാജ്ഞി

പരി. അമ്മ ശ്ലീഹന്മാരുടെ രാജ്ഞിയാണ്. ദൈവശാ സ്ത്രജ്ഞനായ റാറ്റ്സിങ്ങറുടെ പ്രബോധനം ഇതിന്റെ ആഴങ്ങളിലേയ്ക്ക് വിരൽ ചൂണ്ടുന്നതാണ്. "സഭ ഒരു പകരണമല്ല; വെറുമൊരു സ്ഥാപനമല്ല; സാധാരണ സാമൂഹ്യശാസ്ത്രപരമായ ഉണ്മകളിൽ ഒന്നു മാത്രവു മല്ല. അവൾ ഒരു വ്യക്തിയാണ്, ഒരു സ്ത്രീയാണ്, ഒരമ്മയാണ്, അവൾ സജീവയാണ്. തികച്ചും സംഘട നാപരവും ഭരണ മേധാവിത്വപരവുമായ സ്വന്തം സങ്ക ല്പത്തെ ഏറ്റവും ശക്തിമത്തും ഏറ്റവും നിർണ്ണായകവു മായ താരതമ്യം വഴിയാണ് സഭ കന്യകാമറിയത്തിലൂടെ തിരിച്ചറിയുക. നമുക്ക് സഭയെ നിർമ്മിക്കാനാവില്ല, നാം സഭയാകണം. പ്രവൃത്തിക്കുപരിയായി വിശ്വാസം നമ്മുടെ ഉണ്മയെ രൂപപ്പെടുത്തുന്ന അളവിനനുസരിച്ചേ നാം സഭയാകൂ, സഭ നമ്മിലുമാണ്. കന്യകാമറിയത്തെ പ്പോലെ ആകുന്നെങ്കിൽ മാത്രമേ നാം സഭയായിത്തീരൂ. സഭ നിർമ്മിക്കപ്പെടുകയായിരുന്നില്ല, ജനിക്കുകയായി രുന്നു. മറിയത്തിന്റെ ആത്മാവിൽനിന്ന് ആജ്ഞ പുറ പ്പെട്ടപ്പോഴാണ് സഭ ജനിച്ചത്" (ജോസഫ് റാറ്റ്സിങ്ങർ).

അവൾ സഭയുടെ മാതാവും പ്രതീകവുമാണ്. യേശു വിന്റെ മൗതികശരീരവും (Mystical body) സാകല്യരൂ പവും (Total Christ) ആണ് തിരുസ്സഭ. അതുകൊണ്ട് അവൾ സ്വാഭാവികമായി സഭയുടേയും മാതാവാണ്.


www.malankaralibrary.com

കുരിശിൽ കിടന്നു പിടയവേ ശിഷ്യഗണത്തിന്റെ പ്രതിനിധിയായ യോഹന്നാനെ നോക്കി 'ഇതാ നിന്റെ അമ്മ' എന്ന് യേശു അരുളിയ നിമിഷം മുതൽ മറിയം ശിഷ്യസമൂഹത്തിന്റെ അഥവാ സഭയുടെ അമ്മയായിത്തീർന്നു.

കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് (ലൂക്കാ 1:45) വിശ്വസിച്ചുകൊണ്ട് വിശ്വാസത്തിന്റെ പ്രഥമവും സമ്പൂർണ്ണവുമായ സാക്ഷ്യമായി മാറിയ അവളെ നോക്കി സഭ വിശ്വാസത്തിൽ ജീവിക്കുന്നു. പരിത്യാഗത്തോടെ കർത്താവിൽ വിശ്വസിച്ചതുകൊണ്ടുള്ള യാത്രയിൽ ശക്തമായിക്കൊണ്ടിരിക്കുന്ന തീക്ഷ്ണതയോടെ അവളുടെ ജീവിതത്തിലെ എല്ലാ ഘട്ടങ്ങളെയും സ്പർശിക്കുകയും സഭയുടെ ഏക ദൗത്യമായി പ്രസരിക്കുകയും ചെയ്യുന്നു ദൈവവചനത്തോട് പറ്റിച്ചേർന്നു നിന്നുകൊണ്ട് ദിവ്യകന്യക ശിഷ്യന്മാർക്ക് മുമ്പേ പോകുന്നു. (ജോൺപോൾ II പരി. കന്യകയെക്കുറിച്ച് നൽകിയ പ്രബോധന പരമ്പര-61).

## *വേദസാക്ഷികളുടെ രാജ്ഞി*

## രക്തസാക്ഷികളുടെ മണിക്കൂർ

അന്ത്യോക്യായിലെ സെമേരൂസ് (+538) പറയുന്നു: "മറിയം പഴയനിയമത്തിലേയ്ക്കും പുതിയ നിയമത്തിലേയ്ക്കും സകല വിശുദ്ധരെയും അതിശയിപ്പിക്കുന്നു. മറിയം ഒരു പ്രവാചികയാണ്. ഒരു അപ്പസ്തോലികയാണ്, ഒരു രക്തസാക്ഷിണിയാണ്". നമ്മുടെ ദിവ്യനാഥ വൈദികരോട് സംസാരിക്കുന്നു എന്ന പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. "ഇടയന്മാരും അവർക്ക് ഭരമേൽപ്പിക്കപ്പെട്ട അജഗണവും പ്രഹരമേറ്റ് ചിതറിക്കപ്പെടും; തിരുസ്സഭ കർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടുവ്വെ തോന്നുന്നതിന് കുറേ സമയത്തേക്ക് കർത്താവ് അനുവദിക്കും.

ദുർമാർഗ്ഗത്തിന്റെ അങ്ങേയറ്റത്ത് എത്തിക്കഴിഞ്ഞ ലോകത്തിന്റെമേൽ അന്ധകാരം കൂടുതൽ കൂടുതൽ സാന്ദ്രമായിക്കൊണ്ടിരിക്കും. ലോകം എത്ര കൂടു


www.malankaralibrary.com

തൽ അപഥസഞ്ചാരം ചെയ്യുന്നുവോ അത്രയധികമായി ദൈവത്തിനെതിരെയുള്ള വിപ്ലവത്തിന്റെയും വിഗ്രഹാരാധനയുടെയും ദൈവനിന്ദയുടെയും അശുദ്ധിയുടേയും മാർഗ്ഗത്തിൽ അതു മുന്നേറിക്കൊണ്ടിരിക്കും.

ഈ വിധത്തിൽ ദൈവനീതി ലോകത്തിന്റെ പൂർണ്ണമായ ശുദ്ധീകരണത്തിനുവേണ്ടി അന്ധകാരത്തിലൂടെയും, അഗ്നിയിലൂടെയും, രക്തത്തിലൂടെയും നടത്താൻ തീരുമാനിച്ചിരുവ ലോകം സ്വകരങ്ങൾകൊണ്ടുതെ നിർവഹിക്കും. ഇത് രക്തസാക്ഷികളുടെ മണിക്കൂറായിരിക്കും. രക്തസാക്ഷികൾ സ്വന്തം രക്തം ചിന്തും. രക്തസാക്ഷികൾ മർദ്ദിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്യുത് ശേഷിച്ചവർ കാണുമ്പോൾ അവർ അസൂയാലുക്കളാകും. ഞാൻ നിങ്ങൾക്ക് ചെയ്തതെല്ലാം അപ്പോൾ മാത്രമേ നിങ്ങൾക്കു മനസ്സിലാകൂ". (കടപ്പാട് - നമ്മുടെ ദിവ്യനാഥ വൈദികരോട് സംസാരിക്കുന്നു - 148).

മൈക്കിൾ ആഞ്ചലോയുടെ മനോഹരമായ കദനകാവ്യശില്പമാണ് 'പിയേത്ത'. കുരിശിന്റെ വഴിയിൽ പതിമൂന്നാം സ്ഥലത്ത് ദിവ്യരക്ഷകന്റെ മൃതദേഹം മറിയത്തിന്റെ മടിയിൽ കിടത്തിയെ പാരമ്പര്യ വിശ്വാസത്തിൽ നിന്നാണ് ഈ ശില്പം രൂപം പ്രാപിച്ചത്. ഒരിക്കൽ ഈ ശില്പത്തെ കണ്ടിട്ട് ഹെർമ്മൻ ഹെസ്സേ എന്ന സാഹിത്യകാരൻ വിളിച്ചു പറഞ്ഞു: "രക്തസാക്ഷി
യേക്കാൾ വലിയവളാണ് രക്തസാക്ഷിയുടെ മാതാവ്". പരിശുദ്ധ
മറിയത്തിന്റെ ഏഴു വ്യാകുലങ്ങളെപ്പറ്റിയാണ് തിരുസഭ നമ്മെ പഠിപ്പിച്ചിട്ടുള്ളത് (പേജ് 194 നോക്കുക). ഏഴു വ്യാകുലങ്ങളെപ്പറ്റി മാതൃഭക്തർ ധ്യാനിക്കുങ്കിലും ബെത്ലഹേമിലെ കാലിത്തൊഴുത്തും നസ്രത്തും പരസ്യജീവിത രംഗങ്ങളും എന്തുമാത്രം വ്യാകുലതകൾക്ക് കാരണമായിട്ടുണ്ടെന്ന് ആർക്കു വർണ്ണിക്കാൻ കഴിയും. അതിനാൽ രക്തസാക്ഷികളുടെ രാജ്ഞി എന്ന സന്യയം മറിയത്തെ സംബോധന ചെയ്യുന്നു. വി. സ്റ്റീഫനെ കല്ലെറിഞ്ഞും, വി. പത്രോസിനെ തലകീഴായും, വി.


www.malankaralibrary.com

പൗലോസിനെ വാളുകൊണ്ടുമാണ് പീഡിപ്പിച്ചത്. സഭാ ചരിത്രത്തിൽ ഇത്തരത്തിലുള്ള അനേകം രക്തസാക്ഷികളെ നാം കണ്ടുമുട്ടുന്നു. ഈ കാലഘട്ടത്തിൽ വാ. ദേവസഹായം പിള്ളയും, വാ. സിസ്റ്റർ റാണി മരിയയും ഭാരതസഭയിലെ ദൈവജനത്തിന് പ്രചോദനമായി നിലകൊള്ളുന്നു. എന്നാൽ പരിശുദ്ധ മറിയത്തിന്റെ രക്തസാക്ഷിത്വം പ്രതിനിധീകരിക്കുന്നത് പരി.മറിയത്തിന്റെ മടിയിൽ കിടക്കുന്ന മരണമടഞ്ഞ യേശുവാണ്. കാരണം യേശുവാണ് മറിയത്തിന്റെ രക്തസാക്ഷിത്വത്തിന്റെ ഏക ഉപകരണം. അവിടത്തോടുള്ള അനുകമ്പ പരി.മറിയത്തെ രക്തസാക്ഷികളുടെ രാജ്ഞിയാക്കി.

## വന്ദകന്മാരുടെ രാജ്ഞി

യേശുവിൽ വിശ്വസിക്കുകയും, ആ വിശ്വാസം ഓരോ ശ്വാസത്തിലും പ്രഖ്യാപിക്കുകയും, ആവശ്യമെങ്കിൽ ആ വിശ്വാസത്തിനുവേണ്ടി ജീവൻപോലും ബലികഴിക്കാൻ സന്നദ്ധരാകുന്നവരെയാണ് വന്ദകന്മാർ എന്നു പറയുന്നത്. യേശു പറഞ്ഞു: "മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റു പറയുന്നവനെ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുന്നിൽ ഞാനും ഏറ്റു പറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെ എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ്പറയും" (മത്താ. 10:32,33).

വി. പൗലോസ് അപ്പസ്തോലൻ തിമോത്തിയോസിനെ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു: "വിശ്വാസത്തിന്റെ നല്ല പോരാട്ടം നടത്തുകയും നിത്യജീവനെ മുറുകെ പിടിക്കുകയും ചെയ്യുക. ഇതിലേയ്ക്കാണല്ലോ നീ വിളിക്കപ്പെട്ടിരിക്കുന്നത്. അനേകം സാക്ഷികളുടെ മുമ്പാകെ നീ ഇത് ദൃഢമായി ഏറ്റുപറഞ്ഞിട്ടുള്ളതാണല്ലോ" (1 തിമോ. 6:12). "അനേകം സാക്ഷികളുടെ മുമ്പിൽ വച്ച് നീ എന്നിൽനിന്നു കേട്ടവ മറ്റുള്ളവരെക്കൂടി പഠിപ്പിക്കാൻ കഴിവുള്ള വിശ്വസ്തരായ ആളുകൾക്ക് പകർന്നുകൊടുക്കുക" (2 തിമോ. 2:2).


www.malankaralibrary.com

സ്വജീവൻ ത്യജിച്ച് വിശ്വാസം സംരക്ഷിക്കുന്ന ദൈവമക്കളെ സഭ എക്കാലത്തും ശ്രേഷ്ഠരായി കരുതുന്നു. വചനം അനുസരിക്കുക എന്നുവച്ചാൽ വചനത്തിൽ വിശ്വസിക്കുക എന്നാണ്. അനുസരണത്തിന്റെയും, വിശ്വാസത്തിന്റെയും മൂർത്ത ഭാവമാണ് പരി. മറിയം. ക്രിസ്തുശിഷ്യന്മാർപോലും വിശ്വസചാഞ്ചല്യമുള്ളവരായി കാണപ്പെട്ടപ്പോഴും മറിയം ഉറച്ചുനിന്നു. വിശ്വാസത്തിലും, പ്രത്യാശയിലും, ശരണത്തിലും അനുദിനം വളരുന്ന സഭയുടെ പ്രതീകമാണ് മറിയമെന്ന് വി. അംബ്രോസ് പറയുന്നു. ദൈവത്തിന് ഒന്നും അസാധ്യമല്ല എന്നു വിശ്വസിച്ച മറിയം വിശ്വാസ സമൂഹത്തിന്റെ മാതൃക തന്നെ.

## കന്യകകളുടെ രാജ്ഞി

"വേറൊരു സൃഷ്ടിക്കും അവകാശപ്പെടാനാവാത്ത കാര്യമാണ് മറിയത്തിന് നൽകപ്പെട്ടത്. സ്വന്തം ശരീരത്തിൽ ദൈവപുത്രന് ജന്മം കൊടുക്കുക എന്നത്. സുവിശേഷ വചനങ്ങളുടെ വെളിച്ചത്തിൽ മറിയം ഒരു പരിശുദ്ധ കന്യകയായിരുന്നപ്പോൾ നമുക്കു വേണ്ടി ദൈവപുത്രന് ജന്മമേകിയെന്നും പ്രസവസമയത്തും പ്രസവശേഷവും എന്നും പരിശുദ്ധയായ അവികലമായ കന്യകയായി തുടർന്നുവെന്നും ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ക്രിസ്തുവിനോടുള്ള സ്നേഹവും ആദരവും മനുഷ്യരിൽ എത്രമാത്രം വർദ്ധിക്കുന്നുവോ അത്രമാത്രം മറിയത്തിനു നൽകപ്പെടുന്ന ബഹുമാനവും മഹത്വവും വളരണം". (ഉൾറിച്ച് സിംഗ്ലി. Vol. 1, 42728) 'പരിശുദ്ധാത്മാവിന്റെ വീണ' എന്ന അപരനാമത്താൽ വിശ്രുതനായ വി. അഫ്രേം അവളുടെ കന്യാത്വത്തെ അതിമനോജ്ഞമായി വർണ്ണിച്ചിട്ടുണ്ട്:

**"കന്യകയായ ഭൂമിയിൽ നിന്നുമാദ്യ-**
**മാദത്തിനു ജന്മം നൽകി, ഇന്നിതാ**
**കന്യകയിൽനിന്നു സ്വർഗ്ഗശിരസ്സാം**


www.malankaralibrary.com

**രണ്ടാമാദമിവിടെ ഭൂജാതനായ്" (പിറവി ഗീതി)**

**"പ്രഥമജാതൻ മാതാവിനുദരത്തിൽ കടന്നുവന്നു**
**എന്നാൽ കന്യാത്വത്തെ സ്പർശിച്ചില്ല**
**കന്യാത്വം പേർത്തും വിശുദ്ധമാക്കി**
**അവളിലവൻ ദൈവമായ് കടന്നുവന്നു**
**മനുഷ്യനായവതരിച്ചു" (വിശ്വാസ ഗീതി).**

അങ്ങനെയവൾ സകല കന്യകകൾക്കും മാതൃകയായി, അവരുടെ രാജ്ഞിയും.

## സകല വിശുദ്ധരു ടെയും രാജ്ഞി

വിശുദ്ധരുടെ പൂന്തോട്ടമാണ് കത്തോലിക്കാ തിരുസ്സഭ. ആയിരക്കണക്കിന് പൂക്കൾ ഈ പൂന്തോട്ടത്തിൽ വിരിഞ്ഞിട്ടുണ്ട്. ഇന്നും വിരിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ പൂന്തോട്ടത്തിലായിരുന്നുകൊണ്ട് ഭൂമിയിലേയ്ക്ക് അനുഗ്രഹ മഴ പെയ്യിക്കാൻ മാദ്ധ്യസ്ഥം വഹിക്കുന്നവരാണ് വിശുദ്ധർ. ഈ വിശുദ്ധരുടെയെല്ലാം രാജ്ഞിയാണ് പരിശുദ്ധ അമ്മ. അവളിൽ സകല പുണ്യങ്ങളും വിളങ്ങിയിരുന്നു. നാമോരോരുത്തരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരാണ്. അങ്ങനെ വിളിക്കപ്പെട്ട നാം സകല പ്രസാദവരത്തിന്റെയും മാതൃകയായ മറിയത്തെ അനുകരിക്കുന്നത് എത്രയോ നല്ലതാണ്. വിശുദ്ധ ജെറോം ഇപ്രകാരം പഠിപ്പിക്കുന്നു: "നമ്മൾ പരിശുദ്ധ അമ്മയെ സ്നേഹിക്കുന്നുവെങ്കിൽ ആ നാഥയുടെ മാതൃക അനുസരിക്കാൻ പരിശ്രമിക്കേണ്ടിയിരിക്കുന്നു". പാപത്തെ ജയിച്ച് വിശുദ്ധിക്കുവേണ്ടി യത്നിക്കുന്ന വിശ്വാസികൾ, പരിശുദ്ധിക്കായി സഭയുടെ മാതൃകയായി തിളങ്ങുന്ന പരി. അമ്മയിലേക്ക് കണ്ണുകൾ ഉയർത്തുന്നു.

സകല വിശുദ്ധരേക്കാളും മാലാഖമാരേക്കാളും അധികമായി ദൈവവര പ്രസാദമുള്ള അവൾ മാലാഖമാരുടെ രാജ്ഞിയായി. മറിയം സ്വർഗ്ഗത്തിൽ വിശുദ്ധർക്കും


www.malankaralibrary.com

മാലാഖമാർക്കും ആജ്ഞകൾ നൽകുന്നു. അഹങ്കാരം കൊണ്ട് നിലംപതിച്ച ദൈവദൂതന്മാരുടെ സിംഹാസനങ്ങൾ വിശുദ്ധരെക്കൊണ്ട് നിറയ്ക്കുവാൻ ദൈവം അവൾക്ക് കഴിവു നൽകി. അവിടുന്ന് അവളെ ഭൂസ്വർഗ്ഗങ്ങളുടെ രാജ്ഞിയും തന്റെ സൈന്യവ്യൂഹങ്ങളുടെ നായികയും കൃപാവരങ്ങളുടെ വിതരണക്കാരിയും ആക്കിമാറ്റി. വിശുദ്ധരെക്കൊണ്ട് സ്വർഗ്ഗീയ ഇടംനിറച്ച അവൾ സകല വിശുദ്ധരുടെയും രാജ്ഞിയായി മാറി.

## പുണ്യവാന്മാരുടെ ഐക്യം

*(Quito. (Ecuador), November 1, 1981 Feast of All Saints)*

ഞാൻ സകല പുണ്യവാന്മാരുടെയും രാജ്ഞിയാണ്. ഇന്ന് പറുദീസായിലേക്ക് നിങ്ങളുടെ നയനങ്ങളെ ഉയർത്തുക. അവിടെ നിങ്ങളുടെ സഹോദരരായ അസംഖ്യംപേർ മുന്നേ ചേർന്നിട്ടുണ്ട്. യേശുവിന്റെ ഭരണം, സ്വർഗ്ഗത്തിൽ ഞങ്ങളുടെ ആഹ്ലാദത്തിനും മഹിമയ്ക്കും കാരണമായ ആ ഭരണം ഭൂമിയിലും വേഗത്തിൽ വരുന്നതിനുവേണ്ടി അവർ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും നിങ്ങളെ സഹായിക്കുകയും ചെയ്യുന്നു.

പറുദീസായിൽ എത്തിക്കഴിഞ്ഞ നിങ്ങളുടെ എല്ലാ സഹോദരരുമായുള്ള സജ്ജീവമായ ഐക്യം അധികമധികം സംബന്ധമാകട്ടെ. പുണ്യവാന്മാരുടെ ഐക്യം ഇക്കാലത്ത് കൂടുതൽ പൂർണ്ണമായി സാക്ഷാത്കരിക്കപ്പെടണം. എന്തെന്നാൽ തിരുസ്സഭ ഒന്നു മാത്രമേയുള്ളൂ. ഈ സഭയിൽ എന്റെ മകൻ യേശു നിവസിക്കുകയും ഭരിക്കുകയും തന്റെ സഹോദരങ്ങളാൽ മഹത്വീകരിക്കപ്പെടുകയും ചെയ്യുന്നു. അവർ ഇപ്പോഴും സമരം ചെയ്യുകയോ, സഹിക്കുകയോ, നിത്യസന്തോഷത്തിൽ ആനന്ദിക്കുകയോ ചെയ്യുന്നു. (കടപ്പാട്- നമ്മുടെ ദിവ്യനാഥ വൈദികരോട് സംസാരിക്കുന്നു-233).

വി. അഗസ്തീനോസ് പരിശുദ്ധ മറിയത്തെ 'ദൈവത്തിന്റെ മൂശ' എന്നു വിളിച്ചു. ഒരു ശിൽപി മൂശയിൽ


www.malankaralibrary.com

ഒരു പ്രതിമ വാർത്തെടുക്കുന്നതുപോലെ വിശുദ്ധരെ കരുപിടിപ്പിക്കാൻ പോരുന്ന മൂശയാണവൾ.

## അമലോത്ഭവയായ രാജ്ഞി

പരിശുദ്ധ കന്യകാ മറിയം പാപത്തിന്റെ മാലിന്യം ഏശാത്തവളായതിനാലാണ് ഗബ്രിയേൽ ദൂതൻ "ദൈവ കൃപ നിറഞ്ഞവളേ, സ്വസ്തി; കർത്താവ് നിന്നോടുകൂടെ" (ലൂക്കാ 1:28) എന്ന് അഭിസംബോധന ചെയ്തത്. പൗരസ്ത്യ പാശ്ചാത്യ സഭകളിൽ യഥാക്രമം ഏഴും, ഒമ്പതും നൂറ്റാണ്ടു മുതൽ തന്നെ കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുനാൾ ആഘോഷിക്കാൻ തുടങ്ങി. 1447-ൽ സിക്സ്റ്റസ് 6-ാമൻ മാർപാപ്പയാണ് മറിയത്തിന്റെ അമലോത്ഭവതിരുനാൾ ആഘോഷിക്കാൻ അനുവാദം നൽകിയത്. 1708 ഡിസംബർ 6-ന് ക്ലെമന്റ്11-ാമൻ മാർപാപ്പ അമലോത്ഭവതിരുനാൾ കടമുള്ള ദിവസമായി പ്രഖ്യാപിച്ചു. പീയൂസ് 9-ാമൻ മാർപാപ്പയുടെ ഭരണകാലത്ത് അദ്ദേഹം ഇക്കാര്യത്തെപ്പറ്റി 20 ദൈവശാസ്ത്രജ്ഞന്മാരുമായി ചർച്ചചെയ്യുകയും ഇതിനെപ്പറ്റി വീണ്ടും പഠിക്കുകയും ചെയ്തു. തുടർന്നദ്ദേഹം തുടർ പഠനത്തിനായി കർദ്ദിനാൾമാരും വൈദികരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി ഉണ്ടാക്കി. അവരുടെ അഭിപ്രായംകൂടി ലഭിച്ചതിനുശേഷം 603-മെത്രാന്മാരുമായി വീണ്ടും ചർച്ചനടത്തി. സഭയിൽ നിലനിന്നിരുന്ന ഈ വിശ്വാസം 1854 ഡിസംബർ 8-ാം തിയതി, 9-ാം പീയൂസ് മാർപാപ്പ 'ഇനെഫാബിലിസ് ദേവൂസ്' എന്ന തിരുവെഴുത്തിലൂടെ വിശ്വാസ സത്യമായി പ്രഖ്യാപിച്ചു. അന്നേ ദിവസം തന്നെ അമലോത്ഭവത്തിരുനാളായി പ്രഖ്യാപിക്കുകയും ചെയ്തു. 1858 മാർച്ച് 25-ന് പരിശുദ്ധ ദൈവമാതാവ് ലൂർദ്ദിൽ ബർണദീത്തായ്ക്ക് പ്രത്യക്ഷപ്പെട്ട് "ഞാൻ അമലോത്ഭവയാണ്" എന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

സഭയിലെ വി. എഫ്രേം, വി. അഗസ്റ്റിൻ, വി. അംബ്രോസ്, വി. ആൻസലെം, വാഴ്ത്തപ്പെട്ട ഡൺസ്


www.malankaralibrary.com

സ്കോട്ട്സ് എന്നിവരെല്ലാം മറിയത്തിന്റെ അമലോത്ഭവ ത്തെക്കുറിച്ച് സാക്ഷ്യം നൽകിയവരാണ്. 1846 സെപ്തം ബർ 13 ന് ഗ്രിഗറി 16-ാമൻ മാർപാപ്പയാണ് അമലോത്ഭവ രാജ്ഞി എന്ന പ്രാർത്ഥനാശകലം ലുത്തിനിയായിൽ കൂട്ടിച്ചേർത്തത്. ഇന്ന് സഭയിൽ കാണുന്ന അമലോത്ഭവ മാതാവിന്റെ ചിത്രം വരച്ചത് സ്പെയിനിലെ ബർത്ത ലോമെ മുറില്ലോ ആണെന്ന് കരുതപ്പെടുന്നു.

## സ്വർഗ്ഗാരോപിത രാജ്ഞി

മാതാവിന്റെ സ്വർഗ്ഗാരോപണ വർഷമായി കരുതു ന്നത് ഏ.ഡി 45 ആണ്. 'ഗ്രാൻസിത്ത്' എന്ന അപ്ര മാണിക ഗ്രന്ഥത്തിലാണ് മറിയം 72 -ാം വയസ്സിൽ മരി ച്ചുവെന്നും മാലാഖമാർ 3-ാം ദിവസം സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോയി എന്നും രേഖപ്പെടുത്തിയിരിക്കുന്നത്.

"ആത്മ ശരീരങ്ങളോടെ സ്വർഗ്ഗത്തിൽ മഹിമ പ്രാപിച്ച പരിശുദ്ധ കന്യകാമറിയം ലോകാന്ത്യത്തിൽ പൂർത്തിയാകാനിരിക്കുന്ന സഭയുടെ പ്രതീകവും പ്രാരം ഭവുമത്രേ. കർത്താവിന്റെ ദിവസം ഉദയം ചെയ്യുന്നതു വരെ (2 പത്രോ. 3:10) മറിയം ഭൂമുഖത്തു തീർത്ഥാട നത്തിലേർപ്പെട്ടിരിക്കുന്ന ദൈവജനത്തിനു സുനിശ്ചിത മായ പ്രതീക്ഷയുടെയും സമാശ്വാസത്തിന്റെയും അടയാ ളമായി പ്രശോഭിച്ചുകൊണ്ടിരിക്കുകയും ചെയ്യും" (L G 68 ).

വി. ജോൺ ഡമഷീൻ ഇപ്രകാരം പഠിപ്പിക്കുന്നു. "ഉത്ഭവം മുതൽ നിർമ്മലമായ ശരീരം റൂഹായുടെ സഹ വാസത്താൽ ഉപരി പവിത്രമാക്കപ്പെട്ട ശരീരം, പുത്രന്റെ വാസത്താൽ ഉപരി വെളിച്ചമാകപ്പെട്ട ശരീരം, നിത്യക ന്യാവ്രതത്താൽ സമ്പൂർണ്ണമായി ദൈവത്തിനു സമർ പ്പിക്കപ്പെട്ട ശരീരം, കുരിശിനു സമീപം യേശുവിനൊപ്പം പിതാവിന് ആത്മീയമായി സമർപ്പിച്ച ശരീരം, ജീവിത കാലം മുഴുവൻ യേശുവിനും പ്രവർത്തനങ്ങൾക്കുമായി അദ്ധ്വാനിച്ച ശരീരം, ദർശനങ്ങളും അത്ഭുതങ്ങളും വഴി സേവനം തുടരേണ്ടിയിരുന്ന ശരീരം, കല്ലറയിലിരുന്നു


www.malankaralibrary.com

ജീർണ്ണിക്കാതിരിക്കുകയെന്നത് ന്യായവും യുക്തവും രക്ഷാകരവുമാകുന്നു. യേശുവിന്റെ പ്രത്യേക കൃപയാൽ ദൈവം മഹത്ത്വീകരിക്കപ്പെടുകയും ദൈവത്തിന്റെ അമ്മ എന്ന നിലയിലും ദൈവത്തിന്റെ ദാസി എന്ന നില യിലും അവൾ സർവ്വസൃഷ്ടിയാലും ആദരിക്കപ്പെടുകയും ചെയ്യേണ്ടിയിരിക്കുന്നു. ആകയാൽ അവൾ സ്വർഗ്ഗാ രോപിത രാജ്ഞി ആകുന്നു".

ഉത്ഭവ പാപത്തിന്റെ മാലിന്യം ഏൽക്കാത്ത നിർ മ്മല കന്യക ഇഹലോകവാസത്തിന്റെ പരിസമാപ്തി യിൽ ആത്മ ശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് എടുക്ക പ്പെട്ടു എന്ന ഈ പരമ്പരാഗത വിശ്വാസം പന്ത്രണ്ടാം പീയൂസ് മാർപാപ്പ ഔദ്യോഗിക സത്യമായി (1950) പ്രഖ്യാ പിച്ചു. ക്രൈസ്തവരുടെ പുനരുത്ഥാനം മഹത്തായ ഒരു കാര്യമാണ്. അതിനു മുന്നോടിയായി പരിശുദ്ധ കന്യാ മറിയത്തെ ദൈവം സ്വർഗ്ഗത്തിലേക്ക് ആനയിച്ചു എന്ന താണ് ഇതിന്റെ അടിസ്ഥാനം.

ഒരിക്കൽ സി. സെറാഫിൻ ഡി കാപ്രേരി സ്വർഗ്ഗാ രോപിത രാജ്ഞിയോടുള്ള നൊവേന ചൊല്ലി ആയിരം പാപികളുടെ മാനസാന്തരം യാചിച്ചു. എന്നാൽ അല്പം കഴിഞ്ഞപ്പോൾ തന്റെ യാചന അധികമായോ എന്നോ ർത്ത് അവൾ ഭയപ്പെട്ടു. അപ്പോൾ മാതാവ് പ്രത്യക്ഷപ്പെട്ട് അവളെ ശക്തിപ്പെടുത്തിക്കൊണ്ട് പറഞ്ഞു: "നീ എന്തു കൊണ്ടാണ് ഭയപ്പെടുന്നത്. ആയിരം പാപികളുടെ രക്ഷ യ്ക്കു വേണ്ടിയുള്ള മതിയായ ശക്തി എന്റെ മകനിൽ നിന്ന് നിനക്കുവേണ്ടി നേടിയെടുക്കാൻ സാധിക്കുക യില്ലെന്നോ? ഇതാ,അവർ; ഞാൻ ഇപ്പോൾതന്നെ അവ രുടെ മാനസാന്തരം നേടിയെടുത്തു." പിന്നീട് പരിശുദ്ധ കന്യക അവളെ സ്വർഗ്ഗത്തിലേക്ക് നയിക്കുകയും നരക ത്തിന് അർഹത നേടിയവരും പിന്നീട് രക്ഷിക്കപ്പെട്ടവരു മായ അസംഖ്യം ആത്മാക്കളെ കാണിച്ചുകൊടുക്കുകയും ചെയ്തു. തുടർന്നും അവൾ ഈശോയുടെ നാമത്തിലും, യോഗ്യതകളിലൂടെയും അവർക്കുവേണ്ടി പ്രാർത്ഥിക്കു കയും ചെയ്തതു മുഖാന്തരം കൃപയിലൂടെ അവർക്ക്


www.malankaralibrary.com

നിത്യമായ സൗഭാഗ്യം നേടിയെടുത്തത് കാണുകയും ചെയ്തു.

## കാളൻ ബർഗ്

സ്വർഗ്ഗീയ രാജ്ഞിക്ക് സമർപിക്കപ്പെട്ട സൈന്യത്തിന്റെ വിജയമാണ് കാളൻബർഗ് സംഭവം. തുർക്കികളുടെ ഓട്ടോമാൻ സൈന്യം 1683 ജൂൺ മാസത്തിൽ ഓസ്ട്രിയായിലെ വിയന്നായ്ക്ക് സമീപം രണ്ടുലക്ഷത്തോളം സൈനികരുമായി നഗരത്തിന് ഉപരോധം ഏർപ്പെടുത്തി. ഓസ്ട്രിയായ്ക്ക് ആകെ നാൽപ്പതിനായിരം സൈനികർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. യൂറോപ്പ് മുഴുവൻ ഒട്ടോമാൻ സാമ്രാജ്യത്തിന്റെ ഭാഗമാക്കുക എതായിരുന്നു തുർക്കികളുടെ ലക്ഷ്യം. മാർപാപ്പയുടെ ക്ഷണപ്രകാരം ഉപരോധത്തെ പ്രതിരോധിക്കാൻ പോളണ്ടിലെ രാജാവായ ജോൺ സോ ബിസ്ക്കി മൂന്നാമൻ മുപ്പതിനായിരം സൈനികരുമായി വന്നു. മാർക്കോ ഫോൺ അവിയാനോ എന്ന കപ്പൂച്ചിൻ വൈദികൻ അവർക്ക് ആത്മീയ നേതൃത്വം കൊടുത്തു. 1683 സെപ്റ്റംബർ 12-ന് ഞായറാഴ്ച രാവിലെ നാലുമണിക്ക് കാളൻബർഗ് മലയുടെ മുകളിലുള്ള സെന്റ് ജോസഫ് ദൈവാലയത്തിൽ ഫാ. അവിയാനോ വിശുദ്ധ കുർബാനയർപ്പിച്ചു, തുടർന്ന് സൈന്യത്തെ സ്വർഗ്ഗീയ രാജ്ഞിയുടെ പരിപാലനയ്ക്ക് സമർപ്പിച്ചു. അതേ തുടർന്ന് കാളൻബർഗ് മലയിറങ്ങി അവർ ഒട്ടോമാൻ തുർക്കിസൈന്യവുമായി ഏറ്റുമുട്ടി. ഈ യുദ്ധത്തിൽ ക്രൈസ്തവ സൈന്യം ഉന്നത വിജയം കൊയ്തു. പ്രാണരക്ഷാർത്ഥം പീരങ്കികളും മറ്റും ഉപേക്ഷിച്ച് ശത്രു സൈന്യം ഓടിപ്പോയി. ഈ പീരങ്കികളും മറ്റു യുദ്ധോപകരണങ്ങളും ഉരുക്കിയെടുത്താണ് വിയന്നയിലെ സെന്റ് സ്റ്റീഫൻ കത്തീഡ്രലിന്റെ മുകളിലെ ദൈവാലയ മണി സ്ഥാപിച്ചിരിക്കുന്നത്. ഈ മണി വലിപ്പം കൊണ്ട് യൂറോപ്പിലെ രണ്ടാം സ്ഥാനത്ത് നിൽക്കുന്നു. ഇരുപത്തി രണ്ട് മെട്രിക് ടൺ ഭാരമുണ്ട് ഇതിന് !


www.malankaralibrary.com

വിശുദ്ധ സേർജിയൂസ് ഒന്നാമൻ മാർപാപ്പയാണ് മറിയത്തിന്റെ സ്വർഗ്ഗപ്രവേശന തിരുനാൾ ആഗസ്റ്റ് 15 ആയി നിശ്ചയിച്ചത്. മറിയത്തിന്റെ ജനനത്തിരുനാൾ എന്നായിരുന്നു ആദ്യകാലങ്ങളിൽ ഇതിന്റെ പേര്. വിശുദ്ധരെ സംബന്ധിച്ച് ഇഹലോകത്തിന്റെ മരണം സ്വർഗ്ഗത്തിലേയ്ക്കുള്ള ജനനമാണല്ലോ. ഈ വിശ്വാസമാണ് ഇതിനടിസ്ഥാനമായി നിലകൊള്ളുന്നത്. കത്തോലിക്കാ സഭയിലും, ഓർത്തഡോക്സ് സഭകളിലും മാതാവിന്റെ സ്വർഗ്ഗ പ്രവേശനം വിശ്വാസത്തിന്റെ ഒരു ഭാഗമായിരുന്നു. കോപ്റ്റിക്ക് സഭയിൽ ജനുവരി 16 മരണത്തിന്റെയും, ആഗസ്റ്റ് 15 സ്വർഗ്ഗപ്രവേശനത്തിന്റെയും ഓർമ്മയായി കൊണ്ടാടുന്നു. ഏഴാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഇത് പാശ്ചാത്യസഭയിലും നടപ്പിലായി.

## മറിയത്തിന്റെ കിരീടധാരണം

പരിശുദ്ധ അമ്മയുടെ ജീവിതത്തിലെ അവസാന സംഭവമാണ് സ്വർഗ്ഗാരോപണത്തിനു ശേഷമുള്ള കിരീടധാരണം. സഭയുടെ പാരമ്പര്യത്തിൽ നിന്നാണ് ഇത് നാം മനസ്സിലാക്കുന്നത്. പരിശുദ്ധ ത്രീത്വം കെരൂബുകളുടേയും വിശുദ്ധരുടേയും സാദ്ധ്യത്തിൽ യേശു തന്റെ അമ്മയെ സ്വർഗ്ഗത്തിന്റെയും ഭൂമിയുടേയും രാജ്ഞിയായി മുടി ധരിപ്പിച്ചു എന്നതാണ് പാരമ്പര്യം. സ്വർഗ്ഗരാജ്ഞി എന്ന നാമത്തിന്റെ ഉത്ഭവം പന്ത്രണ്ട് പതിമൂന്ന് നൂറ്റാണ്ടോടുകൂടിയാണ് വളർന്നുവന്നത്. തുടർന്ന് അങ്ങോട്ടുള്ള പള്ളിക്കലകളിൽ അവ ധാരാളമായി ചിത്രീകരിക്കപ്പെട്ടു. 1954 ഒക്ടോബർ 11-ന് പന്ത്രണ്ടാം പീയൂസ് മാർപാപ്പ തിരുമനസ്സ് 'കന്യകാമറിയത്തിന്റെ രാജ്ഞിത്വത്തെക്കുറിച്ച്' എന്ന ചാക്രിക ലേഖനത്തിലൂടെ ഇത് വിശ്വാസികളുടെ ജീവിതത്തിലേയ്ക്ക് ഉൾച്ചേർത്തു. ആദ്യകാലങ്ങളിൽ മെയ് 31-നാണ് ഈ തിരുനാൾ ആഘോഷിച്ചിരുന്നത്. 1969-ൽ പോൾ ആറാമൻ മാർപാപ്പ സ്വർഗ്ഗാരോപണം കഴിഞ്ഞ് എട്ടാം ദിവസമായ ആഗസ്റ്റ് 22-ലേയ്ക്ക് മാറ്റി.


www.malankaralibrary.com

രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പറയുു: "ജന്മപാപത്തിന്റെ എല്ലാ കറകളിൽനിന്നും സ്വതന്ത്രയായിരു നിർമ്മല കന്യക ഈ ലോകവാസത്തിന്റെ അവസാനത്തിൽ ആത്മശരീരങ്ങളോടെ സ്വർഗ്ഗീയ മഹത്വത്തിലേക്ക് ആരോഹിതയായി. ഇതിനും പുറമേ, നമ്മുടെ കർത്താവ് അവളെ പ്രപഞ്ചത്തിന്റെ മുഴുവൻ രാജ്ഞിയായി വാഴിച്ചു". (തിരുസഭ 59).

വിശുദ്ധ ജോൺ ഡമഷീൻ പറയുന്നു: "അവൾ സ്രഷ്ടാവിന്റെ അമ്മയായപ്പോൾ തന്നെ എല്ലാ സ്രഷ്ടികളുടെയും രാജ്ഞിയുമായിത്തീർന്നു. മാത്രമല്ല വേറെ ആരും ഈ മാതൃത്വത്തിൽ പങ്കുപറ്റിയില്ല". വി. ജർമ്മാനൂസിന്റെ വാക്കുകളിൽ: "മനോഹര സൗധമേ, അതീവ പരിശുദ്ധേ, നിന്നിലേയ്ക്ക് അണയുന്നവരെ ആത്മീയ ആനന്ദത്താൽ സാന്ത്വനപ്പെടുത്തുന്ന നീ, അത്യുതനായ സ്വർഗ്ഗീയ രാജാവിന്റെ കമനീയ കൊട്ടാരമാകുന്നു". ഈ കൊട്ടാരത്തിന്റെ അവകാശിയായ അമ്മ രാജ്ഞിയല്ലാതെ മറ്റാരാണ്.

## പരിശുദ്ധ ജപമാല യുടെ രാജ്ഞി

പരിശുദ്ധ കന്യകാമറിയം ജപമാലയുടെ രാജ്ഞിയാണ്. ജപമാല പരിശുദ്ധ അമ്മയോടുള്ള പ്രാർത്ഥനകളിൽ അതിശ്രേഷ്ഠമാണ്. വാചികവും മാനസ്സികവുമായ പ്രാർത്ഥനാ രൂപമാണ് ജപമാല. 1571 ഒക്ടോബർ 7-ന് പീയുസ് അഞ്ചാമൻ പാപ്പയും കൂട്ടരും ലെപ്പാന്റോ യുദ്ധം വഴി തുർക്കി പടയെ തുരത്തിയത് ജപമാല ചൊല്ലിയാണ്. അതിന്റെ വാർഷികം വിജയ മാതാവിന്റെ തിരുനാളായി. ഈ തിരുനാൾ ജപമാലത്തിരുനാളാക്കി മാറ്റിയത് ഗ്രിഗറി പതിമൂന്നാമൻ (1572-1585) മാർപാപ്പയാണ്. വാഴ്ത്തപ്പെട്ട അലൻ ഡി റോച്ച് ഇപ്രകാരം പറയുന്നു: "വിശുദ്ധ കുർബാന കഴിഞ്ഞാൽ സഭയിൽ നിന്നുയരുന്ന മനോഹരമായ ധ്യാനപ്രാർത്ഥനയാണ് ജപമാല". രക്ഷാകര രഹസ്യങ്ങളെപ്പറ്റിയാണ് അതിൽ ധ്യാനിക്കു


www.malankaralibrary.com

ന്നത്. യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം, ജീവിതം, മരണം, മഹത്വം എിവയിലെ മുഖ്യരഹസ്യങ്ങളുടെ ധ്യാന മാണ് പരിശുദ്ധ ജപമാല (വി. ലൂയി മോൺഫോർട്ട്). പോൾ
ആറാമൻ മാർപാപ്പ ജപമാലയെ 'സുവിശേഷ പ്രാർത്ഥന' എന്നാണ് വിശേഷിപ്പിച്ചത്. വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറഞ്ഞു: "സന്തോഷത്തിന്റെ വേളകളിലും, ബുദ്ധിമുട്ടിന്റെ നിമിഷങ്ങളിലും ജപമാല എന്നോടപ്പമുണ്ടായിരുന്നു. എത്രയോ ഉത്കണ്ഠകളാണ് ഞാൻ അതിൽ സമർപ്പിച്ചത്. എപ്പോഴും എനിക്ക് ആശ്വാസം ലഭിക്കുകയും ചെയ്തു". ഈ ഒരനുഭവത്തിൽ നിന്നുകൊണ്ടു തന്നെ ജോൺപോൾ രണ്ടാമൻ മാർപാപ്പ 2002 ഒക്ടോബർ മുതൽ 2003 ഒക്ടോബർ വരെ ജപമാലയുടെ വർഷമായി പ്രഖ്യാപിക്കുകയും ചെയ്തു. നമ്മുടെ നാട്ടിൽ കഴിഞ്ഞ കുറേ നൂറ്റാണ്ടുകളായി വിശുദ്ധ കുർബാന കഴിഞ്ഞാൽ ജപമാല പ്രാർത്ഥനയാണ് ക്രൈസ്തവ കുടുംബങ്ങളുടെ ആദ്ധ്യാത്മിക ചൈതന്യത്തിന്റെ ഉറവിടം.

ജപമാലയെക്കുറിച്ച് പതിനൊന്ന് ചാക്രിക ലേഖനങ്ങൾ പുറപ്പെടുവിച്ച മാർപാപ്പയാണ് ലെയോ പതിമൂന്നാമൻ മാർപാപ്പ. ജപമാലയുടെ പാപ്പ എന്നദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നു. അദ്ദേഹമാണ് ഒക്ടോബർ മാസം ജപമാല മാസമായി പ്രഖ്യാപിച്ചത്. 1883-ൽ ജപമാല രാജ്ഞി ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ എന്ന പ്രാർത്ഥന അദ്ദേഹം ലുത്തിനിയായിൽ കൂട്ടിച്ചേർത്തു.

1917 മെയ് 13 മുതൽ പോർച്ചുഗലിലെ ഫാത്തിമായിൽ 6 മാസത്തിനിടയിൽ 13 പ്രാവശ്യം ഇടയബാലകരായ ലൂസിയായ്ക്കും, ജസീന്തായ്ക്കും മാതാവ് പ്രത്യക്ഷപ്പെട്ട് ലോക യുദ്ധത്തിനെതിരെയും റക്ഷ്യയുടെ മാനസാന്തരത്തിനു വേണ്ടിയും ജപമാല ചൊല്ലി പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെട്ടതാണ് സഭാ ചരിത്രത്തിലെ ഫാത്തിമാ സംഭവം. ഈ സംഭവത്തിൽനിന്നും പ്രചോദനം സ്വീകരിച്ച് നിസ്വാർത്ഥമായ പ്രേക്ഷിത പ്രവർത്തനത്തിന് ഇറങ്ങിതിരിച്ചത് എത്രയോ ആയിരങ്ങളാണ്.


www.malankaralibrary.com

എന്തുമാത്രം കൊന്തകളാണ് ലോകമെമ്പാടും വിതരണം ചെയ്യപ്പെട്ടത്. അതെ, അവൾ പരിശുദ്ധ ജപമാലയുടെ രാജ്ഞി തന്നെ. ഫാത്തിമായിൽ വച്ച് ഞാൻ ജപമാല രാജ്ഞിയാകുന്നുവെന്ന് മാതാവ് സ്വയം വെളിപ്പെടുത്തി. ഭാരതത്തിൽ ജപമാല രാജ്ഞിക്ക് പ്രതിഷ്ഠിക്കപ്പെട്ട ഏക ബസിലിക്ക കൽക്കട്ടയിലെ ബാൻഡൽ പള്ളിയാണ്.

## കർമ്മല സഭയുടെ അലങ്കാരമായ രാജ്ഞി

ഇസ്രായേലിലെ ഹെബ്രോണിന് തെക്കുഭാഗത്ത് ഉള്ളതാണ് കാർമ്മൽ പട്ടണവും, കാർമ്മൽ മലയും. കർത്താവിന്റെ മുന്തിരിത്തോട്ടമെന്നാണ് കാർമ്മലിന്റെ അർത്ഥം. ദൈവത്തിനും ഇസ്രായേലിനും ഇടയിൽ മധ്യസ്ഥരായി നിലകൊണ്ട പ്രവാചകന്മാരുടെ നാടാണ് കാർമ്മൽ. ഏലിയാ പ്രവാചകൻ നടത്തിയ ബലിയർപ്പണത്തോട് ബന്ധപ്പെട്ട് കാർമ്മൽ കൂടുതൽ പ്രശസ്തമായി. ക്രിസ്തുമതത്തിന്റെ ആരംഭം മുതൽ സന്യാസ സമൂഹങ്ങളും വ്യക്തികളും ഈ മലയിൽ പ്രാർത്ഥിക്കാൻ വന്നുകൊണ്ടിരുന്നു. പിന്നീട് മൗണ്ട്കാർമ്മൽ ബ്രദേഴ്സ് ഓഫ് ബ്ലെസ്ഡ് വിർജിൻ മേരി എന്ന പേരിൽ ഒരു സന്യാസ സഭ രൂപംകൊള്ളുകയും, അതിൽ ധാരാളം അംഗങ്ങൾ വന്നുചേരുകയും ചെയ്തു. ഇംഗ്ലണ്ടിലെ പട്ടാളമേധാവിയായിരുന്ന സൈമൺ സ്റ്റോക്ക് കർമ്മലീത്ത സഭയിൽ ചേർന്ന് ആറ് വർഷം അവിടെയാണ് താമസിച്ചത്. തുടർന്ന് അദ്ദേഹം കർമ്മലീത്ത സഭയുടെ ജനറലായി. 13-ാം നൂറ്റാണ്ടിൽ സാരസന്മാർ കർമ്മലീത്ത ആശ്രമം ആക്രമിച്ചപ്പോൾ സൈമൺ സ്റ്റോക്കും അനുയായികളും ഇംഗ്ലണ്ടിലേക്ക് കുടിയേറി. അദ്ദേഹത്തിന്റെ കാലം മുതലാണ് കർമ്മലീത്ത സമൂഹവാസം ആരംഭിക്കുന്നത്. ബൈബിളിലെ പ്രതിപാദനമനുസരിച്ച് ആ മലമുകളിൽനിന്ന് ആത്മീയത പലപ്പോഴായി പെയ്തിറങ്ങി. ഇപ്രകാരം അനേകം ആളുകളെ ദൈവത്തിൽ ഒരുമിച്ച് ചേർത്ത


www.malankaralibrary.com

കാർമ്മലിലെ പ്രവാചകന്മാരെപ്പോലെ, പരിശുദ്ധ മറിയം അനേകായിരങ്ങളെ സഭയിൽ ഒരുമിച്ചു ചേർക്കുന്നു, യേശുവിലേക്ക് അടുപ്പിക്കുന്നു. അതിന്റെ ഉപകരണമായി അവൾ ഇന്നും നിലകൊള്ളുന്നു. (പേജ് 184 കാണുക)

ഗാഗുൽത്തായിലെ കുരിശിൻ ചുവട്ടിൽ നിൽക്കുന്ന യോഹന്നാൻ മുഴുവൻ വിശ്വാസ സമൂഹത്തിന്റെയും പ്രതിനിധിയാണ്. അവിടുന്ന് കുരിശിൽ അന്ത്യശ്വാസം വലിക്കുന്നതുവരെ പരിശുദ്ധ അമ്മ ആ കുരിശിൻ ചുവട്ടിൽ നിന്നു (യോഹ.19:25-27). അവിടെ വച്ച് 'ഇതാ, നിന്റെ അമ്മ' എന്നു പറഞ്ഞുകൊണ്ട് ഈശോ തന്റെ അമ്മയെ യോഹന്നാന് ഭരമേൽപ്പിച്ചു. തിരുസഭ ഈശോയുടെ മൗതിക ശരീരമാണ്, യേശു ശിരസ്സും. ഇതിലെ അവയവങ്ങൾ വിശ്വാസികളും. യേശുവിന്റെ അമ്മയായ മറിയം മൗതിക ശരീരത്തിന്റെയും അമ്മയാണ്. (താലന്ത് - 2014 - മാർച്ച്)

1964 നവംബർ 21 ന് പോൾ ആറാമൻ മാർപാപ്പ, പരിശുദ്ധ മറിയത്തെ തിരുസ്സഭയുടെ മാതാവായി പ്രഖ്യാപിച്ചു. അക്വിലായിലെ വിശുദ്ധ ക്രൊമാസിയസിന്റെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്. "യേശുവിന്റെ മാതാവായ മറിയത്തോടും അവിടുത്തെ സഹോദരരോടും കൂടെ സെഹിയോൻ മാളികയിൽ സഭ സമ്മേളിച്ചു. അതിനാൽ കർത്താവിന്റെ അമ്മയായ മറിയത്തിന്റെയും അവിടുത്തെ സഹോദരരുടെയും ഒത്തൊരുമിച്ചുള്ള സാന്നിധ്യം കൂടാതെ സഭയെപ്പറ്റി ചിന്തിക്കുക വയ്യ".

"ശിരസ്സായ യേശുവിന്റെ അവയവങ്ങളായി വിശ്വാസികൾ സഭയിൽ ജനിക്കാൻ സ്നേഹം നിമിത്തം സഹകരിച്ചതിനാൽ മറിയം സകല അംഗങ്ങളുടെയും മാതാവത്രെ. തന്മൂലം സഭയിലെ അതിശ്രേഷ്ഠവും അതുല്യവുമായ അംഗവും സ്നേഹത്തിലും വിശ്വാസത്തിലും തിരുസഭയുടെ അതിവിശിഷ്ട പ്രതിരൂപവും മഹനീയ മാതൃകയുമാണവൾ. പരിശുദ്ധാത്മാവിന്റെ പ്രബോധനത്താൽ പ്രേരിതയായ സഭ പുത്രസഹജമായ സ്നേഹ


www.malankaralibrary.com

ത്തോടെ പ്രിയ മാതാവായി മറിയത്തെ ബഹുമാനിക്കുന്നു" (തിരുസഭ - 53).

## സമാധാനത്തിന്റെ രാജ്ഞി

"പാപത്തിന്റെയും മരണത്തിന്റെയും മേൽ ജേതാവായ തന്റെ രാജകുമാരനുമായി പൂർണ്ണമായും അനുരൂപപ്പെടുന്നതിനു വേണ്ടി അവൾ സമാധാനത്തിന്റെ രാജ്ഞിയായി കർത്താവിനാൽ ഉയർത്തപ്പെട്ടു" (രണ്ടാം വത്തിക്കാൻ കൗൺസിൽ - 59).

യുഗോസ്ലാവിയായിലെ മെഡ്ജ്ജുഗോറിയിൽ 15 വയസ്സുള്ള ഇവാങ്ക ഇവാൻ ഗോവിക്ക്, മിർജാന ഡ്രാഗിസാവിക് എന്നീ കുട്ടികൾ വീട്ടിലേയ്ക്ക് മടങ്ങുന്നതിനിടയിൽ ക്രാനിക്കാ എന്ന കുന്നിൻ മുകളിൽ മാതാവ് പ്രത്യക്ഷപ്പെട്ടു. വെളുത്ത വസ്ത്രം ധരിച്ച ആ സ്ത്രീയെ കണ്ട ഇവാങ്ക, മിർജാനയോടു പറഞ്ഞു: "ഇത് നമ്മുടെ നാഥയാണ്". ജൂൺ 25-ന് ഏതാനും പേരെയും കൂട്ടി അവർ വീണ്ടും മലമുകളിലെത്തി. ചാരനിറമുള്ള ഉടുപ്പും, നീലമേലങ്കിയും, തലമുണ്ടും ധരിച്ച മാതാവ് അവരെ കുന്നിൻമുകളിലേയ്ക്ക് വിളിക്കുന്നതായി അവർക്ക് അനുഭവപ്പെട്ടു. മാതാവിന്റെ കരങ്ങളിൽ ജപമാല തൂങ്ങിക്കിടിരുന്നു. വളരെ അത്ഭുതകരമായ വിധത്തിൽ അവർ അവളുടെ അടുക്കലേയ്ക്ക് ആകർഷിക്കപ്പെട്ടു. അതീവ സുന്ദരിയായ ആ സ്ത്രീ ആരെന്ന് കുട്ടികളുടെ ചോദ്യത്തിന് മാതാവ് വെളിപ്പെടുത്തി; "ഞാൻ സമാധാനത്തിന്റെ രാജ്ഞിയാണ്". അന്നുമുതൽ മെഡ്ജ്ജുഗോറി നിവാസികൾ സമാധാനരാജ്ഞിയുടെ നാമത്തിൽ അനുഷ്ഠിച്ചുവരുന്ന പ്രത്യേക പ്രാർത്ഥനയാണ് ഇന്ന് ലോകമെമ്പാടും പ്രചരിച്ച സമാധാന കൊന്ത. അന്ന് മാതാവ് കുട്ടികൾ വഴി ലോകത്തിനു നൽകിയ സന്ദേശമാണ്: കണ്ണീരോടെ പ്രാർത്ഥിക്കുക (ജപമാല), ബുധൻ, വെള്ളി ദിവസങ്ങളിൽ ഉപവസിക്കുക, പ്രായശ്ചിത്തം ചെയ്യുക, സുവിശേഷം വായിക്കുക - ധ്യാനിക്കുക - ജീവിക്കുക (മത്താ. 6:24-34, എല്ലാ വ്യാഴാഴ്ചയും വായിക്കുക),


www.malankaralibrary.com

യോഗ്യതയോടെ ദിവ്യകാരുണ്യം സ്വീകരിക്കുക എന്നു ള്ളത്. 1918-ൽ സമാധാനത്തിന്റെ രാജ്ഞി എന്ന പ്രാർ ത്ഥനാ ശകലം ലുത്തിനിയായിൽ ചേർക്കപ്പെട്ടു.

അയർലണ്ടിലെ ഒരു സാധാരണ കുടുംബത്തിലെ പെൺകുട്ടിയാണ് ക്രിസ്റ്റീന ഗാലഗർ. അവളുടെ അമ്മ കടുത്ത രോഗാവസ്ഥയിലായിരുന്നതിനാൽ അവൾക്ക് സ്കൂളിൽ പോകുവാനോ പഠിക്കുവാനോ സാധിച്ചില്ല. എങ്കിലും അവൾ യേശുവിനോട് തീഷ്ണമായി പ്രാർത്ഥി ക്കുമായിരുന്നു. ഒരിക്കൽ അവളുടെ പ്രാർത്ഥന ദൈവ തിരുസന്നിധിയിലെത്തി. യേശു അവളുടെ അമ്മയെ സുഖപ്പെടുത്തുകയും അവൾക്ക് എഴുതാനും വായിക്കാ നുമുള്ള കഴിവ് നൽകുകയും ചെയ്തു.

1985-ൽ മുൾമുടിയണിഞ്ഞ് രക്തം ഒലിക്കുന്ന രൂപത്തിൽ ഈശോ അവൾക്ക് പ്രത്യക്ഷപ്പെട്ടു. ലോക ത്തിലെ പാപത്തിന്റെ കാഠിന്യവും അവൾക്ക് കാണിച്ചു കൊടുത്തു. തുടർന്ന് പ്രാർത്ഥനയിലും ഉപവാസത്തിലും ചിലവഴിച്ച ക്രിസ്റ്റീനയ്ക്ക് 1988-ൽ ദൈവമാതാവ് 'സമാ ധാനത്തിന്റെ രാജ്ഞിയായി' പ്രത്യക്ഷപ്പെട്ടു. പാപികളുടെ മാനസാന്തരത്തിനും മാർപാപ്പയുടെ സുരക്ഷയ്ക്കും, ലോകസമാധാനത്തിനും വേണ്ടി പ്രാർത്ഥിക്കുവാനും മാതാവ് അവളോട് ആവശ്യപ്പെട്ടു. കന്യാസ്ത്രീകൾക്കും, വൈദികർക്കും, വിശ്വാസം ക്ഷയിക്കുന്നതിൽ അമ്മ വിലപിച്ചു. ദൈവസ്നേഹം, കൂദാശകളിലുള്ള വിശ്വാസം, ജപമാലയർപ്പിക്കൽ, പാപങ്ങൾക്കും ദിവ്യകാരുണ്യ നിന്ദ കൾക്കും പരിഹാരം ചെയ്യൽ എന്നിവയും മാതാവ് ആവ ശ്യപ്പെട്ടു. തുടർന്നുള്ള തന്റെ ജീവിതം അവൾ വൈദികർ ക്കായി സമർപ്പിച്ചു.

## ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

ലുത്തിനിയായിൽ സഭ നമ്മോട് 'പരിശുദ്ധ മറിയമേ, ഞങ്ങ


www.malankaralibrary.com

ൾക്കുവേണ്ടി അപേക്ഷിക്കണമേ' എന്ന് ആവർത്തിച്ച് പ്രാർത്ഥിക്കാൻ ആവശ്യപ്പെടുന്നു. തന്റെ പ്രിയപ്പെട്ട അമ്മ തന്നോട് പ്രാർത്ഥിക്കുന്നതിൽ യേശു സന്തുഷ്ഠനാണ്. വി. അന്തോണീസ് പറയുന്നു: "മറിയത്തിന്റെ പ്രാർത്ഥനയ്ക്ക് ഈശോയുടെ സന്നിധിയിൽ ഒരു കല്പനാ ശക്തിയുണ്ട്".

## എട്ടാം ഗണം

*ഇവിടെ ലോകരക്ഷകനായ യേശുവിനോട് നടത്തുന്ന മൂന്നു യാചനകളാണ്.*

**ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യ കുഞ്ഞാടേ,**

**കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ.**

**ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യ കുഞ്ഞാടേ,**

**കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

**ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,**

**കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.**

അപ്പസ്തോല പ്രവർത്തനം 4-ാം അദ്ധ്യായം പതിനൊന്ന്- പന്ത്രണ്ട് തിരുവചനം ഇപ്രകാരം പഠിപ്പിക്കുന്നു: "വീടുപണിക്കാരായ നിങ്ങൾ തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി തീർന്നു. ആ കല്ലാണ് യേശു. മറ്റാരിലും രക്ഷയില്ല. ആകാശത്തിനു കീഴെ മനുഷ്യരുടെ ഇടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല".

ലുത്തിനിയായുടെ സമാപനത്തിലും, തുടക്കത്തിലും ഈ രക്ഷകനോട് പ്രാർത്ഥിക്കുമ്പോൾ യേശു ഏകരക്ഷകൻ എന്ന് നാം ഒരിക്കൽകൂടി അംഗീകരിച്ച് ഏറ്റുപറയുകയാണ് ചെയ്യുന്നത്. ഈ പ്രാർത്ഥനയ്ക്കുള്ള മറുപടി, കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ,


www.malankaralibrary.com

ഞങ്ങളെ അനുഗ്രഹിക്കണമേ എന്നാണ്. ഈ പ്രാർത്ഥന ചൊല്ലുമ്പോൾ ഓരോ പ്രാർത്ഥനയുടെയും മധ്യഭാഗത്ത് മൂന്നു പ്രാവശ്യം വലതുകരം വിടർത്തി ഹൃദയത്തിൽ വയ്ക്കുന്നു.

End Notes:-

1. കന്യകാമറിയത്തിന്റെ ജപമാല- വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ, ഖണ്ഡിക 1
2. കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം - ന.1154, പി.ഒ.സി.
3. കന്യകാമറിയത്തിന്റെ മഹത്വകീർത്തനങ്ങൾ - വിവ.ഫാ. ആന്റണി മരിയ വെള്ളാപ്പള്ളിയിൽ
4. രണ്ടാം വത്തിക്കാൻ കൗൺസിൽ പി.ഒ.സി.
5. ശുദ്ധത എന്റെ നിധി. പേജ്.47.
6. താലന്ത്: 2014-മാർച്ച്
7. നമ്മുടെ ദിവ്യനാഥ വൈദികരോട് പ്രഭാഷിക്കുന്നു - 291.


www.malankaralibrary.com

# അദ്ധ്യായം 7

# അനുബന്ധ പ്രാർത്ഥനകൾ

ജപമാലയിലെ തുടർന്നുള്ള പ്രാർത്ഥനകൾ സഭയുടെയും, സഭാപിതാക്കന്മാരുടെയും, വിശുദ്ധരുടെയും പഠനങ്ങളിൽ നിന്നും അനുഭവങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞവയാണ്. അവയിൽ ചിലത് നമുക്ക് പരിശോധിക്കാം.

## പരിശുദ്ധ രാജ്ഞി

കത്തോലിക്കരുടെ ഇടയിലും, മരിയ ഭക്തരുടെ ഇടയിലും വളരെയേറെ പ്രചാരമുള്ള ഒരു പ്രാർത്ഥനയാണ് പരിശുദ്ധ രാജ്ഞീ എന്നുള്ളത്. ലളിതവും, ഹൃദ്യവുമാണ് ഈ പ്രാർത്ഥന. മൂലത്തിൽ അതൊരു ഗാനമായിരുന്നു. പതിനൊന്നാം നൂറ്റാണ്ടിന്റെ അവസാനത്തിലോ പന്ത്രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ ആണ് ഇത് വിരചിതമായത് എന്നു കരുതുന്നു. ഇറ്റലിക്കാരനായ 'ഹെർമൻ റിച്ച് നാവ്' എന്ന അല്മായനായ ഒരു മുടന്തൻ ലത്തീൻ ഭാഷയിൽ രചിച്ചതാണ് (1054) ഈ പ്രാർത്ഥന. സന്യാസാശ്രമങ്ങളിൽ സഭയുടെ കാനോന നമസ്കാരത്തിന്റ രാത്രികാല ജപത്തിന്റെ ഒടുവിലും, സാധാരണ

www.malankaralibrary.com

മായി ജപമാല പ്രാർത്ഥനയുടെ അവസാനത്തിലും അത് ചൊല്ലിപ്പോരുന്നു.

## പരിശുദ്ധ രാജ്ഞി
## എന്ന പ്രാർത്ഥന

'പരിശുദ്ധ രാജ്ഞീ, കരുണയുടെ മാതാവേ, സ്വസ്തി. ഞങ്ങളുടെ ജീവനും മാധുര്യവും ശരണവുമേ സ്വസ്തി. ഹവ്വായുടെ പുറന്തള്ളപ്പെട്ട മക്കളായ ഞങ്ങൾ അങ്ങേപ്പക്കൽ നിലവിളിക്കുന്നു. കണ്ണുനീരിന്റെ ഈ താഴ്വരയിൽ നിന്ന് വിങ്ങിക്കരഞ്ഞ് അങ്ങേപ്പക്കൽ ഞങ്ങൾ നെടുവീർപ്പിടുന്നു. ആകയാൽ ഞങ്ങളുടെ മദ്ധ്യസ്ഥേ! അങ്ങയുടെ കരുണയുള്ള കണ്ണുകൾ ഞങ്ങളുടെ നേരെ തിരിക്കണമേ. ഞങ്ങളുടെ ഈ പ്രവാസത്തിനു ശേഷം അങ്ങയുടെ ഉദരത്തിന്റെ അനുഗൃഹീതഫലമായ ഈശോയെ ഞങ്ങൾക്ക് കാണിച്ചു തരണമേ. കരുണയും വാത്സല്യവും മാധുര്യവും നിറഞ്ഞ കന്യകാമറിയമേ! ആമ്മേൻ.

പരിശുദ്ധ രാജ്ഞീ എന്ന ഈ പ്രാർത്ഥനയുടെ സമാപനഭാഗത്തായി നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു. '...ഈശോയെ ഞങ്ങൾക്കു കാണിച്ചുതരേണമേ'. ഇവിടെ ഒരു കാര്യം നാം പ്രത്യേകം ഓർക്കണം, മാതാവിൽ എത്തിനിൽക്കുന്നതല്ല ഈ പ്രാർത്ഥന. മറിച്ച് നാം യേശുവിൽ എത്തിച്ചേരുന്നതാണ്. ഈ അമ്മ നമുക്ക് വഴികാട്ടിയാണ്. അമ്മ നട വഴികളിലൂടെ യാത്ര ചെയ്ത് പുത്രനെ സ്വന്തമാക്കുവാൻ അമ്മയുടെ മാദ്ധ്യസ്ഥ്യം നാം തേടുന്നു. പരിശുദ്ധ രാജ്ഞി എന്ന പ്രാർത്ഥനയിലൂടെ മറിയം എന്നും നമ്മുടെ രാജ്ഞിയാണ് എന്നു നാം ഏറ്റുപറയുകയും ചെയ്യുന്നു. അമ്മയുടെ മക്കളായ നാമും സ്വർഗ്ഗത്തിൽ അമ്മയോടൊപ്പം കിരീടം ധരിപ്പിക്കപ്പെടേണ്ടവരാണ് (1 പത്രോ. 15:4). ഇടയന്മാരുടെ തലവൻ പ്രത്യക്ഷപ്പെടുമ്പോൾ ഒളിമങ്ങാത്ത കിരീടം നമുക്ക് ലഭിക്കുമെന്ന് വിശുദ്ധ പൗലോസ് നമ്മെ ഓർമ്മപ്പെടുത്തുന്നു. "കായിക അഭ്യാസികൾ എല്ലാക്കാര്യത്തിലും ആത്മനിയന്ത്രണം പാലിക്കു. അവർ നശ്വര


www.malankaralibrary.com

മായ കിരീടത്തിനു വേണ്ടിയാണ് അപ്രകാരം ചെയ്യുത്. നാം അനശ്വരമായതിനുവേണ്ടിയും" (1 കോറി. 9:25). "ഞാൻ നന്നായി പൊരുതി, എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു. എനിക്കു നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു. നീതിപൂർവ്വം വിധിക്കു കർത്താവ്, ആ ദിവസം അത് എനിക്ക് സമ്മാനിക്കും. എനിക്കു മാത്രമല്ല; അവന്റെ ആഗമനത്തെ സ്നേഹപൂർവ്വം ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന എല്ലാവർക്കും" (2 തിമോ. 4:6-8). നമ്മൾ ഈ സ്വർഗ്ഗീയ കിരീടത്തിനുവേണ്ടി അദ്ധ്വാനിക്കേണ്ടവരാണ് എന്ന ആഹ്വാനം ഈ പ്രാർത്ഥന നമ്മെ അനുസ്മരിപ്പിക്കുന്നു.

ലിയോ പതിമൂാമൻ മാർപാപ്പ വി. കുർബാനയ്ക്കു ശേഷം ഈ പ്രാർത്ഥന ചൊല്ലണമെന്ന കല്പന നൽകുകയുണ്ടായി. 1890 മുതൽ 1964 വരെ അത് മുടങ്ങാതെ ചെയ്തിരുന്നു. തുടർന്ന് പോൾ ആറാമൻ മാർപാപ്പ വി. കുർബാനയ്ക്കു ശേഷം ഈ പ്രാർത്ഥന ചൊല്ലണമെന്ന് വീണ്ടും നിർദ്ദേശിക്കുകയുണ്ടായി.

## എത്രയും ദയയുള്ള മാതാവേ

**(കനിവുള്ള കന്യകേ)**

പശ്ചിമ ജർമ്മനിയിലെ പ്രസിദ്ധമായ സ്പെയർ (Speyer) നഗരം. നഗര മധ്യത്തിലെ റൈൻ നദിയുടെ തീരത്താണ് 'സ്പെയർ കത്തീഡ്രൽ' സ്ഥിതിചെയ്യുന്നത്. 12-ാം നൂറ്റാണ്ടിലെ സഭയിലെ അത്യുജ്ജ്വല താരമായ വി. ബർണ്ണാർദ്ദ് പുണ്യവാന്റെ (1090 -1153) പ്രവർത്തന രംഗമായിരുന്നു സ്പെയർ നഗരം. ജർമ്മൻ ചക്രവർത്തിമാരുടെ അധ്യാത്മിക പിതാവായിരുന്നു വി. ബർണ്ണാർദ്ദ്. എക്കാലത്തെയും വിഖ്യാത പ്രാസംഗകരിൽ ഒരാളായിരുന്ന അദ്ദേഹത്തിന്റെ ശബ്ദം വളരെ പതിഞ്ഞതും തൊണ്ട അടഞ്ഞതുമായിരുന്നിട്ടുപോലും ഒരേ സമയം മുപ്പതിനായിരം പേരോടുവരെ അദ്ദേഹം സുവിശേഷം പ്രസംഗിച്ചു. പിന്നീട് പരിശുദ്ധ മാതാവിനോടുള്ള പ്രത്യേക ഭക്തിയും പ്രാർത്ഥനയും വഴി അദ്ദേഹത്തിന്റെ


www.malankaralibrary.com

തൊണ്ട തുറക്കപ്പെടുകയും ഉയർന്ന സ്വരം ലഭിക്കുകയു മുണ്ടായി.

എത്രയും ദയയുള്ള മാതാവേ എന്ന പ്രാർത്ഥന യുടെ ഉപജ്ഞാതാവ് സ്പെയിനിലെ ഈ വിശുദ്ധ ബർ ണ്ണാർദ്ദ് പുണ്യവാളനാണ്. പ്രസ്തുത പ്രാർത്ഥനയുടെ സന്ദർഭം ഇപ്രകാരമായിരുന്നു. ബസിലിക്കയുടെ ഉള്ളിൽ ഉണ്ണീശോയെ കൈകളിൽ വഹിച്ചുകൊണ്ടു നിൽക്കുന്ന മാതാവിന്റെ ഒരു രൂപം ഇന്നും ഉണ്ട്. ഒരു ദിവസം വിശുദ്ധൻ  വലിയ ഹൃദയഭാരത്തോടെ ആ രൂപത്തിനു മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിക്കുകയാണ്. "എത്രയും ദയയുള്ള മാതാവേ, നിന്റെ സന്നിധാനമണഞ്ഞ് നിന്റെ സഹായം തേടിയവരാരേയും നീ തള്ളിക്കളഞ്ഞതായി ഇതുവരെ ഒരിക്കലും ആരും കേട്ടിട്ടുപോലുമില്ല എന്ന് നീ ഓർത്തുകൊള്ളണമേ..." ഈ പ്രാർത്ഥന കഴിഞ്ഞപ്പോൾ വിശുദ്ധന്റെ അന്തരംഗത്തിൽ ദൈവീകമായ ശാന്തി യുടെയും ആനന്ദ മാധുര്യങ്ങളുടെയും സ്ഫുലിംഗങ്ങൾ ഉത്ഭവിച്ചു. അദ്ദേഹം പ്രശാന്തചിത്തനും സ്വസ്ഥഹൃദയ നുമായി ആനന്ദാശ്രുക്കൾ പൊഴിച്ചു.  പിന്നീട് അദ്ദേഹം ആ പ്രാർത്ഥന മറ്റുള്ളവരെ  പഠിപ്പിക്കുകയായിരുന്നു.

മാതാവ് ദർശനം അരുളിയ മെഡ്ജുഗോറിയായിലെ ആറു കുട്ടികളോട് പരി. കന്യക ഇപ്രകാരം പറഞ്ഞു: പ്രിയ കുഞ്ഞുങ്ങളേ, ഞാൻ നിങ്ങളെ ഉപേക്ഷിക്കരുതെന്ന് നിങ്ങൾ എപ്പോഴും പ്രാർത്ഥിക്കുന്നുണ്ടല്ലോ. എന്നെ നിങ്ങൾ ഉപേക്ഷിക്കരുത് ഞാനും ഇപ്പോൾ ആവശ്യ പ്പെടട്ടെ. പ്രത്യേകിച്ച് സാത്താൻ നിങ്ങളെ ചിതറിച്ചുക ളയുവാൻ ആഗ്രഹിച്ചു കൊണ്ടിരിക്കുന്ന ഈ പ്രത്യേക വേളയിൽ എന്നിൽനിന്നും നിങ്ങൾ പിരിഞ്ഞിരിക്കരുത്. അതുകൊണ്ട് ഈ സമയത്ത് നിങ്ങൾ ധാരാളം പ്രാർ ത്ഥിക്കണം. പ്രിയ കുഞ്ഞുങ്ങളെ, നിങ്ങളോട് നന്ദി പറ യുവാൻ ഞാൻ വീണ്ടും വിരിക്കയാണ്. എന്റെ ഹൃദയ ത്തിനു സന്തോഷമേകുക എന്നത് എന്താണെന്ന് നിങ്ങ ൾക്ക് ഇതുവരേയും മനസ്സിലായിട്ടില്ല. അത് വലിയ ഒരു കാര്യമാണ്. പ്രാർത്ഥനയിൽ സ്ഥിരോത്സാഹം കാണിക്ക ണമെന്നു മാത്രമാണ് ഞാൻ നിങ്ങളോട് ആവശ്യപ്പെ


www.malankaralibrary.com

ടുന്നത്. നിങ്ങൾ പ്രാർത്ഥിക്കുന്ന കാലമത്രയും ഞാൻ നിങ്ങൾക്ക് തിരുവചനം നൽകിക്കൊണ്ടിരിക്കും. ഞാൻ വിട വാങ്ങട്ടെ. പ്രിയ കുഞ്ഞുങ്ങളേ, നിങ്ങൾക്കു നന്ദി. എനിക്ക് നിങ്ങളോടുള്ള സ്നേഹം അതിരില്ലാത്തതാണ്. ഞാൻ നിങ്ങളുടെ സാന്നിദ്ധ്യത്തിൽ സന്തോഷവതിയാണ്. അതിനാൽ എന്നോടു കൂടെ നിങ്ങളും സന്തോഷിക്കുവിൻ! (മാർച്ച് 1985).

പതിനേഴാം നൂറ്റാണ്ടിൽ ഫ്രഞ്ചു വൈദികനായ ക്ലവ്വദ് ബർണ്ണാർദ്ദ് ആണ് ഈ പ്രാർത്ഥന പ്രചുര പ്രചാരത്തിലെത്തിച്ചത്. അതിനാൽ അദ്ദേഹമാണ് ഈ പ്രാർത്ഥന രചിച്ചതെന്നും ചില വാദങ്ങളുണ്ട്. കുടുംബ പ്രാർത്ഥനയുടെ സമാപനത്തിലും പൊതുപ്രാർത്ഥനകളുടെ സമാപനത്തിലും ഇത് ചൊല്ലിവരുന്നു. വി. ജോൺ മരിയ വിയാനി ഇതിനെക്കുറിച്ച് മനോഹരമായി പറയുന്നത്: "സുഗന്ധപൂരിതമായ ഒരു വസ്തുവിൽ നാം സ്പർശിച്ചാൽ നമ്മുടെ കൈകൾക്ക് സൗരഭ്യം കിട്ടുന്നു. അതുപോലെ നമ്മുടെ പ്രാർത്ഥന അമ്മയുടെ കരങ്ങളിലൂടെ കടന്നുപോകുമ്പോൾ അത് പരിമളം പരത്തുന്നു".

## എത്രയും ദയയുള്ള മാതാവേ എന്ന പ്രാർത്ഥന

എത്രയും ദയയുള്ള മാതാവേ, അങ്ങേ സങ്കേതത്തിൽ ഓടി വന്ന്, അങ്ങേ സഹായം തേടി അങ്ങേ മാദ്ധ്യസ്ഥ്യം അപേക്ഷിച്ചവരിൽ ഒരുവനെയെങ്കിലും അങ്ങ് ഉപേക്ഷിച്ചതായി ലോകത്തിൽ കേൾക്കപ്പെട്ടിട്ടില്ല എന്ന് ഓർക്കണമെ. കന്യാവ്രതക്കാരുടെ രാജ്ഞീ, ദയയുള്ള മാതാവേ ഈ വിശ്വാസത്തിൽ ശരണപ്പെട്ട് അങ്ങേ തൃപ്പാദത്തിൽ ഞാൻ അണയുന്നു. നെടുവീർപ്പോടും കണ്ണുനീരോടും കൂടെ പാപിയായ ഞാൻ അങ്ങേ ദയാധിക്യത്തെ പ്രതീക്ഷിച്ചു കൊണ്ട് അങ്ങേ സിധിയിൽ നിൽക്കുന്നു. അവതരിച്ച വചനത്തിൻ മാതാവേ, എന്റെ അപേക്ഷ ഉപേക്ഷിക്കാതെ ദയാപൂർവ്വം കേട്ടരുളേണമേ. ആമ്മേൻ.


www.malankaralibrary.com

അക്കാലത്ത് അവിടെയുള്ള അഭ്യസ്തവിദ്യർ ലാറ്റിൻ ഭാഷയാണ് ഉപയോഗിച്ചിരുത്. ലാറ്റിൻ ഭാഷയിലാണ് വിശുദ്ധ ബർണ്ണാർദ്ദ് ഈ പ്രാർത്ഥന ചൊല്ലിയത്. ലാറ്റിൻ ഭാഷയിൽ 'മെമ്മോറാരെ' (Memorare, Remember, ഓർക്കണമെ.) എന്നു ചൊല്ലിയാണ് വിശുദ്ധൻ തന്റെ പ്രാർത്ഥന ആരംഭിച്ചത്. അതിനാൽ പാശ്ചാത്യ ഭാഷകളിലെല്ലാം ഈ പ്രാർത്ഥന 'Memorare' എന്നാണ് ഇപ്പോഴും അറിയപ്പെടുന്നത്.

ഈ പ്രാർത്ഥന നാം ചൊല്ലുമ്പോൾ, 'എത്രയും ദയയുള്ള മാതാവേ... എന്റെ അപേക്ഷ ഉപേക്ഷിക്കരുതേ ദയാപൂർവ്വം അത് കേട്ടരുളേണമേ' എന്നാണ് നാം അമ്മയോട് പറയുന്നത്.

## മരിച്ച വിശ്വാസികൾക്കു വേണ്ടിയുള്ള പ്രാർത്ഥന

സന്ധ്യാ പ്രാർത്ഥനയുടെ സമയത്തും മറ്റ് ഇടവേളകളിലും നമ്മുടെ കുടുംബങ്ങളിൽനിന്നും, സമൂഹത്തിൽനിന്നും, മരണംമൂലം വേർപെട്ടവരെ ഓർത്തു പ്രാർത്ഥിക്കുന്നത് അവർക്കും നമുക്കും അനുഗ്രഹം വിളിച്ചു വരുത്തു ഒന്നാണ്. നമ്മുടെ കാരണവന്മാർ അവരുടെ പ്രാർത്ഥനകളിൽ, പ്രത്യേകിച്ച് സന്ധ്യാ പ്രാർത്ഥനയുടെ സമയത്ത് ഇതു മുടക്കം കൂടാതെ ചൊല്ലിയിരുന്നു. ജപമാലയ്ക്ക് മുമ്പോ ശേഷമോ അവരെ ഓർത്തു പ്രാർത്ഥിക്കാവുന്നതാണ്.

നീതിമാൻ നിത്യമായ ആനന്ദമനുഭവിക്കുന്ന സ്വർഗ്ഗത്തിനും; ദുഷ്ടന്മാർ അന്തമില്ലാത്ത പീഢ അനുഭവിക്കുന്ന നരകത്തിനും പുറമേ, ലഘുതരമായ പാപങ്ങളോടുകൂടെയോ, അഥവാ വിമോചനം ലഭിച്ച പാപങ്ങൾക്കുവേണ്ട പ്രയശ്ചിത്തം നിർവ്വഹിക്കാതെയോ നിദ്രപ്രാപിച്ചിട്ടുള്ളവർ താൽക്കാലികമായി ശിക്ഷ അനുഭവിക്കേണ്ട ഒരു മദ്ധ്യാവസ്ഥയുണ്ടെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നു. ശുദ്ധീകരണസ്ഥലം (Purgatory) എന്ന് അറിയപ്പെടുന്ന ഈ മദ്ധ്യാവസ്ഥയ്ക്ക് ശിക്ഷിക്കപ്പെടുന്ന


www.malankaralibrary.com

ആത്മാക്കൾക്കു തങ്ങളെതെ സഹായിക്കുവാൻ നിവൃത്തിയില്ലും ഭൂമിയിൽ ജീവിക്കു വിശ്വാസികൾക്കു പ്രാർത്ഥനയാലും പ്രായശ്ചിത്ത പ്രവർത്തികളാലും അവരെ സഹായിക്കാമെും കത്തോലിക്കാസഭ പഠിപ്പിക്കു്.

നാലാം ശതകത്തിൽ ജീവിച്ചിരു വി. അപ്രേമും തനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ഇപ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു. എന്റെ സഹോദരന്മാരും സ്നേഹിതരുമായവരെ നിങ്ങളെ വിട്ടുപിരിയാൻ എ്വാടേു കൽപ്പിക്കു ആ ദൈവത്തിന്റെ നാമത്തിൽ ഞാൻ നിങ്ങളോടു മുൻകൂട്ടി അഭ്യർത്ഥിക്കു്. പ്രാർത്ഥിക്കുതിനായി നിങ്ങൾ സമ്മേളിക്കുമ്പോൾ എയ്യേും ഓർത്തുകൊള്ളേണമേ! സുഗന്ധസാധനങ്ങളോടുകൂടെ നിങ്ങൾ ൈഎ സംസ്കരിക്കരുത്. എനിക്കല്ല, പിയോ, നിങ്ങൾ ദൈവത്തിനു അവ നൽകുവിൻ. ദുഃഖങ്ങളിൽ ജനിച്ച ൈഎ വിലാപങ്ങളോടുകൂടെ നിങ്ങൾ സംസ്കരിക്കുകയും സുഗന്ധദ്രവ്യങ്ങൾക്കുപകരം നിങ്ങളുടെ പ്രാർത്ഥനകളാൽ ൈഎ സഹായിക്കുകയും ചെയ്യുവിൻ. എന്തൊൽ ജീവിച്ചിരിക്കു വിശുദ്ധരുടെ പ്രാർത്ഥനകൾകൊണ്ട് പരേതർക്കു പ്രയോജനം സിദ്ധിക്കുതാണ്. (Apud Faith of Catholics, Vol. III, p. 162 ard seq).

## പ്രാർത്ഥന

മരിച്ച വിശ്വാസികളുടെ ആത്മാക്കൾ തമ്പുരാന്റെ മനോഗുണത്താൽ മോക്ഷത്തിൽ ചേരുവാൻ ഇടയാകട്ടെ.

നിത്യപിതാവേ! ഈശോമിശിഹാ കർത്താവിന്റെ വിലതീരാത്ത തിരുച്ചോരയെക്കുറിച്ച് മരിച്ചുപോയ ആത്മാക്കളുടെമേൽ കൃപയുണ്ടാകണമേ.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ. (ഇത് അ് പ്രാവശ്യം ചൊല്ലുക).

'മരിച്ച വിശ്വാസികളുടെ... ചേരുവാൻ കരുണ ഉണ്ടാകണമെ' എന്ന പ്രാർത്ഥന വി. പത്രോസിന്റെ ശിഷ്യനായ വി. ക്ലെമന്റ് മാർപാപ്പ പ്രസിദ്ധപ്പെടുത്തിയതാണ്.


www.malankaralibrary.com

## ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ

യുഗോസ്ലാവിയായിലെ മെഡ്ജ്ജുഗോറിയിൽ ഇവാങ്ക ഇവാൻ ഗോവിക്ക്, മിർജാന ഡ്രാഗി സാവിക് എന്നീ കുട്ടികൾ വീട്ടിലേയ്ക്ക് മടങ്ങുന്നതിനിടയിൽ ക്രാനിക്കാ എന്ന കുന്നിൻ മുകളിൽ പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ടു. ആദ്യനാളുകളിൽ എല്ലാ ദിവസവുംതന്നെ മാതാവ് അവർക്ക് പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. പിന്നീട് എല്ലാ മാസത്തിന്റെയും 25-ാം തീയതി അവൾ പ്രത്യ ക്ഷപ്പെടാൻ തുടങ്ങി. ഒരദ്ധ്യാപികയുടെ ഭാവത്തിൽ "ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ എന്റെ പ്രിയ കുട്ടികളെ" എന്നു പറഞ്ഞുകൊണ്ടാണ് മാതാവ് അവരോരുത്തരേയും അഭിവാദനം ചെയ്തത്.

ജപമാല പ്രാർത്ഥനയുടെ സമാപനത്തിൽ കൈകൂപ്പി ശിരസ്സു നമിച്ച് ഈശോയ്ക്ക് സ്തുതി ചൊല്ലുന്ന പതി വുണ്ട്. അതിനുശേഷം കുടുംബത്തിലെ എല്ലാ മുതിർ ന്നവർക്കും മക്കൾ ഈശോയുടെ നാമത്തിൽ സ്തുതി ചൊല്ലുന്നു. അതോടൊപ്പം മുതിർന്നവരുടെ വലതുകരം മുത്തുന്ന പതിവും, മാതാപിതാക്കൾ മക്കളെ വലതുക രംവച്ച് അനുഗ്രഹിക്കുന്ന രീതികളും നിലവിലുണ്ട്.

## ദൈവത്തിനു സ്തുതി

വി. സിപ്രിയന്റെ രക്തസാക്ഷിത്വം പ്രഖ്യാപിക്കുന്ന വേള യിൽ അന്നത്തെ മാർപാപ്പയായിരുന്ന വി. സിക്സ്റ്റസ് രണ്ടാമൻ പറഞ്ഞ വാചകമാണ് 'ദെയൊ ഗ്രാസിയാസ്' അഥവാ ദൈവത്തിനു സ്തുതിയായിരിക്കട്ടെ എന്നു ള്ളത്.


www.malankaralibrary.com

# അദ്ധ്യായം 8

# വിശുദ്ധരും, ജപമാല അത്ഭുതങ്ങളും

*വി. കൊച്ചു ത്രേസ്യാ*

സഭയിലെ വേദപാരംഗതയാണ് ലിസ്യുവിലെ വിശുദ്ധ കൊച്ചു ത്രേസ്യാ. അവളുടെ അമ്മ നേരത്തെ തന്നെ മരിച്ചു. പിതാവും ജ്യേഷ്ഠ സഹോദരികളും കൂടിയാണ് കൊച്ചു ത്രേസ്യായെ വളർത്തിയത്.

കൊച്ചു ത്രേസ്യ ഓടി നടക്കുന്ന സമയം; ഒരുദിവസം (1883- മെയ് 10) അവൾ പെട്ടെന്ന് രോഗബാധിതയായി. അവളുടെ രോഗ ചേഷ്ടകളും വേദനയും കണ്ട് അവളുടെ പിതാവും സഹോദരിമാരും ഭയപ്പെട്ടു. പല ഡോക്ടർമാർ അവളുടെ രക്ഷയ്ക്കായി എത്തി. എന്നാൽ രോഗം എന്താണെന്ന് പിടികിട്ടുന്നില്ല. അവൾ മരണത്തിന്റെ വക്കുവരെ എത്തി. പ്രതീക്ഷ നഷ്ടപ്പെട്ടു കൊണ്ടിരുന്ന പിതാവ് അടുത്തുള്ള പള്ളിയിൽ പോയി

www.malankaralibrary.com

മകൾക്കു വേണ്ടി കുർബാനചൊല്ലിച്ച് പ്രാർത്ഥിച്ചു. അവളുടെ ജ്യേഷ്ഠ സഹോദരിമാർ കുഞ്ഞനുജത്തിയുടെ മുറിയിൽ ദൈവമാതാവിന്റെ ഒരു രൂപം പ്രതിഷ്ഠിച്ചു. അവർ ദൈവമാതാവിന്റെ രൂപത്തിനു മുമ്പിൽ മുട്ടുകുത്തി കൊന്തചൊല്ലി. എപ്പോഴോ ബോധം തെളിഞ്ഞപ്പോൾ കൊച്ചു ത്രേസ്യാ കാണുന്നത് ചേച്ചിമാർ മാതാവിന്റെ രൂപത്തിനു മുമ്പിൽ മുട്ടുകുത്തി കൊന്ത ചൊല്ലുന്നതാണ്. കൊച്ചു ത്രേസ്യായ്ക്കും ചേച്ചിമാരോട് ചേർന്ന് പ്രാർത്ഥിക്കണമെന്ന് ആഗ്രഹമുണ്ട്. എന്നാൽ ആരോഗ്യം അനുവദിക്കുന്നില്ല. എങ്കിലും സാധിക്കുന്നതുപോലെ അവളും ചേച്ചിമാരോട് ചേർന്ന് മാതാവിനോട് മാധ്യസ്ഥം അപേക്ഷിച്ചു. പെട്ടെന്ന് ആ രൂപത്തിൽനിന്ന് ഒരു പ്രകാശ കിരണം അവളുടെ ശരീരത്തിൽ പതിച്ചു. അത്ഭുത ശോഭയാൽ ആ രൂപം വെട്ടിത്തിളങ്ങി. ദൈവമാതാവിന്റെ മുഖത്ത് സ്വർഗ്ഗീയമായ സ്നേഹവും നന്മയും കവിഞ്ഞൊഴുകി: അവാച്യമായ വാത്സല്യം ആ മുഖത്തുനിന്നും പ്രസരിച്ചു. ആ ആനന്ദദായകമായ പുഞ്ചിരി അവളെ സുഖപ്പെടുത്തി. അവൾ ചാടി എഴുന്നേറ്റു. 'മാതാവിന്റെ പുഞ്ചിരിയാണ് എന്നെ സുഖപ്പെടുത്തിയതെന്ന് പിന്നീട് കൊച്ചു ത്രേസ്യാ പറയുകയുണ്ടായി.

## വി. മാർഗരറ്റ് മേരി അലോക്കോക്ക്

1647-ജൂലൈ 22-ന് ഫ്രാൻസിലാണ് മാർഗരറ്റ് ജനിച്ചത്. കുഞ്ഞുനാളിൽ തന്നെ ഈശോയോടും മാതാവിനോടും വലിയഭക്തി അവൾ പുലർത്തിപ്പോന്നു. മണിക്കൂറുകളോളം പ്രാർത്ഥിക്കുക എന്നത് അവളുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. ചുറുചുറുക്കോടെ ഓടിനടന്ന ഈ കുഞ്ഞിന് ഒൻപതാമത്തെ വയസ്സിൽ മാരകമായ ഒരു രോഗം പിടിപെട്ടു. മൂന്നുവർഷം അത് അവളെ അലട്ടി. അവൾ വളരെയേറെ ക്ഷീണിച്ചു. അവൾ ഒരു പ്രതിജ്ഞ ചെയ്തു. താൻ രോഗവിമുക്തയാ


www.malankaralibrary.com

യാൽ മാതാവിന്റെ നാമത്തിലുള്ള സന്യാസ സഭയിൽ ചേർന്നു കൊള്ളാം. അത്ഭുതകരമായി മാതാവ് മാർഗരറ്റിനെ സുഖപ്പെടുത്തി. അവൾ പ്രേഗിലെ വിസിറ്റേഷൻ കോൺവെന്റിൽ ചേർന്നു. അവളുടെ മരണശേഷം 1920 മെയ് 13 ന് ബെനഡിക്ട് 15-ാംമൻ മാർപാപ്പ അവളെ വിശുദ്ധയായി പ്രഖ്യാപിച്ചു.

## വി. ഡോൺ ബോസ്ക്കോ

മരിയഭക്തി പ്രചരിപ്പിച്ച വിശുദ്ധരിൽ പ്രധാനിയാണ് വിശുദ്ധ ഡോൺ ബോസ്ക്കോ. ഒരിക്കൽ അദ്ദേഹത്തിന് ഒരു ദർശനമുണ്ടായി. ആർത്തിരമ്പുന്ന കടലിൽ ആടിയുലയുന്ന ഒരു കപ്പൽ. അതു തകരുമെന്ന് തോന്നിയ നിമിഷം രണ്ടു തൂണുകൾ കടലിൽനിന്നു ഉയർന്നുവന്നു. ആ തൂണുകൾ കപ്പലിനെ സംരക്ഷിച്ചു. തൂണിന്റെ ഒരറ്റത്ത് ഒരപ്പവും മറ്റേ അറ്റത്ത് ഒരു സ്ത്രീയും. താമസിയാതെ അതിന്റെ വ്യാഖ്യാനവും വിശുദ്ധന് ലഭിച്ചു. കപ്പൽ തിരുസ്സഭയാണ്. അപ്പം പരിശുദ്ധ കുർബാനയും. സ്ത്രീ പരിശുദ്ധ അമ്മയുമാണ്. തിരുസ്സഭയിലെ മക്കൾ അപകടത്തിൽപ്പെടാതിരിക്കാൻ വിശുദ്ധ കുർബാനയേയും പരിശുദ്ധ അമ്മയേയും മുറുകെ പിടിക്കണമെന്നാണ് സ്വർഗ്ഗം വെളിപ്പെടുത്തിയത്.

1870-ലെ പെന്തക്കുസ്താ ദിനം. ടൂറിനിലെ ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിന്റെ നാമത്തിലുള്ള ദൈവാലയത്തിലിരുന്ന് അനേകം ആൺകുട്ടികൾ പ്രാർത്ഥിക്കുകയാണ്. അവർ കുമ്പസാരത്തിനായി വി. ഡോൺ ബോസ്ക്കോയെ പ്രതീക്ഷിച്ച് ഇരിക്കുകയാണ്. കുറച്ചുകഴിഞ്ഞപ്പോൾ ഒരു പെൺകുട്ടിയുമായി അവളുടെ അമ്മ അവിടെയെത്തി. രണ്ടുവർഷമായി ഒരു പ്രത്യേക രോഗം പിടിപ്പെട്ട് മകളുടെ രണ്ടു കണ്ണിനും പൂർണ്ണമായി കാഴ്ച നഷ്ടപ്പെട്ടെന്നും വൈദ്യശാസ്ത്രം അവളെ കൈവിട്ടെന്നും അതിനാൽ വിശുദ്ധൻ തങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും അവർ യാചിച്ചു.


www.malankaralibrary.com

വിശുദ്ധൻ പോക്കറ്റിൽ നിന്ന് രണ്ടു കാശുരൂപങ്ങൾ കുട്ടിയെ കാണിച്ചു. എനിക്ക് ഒന്നും കാണാൻ കഴിയുന്നില്ല എന്നവൾ മറുപടി പറഞ്ഞു. വീണ്ടും അവളെ ജനാലയ്ക്കരികിലേക്ക് വിശുദ്ധൻ കൊണ്ടുപോയി വെളിച്ചത്തേക്ക് വിരൽചൂണ്ടി. അപ്പോഴും ഒന്നും കാണാൻ കഴിയുന്നില്ല എതായിരുന്നു അവളുടെ മറുപടി.

'നീ കാണാൻ ആഗ്രഹിക്കുന്നുവോ, എങ്കിൽ നീ ഈ കണ്ണുകൊണ്ട് പാപം ചെയ്യരുത്', വിശുദ്ധൻ അവളോട് പറഞ്ഞു. അവൾ ദൈവതിരുസന്നിധിയിൽ പ്രതിജ്ഞ ചെയ്തു. വിശുദ്ധൻ പറഞ്ഞു: എങ്കിൽ നിനക്ക് കാഴ്ച തിരികെകിട്ടും. തുടർന്ന് പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ ശക്തിയെക്കുറിച്ച് ദൈവാലയത്തിലുണ്ടായിരുന്നവരോട് വിശുദ്ധൻ പ്രസംഗിച്ചു. അതേ തുടർന്ന് അവർ ഒരുമിച്ച് ഏകസ്വരത്തിൽ നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയും, പരിശുദ്ധ രാജ്ഞിയും ചൊല്ലി. പരിശുദ്ധ മറിയത്തിന്റെ ശക്തിയിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുക എന്ന് പറഞ്ഞ് വിശുദ്ധൻ മരിയയെ ആശീർവദിച്ചു. എന്നിട്ട് ക്രിസ്ത്യാനികളുടെ സഹായമായ മാതാവിന്റെ കാശുരൂപം കൈകളിൽ ഉയർത്തിപ്പിടിച്ചുകൊണ്ട് മരിയയോട് ആവശ്യപ്പെട്ടു: "ദൈവത്തിന്റെയും പരിശുദ്ധ അമ്മയുടെയും മഹത്വത്തിനായി ഇത് എന്താണെന്ന് പറയുക" അവൾ പറഞ്ഞു: എനിക്ക് കാണാം! അത് ഒരു കാശുരൂപം. അവൾ അതുവാങ്ങാനായി കൈനീട്ടി. എന്നാൽ അതിനുമുമ്പ് അത് നിലത്തു വീണ് തെറിച്ചുപോയി. അവൾ തന്നെദൈവാലയത്തിന്റെ ഇരുണ്ട മൂലയിൽ നിന്നും അത് കണ്ടെടുത്തു. ഇതു കണ്ട് ദൈവാലയത്തിൽ ഉണ്ടായിരുവരുടെയെല്ലാം മരിയഭക്തി ആഴപ്പെട്ടു. ഈ സംഭവം കഴിഞ്ഞ് 46 വർഷത്തിനുശേഷം സലേഷ്യൻ സഭാംഗങ്ങൾ വിദഗ്ദ്ധരായ ഡോക്ടർമാരുടെ നേതൃത്വത്തിൽ അവളുടെ കാഴ്ച ശക്തി വീണ്ടും പരിശോധിച്ചപ്പോൾ അവൾക്ക് പൂർണ്ണ കാഴ്ചയുണ്ടെന്ന് രേഖപ്പെടുത്തി.


www.malankaralibrary.com

## വി. ഫ്രഡറിക് ഓസാനം

വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സ്ഥാപകനാണ് ഫ്രഡറിക് ഓസാനം. എം. എ പഠനം കഴിഞ്ഞ് ഇരിക്കുന്ന അവസരത്തിൽ വിശ്വാസ സംബന്ധമായ സംശയത്താൽ അദ്ദേഹം വലഞ്ഞു. ചിത്തഭ്രമം സംഭവിച്ചവനെപ്പോലെ അദ്ദേഹം പാരീസിന്റെ തെരുവീഥിയിലൂടെ അലഞ്ഞുതിരിഞ്ഞു. അപ്പോൾ നോട്ടർഡാം ദൈവാലയത്തിന്റെ വാതിൽ തുറന്നു കിടക്കുന്നതുകണ്ട് അദ്ദേഹം അവിടേയ്ക്കു ചെന്നു. അപ്പോൾ അദ്ദേഹം കണ്ട കാഴ്ച തന്റെ ഗുരുഭൂതരിൽ ഒരാളും, വൈദ്യുതി കണ്ടുപിടുത്തങ്ങൾക്കൊണ്ട് ഭൂവനപ്രസിദ്ധനുമായിരുന്ന ആമ്പിയർ ദൈവമാതാവിന്റെ തിരുസ്വരൂപത്തിനു മുമ്പിൽ ഭക്ത്യാദരം മുട്ടുകുത്തി ജപമാല ചൊല്ലുന്ന കാഴ്ചയാണ്. ഓസാനാമും തന്റെ വത്സല ഗുരുഭൂതനെ അനുകരിച്ച് ജപമാല ചൊല്ലുവാൻ ആരംഭിച്ചു. പ്രാർത്ഥന കഴിഞ്ഞപ്പോൾ താൻ സംശയരഹിതനായി അദ്ദേഹത്തിന് ബോധ്യപ്പെട്ടു.

## വി. ഫിലിപ്പ് ബെനിസി

ഫ്ളോറൻസിലെ പ്രഭുകുടുംബത്തിൽ ജനിച്ചയാളാണ് വിശുദ്ധ ഫിലിപ്പ് ബെനിസി (1223 - 1285). ജീവിച്ചിരുന്ന കാലഘട്ടത്തിൽ തന്നെ ഒത്തിരിയേറെ അത്ഭുതങ്ങൾ അദ്ദേഹം ചെയ്തു. ഈശോയുടെ പീഢാനുഭവത്തെപ്പറ്റിയും മാതാവിന്റെ ഏഴു വ്യാകുലങ്ങളെക്കുറിച്ചും അദ്ദേഹം പ്രസംഗിച്ചു. വിശുദ്ധി എന്ന പുണ്യം സംരക്ഷിക്കാൻ എന്തു വിലകൊടുക്കാനും അദ്ദേഹം തയ്യാറായിരുന്നു. അദ്ദേഹത്തിന്റെ മരണത്തിന്റെ നാളുകളിൽ ദൈവദർശനങ്ങളും, ഒപ്പം പ്രലോഭനങ്ങളും വിശുദ്ധന് അഭിമുഖീകരിക്കേണ്ടിവന്നു.

ഒരിക്കൽ വിശുദ്ധൻ പ്രാർത്ഥിക്കുകയാണ്. ഈ പ്രാർത്ഥന മൂന്നുമണിക്കൂറിലധികം നീണ്ടു. വിശുദ്ധൻ ദിവ്യമായ അനുഭൂതിയിൽ ലയിച്ചു. ഏറെ നേരമായിട്ടും അനക്കമില്ലാത്തതിനാൽ കൂട്ടത്തിലൊരാൾ അദ്ദേ


www.malankaralibrary.com

ഹത്തെ വിളിച്ചു. പെട്ടെന്ന് അദ്ദേഹം നിദ്രയിൽ നിന്നെന്നപൊലെ ഞെട്ടിയുണർന്നു. കഴിഞ്ഞ നിമിഷങ്ങളിലെ ഭയാനകമായ കാര്യങ്ങൾ അദ്ദേഹം വിശദീകരിച്ചു. സാത്താൻ മുഴുശക്തിയോടെ അദ്ദേഹത്തെ തോൽപ്പിക്കാനായി എത്തി. അറിഞ്ഞും അറിയാതെയും ചെയ്ത സകല പാപങ്ങളും സാത്താൻ അദ്ദേഹത്തിന്റെ മുമ്പിൽ നിരത്തി. ദൈവകാരുണ്യത്തിനെതിരെ അവനെ പ്രലോഭിപ്പിക്കുകയും വിശുദ്ധനെ നിരാശയിലേക്ക് വലിച്ചുതാഴ്ത്താൻ അവൻ ആവുന്നത്ര ശ്രമിക്കുകയും ചെയ്തു. പോരാട്ടം മൂർച്ഛിച്ചപ്പോൾ പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ട് സാത്താനെ തുരത്തിയോടിച്ചു. വിശുദ്ധന്റെ ക്ലേശങ്ങളെല്ലാം എടുത്തുനീക്കുകയും ഒപ്പം വിശുദ്ധനുവേണ്ടി സ്വർഗ്ഗത്തിൽ ഒരുക്കപ്പെട്ടിരിക്കുന്ന കിരീടം അദ്ദേഹത്തിന് കാണിച്ചുകൊടുക്കുകയും ചെയ്തു. അതേ തുടർന്ന് ക്രൂശിത രൂപം കരങ്ങളിലെടുത്ത് ചുംബിച്ച് 30-ാം സങ്കീർത്തനം ആലപിച്ച് വിശുദ്ധൻ സ്വർഗ്ഗത്തിലേക്ക് യാത്രയായി.

## *വി. ഗ്രിത്തോൺ ദെ മോൺഫോർട്ട്*

വിശുദ്ധ മോൺഫോർട്ട് ജപമാലയെക്കുറിച്ചുള്ള തന്റെ ഗ്രന്ഥത്തിൽ ഒരു സംഭവം വിവരിക്കുന്നുണ്ട്. ഒരിക്കൽ ഒരു മരിയ ഭക്തൻ ഒരു കൊള്ള സംഘത്തിന്റെ കരങ്ങളിൽ പെട്ടു. അവർ അദ്ദേഹത്തിന്റെ പണം തട്ടിയെടുത്തശേഷം അദ്ദേഹത്തെ വധിക്കുവാൻ ഒരുങ്ങി. മരിക്കുന്നതിനു മുമ്പ് പതിനുഞ്ചു മിനിട്ടു സമയം പ്രാർത്ഥിക്കുവാൻ തനിക്കു അവസരം നൽകണമെന്ന് അദ്ദേഹം തസ്ക്കര സംഘത്തോട് അപേക്ഷിച്ചു. അവർ അതിന് അനുമതി നൽകി. ഉടൻ തന്നെ ആ മരിയ ഭക്തൻ തന്റെ കൊന്ത എടുത്ത് ജപമാല ആരംഭിച്ചു. പെട്ടെന്ന് സുന്ദരിയായ ഒരു സ്ത്രീ അദ്ദേഹത്തിന്റെ അടുക്കൽ വന്ന് റോസാ പുഷ്പംകൊണ്ടുള്ള ഒരു മാല അയാളെ ധരിപ്പിക്കുന്നത് ആ തസ്ക്കരസംഘ നേതാവ്


www.malankaralibrary.com

കണ്ടു. അതു പരിശുദ്ധ കന്യക ആണെന്ന് തിരിച്ചറിഞ്ഞ അയാൾ ആ യാത്രക്കാരനെ നിരുപാധികം വിട്ടയയ്ക്കുകയും അയാളിൽനിന്ന് അപഹരിച്ച പണവും വിലപിടിപ്പുള്ള സാധനങ്ങളും തിരികെ കൊടുക്കുകയും ചെയ്തു.

## വി. ജോൺ മരിയ വിയാനി

ആഗോള സഭയിലെ വൈദികരുടെ മദ്ധ്യസ്ഥനാണ് വിശുദ്ധ ജോൺ മരിയ വിയാനി. 1788-ൽ അദ്ദേഹം സെമിനാരിയിൽ ചേർന്നു. പഠിക്കാൻ വേണ്ടത്ര കഴിവോ, ബുദ്ധി സാമർത്ഥ്യമോ ഇല്ലാത്തതിനാൽ വൈദികനാകാനുള്ള തന്റെ അഭിലാഷം തകരുന്നതിൽ വിയാനിയുടെ മനസ്സ് വേദനിച്ചു. ഈ സമയം പരിശുദ്ധ കന്യകാമറിയത്തിന്റെ സഹായം ഒന്നു മാത്രമാണ് അദ്ദേഹം ആശ്രയിച്ചത്. പരിശുദ്ധ അമ്മയോട് അദ്ദേഹം നിരന്തരം കൊന്ത ചൊല്ലി പ്രാർത്ഥിക്കാൻ തുടങ്ങി. സെമിനാരി പരീക്ഷയിൽ ചോദ്യങ്ങളുടെ അർത്ഥം പോലും മനസ്സിലാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. തന്റെ സുഹൃത്തായ ഫാദർ ബെയ്‌ലിയുടെ നിർദ്ദേശ പ്രകാരം വീണ്ടും ഒരു പരീക്ഷ കൂടി നടത്തി. പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം അപേക്ഷിച്ച് വിയാനി ഒരിക്കൽകൂടി പരീക്ഷയ്ക്ക് അണഞ്ഞു. ആ പരീക്ഷയിൽ അദ്ദേഹത്തിന് സുതൃർഹമായ വിധം ഉത്തരം നൽകാൻ സാധിച്ചു. അവസാന വിധി കല്പിക്കാനുള്ള ആൾ വികാരി ജനറാളായിരുന്നു. അദ്ദേഹം ഫാദർ ബെയ്‌ലിയോടു ചോദിച്ചു: "ജോൺ വിയാനി ഭക്തനാണോ? ദൈവമാതാവിനോട് അദ്ദേഹത്തിന് ഭക്തിയുണ്ടോ? ഉണ്ടെങ്കിൽ അദ്ദേഹത്തിന് പട്ടം കൊടുക്കാൻ എനിക്ക് മടിയില്ല". ഇതു കേട്ട ഫാദർ ബെയ്‌ലിയുടെയും ജോൺ വിയാനിയുടെയും കണ്ണുകൾ സന്തോഷം കൊണ്ടു നിറഞ്ഞു. വികാരി ജനറാൾ പറഞ്ഞു: "ഇയാളിൽ വേണ്ടത് ദൈവം പ്രവർത്തിച്ചുകൊള്ളും. പണ്ഡിതന്മാരേക്കാൾ ഭക്തരായ വൈദികരെയാണ് ഇന്നത്തെ സഭയ്ക്ക് കൂടുതൽ ആവശ്യം". മരണം വരെ വലിയ മരിയ


www.malankaralibrary.com

ഭക്തനായിരുന്ന അദ്ദേഹം 1815 ആഗസ്റ്റ് 13-ന് പുരോഹിത പദവിയിലേയ്ക്ക് ഉയർന്നു. ഇദ്ദേഹം അൾത്താരയിൽ വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായി വണങ്ങപ്പെടുന്നു.

## വി. പീറ്റർ കനിസിയാൻസ്

1521 മെയ് 8ന് ഹോളണ്ടിലെ ഒരു സമ്പന്ന കുടുംബത്തിലാണ് വി. പീറ്റർ കനിസിയാൻസ് ജനിച്ചത്. ചെറുപ്പത്തിൽ തന്നെ അമ്മ മരിച്ചു പോയതിനാൽ പരിശുദ്ധമറിയത്തോട് ഒരു പ്രത്യേക ഭക്തി അവനിൽ വളർുവന്നു. ചെറുപ്പത്തിൽ കിട്ടാതെ പോയ മാതൃവാത്സല്യം പരിശുദ്ധ അമ്മയിൽനിന്നും കുഞ്ഞുനാളിൽതന്നെ അവൻ നുകർന്നു. 19-ാമത്തെ വയസ്സിൽ കൊളോണിൽനിന്ന് എം. എ ബിരുദം നേടി; ഉടനെ ബ്രഹ്മചര്യവും നേർന്നു. 1543-ൽ ഈശോ സഭയിൽ ചേർന്ന അദ്ദേഹം 1546-ൽ പുരോഹിതനായി. ട്രെന്റ് സൂനഹദോസിന്റെ പല സമ്മേളനങ്ങളിലും സിഹിതനായിരുുന്നു അദ്ദേഹം. അനേകം സെമിനാരികളും മിഷൻ പ്രവർത്തനങ്ങളും നടത്താൻ മുൻകൈയ്യെടുത്തു. ഒരു വേദോപദേശം അദ്ദേഹം സ്വയം എഴുതി പ്രസിദ്ധം ചെയ്തു. അദ്ദേഹത്തിന്റെ കാലത്തു തന്നെ അത് പന്ത്രണ്ട് ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു.

പ്രൊട്ടസ്റ്റന്റ് വിപ്ലവം ജർമ്മനിയിൽ അലയടിച്ച കാലഘട്ടത്തിൽ കത്തോലിക്കാ വിശ്വാസം സംരക്ഷിക്കാൻ വലിയ പങ്കുവഹിച്ച സഭയിലെ വേദപാരംഗതനാണ് അദ്ദേഹം. തന്റെ പ്രബോധനങ്ങൾകൊണ്ടും, തൂലികകൊണ്ടും അനേകം കത്തോലിക്കരെ സഭയിൽ ഉറപ്പിച്ചു നിർത്തി. അദ്ദേഹത്തിന്റെ പ്രഭാഷണ ചാതുര്യം അനേകരുടെ മാനസാന്തരത്തിനു കാരണമായി. ജർമ്മനിയുടെ രണ്ടാമത്തെ അപ്പസ്തോലനായിട്ടാണ് അദ്ദേഹം ഇന്ന് അറിയപ്പെടുന്നത്.

അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളിലും, ലേഖനങ്ങളിലും നിറഞ്ഞു നിന്നിരുന്നത് മരിയൻ ഭക്തിയായി


www.malankaralibrary.com

രുന്നു. മരിയൻ ഭക്തസംഘടനകളെയും, സൊഡാലിറ്റി യേയും അദ്ദേഹം പ്രോത്സാഹിപ്പിച്ചു. നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയിൽ 'പരിശുദ്ധ മറിയമേ, തമ്പുരാന്റെ അമ്മേ പാപികളായ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ' എന്ന പ്രാർത്ഥന കൂട്ടിച്ചേർത്തത് ഈ വിശുദ്ധനാണ്. പിന്നീട് കാറ്റക്കിസം ഓഫ് ദ കൗൺസിൽ ഓഫ് ട്രെന്റിൽ (1566) ഈ പ്രാർത്ഥന ഉൾപ്പെടുത്തുകയുണ്ടായി.

യേശുവിൽ എത്താൻ പല വഴികളും ഉണ്ടെങ്കിലും അതിൽ ഏറ്റവും ശക്തമായത് മരിയഭക്തിയാണെന്ന് അദ്ദേഹം ലോകത്തോട് വിളിച്ചു പറഞ്ഞു. ജർമ്മനി, ഓസ്ട്രിയ, സ്വിറ്റ്സർലന്റ്, ബൊഹിമിയ എന്നിവിടങ്ങളിലൂടെയെല്ലാം സഭയുടെ പ്രബോധനവുമായി അദ്ദേഹം ഓടി. പാഷണ്ഡികളുമായി ചർച്ചകളിലേർപ്പെട്ടു.

എഴുപതാമത്തെ വയസ്സിൽ അദ്ദേഹത്തിന് ഒരു സ്ട്രോക്ക് വന്ന് ശരീരത്തിന്റെ ഒരു ഭാഗം തളർന്നു പോയി. എങ്കിലും തന്റെ ദൗത്യത്തിൽനിന്നും അദ്ദേഹം പിൻവാങ്ങിയില്ല. ഇരുന്നും, കിടന്നും മരിയഭക്തിയെക്കുറിച്ച് അദ്ദേഹം പ്രസംഗിച്ചു. അവസാന നാളായപ്പോൾ ഒരു സെക്രട്ടറി വഴി അദ്ദേഹം ഇതെല്ലാം ചെയ്തു. 1597 ഡിസംബർ 21 തീയതി 76-ാമത്തെ വയസ്സിൽ അദ്ദേഹം മരിച്ചു. സെന്റ് നിക്കോളാസ് ദൈവാലയത്തിലാണ് അദ്ദേഹത്തിന്റെ ഭൗതിക ദേഹം സംസ്ക്കരിച്ചത്. 1925 മെയ് 21 ന് പീയൂസ് പതിനൊന്നാമൻ മാർപാപ്പ അദ്ദേഹത്തെ വിശുദ്ധനായും, വേദപാരംഗതനായും പ്രഖ്യാപിച്ചു. നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയാണ് മരിയഭക്തിയുടെ അടിസ്ഥാനമെന്ന് ജീവിച്ചിരുന്ന കാലത്തും, ഇന്നും അദ്ദേഹം നമ്മെ പഠിപ്പിക്കുന്നു.

◆ ◆ ◆


www.malankaralibrary.com

# അദ്ധ്യായം 9

# ജപമാലയും മഹാന്മാരും

## *റെഡ് ഫ്ളാഗ്*

ബൽജിയത്തിലെ ലീജിയൻ ഓഫ് മേരിയുടെ സ്ഥാപകനാണ് റെഡ്ഫ്ളാഗ്. അദ്ദേഹം ഒരു കമ്മ്യൂണിസ്റ്റ് പത്രത്തിന്റെ പത്രാധിപനായിരുന്നു. രണ്ടാം ലോകമഹായുദ്ധ കാലത്ത് നാസിപ്പട അദ്ദേഹത്തെ തടവിലാക്കി. തടവിൽ കിടക്കുമ്പോൾ ജീവൻ അപകടത്തിലാണെന്ന് മനസ്സിലാക്കിയ അദ്ദേഹം പരിശുദ്ധ അമ്മയെ ഓർത്തു. തന്റെ ജീവനെ മോചിപ്പിക്കുന്ന പക്ഷം സത്യവിശ്വാസത്തിലേയ്ക്ക് വരുമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തു. പരിശുദ്ധ അമ്മയുടെ പ്രത്യേക ഇടപെടൽ ലഭിച്ച അദ്ദേഹം തടവറയിൽനിന്ന് മോചിതനായി. പക്ഷേ വിശ്വാസം സ്വീകരിക്കാൻ അദ്ദേഹം വിമുഖത കാണിച്ചു.

ബൽജിയത്തെ ഒരു ഗ്രാമമാണ് ബെവക്കൈ. 1923-ൽ പരിശുദ്ധ അമ്മ അവിടെ പ്രത്യക്ഷപ്പെട്ടുകൊണ്ടു പറഞ്ഞു: "ഞാൻ പാപികളെ മാനസാന്തരപ്പെടുത്തും". 1945-ലെ ഒരു സുദിനം. വലിയ വിശ്വാസമൊന്നുമില്ലാതെ

www.malankaralibrary.com

അദ്ദേഹം ബെവക്കൈലേയ്ക്ക് ഒരു തീർത്ഥാടനം നടത്തി. ഒരു കാഴ്ചക്കാരനെ പോലെ എല്ലാം ചുറ്റി നടന്നു കാണുതിനിടയിൽ ധാരാളം ജനങ്ങൾ പരിശുദ്ധ കന്യക യുടെ തിരുസ്വരൂപത്തിനു മുമ്പിൽ മുട്ടുകുത്തി ജപമാല ചൊല്ലുന്നതു കണ്ടു. എതോ ഒരു ആത്മീയ പ്രേരണ യാൽ അദ്ദേഹവും ഭക്തജനത്തോടൊപ്പം മുട്ടുകുത്തി. അവിടെവച്ച് അദ്ദേഹത്തിന് ഒരു ദൈവിക ദർശനം ലഭിച്ചു. താൻവഴി പരിശുദ്ധ കന്യകാമറിയം ലോകത്തിന് വലിയ കാര്യങ്ങൾ ചെയ്യാൻ പോകുന്നത് അദ്ദേഹത്തിന് വെളിപ്പെട്ടു. അവിടെനിന്ന് എഴുന്നേറ്റ റെഡ് ഫ്ളാഗ് പരി പൂർണ്ണമായും പരിവർത്തനപ്പെട്ടു കഴിഞ്ഞിരുന്നു.

## ഹിലയർ ബെല്ലോക്ക്

ഇംഗ്ലണ്ടിലെ സാഹിത്യകാരന്മാരിൽ പ്രധാനിയാണ് ഹിലയർ ബെല്ലൊക്ക്.

ഒരിക്കൽ അദ്ദേഹം ബ്രിട്ടീഷ് പാർലമെന്റിലേ യ്ക്കുള്ള തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നിന്നു. ഒരു പ്രചരണ യോഗത്തിൽ പ്രസംഗിക്കാൻ ബെല്ലൊക്ക് എത്തിയപ്പോൾ ഒരു കത്തോലിക്കൻ രഹസ്യമായി പറഞ്ഞു: മിസ്റ്റർ ബെല്ലൊക്ക്, ഇവിടെ കൂടിയിരിക്കുന്ന ഭൂരിഭാഗം ജനങ്ങളും പ്രൊട്ടസ്റ്റന്റുകാരാണ്. അതുകൊണ്ട് തിരഞ്ഞെടുപ്പിൽ വിജയിക്കണമെങ്കിൽ കത്തോലിക്കാ വിശ്വാസത്തെപ്പറ്റി ഒന്നും പറയരുത്. പറഞ്ഞാൽ അവ രുടെ വോട്ട് ലഭിക്കുകയില്ല. ബെല്ലൊക്ക് പ്രസംഗ സ്റ്റേജി ലേയ്ക്ക് കയറി. തുടർന്ന് തന്റെ പോക്കറ്റിൽ നിന്ന് കൊന്ത എടുത്ത് കാണിച്ചിട്ടു പറഞ്ഞു: പ്രിയരെ ഇതൊരു കൊന്തയാണ്. ഞാൻ എല്ലാ ദിവസവും മുട്ടി ൻമേൽ നിന്ന് കൊന്തചൊല്ലും. സാധിക്കുന്ന എല്ലാ ദിവസവും വി. കുർബാനയിൽ പങ്കെടുക്കുകയും, പരി ശുദ്ധ കുർബാന സ്വീകരിക്കുകയും ചെയ്യും. ചുരുക്കി പറഞ്ഞാൽ ഞാൻ ഒരു കത്തോലിക്കനാണ്. ഇക്കാ രണത്താൽ നിങ്ങൾ എനിക്ക് വോട്ട് തരുന്നില്ലെങ്കിൽ നിങ്ങളുടെ പ്രതിനിധിയായി പാർലമെന്റിൽ പോകുന്ന


www.malankaralibrary.com

തിന്റെ മ്ളേച്ഛതയിൽ നിന്ന് എന്നെ രക്ഷിച്ചതിന് ഞാൻ ദൈവത്തിന് നന്ദിപറയും. കത്തോലിക്കാ വിശ്വാസ ത്തിൽ അദ്ദേഹം അഭിമാനം കൊള്ളുന്നു മനസ്സിലാക്കിയ സദസ്യർ നല്ല ഭൂരിപക്ഷത്തോടെ ബെല്ലോക്കിനെ വിജ യിപ്പിച്ചു.

## ഡഗ്ലൻസ് ഹൈഡർ

20 വർഷം ക്രൈസ്തവർക്ക് അനുകൂലമായി എഴു തുകയും പ്രസംഗിക്കുകയും ചെയ്ത വ്യക്തിയാണ് ഡഗ്ല ൻസ് ഹൈഡർ എന്ന സാഹിത്യകാരൻ. എന്നാൽ ജീവി തത്തിന്റെ ഏതോ പന്ഥാവിൽവച്ച് ലഭിച്ച തിക്താനുഭവ ങ്ങളുടെ ഫലമായി അദ്ദേഹം ക്രൈസ്തവർക്കെതിരായി. അദ്ദേഹം തന്റെ തൂലിക ക്രൈസ്തവർക്കെതിരെ പ്രയോ ഗിച്ചു. അതിന്റെ പേരിൽ കോടതി കയറേണ്ടി വന്നു. കേസ് അദ്ദേഹം തന്നെ വാദിച്ചു. കേസ് വാദിക്കാൻ മാറ്റർ അന്വേഷിക്കുന്നതിനിടയിൽ പരിശുദ്ധ മറിയത്തെപ്പറ്റി യുള്ള ഒരു പുസ്തകം ശ്രദ്ധയിൽപ്പെട്ടു. ആ പുസ്തകവു മായി അദ്ദേഹം വീട്ടിലെത്തി. അദ്ദേഹത്തിന്റെ ഭാര്യ ആ പുസ്തകം കാണുകയും അത് വായിക്കുവാൻ ഇടവരു കയും ചെയ്തു. അവസാനം അവൾ ചിന്തിച്ചു, താനും ഒരു കത്തോലിക്കാ ആയിരുന്നെങ്കിൽ!

ഒരു ദിവസം ഒരു പ്രത്യേക സാഹചര്യത്തിൽ ഡഗ്ല ൻസും ഭാര്യയും അടുത്തുള്ള ദൈവാലയത്തിൽ ചെല്ലു വാൻ ഇടയായി. അപ്പോൾ അയൽപക്കത്തെ ഒരു പെൺ കുട്ടി മുടിയഴിച്ചിട്ട് മാതാവിന്റെ സന്നിധിയിൽ കൂപ്പു കരങ്ങളുമായി ജപമാല ചൊല്ലുന്നതു ഡഗ്ലസ് കണ്ടു. അവളുടെ മുഖത്ത് എന്തെന്നില്ലാത്ത ഒരു സന്തോഷവും പ്രസരിപ്പും വ്യാപരിക്കുന്നത് ഡഗ്ലസ് ശ്രദ്ധിച്ചു. പ്രാർ ത്ഥന കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ ഡഗ്ലസും ഭാര്യയും അവളോട് ചോദിച്ചു: കുട്ടീ ജപമാല ചൊല്ലി പ്രാർ ത്ഥിച്ചപ്പോൾ നിനക്കെന്തനുഭവമാണുണ്ടായത്? അവൾ പറഞ്ഞു: എന്റെ ജീവിത ദുഃഖങ്ങളെല്ലാം പരിശുദ്ധ അമ്മയുടെ കാൽക്കൽ സമർപ്പിച്ച് ജപമാല ചൊല്ലി


www.malankaralibrary.com

യപ്പോൾ എന്റെ ദുഃഖങ്ങളെല്ലാം അകന്നു. സന്തോഷത്തോടെ ജീവിക്കണം എന്നെനിക്കുതോന്നി. മാതാവിനോടു പ്രാർത്ഥിച്ചാൽ നമ്മുടെ ദുഃഖങ്ങളെല്ലാം അകന്നു പോകും. ഈ പെൺകുട്ടിയുടെ വിവരണം കേട്ട ഡഗ്ലസും ഭാര്യയും അധികമൊന്നും ചിന്തിക്കാതെ കത്തോലിക്കരാകാൻ തീരുമാനിക്കുകയായിരുന്നു.

## ഹോളിവുഡിലെ ലില്ലിയൻ റോത്ത്

അമേരിക്കയിലെ ഹോളിവുഡിലെ പ്രശസ്ത നടിയാണ് ലില്ലിയൻ റോത്ത്. അവൾ ഒരു യഹൂദ സ്ത്രീയായിരുന്നു. ഹോളിവുഡിൽ അസന്മാർഗ്ഗിക ജീവിതം നയിച്ച അവൾ ഒന്നിനു പുറകെ ഒന്നായി അന്നു വിവാഹങ്ങൾ കഴിച്ചു. അവസാനം ഒരു കത്തോലിക്കനുമായിട്ടാണ് അവൾ വിവാഹിതയായത്. വിവാഹത്തെ തുടർന്ന് മധുവിധു ആഘോഷങ്ങൾക്കായി സിഡ്നിയിലേക്കു പോയ അവൾ ബി.ബി.സി. റേഡിയോ നിലയത്തിലൂടെ ഫാത്തിമാ ദർശനങ്ങളെ കുറിച്ചു കേട്ടു. അവൾ തന്റെ ഭർത്താവിനോടു പറഞ്ഞു, എനിക്കും കത്തോലിക്കയാകണം. അദ്ദേഹം പ്രതിവചിച്ചു, നിന്നെപ്പോലെ ഉള്ളവർക്കല്ല കത്തോലിക്കാ സഭ. നിന്റെ ജീവിത ശൈലിയുമായി അവിടെ ചെന്നാൽ നിനക്കു പ്രവേശനം ലഭിക്കില്ല. ദുഃഖിതയായ അവൾ ഫാത്തിമ ദർശനങ്ങളെപ്പറ്റി ചിന്തിച്ചുകൊണ്ടിരുന്നു. ഒരു ദിവസം റോത്ത് തൊട്ടടുത്തുള്ള കത്തോലിക്കാ ദൈവാലയത്തിൽ ചെന്ന് തന്റെ ഇംഗിതം പുരോഹിതനെ അറിയിച്ചു. എന്നാൽ അവളുടെ മാനസാന്തരം യാഥാർത്ഥ്യമാണോ എന്നറിയാതെ സഭയിലേയ്ക്കു പ്രവേശിപ്പിക്കുവാൻ സാധിക്കുകയില്ല എന്നദ്ദേഹം അറിയിച്ചു. ദുഃഖത്തോടെ അവൾ പള്ളിമേട വിട്ടിറങ്ങി. കുറച്ചുനാൾ കഴിഞ്ഞപ്പോൾ അവളുടെ ശ്വശുരൻ അവൾക്കൊരു ജപമാല പുസ്തകവും, ഒരു കൊന്തയും സമ്മാനിച്ചു. യഹൂദ സ്ത്രീയായിരുന്ന അവൾ ജപമാല പഠിച്ച് അത് ചൊല്ലുവാനാരംഭിച്ചു. അങ്ങനെയിരിക്കെ


www.malankaralibrary.com

യാണ് ഫുൾട്ടൺ ജെ ഷീൻ, 'sign' എന്ന മാസികയിൽ ഒരു ലേഖനം എഴുതിയത്. അതിന്റെ സാരാംശം ഇതായിരുന്നു: അനുതപിക്കുന്ന പാപികളോടും, കത്തോലിക്കാ സഭയുമായി ഐക്യപ്പെടാൻ ആഗ്രഹിക്കുന്ന അകത്തോലിക്കരോടും വൈദികർ കാരുണ്യപൂർവ്വം പെരുമാറണം. ഈ ലേഖനവുമായി അവൾ വീണ്ടും ആ വൈദികനെ സമീപിച്ചു. അവളുടെ മാനസാന്തരം യഥാർത്ഥത്തിലുള്ളതാണെന്നു മനസ്സിലാക്കിയ വൈദികൻ അവളെ സഭയിലേയ്ക്കു സ്വീകരിച്ചു. വർഷങ്ങൾക്കുശേഷം അവൾ തന്റെ 'I will weep tomorrow' എന്ന സ്വയം കൃത ജീവ ചരിത്രത്തിൽ ഇപ്രകാരം എഴുതിവച്ചു: "ലോകത്തിലേക്കും വച്ച് ഏറ്റവും വലിയ കവാടമായ കത്തോലിക്കാ സഭയെ തുറക്കാൻ ഞാൻ ഉപയോഗിച്ച എന്റെ ചെറിയ താക്കോൽ ജപമാലയാണ്".

## ലൂയി പാസ്റ്റർ

മഹനായ ലൂയി പാസ്റ്റർ പാരീസിലേക്കുള്ള തീവണ്ടിയിൽ യാത്ര ചെയ്യുകയാണ്. ഈ യാത്രയിൽ അദ്ദേഹം ഇരിക്കുന്ന കമ്പാർട്ടുമെന്റിലേക്ക് ഒരു കൂട്ടം ശാസ്ത്ര വിദ്യാർത്ഥികൾ കയറി.

അവർ രാഷ്ട്രീയം, മതം, രസതന്ത്രം, ഈശ്വര വിശ്വാസം ഇതെല്ലാം സംസാര വിഷയമാക്കി. ശാസ്ത്രത്തിന്റെ പുരോഗതി മതഭക്തിയുടെ തിരോധാനത്തിന് കാരണമാകുമെന്ന ഒരുവന്റെ വാദത്തെ ഏവരും അംഗീകരിച്ചു. മതവിശ്വസം എന്നത് വിശ്വാസം ഇല്ലായ്മയുടെ ലക്ഷണമാണ്. ശാസ്ത്രീയ അഭിവൃദ്ധി ഉണ്ടാകുമ്പോൾ മതവിശ്വാസം സൂര്യപ്രകാശത്തിൽ മൂടൽ മഞ്ഞുപോലെ മാറിപ്പോകുമെന്ന നിഗമനത്തിലവർ എത്തി. ആരും എതിർത്ത് സംസാരിക്കാൻ ഉണ്ടായിരുന്നില്ല.

ഈ സമയം ഒരു മദ്ധ്യവയസ്ക്കൻ ആ കമ്പാർട്ടുമെന്റിന്റെ ഒരു മൂലയിലിരുന്ന് എന്തോ ചിന്തിക്കുകയാണ്. വിമർശനം മൂത്തുവന്നപ്പോൾ അദ്ദേഹം തന്റെ പോക്കറ്റിൽ നിന്ന് ഒരു കൊന്ത എടുത്ത് ഭക്തിപൂർവ്വം ജപമാല


www.malankaralibrary.com

ചൊല്ലുവാൻ തുടങ്ങി. ഇത് കണ്ട യുവശാസ്ത്രജ്ഞൻ മാർക്ക് ചിരി വന്നു. അവർ ചോദിച്ചു: ഈ ശാസ്ത്ര യുഗത്തിൽ മൂഢഭക്തിക്ക് എന്ത് സ്ഥാനം? മഹാനായ ലൂയി പാസ്റ്ററുടെ കണ്ടുപിടുത്തങ്ങളെപ്പറ്റി ഒന്നും അറിയാത്ത ആളാണോ താങ്കൾ? അദ്ദേഹം ചോദിച്ചു: ഏത് ലൂയി പാസ്റ്റർ? ശാസ്ത്ര വിദ്യാർത്ഥികൾ ലൂയി പാസ്റ്ററെപ്പറ്റിയും, അദ്ദേഹത്തിന്റെ കണ്ടുപിടുത്തങ്ങളെപ്പറ്റിയും മദ്ധ്യവയസ്കനെ പറഞ്ഞു മനസ്സിലാക്കി. മതഭക്തി തകർന്ന് തരിപ്പണമാകുമെന്നുള്ളതിന് ഒന്നിനു പുറകെ ഒന്നായി അവർ ന്യായങ്ങൾ നിരത്തി. ചില എതിർ ചോദ്യങ്ങൾ ആ മതവിശ്വാസി അവരോട് ചോദിക്കാതിരുന്നില്ല. അതിനെല്ലാം അവർ തങ്ങളുടെതായ മറുപടികൊടുത്തു. അവരുടെ ഉത്സാഹം ഉച്ചകോടിയിലെത്തി. അപ്പോഴേക്കും വണ്ടി ആ മനുഷ്യന് ഇറങ്ങാനുള്ള സ്റ്റേഷനിൽ എത്തി. ഇനി എന്ത് ചെയ്യും? അയാളെ മതവിശ്വാസത്തിൽ നിന്ന് വിമോചിപ്പിക്കുന്നതിന് ആവശ്യമായ അറിവ് പകർന്നുകൊടുക്കാൻ ശാസ്ത്ര വിദ്യാർത്ഥികൾക്ക് സമയം കിട്ടിയില്ല. അവർ പറഞ്ഞു: താങ്കളുടെ അഡ്രസ്സ് തന്നാൽ ഞങ്ങൾ ധാരാളം ശാസ്ത്ര പുസ്തകങ്ങൾ അയച്ചു തരാം. യാത്രക്കാരൻ യുവസംഘത്തിന്റെ സൗമനസ്യത്തിന് നന്ദി പറഞ്ഞ് തന്റെ കീശയിൽ നിന്ന് ഒരു വിസിറ്റിംഗ് കാർഡ് എടുത്തു കൊടുത്തശേഷം പെട്ടിയും തൂക്കി യാത്രയായി. അതിലെ അഡ്രസ്സ് വായിച്ച ശാസ്ത്ര വിദ്യാർത്ഥികൾ ഞെട്ടി. അഡ്രസ്സ് ഇതായിരുന്നു. ലൂയി പാസ്റ്റർ, സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരീസ്! ലോക പ്രശസ്ത ശാസ്ത്രജ്ഞനായ ലൂയി പാസ്റ്റർ ആണ് അതെന്നറിഞ്ഞപ്പോൾ യുവസംഘം ഇളിഭ്യരായി. കോളേജിൽ ഈ ശാസ്ത്രജ്ഞന്റെ തിയറികൾ പഠിക്കുവരായിരുന്നു ഈ കുട്ടികൾ. പിന്നീടൊരിക്കലും അവർ കൊന്ത ഭക്തിയെ പുച്ഛിച്ചിട്ടില്ലത്രേ!

## *ഡോ. അലക്സിസ് കാര?*


www.malankaralibrary.com

1913-ൽ വൈദ്യശാസ്ത്രത്തിൽ നോബൽ സമ്മാനം നേടിയ വ്യക്തിയാണ് ഡോ. അലക്സിസ് കാരൽ. അലക്സിസ് ഒരു കടുത്ത നിരീശ്വരനായിരുന്നു. ശാസ്ത്രപരമായ കണ്ടുപിടുത്തത്തിൽ മാത്രമെ അദ്ദേഹം വിശ്വസിച്ചിരുന്നുള്ളു. മതവും, വിശ്വാസവും, ഈശ്വരനും ഒക്കെ ഭീരുക്കളുടെ കണ്ടുപിടുത്തമായേ അദ്ദേഹം കണക്കാക്കിയുള്ളു. പ്രഗത്ഭനായ ഈ വൈദ്യന്റെ പക്കൽ ക്ഷയരോഗ ബാധിതയായ മേരി ഫെർണാണ്ട എന്ന സ്ത്രീയെ അവളുടെ മാതാപിതാക്കൾ കൊണ്ടുചെന്നു. അവളെ പരിശോധിച്ചതിനുശേഷം അദ്ദേഹം പറഞ്ഞു: ഇവളെ സുഖപ്പെടുത്താൻ വൈദ്യശാസ്ത്രത്തിന് സാധ്യമല്ല. മെഡിക്കൽ സയൻസ് കൈവിട്ട മേരിയെ മാതാവ് പ്രത്യക്ഷപ്പെട്ട ഫ്രാൻസിലെ ലൂർദ്ദിൽ കൊണ്ടുപോകാൻ അവളുടെ മാതാപിതാക്കൾ തീരുമാനിച്ചു. അവിടെ അവളിൽ എന്ത് സംഭവിക്കുന്നുവെന്ന് കാണുവാൻ ഡോക്ടർ അലക്സിസും അവരോടൊപ്പം പോയി. അവിടെവെച്ച് വൈദ്യശാസ്ത്രത്തെ ലജ്ജിപ്പിച്ചുകൊണ്ട്, അലക്സിസ് കാരലിനെ അത്ഭുത വിവശനാക്കിക്കൊണ്ട് മേരി പെട്ടെന്ന് സുഖം പ്രാപിച്ചു!. അങ്ങനെ ശാസ്ത്രത്തിന് വിശദീകരണം നല്കാനാവാത്ത രോഗശാന്തിയുടെ പട്ടികയിൽ മേരിയുടെ പേരും ചേർക്കപ്പെട്ടു. സംഭവം നേരിട്ട് മനസ്സിലാക്കിയ അലക്സിസ് കാരൽ നിരീശ്വരവാദം ഉപേക്ഷിച്ച് വിശ്വാസത്തിലേക്ക് കടന്നുവന്നു. തുടർന്നദ്ദേഹം വിശ്വപ്രസിദ്ധമായ ഒരു ഗ്രന്ഥം രചിച്ചു. അതിന് Man the unknown (മനുഷ്യൻ അജ്ഞാതനിൽ) എന്നദ്ദേഹം പേരിട്ടു. അദ്ദേഹം പറയുന്നു: 'ശാസ്ത്രത്തിന് ഒരു മനുഷ്യനിൽ കണ്ടെത്താൻ കഴിയുന്നതിലേറെ കാര്യങ്ങൾ കണ്ടെത്താനാവാതെ നിത്യ നിഗൂഢതയിൽ നിലകൊള്ളുന്നു'.

◆ ◆ ◆


www.malankaralibrary.com

# അദ്ധ്യായം 10

## മാതാവിന്റെ നിദ്ര

മാതാവിന്റെ മരണത്തെക്കുറിച്ച് (നിദ്ര) ആധികാരികമായ രേഖകൾ ഇല്ല. അപ്രമാണിക ഗ്രന്ഥങ്ങളിൽ നിന്നുള്ള അറിവുകളേ ഈ വിഷയത്തിൽ നമുക്കുള്ളു. അത്തരത്തിലുള്ള ഒരു ഗ്രന്ഥമാണ് "പരിശുദ്ധ മറിയത്തിന്റെ കടന്നുപോകൽ" (Transitus Sanetae Mariae) എന്ന ഗ്രന്ഥം. ജെലാസിയൂസ് ഒന്നാമൻ മാർപാപ്പയാണ് (492-496) ഈ അപ്രമാണിക ഗ്രന്ഥം രചിച്ചത്.

ഈ അപ്രമാണിക ഗ്രന്ഥപ്രകാരം യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം 22 വർഷം കൂടി മറിയം ജറുസലെമിൽ ജീവിച്ചു. മരണസമയത്ത് യേശുവും, ശിഷ്യന്മാരും അത്ഭുതകരമാംവിധം അവിടെ സന്നിഹിതരായി. കർത്താവ് മറിയത്തിന്റെ ആത്മാവിനെ എടുത്ത് മിഖായേലിനെ ഏൽപ്പിച്ചു. അതിനുശേഷം ജോസഫാത്തിന്റെ താഴ്വരയിൽ കബറടക്കി. പത്രോസും പൗലോസും ചേർന്നാണ് മഞ്ചം വഹിച്ചത്. എന്നാൽ ശിഷ്യരുടെ അഭ്യർത്ഥന പ്രകാരം ഈശോ ഉടൻ തന്നെആത്മാവിനെ മറിയത്തിന്റെ ശരീരത്തോടു യോജിപ്പിക്കുകയും, അങ്ങനെ മറിയം തന്റെ തിരുക്കുമാരനോടൊപ്പം ശരീരത്തോടുകൂടി സ്വർഗ്ഗത്തിലേക്ക് പോകുകയും ചെയ്തു.

www.malankaralibrary.com

എന്നാൽ ഇന്ന് പല സഭാ വിഭാഗങ്ങൾക്കും മാതാവിന്റെ സ്വർഗ്ഗാരോപണം അംഗീകരിക്കാൻ സാധിക്കുന്നില്ല. ദൈവത്തിനു പ്രീതികരമായി ജീവിച്ച ഹെനോക്കും തീക്ഷ്ണതയാൽ ജ്വലിച്ച ഏലിയായും സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടുവെങ്കിൽ കൃപനിറഞ്ഞവളും ദൈവപുത്രന്റെ അമ്മയുമായ കന്യകാമറിയം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടുവെന്ന സഭയുടെ പരമ്പരാഗത വിശ്വാസത്തെ നാം എന്തിനാണ് സംശയിക്കേണ്ടത്? 'ഉഷസ്സ് പോലെ ശോഭിക്കുന്നവളും, ചന്ദ്രനെപ്പോലെ കാന്തിമതിയും, സൂര്യനെപ്പോലെ തേജസ്വിനിയും, കൊടിക്കൂറകളേന്തു സൈന്യത്തെപ്പോലെ ഭയദയും' (ഉത്തമ. 6:10) ആയ സ്ത്രീ ഒരുവൾ മാത്രം. അത് യേശുവിന്റെ അമ്മയായ പരിശുദ്ധ കന്യാമറിയം തന്നെ! അവൾ സ്വർഗ്ഗത്തിൽത്തന്നെ, അവൾ ഉടലോടെ എടുക്കപ്പെട്ടു. പരി. അമ്മയുടെ മരണം സംഭവിച്ച സ്ഥലത്ത് ഇന്നു കാണുന്ന ദൈവാലയത്തിന്റെ പേര് നിദ്രയുടെ പള്ളി (Church of Dormition) എന്നാണ്. മാതാവിന്റെ നിദ്രയെപ്പറ്റി ഇനിയും പലപാരമ്പര്യങ്ങളും നിലവിലുണ്ട്. അത് ഈ ഗ്രന്ഥത്തിൽ ഉൾപ്പെടുത്തുന്നില്ല.

## മാതാവിന്റെ തിരുശേഷിപ്പുകൾ

മാതാവ് ശരീരത്തോടും ആത്മാവോടുകൂടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടതിനാൽ വിശുദ്ധരുടെ തിരുശേഷിപ്പുപോലെ ശാരീരിക തിരുശേഷിപ്പുകൾ ലഭ്യമല്ല. എന്നാൽ മാതാവിന്റെ ശരീരത്തോട് ബന്ധപ്പെട്ട ഉടുപ്പ് തിരുശേഷിപ്പായി വണങ്ങുന്നുണ്ട്. മാതാവിന്റെ അരക്കെട്ടുടുപ്പാണ് അതിൽ പ്രധാനം. ജറുസലെമിലെ ബിഷപ്പായിരുന്ന ജുവനാൽ (ഏ.ഡി.452) മാർസിയോൺ ചക്രവർത്തിക്ക് മാതാവിന്റെ അരക്കെട്ട് ഉടുപ്പ് അയച്ചുകൊടുത്തെന്നും, അത് 1453 -ൽ കാണാതെ പോയെന്നും, അതിന്റെ കുറച്ചുഭാഗം മൗണ്ട് ആത്തോസിലെ വാട്ടോർപേടി ആശ്രമത്തിൽ സൂക്ഷിച്ചിരിക്കുന്നുവെന്നുമാണ്


www.malankaralibrary.com

നിലവിലുള്ള പാരമ്പര്യം. കേരളത്തിൽ മണർകാട് മർത്താമറിയം (ഏ.ഡി 1100 ന് ശേഷം) പള്ളിയിൽ ഇങ്ങനെ ഒരു അരക്കെട്ട് തിരുശേഷിപ്പായി വച്ചിട്ടുണ്ട്. വിശുദ്ധരുടെ തിരുശേഷിപ്പുകൾ വീണ്ടെടുത്ത് വിശ്വാസികൾക്ക് വണക്കത്തിനായി ദൈവാലയത്തിന്റെ സ്ക്രീനിയം എന്ന സ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചത് രക്തസാക്ഷിയായി തീർന്ന വി. ആന്തേറൂസ് (235-236) മാർപാപ്പയാണ്.

◆ ◆ ◆


www.malankaralibrary.com

# അദ്ധ്യായം 11

# മരിയഭക്തി വളരുന്നു

മാതാവിനോടുള്ള ഭക്തിയും വണക്കവും സഭയുടെ ആരംഭം മുതലേ നമുക്ക് കാണാൻ സാധിക്കും. ഒൻപത്, പത്ത് നൂറ്റാണ്ടുകളിലാണ് ശനിയാഴ്ച്ച മാതാവിന്റെ ദിനമായി പ്രചാരം നേടുന്നത്. പതിനഞ്ചാം നൂറ്റാണ്ടോടു കൂടി ജപമാല ഇന്നത്തെ രൂപം കൈവരിച്ചു. 1573 ൽ ഗ്രിഗറി 8-ാംമൻ മാർപാപ്പാ ജപമാലയ്ക്കായി പ്രത്യേകം അൾത്താരയുള്ള (Rosary Altar) പള്ളികളിൽ ജപമാലയുടെ തിരുന്നാൾ ആഘോഷിക്കാൻ അനുവാദം നൽകി. പതിനാറാം നൂറ്റാണ്ടിൽ മാതാവിന് അടിമവയ്ക്കൽ എന്ന ഭക്തകൃത്യം വളർന്നു വന്നു. പത്തൊൻപതാം നൂറ്റാണ്ടായപ്പോഴേക്കും മരിയൻ സന്യാസ സമൂഹങ്ങൾ ഉയർന്നു വന്നു- ഒപ്പം മാതാവിന്റെ പ്രത്യക്ഷീകരണങ്ങളും, മരിയൻ തീർത്ഥാടന കേന്ദ്രങ്ങളും ധാരാളം ഉണ്ടായി. ഇരുപതാം നൂറ്റാണ്ടിൽ (1921) ലീജിയൻ ഓഫ് മേരി സ്ഥാപിതമായി. ഈ കാലഘട്ടത്തിലാണ് അനേകം ചാക്രിക ലേഖനങ്ങൾ വെളിച്ചം കണ്ടത്.

www.malankaralibrary.com

## പരിശുദ്ധ കന്യകയ്ക്കു നൽകപ്പെട്ട പേരുകൾ

**പരിശുദ്ധ മറിയത്തിന്റെ പ്രതിരൂപങ്ങൾ പഴയനിയമത്തിൽ**

1. ഏദൻ തോട്ടം - ഉത്പത്തി. 2:8-15
2. നോഹിന്റെ പെട്ടകം - ഉത്പത്തി. 6:13-12
3. മേഘങ്ങളിലെ മഴവില്ല് - ഉത്പത്തി. 9:13-15
4. യാക്കോബിന്റെ ഗോവണി - ഉത്പത്തി. 28:10-15
5. ഒലിവ് ശിഖരമേന്തിയ പ്രാവ് - ഉത്പത്തി. 8:11
6. വാഗ്ദാന പേടകം - പുറപ്പാട്. 25:10-22
7. എരിയുന്ന മുൾപ്പടർപ്പ് - പുറപ്പാട്. 3:2-3
8. അഹറോന്റെ പുഷ്പിച്ച വടി - സംഖ്യ. 17:8-9
9. ഗിദയോന്റെ രോമക്കെട്ട് - ന്യായാധിപൻന്മാർ. 6:37-40
10. പൂട്ടപ്പെട്ട വാതിൽ - ഏശയ്യ. 44:2
11. എസെക്കിയേൽ കണ്ട രഥം - എസെക്കിയേൽ. 1:4-28
12. ദാവീദിന്റെ കോട്ട - 1 ദിനവൃത്താന്തം. 11:5
13. സോളമന്റെ ദേവാലയം - 1 രാജാക്കൻന്മാർ. 6:14
14. താഴ്വരയിലെ ലില്ലി - ഉത്തമഗീതം. 2:1
15. മുദ്രിതമായ ഉറവ - ഉത്തമഗീതം. 4:12
16. ദന്ത ഗോപുരം - ഉത്തമഗീതം. 7:4

**പരി. കന്യകാമറിയം പുതിയ നിയമത്തിൽ**

സ്ത്രീ, കന്യക, യേശുവിന്റെ അമ്മ, ദൈവകൃപ നിറഞ്ഞവൾ, ഭാഗ്യവതി, സ്ത്രീകളിൽ അനുഗ്രഹീത, എന്റെ കർത്താവിന്റെ അമ്മ. സൂര്യനെ ഉടയാടയാക്കിയ സ്ത്രീ (പരോക്ഷ പരാമർശം).

**തിരുസ്സഭ :** ദൈവമാതാവ്, സ്വർഗ്ഗാരോപിത, അമലോത്ഭവ, നിത്യകന്യക.

**ദൈവശാസ്ത്രജ്ഞന്മാർ :** സഹരക്ഷക, അഭിഭാഷക, മധ്യസ്ഥ, സർവ്വ ജനപദങ്ങളുടെയും നാഥ (ഈ


www.malankaralibrary.com

നാല് വിശ്വാസ സത്യങ്ങൾ കൂടി അമ്മയെക്കുറിച്ച് ഉണ്ടാകുമെന്ന് മരിയ ഭക്തർ കരുതുന്നു).

**അക്കാഥിസ്റ്റിക് ഗീതം** : സംസാരിക്കാൻ അവകാശമില്ലാത്തവരുടെ ഉടയാട.

**വി. അപ്രേം** : അതിവെണ്മയാർന്ന ലില്ലി, എല്ലാ നന്മകളുടെയും വിതരണക്കാരി, പാപികളുടെ ലേപനം, സ്വർഗ്ഗവാതിൽ, ജ്വലിക്കുന്ന അഗ്നി, പ്രകാശത്തിന്റെ പുത്രി, ഉഴാത്ത നിലം, ഉന്നത പർവ്വതം.

**വി. ആൻസലെം** : ദൈവീക കൃപയുടെ മാതാവ്, സ്ത്രീകളിൽ അനുഗ്രഹീത, പരിശുദ്ധിയിൽ വിശുദ്ധരെ അതിജീവിക്കുന്നവൾ.

**വി. ജോൺ ക്രിസോസ്റ്റം** : ക്രിസ്ത്യാനികളുടെ സഹായം.

**വി. അംബ്രോസ്** : കന്യാത്വത്തിന്റെ കൊടിപിടിക്കുന്നവൾ.

**വി. എപ്പിഫാന്യൂസ്** : അനേകം കണ്ണുകളുള്ള വ്യക്തി.

**വി. എഫ്രേം** : പറുദീസയുടെ കവാടം.

**വി. ജെർമയിൻ** : തൂമഞ്ഞിനെക്കാൾ വെണ്മയുറ്റ ലില്ലി.

**വി. ബൊനവെർ** : ചാരിത്ര്യത്തിന്റെ ലില്ലി.

**വി. ബർണ്ണാദ്ദ്** : മറിയം ഒരു നീർച്ചാൽ.

**വി. സൈമൺ സ്റ്റോക്ക്** : രോഗികളുടെ ആരോഗ്യം.

**പീയൂസ് ഏഴാമൻ** : വരപ്രസാദങ്ങളുടെ വിതരണക്കാരി.

**ലിയോ പതിമൂന്നാമൻ** : സകല അനുഗ്രഹങ്ങളുടെയും വിതരണക്കാരി.

**ബെനഡിക്ട് പതിനഞ്ചാമൻ** : പ്രസാദവരനാഥ.

**ബൈസന്റൈൻ ആരാധനാക്രമം** : കനിവിന്റെ അമ്മ.

**അർമേനിയൻ ആരാധനാക്രമം** : നിയമത്തിന്റെയും, കൃപയുടെയും മധ്യസ്ഥ.


www.malankaralibrary.com

**കാൽഡിയൻ ആരാധനാക്രമം** : അവന്റെ (യേശു) നിധിയുടെ കാര്യസ്ഥ, പ്രപഞ്ചത്തിന്റെ രാജ്ഞി.

**സുറിയാനി പിതാക്കന്മാർ** : രാജാവിന്റെ കൊട്ടാരം, ജ്വലിക്കുന്ന മുൾപ്പടർപ്പ്, എസെക്കിയേൽ ദർശിച്ച തേര്, മരുഭൂമിയിൽ ജലം പുറപ്പെടുവിച്ച ഉറവ, മുന്തിരിക്കുലകൾ പുറപ്പെടുവിച്ച മുന്തിരിച്ചെടി, കുഞ്ഞാടിന്റെ അമ്മയും സഹോദരിയും വധുവും, പാവങ്ങളുടെ അഭയം, നിധി സംവഹിക്കുന്ന കപ്പൽ, ഇസഹാക്കിന് പകരം ബലിയർപ്പിക്കപ്പെട്ട ആട്ടിൻകുട്ടി, ഉടക്കികിടന്ന ശിഖരം.

**പൗരസ്ത്യ പിതാക്കന്മാർ** : സ്വർഗ്ഗീയ വിശുദ്ധ (Panagia).

**ദൈവശാസ്ത്രജ്ഞനായ കാൾ ബർത്ത്** : ജീവജലത്തിൽനിന്ന് ഒഴുകുന്ന അരുവി, രക്ഷയ്ക്കുവേണ്ടിയുള്ള ഇസ്രായേലിന്റെ വിശ്വാസം പൂർണ്ണത പ്രാപിച്ച രൂപം.

**വില്യം വേഡ്സ്വർത്ത്** : പാപപങ്കിലമായ മാനവ വംശത്തിന്റെ ഏക അഭിമാനം.

## *മാതാവിന്റെ തിരുസ്വരൂപത്തോടുള്ള ഭക്തി*

ലിബിനറ്റ്സ് (Libinetz) എന്ന പ്രൊട്ടസ്റ്റന്റ് പണ്ഡിതൻ പ്രതിമാവന്ദനത്തെപ്പറ്റി എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്. പ്രതിമകൾക്കു നൽകുന്ന ബഹുമാനത്തെപ്പറ്റി നാം സംസാരിക്കുന്നുണ്ടെങ്കിലും അതു കേവലം സംസാരരീതി മാത്രമേയാകുന്നുള്ളൂ. എന്നാൽ പ്രതിമാവന്ദനം മൂലം ഉദ്ദേശിക്കുന്നത് ബഹുമാനം സ്വീകരിക്കാൻ പ്രാപ്തിയില്ലാത്ത ഒരു നിർജ്ജീവ വസ്തുവിന് അതു നൽകുന്നുവെല്ല, പിയെയോ, ത്രെന്തോസ് സൂനഹദോസ് പഠിപ്പിക്കുന്നതുപോലെ പ്രതിമ മുഖേന നൽകുന്ന ബഹുമാനം ആ പ്രതിമ ആരെ ഉദ്ദേശിക്കുന്നുവോ, ആ ആളിലേക്ക് ചെന്നെത്തുന്നു എന്നത്രെ. ഈ അർ


www.malankaralibrary.com

ത്ഥത്തിലാണ് ഞാനും ഇത് പരിഗണിക്കുന്നത്.' (System Thealogicam-142-ാം പേജ്)

മറിയത്തിന്റെ പ്രതിമയ്ക്ക് നൽകു ബഹുമാനം മറിയത്തിന് നൽകുന്ന ബഹുമാനമാണ്. ഉദാഹരണമായി, മാർബിളോ, മരമോകൊണ്ട് ഉണ്ടാക്കിയ ഈശോയുടെ പ്രതിമയുടെ മുമ്പിൽ നിന്ന് ഒരാൾ ഹൃദയമുയർത്തി പ്രാർത്ഥിക്കുകയാണ് എന്ന് കരുതുക. ഓ പ്രതിമയേ ഞാൻ നിന്നെ ആരാധിക്കുന്നു. ഞാൻ ചോദിക്കുന്നത് എനിക്ക് തരിക. മാർബിളോ, മരമോ കൊണ്ട് ഉണ്ടാക്കിയ നിനക്ക് ഞാൻ നന്ദി പറയുന്നു... ഇങ്ങനെ ആരും പ്രാർത്ഥിക്കുമെന്ന് സുബുദ്ധിയുള്ള ആരും പറയില്ല. പിയോ, ജീവിക്കുന്ന കർത്താവിനെ ആരാധിക്കുന്നു, സ്തുതിക്കുന്നു, നന്ദി പറയുന്നു, എന്നെ അനുഗ്രഹിക്കണമേ... എന്നിപ്രകാരമുള്ള പ്രാർത്ഥന നടത്തുന്നുവെന്നു മാത്രമേ ധരിക്കയുള്ളൂ. ആകയാൽ പ്രതിമയ്ക്ക് നൽകപ്പെടുന്ന ബഹുമാനം ആരെ ഉദ്ദേശിക്കുന്നുവോ ആ ആളിൽ ചെന്നെത്തുന്നു. നിശ്ചയമായും യേശുവിന്റെയും, മാതാവിന്റെയും പരിശുദ്ധ നാമത്തെ ഉച്ചരിക്കുമ്പോൾ പുറമേയുള്ള രൂപം അകമേയുള്ളതിനെ പ്രത്യക്ഷമായി കാണിക്കുന്നു.

എട്ടാം നൂറ്റാണ്ടിൽ കുസ്തന്തീനോപ്പോളീസിലെ ചക്രവർത്തിയായിരുന്ന ലെയോ ആണ് പ്രതിമകളുടെ നേരെയുള്ള ആദ്യ ആക്രമണം അഴിച്ചുവിട്ടത്. അദ്ദേഹം കർത്താവിന്റെയും, വിശുദ്ധരുടെയും രൂപങ്ങൾ ഭിത്തിയിൽനിന്നെടുത്ത് ദഹിപ്പിച്ചുകളയാൻ ഉത്തരവിട്ടു. വെള്ളി, ഓട്, സ്വർണ്ണം മുതലായവ കൊണ്ട് ഉണ്ടാക്കിയ പ്രതിമകൾ ഉരുക്കിവാർത്ത് തന്റെ പ്രതിമയുള്ള നാണയങ്ങൾ ഉണ്ടാക്കി. ഈ പ്രവർത്തിയുടെ പിന്നിൽ ദ്രവ്യാഗ്രഹം മാത്രമായിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമിയായിരുന്ന കോൺസ്തന്തീനോസ് കൊപ്രാണിമൂസും അതേവഴി തന്നെതിരഞ്ഞെടുത്തു.

16-ാം നൂറ്റാണ്ടിൽ പ്രൊട്ടസ്റ്റന്റ് മതനവീകരണക്കാർ പ്രതിമാ ഭജഞനം ആവർത്തിച്ചു. ബ്രിട്ടൺ, ജർമ്മനി, ഹോളണ്ട്, എന്നിവിടങ്ങളിലായിരുന്നു ഈ നവീകരണ


www.malankaralibrary.com

പ്രവർത്തനം കൂടുതൽ നടന്നത്. ഉരുക്കി വാർത്തെടുത്ത വെള്ളിയും, സ്വർണ്ണവും കിട്ടിയവർ തങ്ങളുടെ കൈക്കലാക്കി.

വിശുദ്ധരുടെ പ്രതിമയെപറ്റി ത്രെന്തോസ് സൂനഹദോസ് വിശദമായും സമഗ്രമായും പ്രതിപാതിച്ചിട്ടുണ്ട്. 'ക്രിസ്തുവിന്റെയും അവിടുത്തെ കന്യകാമാതാവിന്റേയും ഇതര വിശുദ്ധന്മാരുടെയും പ്രതിമകൾ പ്രത്യേകമായി ദൈവാലയങ്ങളിൽ ഉണ്ടായിരിക്കുകയും, സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. അവ അർഹിക്കുന്ന വന്ദനവും ബഹുമാനവും അവയ്ക്കു നൽകപ്പെടേണ്ടതാണ്. ആന്തരികമായി എന്തെങ്കിലും ദിവ്യത്വമോ വിശുദ്ധതയോ അവയ്ക്കുണ്ടെന്നുള്ള വിശ്വാസം നിമിത്തമല്ല അവ ബഹുമാനിക്കപ്പെടേണ്ടത്. വിഗ്രഹങ്ങളിൽ തങ്ങളുടെ ആശ നിക്ഷേപിച്ചിരുന്ന പുറജാതികൾ പൂർവ്വികകാലത്തു ചെയ്തതുപോലെ അവയിൽ എന്തെങ്കിലും വിശ്വാസം അർപ്പിക്കുവാൻ പാടില്ല. എന്നാൽ അവയ്ക്കു നൽകപ്പെടുന്ന ബഹുമാനം അവ ആരെ ഉദ്ദേശിക്കുന്നുവോ ആ ആളിലേക്കാണ് ചെല്ലുന്നത്. ആകയാൽ ഏതെങ്കിലും പ്രതിമയെ ചുംബിക്കുകയോ, അതിന്റെ മുമ്പിൽക്കൂടെ നടന്നു പോകുമ്പോൾ ശിരസ്സിലെ ആവരണം നീക്കുകയോ അതിന്റെ മുമ്പിൽ മുട്ടുകുനിക്കുകയോ ചെയ്യുമ്പോൾ ആ രൂപങ്ങൾ ആരെ ഉദ്ദേശിച്ചിരിക്കുന്നുവോ ആ വിശുദ്ധനെ നാം ബഹുമാനിക്കുകയും തദ്വാരാ ക്രിസ്തുവിനെ ആരാധിക്കുകയുമാണ് ചെയ്യുന്നത്' (Sess 25).

മാതാവിന്റെ പ്രത്യക്ഷീകരണവും, സഭാ പാരമ്പര്യവുമായി ബന്ധപ്പെട്ട് തിരുസ്വരൂപ ഭക്തി സഭയിൽ വളർന്നു വളരുകയും മാതാവിന്റെ തിരുസ്വരൂപങ്ങൾ ദൈവാലയങ്ങളിൽ സ്ഥാനം പിടി

ക്കുകയും ചെയ്തു. വി. ആഗസ്തീനോസ് പഠിപ്പിക്കുന്നു: (De Trinitate. 8:7) 'ഒരു ചിത്രവും അവളുടെ മുഖത്തിന്റെ കൃത്യമായ ആവിഷ്കരണമല്ല. എങ്കിലും അവളുമായുള്ള ബന്ധം സജീവമാക്കുന്നതിന് അവ നമ്മെ സഹായിക്കുന്നു. അതുകൊണ്ട് ആരാധനാസ്ഥലങ്ങളിലും, മറ്റു


www.malankaralibrary.com

സ്ഥാപനങ്ങളിലും മറിയത്തിന്റെ ചിത്രങ്ങൾ പ്രതിഷ്ഠിക്കുന്നത് പ്രോത്സാഹിപ്പിക്കപ്പെടണം. ഇതിലൂടെ കഷ്ടപ്പാടിന്റെ നിമിഷങ്ങളിൽ അവളുടെ സഹായത്തെക്കുറിച്ച് ഓർമ്മിക്കാനും, ദൈവസന്നിധിയിൽ വിശുദ്ധവും, വിശ്വസ്തവുമായ ജീവിതം നയിക്കുന്നതിനു മുറിയിപ്പാകാനും ഇടയാകും'. 'തിരുസ്വരൂപങ്ങളെ വണങ്ങുന്നവർ അതിനു പിന്നിലെ വ്യക്തിത്വത്തെ വണങ്ങുന്നു' ( D.S 601). 'നിഖ്യായിൽ സമ്മേളിച്ച ഏഴാം സാർവത്രിക സൂനഹദോസ്, പ്രതിമ ഭഞ്ജകർക്ക് എതിരെ, സ്വരൂപങ്ങളുടെ - ക്രിസ്തുവിന്റേത് മാത്രമല്ല, ദൈവമാതാവിന്റെയും, മാലാഖമാരുടെയും, എല്ലാ വിശുദ്ധരുടെയും സ്വരൂപങ്ങളുടെ വണക്കത്തെ ന്യായീകരിച്ചു' (CCC 2131).

സുപ്രസിദ്ധ ഇംഗ്ലീഷ് സാഹിത്യകാരനാണ് ജി.കെ ചെസ്റ്റർട്ടൻ. അദ്ദേഹം ഒരു ആംഗ്ലിക്കൻ സഭാംഗമായിരുന്നു. ഏതാണ് ക്രിസ്തു സ്ഥാപിച്ച യഥാർത്ഥ സഭ എന്നറിയുവാൻ വേണ്ടി അദ്ദേഹം ഒരിക്കൽ പാലസ്തീനായിലേക്ക് ഒരു തീർത്ഥയാത്ര നടത്തി. അവസാനം ബ്രാണ്ടീസിയിലുള്ള ദൈവമാതാവിന്റെ തിരുസ്വരൂപത്തിന്റെ മുമ്പിൽ നിന്ന് പ്രാർത്ഥിക്കുമ്പോഴാണ് കത്തോലിക്കാസഭയെ സമാശ്ലേഷിക്കുവാനുള്ള തീരുമാനം അദ്ദേഹം എടുത്തത്.

## ഉത്തരീയ ഭക്തി

15-ാം ബനഡിക്ട് മാർപാപ്പ പറയുന്നു: "നിങ്ങൾക്കെല്ലാവർക്കും പൊതുവായ ഒരു ഭാഷയും പൊതുവായ ഒരു പടച്ചട്ടയും ഉണ്ടായിരിക്കട്ടെ. സുവിശേഷ വാക്യങ്ങളായിരിക്കണം ആ ഭാഷ. പടച്ചട്ടയോ കർമ്മല കന്യകയുടെ തിരുവുത്തരീയമോ, മരണത്തിനപ്പുറം നിങ്ങളെ കാത്തുരക്ഷിക്കുവാൻ കഴിയുന്ന വിശേഷശക്തിയുള്ള ഉത്തരീയവുമോ നിങ്ങൾ എപ്പോഴും ധരിച്ചുകൊള്ളണം". മാതാവിലുള്ള പ്രതിഷ്ഠയുടെ ഒരു പ്രതീകമാണ് ഉത്തരീയം. പരിശുദ്ധ കന്യകയുടെ സ്നേഹത്തിന്റെയും മാതൃ


www.malankaralibrary.com

പരിലാളനയുടെയും ഒരനശ്വര സ്മാരകം. ഉത്തരീയം ഭക്തി

പൂർവ്വം ധരിച്ച് മാതാവിന്റെ മക്കൾ എന്ന് പ്രാഖ്യാപിക്കുന്നത് അമ്മയ്ക്ക് ഏറ്റവും പ്രിയങ്കരമായ കാര്യമാണ്.

## വെന്തിങ്ങ

1150 ൽ വിശുദ്ധ ബർതോൾഡ് സ്ഥാപിച്ചതാണ് കർമ്മലീത്താ സഭ. കുരിശു യുദ്ധത്തിനുശേഷം വി. സൈമൺ സ്റ്റോക്ക് ഈ സഭയെ പുനഃസംഘടിപ്പിച്ചു. പതിനാറാം നൂറ്റാണ്ടിൽ ഇത് രണ്ടു സ്വതന്ത്ര്യ ശാഖകളായി പിരിഞ്ഞു. കുരിശിലെ വിശുദ്ധ യോഹന്നാന്റെ നിയമങ്ങൾ അനുസരിച്ച് നിഷ്പാദുക കർമ്മലീത്തരെന്നും, വിശുദ്ധ സൈമൺ സ്റ്റോക്കിന്റെ നേതൃത്വം സ്വീകരിച്ചവർ സപാദുക കർമ്മലീത്തരെന്നും അറിയപ്പെട്ടു.

പണ്ഡിതനും ഭക്തനുമായ വിശുദ്ധ സൈമൺ സ്റ്റോക്ക് കർമ്മല സഭയിലെ എല്ലാ അംഗങ്ങളെയും മാതാവിന് പ്രതിഷ്ഠിച്ചു. അന്ന് കർമ്മലീത്താ സഭയിൽ ചേരാതെയും വ്രതങ്ങൾ എടുക്കാതെയും കർമ്മല മാതാവിന്റെ ദാസരായി ജീവിച്ചിരുന്ന ധാരാളം പേരുണ്ടായിരുന്നു. ഇവരുടെ രക്ഷയ്ക്കായി ഒരു വസ്ത്രം നൽകണമെന്ന് സൈമൺ സ്റ്റോക്ക് മാതാവിനോട് അപേക്ഷിച്ചു. 1251 ജൂലൈ 16 ന് പ്രഭാതത്തിൽ ദൈവാലയത്തിലെ മാതാവിന്റെ രൂപത്തിനു മുമ്പിൽ പ്രാർത്ഥിക്കുകയായിരുന്ന വിശുദ്ധ സൈമൺ സ്റ്റോക്കിന് ഒരു ദിവ്യദർശനം ഉണ്ടായി. കർമ്മല വസ്ത്രം അണിഞ്ഞ് ഒരു കൈയിൽ ഉണ്ണിയേശുവിനെയും, മറ്റേ കൈയ്യിൽ ഒരു ഉത്തരീയവും പിടിച്ച് മാലാഖമാരാൽ ആനയിക്കപ്പെട്ട് പരിശുദ്ധ അമ്മ ഇറങ്ങിവന്നു. അമ്മ വിശുദ്ധനോട് പറഞ്ഞു: "മകനേ കണ്ടാലും ഇതാണ് നിന്റെ സഭയുടെ വസ്ത്രം. ഇത് നിനക്കും മറ്റെല്ലാ കർമ്മലീത്തക്കാർക്കുമായി ഞാൻ സമ്പാദിച്ചിരിക്കുന്ന പ്രത്യേകാനുകൂല്യങ്ങളുടെ ഒരടയാളമാണിത്. ഈ വസ്ത്രം ധരിച്ചു മരിക്കുന്ന ഒരുവനും


www.malankaralibrary.com

നിത്യനാശത്തിൽ അകപ്പെടില്ല". തുടർന്ന് അമ്മ തന്റെ ഉത്തരീയം വിശുദ്ധന് നൽകി.

ഉത്തരീയം ലഭിച്ച തന്നെ ലിന്റണിലെ പീറ്റർ പ്രഭുവിന്റെ ആഗ്രഹപ്രകാരം അദ്ദേഹം പ്രഭുവിനെ സന്ദർശിച്ചു. തന്റെ സഹോദരൻ നിരാശയിലാണെന്നും മരണത്തെ മുന്നിൽ കണ്ടുകൊണ്ട് കിടക്കുകയാണെന്നും അദ്ദേഹം വിശുദ്ധനെ അറിയിച്ചു. വി. സൈമൺ സ്റ്റോക്ക് തനിക്കുലഭിച്ച ഉത്തരീയം മരണാസനായ ആ വ്യക്തിയുടെ ശരീരത്തിൽ വയ്ക്കുകയും ഉടൻതന്നെ അദ്ദേഹം പശ്ചാത്തപിക്കുകയും, അധികം താമസിക്കാതെ മരിക്കുകയും ചെയ്തു. ആ രാത്രിതന്നെ മരിച്ചവ്യക്തി തന്റെ സഹോദരന് ദർശനം നൽകുകയും മാതാവ് തന്നെ രക്ഷിച്ചതായി വെളിപ്പെടുത്തുകയും ചെയ്തു.

കർമ്മലോത്തരീയം ധരിക്കുന്നവരെ പിശാചിന്റെ പ്രലോഭനങ്ങളിൽ നിന്ന് പരിശുദ്ധ അമ്മ സംരക്ഷിക്കുമെന്നതാണ് വിശ്വാസം. അതിനാലാവണം വെന്തിങ്ങ അഥവാ കർമ്മലോത്തരീയം കഴുത്തിൽ ധരിക്കുന്ന പതിവ് ചരിത്രത്തിൽ ഉരുത്തിരിഞ്ഞത്. ആദ്യകാലം മുതൽ തന്നെ ഇതിന്റെ നിർമ്മിതിയുടെ ചട്ടവട്ടങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. ഈ ഉത്തരീയം രോമംകൊണ്ടു നിർമ്മിച്ചതാകണം. അതിന്റെ ആകൃതി സമകോണമോ, ചതുരമോ ആകാം. തവിട്ടോ കറുപ്പോ നിറമാണ് തിരഞ്ഞെടുക്കേണ്ടത്.

കർമ്മലോത്തരീയം പ്രചരിപ്പിച്ചവരിൽ പ്രമുഖനാണ് വിശുദ്ധ അൽഫോൻസ് ലിഗോരി. വിശുദ്ധൻ പറയുന്നു: "മറ്റുള്ളവർ സ്ഥാനമുദ്ര അണിഞ്ഞിരിക്കുന്നത് കാണുമ്പോൾ മനുഷ്യർക്ക് ആനന്ദം ജനിക്കുന്നതുപോലെ തന്റെ മക്കൾ ഉത്തരീയം ധരിച്ചു കാണുന്നത് ദിവ്യജനനിക്കു സന്തോഷ കാരണമാണ്. ആധുനിക മതവിരുദ്ധവാദികൾ ഉത്തരീയത്തെ പരിഹസിക്കുകയും അതു ധരിക്കുന്നത് ഒരു പ്രഹസനമായി കരുതുകയും ചെയ്യുന്നു. അതിനെ അവർ അസംബന്ധമായിക്കരുതി നിന്ദിക്കുകയും ചെയ്യുന്നു". വിശുദ്ധന്റെ നാമകരണ നടപടിയുടെ ഭാഗമായി അദ്ദേഹത്തിന്റെ കബറിടം തുറ


www.malankaralibrary.com

ന്നപ്പോൾ അദ്ദേഹം ധരിച്ചിരുന്ന മെത്രാന്റെ സ്ഥാനവസ്ത്രങ്ങളെല്ലാം അഴുകിയതായും എന്നാൽ ഉത്തരീയം മാത്രം അഴുകപ്പെടാത്തതായും കാണപ്പെട്ടു. കുരിശിന്റെ വിശുദ്ധ ജോൺ കൂടെക്കൂടെ ഇപ്രകാരം പറയുമായിരുന്നു: "എനിക്ക് ശനിയാഴ്ച മരിക്കണം. കാരണം അന്നു തന്നെ ഉത്തരീയം മൂലം മറിയം എന്നെ രക്ഷപ്പെടുത്തും". പന്ത്രണ്ടാം പീയൂസ് മാർപാപ്പ പറഞ്ഞു: "എല്ലാ കത്തോലിക്കരും ഉത്തരീയം ധരിക്കണമെന്നാണ് ഞാനാഗ്രഹിക്കുന്നത്". വിശുദ്ധ റോബർട്ട് ബല്ലർമിന്റെ വാക്കുകളിൽ "കർമ്മലോത്തരീയം ധരിക്കുന്നവർ പരിശുദ്ധ കന്യകയുടെ കുടുബാംഗങ്ങളും മേരിയുടെ സഹോദരങ്ങളുമാകുന്നു." ഉത്തരീയം ധരിച്ചു മരിക്കുന്നവർ ഒരിക്കലും നിത്യനരകാഗ്നിയിൽ തള്ളപ്പെടുന്നില്ല എന്ന് വാഴ്ത്തപ്പെട്ട ഫാ. കൊളമ്പിയനും പഠിപ്പിക്കുന്നു.

പരിശുദ്ധ മറിയം ജോൺ 22-ാം മാർപാപ്പായ്ക്ക് പ്രത്യക്ഷപ്പെട്ടു പറഞ്ഞു: "വെന്തിങ്ങ ധരിക്കുന്ന ആത്മാക്കൾ മരിച്ചശേഷംവരുന്ന ശനിയാഴ്ച ശുദ്ധീകരണസ്ഥലത്ത്നിന്ന് വിമോചിക്കപ്പെടും. ഇത് അദ്ദേഹം തന്റെ ബൂള വഴി പ്രസിദ്ധപ്പെടുത്തി. തുടർന്നു വന്ന മാർപാപ്പമാർ അലക്സാണ്ടർ ആറാമൻ, ക്ലമന്റ് ഏഴാമൻ തുടങ്ങിയവർ അധികാരപത്രത്തിലൂടെ ഇത് സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇരുപത്താളേം മാർപാപ്പമാർ ഉത്തരീയ ഭക്തിയെ പ്രശംസിച്ച് 400-ലേറെ തിരുവെഴുത്തുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. വി. ക്ലോഡ് ഡി ലാ കൊളബിയറെ പറയുന്നു: "ഉത്തരീയം രക്ഷയുടെ അടയാളമാണെന്ന് പറഞ്ഞാൽ മാത്രം പോരാ, ഞാൻ വിശ്വസിക്കുന്നത് മറ്റൊരു ഭക്തിയും നിത്യരക്ഷയ്ക്ക് ഇതുപോലുള്ള ഒരുറപ്പ് തരുന്നില്ല" എന്നാണ്.

## അത്ഭുത കാശുരൂപം

അഗതികളുടെ സന്യാസ സഭയിലെ ഒരംഗമാണ് കാതറിൻ ലബാറെ. 1830 നവംബർ 27 ന് ഫ്രാൻ


www.malankaralibrary.com

സിലെ ഡി. ജോൺ പട്ടണത്തിന് സമീപം ഒരുചാപ്പ ലിൽ വച്ച് മാതാവ് വിശുദ്ധയ്ക്ക് പ്രത്യക്ഷപെട്ടു. വെള്ള വസ്ത്രം ശരീരത്തിലും ശിരസ്സിലും അണിഞ്ഞാണ് മാതാവ് വിശുദ്ധയ്ക്ക് പ്രത്യക്ഷപ്പെട്ടത്. മാതാവിന് ചുറ്റും അർധവൃത്താകൃതിയിലുള്ള ഒരു ഗോളവും കാണപ്പെട്ടു. ശിരസ്സിനു ചുറ്റും പന്ത്രണ്ട് നക്ഷത്രങ്ങൾ കൊണ്ട് നിർമ്മിച്ച ഒരു മുടിയും ഉണ്ടായിരുന്നു. മാതാവ് ആ സമയം ഒരു ഗോളത്തിലായിരുന്നു നിന്നിരുന്നത്. ഉടനെ മാതാവ് തന്റെ രണ്ടുകൈകളും താഴേക്ക് കാണിക്കു കയും അതിൽ നിന്ന് പ്രകാശ രശ്മികൾ ഗോളത്തിൽ പതിക്കുകയും ചെയ്തു. ആ സമയം മാതാവിനെ ചുറ്റി യിരുന്ന പ്രകാശ ഗോളത്തിന് സമീപം ഇങ്ങനെ രേഖപ്പെ ടുത്തപ്പെട്ടു. "ജന്മപാപമില്ലാതെ ഉത്ഭവിച്ച മറിയമേ നിന്നെ ആശ്രയിക്കുന്ന ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ".

മാതാവ് വിശുദ്ധയോട് പറഞ്ഞു: നീ ഇപ്പോൾ കണ്ടത് ശരിയായി ഓർമ്മിക്കണം. അതിനുശേഷം ഇതു പോലെ ഒരു കാശുരൂപം (മെഡൽ) ഉണ്ടാക്കി ലോക ത്തിന് നൽകണം. ഇത് കഴുത്തിൽ ധരിക്കുന്നവർക്ക് ധാരാളം അനുഗ്രഹങ്ങൾ ഞാൻ വാങ്ങിക്കൊടുക്കും. രൂപത്തിന്റെ മറുവശത്ത് വലിയ ഒരു 'M' ഉണ്ടായിരുന്നു. അതിനു കീഴെ ഒരു കറുത്ത കുരിശും, കുരിശിന് സമീപം രണ്ടു ഹൃദയങ്ങളും കാണപ്പെട്ടു. അതിൽ ഒന്നിൽ മുൾ ക്കിരീടവും, മറ്റേതിൽ ഒരുവാളും ഉണ്ടായിരുന്നു. ഇതായി രുന്നു മാതാവ് ലോകത്തിന് നൽകിയ അത്ഭുത കാശു രൂപം. ഈ കാശുരൂപത്തിലൂടെ ധാരാളം അത്ഭുതങ്ങൾ നടതിനാൽ ഇതിന് 'അത്ഭുത കാശുരൂപം' എന്ന പേര് ലഭിച്ചു. വിശുദ്ധ കാതറിന് ഉണ്ടായ ഈ പ്രത്യക്ഷപ്പെടൽ സഭ ഔദ്യോഗികമായി അംഗീകരിക്കുകയും ചെയ്തു.

"ഓ... മറിയമേ, അങ്ങയുടെ മഹത്തരമായ സ്നേഹം എനിക്ക് കാണിച്ചുതന്നതുപോലെ മറ്റുള്ള വരെയും കാണിക്കണമേ". മരിയ ഭക്തനായ ഒരു ഈശോസഭാ വൈദികന്റെ ശവകുടീരത്തിൽ എഴുതിയി രിക്കുന്ന വാക്കുകളാണ് മേൽ രേഖപ്പെടുത്തിയിരിക്കു ന്നത്. യഹൂദ മതത്തിൽ ജനിച്ച ഒരു വ്യക്തിയാണ്


www.malankaralibrary.com

അല്ലോൻസൻസ് റാറ്റിസ്ബൺ. ഒരിക്കൽ അദ്ദേഹം റോമിലേയ്ക്ക് യാദൃശ്ചികമായി ഒരു യാത്ര നടത്തി. അവിടെവെച്ച് മരിയ ഭക്തനായ ബറ്റൂൺ തെയോഡോർ ദെബൂസിയറുമായി പരിചയപ്പെടാൻ ഇടയായി. അവർ തമ്മിൽ പിരിയുമ്പോൾ ദെബൂസിയർ പരി. കന്യകയുടെ രൂപം ഉൾക്കൊള്ളുന്ന ഒരു മെഡൽ അദ്ദേഹത്തിന് സമ്മാനിക്കുകയും അത് ധരിക്കുവാൻ ആവശ്യപ്പെടുകയുമുണ്ടായി. തനിക്ക് ഇങ്ങനെയുള്ള കാര്യങ്ങളിൽ വിശ്വാസമില്ലായെന്നു പറഞ്ഞ് റാറ്റിസ്ബൺ അതിനെ നിഷേധിച്ചു. ദെബൂസിയർ പറഞ്ഞു: വിശ്വാസം ഇല്ലാത്തതുകൊണ്ടു തന്നെയാണ് ധരിക്കുവാൻ ആവശ്യപ്പെടുന്നത്. കുറഞ്ഞപക്ഷം എന്നോടുള്ള സ്നേഹത്തെപ്രതിയെങ്കിലും ധരിക്കുക. നിർബന്ധത്തിനു മുമ്പിൽ റാറ്റിസ്ബണ്ണിന് വഴങ്ങേണ്ടിവന്നു.

അടുത്തദിവസം ദെബൂസിയരുടെ സുഹൃത്തായ ലൈഫെറോണസ് എന്ന വ്യക്തി മരിച്ചു. ദെബൂസിയർ റാറ്റിസ്ബണ്ണിന്റെ സഹായം അഭ്യർത്ഥിച്ചു. അദ്ദേഹം ഈശോസഭക്കാരുടെ ഒരു ദൈവാലയത്തിലേയ്ക്ക് ദെബൂസിയരോടൊപ്പം പോയി. റാറ്റിസ്ബൺ ദൈവാലയത്തിൽ പ്രവേശിച്ചയുടനെ പാരത്രികമായ ഒരു അനുഭൂതിയുണ്ടായി. അദ്ദേഹം ധരിച്ചിരുന്ന രൂപത്തിന്റെ ഛായയിൽ പരി.കന്യക അദ്ദേഹത്തിന് പ്രത്യക്ഷപ്പെട്ടു. ദിവ്യമായ ഈ അനുഭവം ലഭിച്ച അദ്ദേഹം കത്തോലിക്കാ സഭയിൽ ചേരുകയും പിന്നീട് ഒരു ഈശോസഭാ വൈദികനായി മാറുകയുമായിരുന്നു.

## മെയ്മാസ വണക്കം

കേരള കത്തോലിക്കരുടെ ഇടയിൽ ഏതാനും നൂറ്റാണ്ടുകൾക്കു മുമ്പ് വേരുറപ്പിച്ചതാണ് മെയ്മാസ ഭക്തി. ഇതിനു വേണ്ടി ഉപയോഗിച്ചുവന്നിരുന്ന പ്രാർത്ഥനാ പുസ്തകം ഇല്ലാത്ത കത്തോലിക്കാ കുടുംബങ്ങൾ വിരളമായിരുന്നു. 1573 ൽ പാശ്ചാത്യ സഭയിൽ, ഇറ്റലിയിലുള്ള മിലാൻ രൂപതയിലെ മെത്രാൻ ആയിരുന്ന വി.


www.malankaralibrary.com

ചാൾസ് ബെറോമിയോ ആണ് മെയ് മാസ ഭക്തിക്ക് ആരംഭം കുറിച്ചത്. സ്പെയിൻ തുടങ്ങിയ രാജ്യങ്ങളിൽ മെയ്മാസം ഫ്ളോറാ ദേവതയ്ക്ക് പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. സ്പെയിൻ രാജാവായ അൽഫോൻസ് പത്താമൻ ആ പ്രതിഷ്ഠ മാറ്റി മെയ്മാസം മാതാവിന് സമർപ്പിക്കാനും മെയ് മാസ ഭക്തി പ്രചരിപ്പിക്കാനും വി. ചാൾസ് ബെറോമിയായോട് സഹകരിച്ചു. അങ്ങനെ മെയ്മാസ ഭക്തി വളർുവന്നു. പന്ത്രണ്ടാം പീയൂസ് മാർപാപ്പ എഴുതിയ 'മേദിയാത്തോർ ദേയിയി' എന്ന ചാക്രിക ലേഖനത്തിൽ  മെയ്മാസ ഭക്തി നിഷ്കൃഷ്ടാർത്ഥത്തിൽ ലിറ്റർജിയിൽ പെടുന്നതല്ലെങ്കിലും വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു ഭക്താഭ്യാസമാണ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പാശ്ചാത്യ മിഷനറിമ്മാർ വഴിയാണ് മെയ്മാസഭക്തി കേരള സഭയിലേയ്ക്ക് രംഗപ്രവേശനം ചെയ്തത്. 1865ൽ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ മാന്നാനത്ത് പെന്തക്കുസ്താ തിരുന്നാളിനോടനുബന്ധിച്ച് നടത്തിയ പത്തുദിവസത്തെ ധ്യാനത്തിന്റെ ഭാഗമായി ഈ മെയ്മാസ വണക്കം കേരളത്തിൽ ആരംഭിക്കുകയായിരുന്നു. മെയ് മാസത്തിലെ മുപ്പത്തൊന്നു ദിവസവും പ്രത്യേക വണക്കമാസ പുസ്തകം ഉപയോഗിച്ച് മാതാവിനോട് പ്രത്യേകം പ്രാർത്ഥനകൾ നടത്തുന്നു. അതിന്റെ സമാപന ദിനത്തിൽ കുടുംബാംഗങ്ങളെല്ലാവരും വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നു. അതിനുശേഷം ഇടവകയിൽ ജപമാല പ്രദിക്ഷിണമുണ്ടെങ്കിൽ അതിൽ പങ്കെടുക്കുകയും, സന്ധ്യക്ക് കുടുംബാംഗങ്ങളെല്ലാവരും ചേർന്ന് ആഘോഷമായി ജപമാല ചൊല്ലുകയും ചെയ്യുന്നു. അന്നേ ദിവസം വീടുകളിൽ പ്രത്യേക മധുരപാനീയങ്ങൾ പൊതുഭക്ഷണത്തോടൊപ്പം വിളമ്പാറുണ്ട്.

"മാതാവ് വണങ്ങപ്പെടുന്നതോടുകൂടി പുത്രൻ ശരിയായി അറിയപ്പെടുകയും സ്നേഹിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും അവിടുത്തെ കല്പനകൾ അനുസരിക്കപ്പെടുകയും ചെയ്യുക എന്നതാണ്" (തിരുസ്സഭ 66).


www.malankaralibrary.com

## നിത്യസഹായ മാതാവ്

കത്തോലിക്കാ വിശ്വാസികളുടെ മനസ്സിൽ പതിഞ്ഞു നിൽക്കുന്ന ഒരു രൂപമാണ് നിത്യസഹായ മാതാവിന്റേത്. വിശുദ്ധ ലൂക്കായാണ് ഈ ചിത്രം വരച്ചതെന്ന് കണക്കാക്കപ്പെടുന്നു. പരിശുദ്ധ മാതാവ് ഉണ്ണിയേശുവിനെ കൈകളിൽ വഹിച്ചു നിൽക്കുന്ന, തടിയിൽ പെയിന്റു ചെയ്ത ഒരു ചിത്രമാണിത്. മാതാവിന്റെയും ഉണ്ണീശോയുടേയും ശിരസ്സിനുമുകളിൽ സ്വർണ്ണനിറത്തിലുള്ള 'ഹേലോ'യും കാണാം. ഇതിൽ വിശുദ്ധ മിഖായേലും, വിശുദ്ധ ഗബ്രിയേലും ഇരുഭാഗങ്ങളിൽ നിന്നു കൊണ്ട് പീഡാനുഭവത്തിന്റെ ആയുധങ്ങൾ ഈശോയെ കാണിക്കുന്നു. ഇതുകണ്ട് ഭയപ്പെട്ട് നിലവിളിക്കുന്ന ഈശോ മാതാവിന്റെ കൈകളിലേയ്ക്ക് ഓടിച്ചെല്ലുന്നു. ദാരുണമായ ഈ കാഴ്ച കണ്ടതിന്റെ ദുഖം അമ്മയുടെ മുഖത്തും ദർശിക്കാൻ സാധിക്കും.

പണ്ടുകാലം മുതൽതന്നെ ക്രീറ്റിലെ ജനങ്ങൾ ഈ രൂപത്തെ ബഹുമാനിച്ചുപോന്നു. അവർ തുർക്കികളാൽ പീഡിപ്പിക്കപ്പെട്ട് റോമിലേയ്ക്ക് പാലായനം ചെയ്തപ്പോൾ ഈ രൂപവും റോമിലേയ്ക്ക് കൊണ്ടുപോയി. യാത്രാമദ്ധ്യേ കപ്പൽ അപകടത്തിൽ പെട്ടെങ്കിലും ഈ അമ്മയുടെ മാദ്ധ്യസ്ഥ്യത്താൽ അവർ രക്ഷപെട്ടു. ക്രീറ്റിലെ ബാലികയോട് പരിശുദ്ധ അമ്മ അരുളിച്ചെയ്തു: "റോമിലുള്ള മേരി മേജർ, ജോൺ ലാറ്ററൻ എന്നീ ബസിലിക്കകളുടെ മദ്ധ്യേ എന്റെ ഈ ചിത്രം പ്രതിഷ്ഠിച്ചു വണങ്ങുവാൻ ഞാൻ ആഗ്രഹിക്കുന്നു". 1499 മാർച്ച് 27-ന് മാതാവിന്റെ ഈ ഛായാചിത്രം വഹിച്ചുകൊണ്ട് വലിയൊരു പ്രദക്ഷിണത്തോടെ വിശുദ്ധ മത്തായിയുടെ ദൈവാലയത്തിലെ പ്രധാന അൾത്താരയിൽ ആ രൂപം പ്രതിഷ്ഠിച്ചു.

ഫ്രാൻസ് വിപ്ലവത്തെ തുടർന്ന് (1789-1793) ഈ ദൈവാലയം നശിപ്പിക്കപ്പെട്ടപ്പോൾ അവിടെ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന ഒരു സന്യസി ഈ അത്ഭുത ചിത്രം അവിടെനിന്നെടുത്ത് രഹസ്യമായി സൂക്ഷിച്ചു


www.malankaralibrary.com

വച്ചു. 60 കൊല്ലങ്ങൾക്കുശേഷം 9-ാം പീയൂസ് മാർ പാപ്പ (1865-ൽ) ആദ്യത്തേതുപോലെ വണങ്ങുവാൻ വേണ്ടി എസ്കിലിൻ മലയിൽ വിശുദ്ധ മത്തായിയുടെ ദൈവാലയം ഇരു സ്ഥലത്ത് വിശുദ്ധ അൽഫോൻസ് ലിഗോരിയുടെ നാമത്തിൽ പണിത ദൈവാലയത്തിൽ വീണ്ടും പ്രതിഷ്ഠിക്കാൻ കല്പനയിട്ടു. 1866 ഏപ്രിൽ 26-ന് ഈ രൂപം ദൈവാലയത്തിൽ പ്രതിഷ്ഠിച്ചു. തുടർന്ന് ഈ ഭക്തി വളരെ അത്യപൂർവ്വമായ രീതിയിൽ വളരുവാൻ ഇടയായി. ഇന്നും ഈ രൂപം അവിടെ ഭക്തിപൂർവ്വം വണങ്ങപ്പെടുന്നു. 1867 ജൂൺ 23-ന് വത്തിക്കാൻ തിരുസംഘം അമ്മയിൽനിന്നു ലഭിച്ച അസാധാരണ അനുഗ്രഹങ്ങൾക്കു നന്ദിയായി തിരുസ്വരൂപത്തിൽ മുടി അണിയിച്ചു. 'നിത്യസഹായ മാതാവ് ലോകമെങ്ങും അറിയപ്പെടുവാൻ ഇടയാക്കുവിൻ' എന്ന മാർപാപ്പയുടെ കല്പനയിലൂടെ നിത്യസഹായ മാതാവിനോടുള്ള ഭക്തി ലോകമെങ്ങും പ്രചരിക്കുവാൻ ഇടയായി.

## നൊവേന

പോൾ ആറാമൻ മാർപാപ്പ ഇപ്രകാരം വിശദീകരിക്കുന്നു: "ദൈവമാതാവിനു തിരുസ്സഭയിലുള്ള സ്ഥാനമാഹാത്മ്യത്തെ വ്യക്തമായി കാണിക്കുന്നതായിരിക്കണം അവളെ ബഹുമാനിക്കുന്നതിനായി രൂപം നല്കുന്ന ഭക്ത്യാഭ്യാസങ്ങൾ". ആഴ്ചയിലെ ഒരു ദിവസം മാതാവിന്റെ സ്തുതിക്കായി മാറ്റിവെയ്ക്കുന്ന പതിവ് ആരംഭിച്ചത് പൗരസ്ത്യ സഭകളിലാണ്. ബൈസന്റ്റെയിൻ സഭ, പൗരസ്ത്യ സുറിയാനി സഭ, പാശ്ചാത്യ സുറിയാനി സഭ, അർമ്മേനിയൻ സഭ - ഈ സഭകളിലെല്ലാം ബുധനാഴ്ചയാണ് പ്രത്യേകമായി മാതാവിനെ അനുസ്മരിക്കുന്നത്. പത്താം നൂറ്റാണ്ടുമുതൽ പാശ്ചാത്യ സഭയിൽ ശനിയാഴ്ച മാതാവിനെ അനുസ്മരിക്കാൻ തുടങ്ങി. അൽകിൻ എന്ന ബനഡിക്ടൻ സന്യാസ വൈദികനാണ് ശനിയാഴ്ച മാതാവിനോടുള്ള ഭക്തിയുടെ പ്രചാരകനായി നിലകൊണ്ടത്. ഇന്ന് നമ്മുടെ സഭയിൽ മരിയൻ നൊവേന


www.malankaralibrary.com

ശനിയാഴ്ച നടത്തപ്പെടാൻ കാരണം പാശ്ചാത്യ പാരമ്പര്യം നിലനിർത്താൻ ആഗ്രഹിക്കുന്നതുകൊണ്ടും, ശനിയാഴ്ച സ്ക്കൂൾ അവധി ദിനമായതുകൊണ്ടുമാണ്.

ലത്തീനിലെ നോവെം എന്ന വാക്കിൽ നിന്നാണ് നൊവേന എന്ന വാക്കുണ്ടായത്. നോവെം എന്നതിന് ഒൻപത് എന്നാണ് അർത്ഥം. അതായത് ഒൻപതു ദിവസം അടുപ്പിച്ചോ, ഒൻപതു തവണകളായോ നടത്തുന്ന ഭക്താഭ്യാസമാണിത്. പതിനേഴാം നൂറ്റാണ്ടുമുതൽ നൊവേനകൾ സഭയിൽ ചൊല്ലിവരുന്നത് നമുക്ക് കാണാൻ സാധിക്കും.

ഇന്ന് നമ്മുടെ നാട്ടിൽ വിശുദ്ധ കുർബാനയെ തുടർന്ന് ഒട്ടുമിക്ക കത്തോലിക്ക ദൈവാലയങ്ങളിലും നടത്തിപ്പോരുന്ന ഒരു ഭക്തികൃത്യമാണ് നൊവേന. മാതാവിന്റെ സ്തുതിക്കായി നടത്തപ്പെടുന്ന നൊവേനകളിൽ ഏറ്റവും പ്രാചീനമായത് നിത്യസഹായ മാതാവിനോടുള്ള നൊവേനയാണ്. പൗരസ്ത്യ ദേശത്തെ ക്രീറ്റിൽ നിന്നാണ് നിത്യസഹായ മാതാവിന്റെ ചിത്രവും മാതൃഭക്തിയും ആരംഭിച്ചതെന്ന് നാം കണ്ടുകഴിഞ്ഞു. ശനിയാഴ്ചകളിലാണ് ഇടവകപള്ളികളിൽ നിത്യസഹായ മാതാവിന്റെ നൊവേന പൊതുവായി നടത്തപ്പെടുന്നത്. ഭാരതത്തിൽ, 1948-ൽ ബോംബെയിലെ മാഹിയിലാണ് നിത്യസഹായ മാതാവിന്റെ നവനാൾ ആദ്യമായി ആരംഭിച്ചതെന്ന് കരുതപ്പെടുന്നു. കേരളത്തിൽ 1956 ഫെബ്രുവരിയിൽ വരാപ്പുഴ അതിരൂപതയുടെ കത്തീഡ്രൽ പള്ളിയിൽ ആദ്യമായി നിത്യനവനാൾ ആരംഭിച്ചു. പിന്നീട് ഈ ഭക്തി ഭാരതത്തിന്റെ എല്ലാ മുക്കിലും മൂലയിലേയ്ക്കും അതിവേഗം വ്യാപിച്ചു.

ഈ മാതാവിന്റെ സന്നിധിയിൽ അഭയം തേടുന്ന നമ്മൾക്ക് പ്രത്യേകമായ അനുഗ്രഹങ്ങൾ ലഭിക്കും. നിത്യസഹായ മാതാവിന്റെ ചിത്രത്തിന് ഇരുവശങ്ങളിലായി ചില അക്ഷരങ്ങൾ
കാണാം. ഈ അക്ഷരങ്ങൾ ഗ്രീക്ക് ലിപികളുടെ ചുരുക്കെഴുത്താണ്. അതിന്റെ പൂർണ്ണരൂപം: മുകളിൽ ഇടതുവശത്ത് കാണുന്നത് ദൈവത്തിന്റെ അമ്മയെന്നും,


www.malankaralibrary.com

മുകളിലെ വലതുവശത്തുള്ളത് മുഖ്യദൂതനായ മിഖായേലെന്നും, മാതാവിന്റെ ചിത്രത്തിനടുത്തുള്ളത് യേശുക്രിസ്തു എന്നുമാണ്. 'നിത്യസഹായ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ' എന്ന പ്രാർത്ഥന ആരംഭിച്ചത് വിശുദ്ധ ഡോൺ ബോസ്ക്കോയാണ്. അദ്ദേഹവും ഒരു വലിയ മരിയഭക്തനായിരുന്നു.

## അടിമവയ്ക്കൽ

സഭയിലെ മറ്റൊരു ഭക്തികൃത്യമാണ് അടിമവയ്ക്കൽ. കുട്ടികളെയാണ് പ്രധാനമായും അടിമവയ്ക്കുന്നത്. അടിമവയ്ക്കൽ ഭക്തികൃത്യത്തിൽ മാതാവിന്റെ ദാസൻ അല്ലെങ്കിൽ ദാസിയായി ജീവിച്ചുകൊള്ളാമെന്ന വാഗ്ദാനമാണ് അവിടെ നടക്കുന്നത്. പതിനേഴാം നൂറ്റാണ്ടിലാണ് ഈ ഭക്തി ആരംഭിച്ചതെന്ന് കരുതപ്പെടുന്നു. എന്നാൽ അതിനുമുമ്പും അനേകം വിശുദ്ധാത്മാക്കൾ ഈ ഭക്തി രഹസ്യമായി അഭ്യസിച്ചിരുന്നു. 2001 ലെ ആരാധനക്രമത്തെ സംബന്ധിച്ചുള്ള ലിറ്റർജിക്കൽ ഡിറക്ടറിയിൽ മാതാവിന് അടിമവെയ്ക്കൽ ഒരു മരിയൻ ഭക്തി മാർഗ്ഗമായി സഭ അംഗീകരിച്ചു. പാശ്ചാത്യ സഭയിലാണ് മാതാവിന് അടിമവെയ്ക്കുന്ന രീതി ആദ്യമായി ഉടലെടുത്തത്. കേരളത്തിലെ എറണാകുളം ജില്ലയിലെ വല്ലാർപാടം തീർത്ഥാടന പള്ളി ഇതിന് പേരുകേട്ടതാണ്.

ഒരാളെ അടിമ സമർപ്പണത്തിനായി കൊണ്ടുവരുമ്പോൾ അതിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന പണം പള്ളിയിൽ ഏൽപ്പിക്കുന്നു. തുടർന്ന് വൈദികൻ അടിമ സമർപ്പണത്തിന് വരുന്നവരെ അൾത്താരയുടെ മുമ്പിലോ, വിശുദ്ധരുടെയോ മാതാവിന്റെയോ രൂപത്തിന്റെ മുമ്പിലേയ്ക്കോ ആനയിക്കുന്നു. തുടർന്ന് വിശ്വാസപ്രമാണം ചൊല്ലിക്കുന്നു. അതേതുടർന്ന് നിശ്ചിത പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ട് പുഷ്പമുടിയും കത്തിച്ച തിരിയും നൽകി അവരെ മാതാവിന് അടിമയായി പ്രഖ്യാപിച്ച് പൗരോഹിത്യ ആശീർവ്വാദം നൽകുന്നു. ആശീർവ്വാദത്തിനുശേഷം അടിമയായി സമർ


www.malankaralibrary.com

പ്പിച്ച വ്യക്തിയുടെ നെറ്റിയിൽ കുരിശുവരച്ച് വെഞ്ചിരിച്ച ഹന്നാൻ വെള്ളം തളിക്കുന്നു.

ഇപ്രകാരം പരിശുദ്ധ മറിയത്തിനു ജീവിതം പ്രതിഷ്ഠിച്ചാലുണ്ടാകുന്ന ഫലം അത്യന്തം വിസ്മയാവഹമാണ്. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ ജീവിതം ഇതിനുത്തമ ഉദാഹരണമാണ്. ഒൻപതാമത്തെ വയസ്സിൽ കൊച്ചുകരോളിന്റെ അമ്മ മരിച്ചു. ആ നാളുകളിൽ അദ്ദേഹത്തിന്റെ പിതാവ് അടുത്തുള്ള പരിശുദ്ധ മാതാവിന്റെ ദൈവാലയത്തിൽ കുട്ടിയെ കൊണ്ടുചെന്ന് മാതാവിന് അടിമവച്ചുകൊണ്ടു പറഞ്ഞു: "മോനേ, നിന്റെ പെറ്റമ്മ മരിച്ചുപോയി! ഇനിമുതൽ നിന്റെ അമ്മ പരിശുദ്ധ കന്യകാ മറിയമാണ്". അപ്പന്റെ വാക്കനുസരിച്ച് കൊച്ചുകരോൾ അപ്പോൾ തന്നെ തന്റെ സ്വന്തം അമ്മയായി പരിശുദ്ധ മറിയത്തെ തിരഞ്ഞെടുക്കുകയും തന്റെ ജീവിതം മറിയത്തിന് ഏല്പിച്ചുകൊടുക്കുകയും ചെയ്തു.

മൂന്നു കൊല്ലത്തിനുശേഷം ഏക സഹോദരനും മരിച്ചു. പരിശുദ്ധ കന്യകാ മറിയത്തോട് വളരെ അടുത്തുകഴിഞ്ഞിരുന്നതിനാൽ കൊച്ചുകരോളിന് സഹോദരന്റെ വേർപാടുമൂലമുണ്ടായ ദുഃഖം അതിജീവിക്കാനായി. പിന്നീട് അവശേഷിച്ചത് രോഗിയായ അപ്പൻ മാത്രം. ഒരിക്കൽ രോഗിയായ അപ്പനുള്ള മരുന്നുമായി വീട്ടിലെത്തിയപ്പോൾ കണ്ടത് തന്റെ അപ്പനും മരിച്ചുകിടക്കുന്നതാണ്. അന്ന് സ്വപിതാവിന്റെ മൃതദേഹത്തിനരികിൽ രാത്രി മുഴുവൻ ഒറ്റയ്ക്കു കാത്തിരിക്കാനായത് പരിശുദ്ധ മറിയത്തിന്റെ കൂട്ട് അദ്ദേഹത്തിനുണ്ടായിരുന്നതിനാൽ മാത്രമാണ്. മാതാവിന് തന്നെത്തന്നെ പ്രതിഷ്ഠിച്ചതിന്റെ അത്ഭുതഫലങ്ങൾ അനുഭവിച്ചറിഞ്ഞ കരോൾ വോയ്റ്റീവ, 1978 ഒക്ടോബർ 16-ന് മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ, തന്റെ പരമാചാര്യ ശുശ്രൂഷ പരിശുദ്ധ മറിയത്തിന്റെ സംരക്ഷണത്തിന് ഭരമേൽപ്പിച്ചുകൊണ്ട് 'മറിയമേ ഞാൻ മുഴുവനായും നിന്റേതാണ്' എന്നർത്ഥം വരുന്ന 'TOTUS TUUS' എന്നത്, പേപ്പൽ മുദ്രാവാക്യമായി സ്വീകരിച്ചു. തന്റെ മരണത്തിനുമുമ്പ്


www.malankaralibrary.com

അദ്ദേഹം വിളിച്ചു പറഞ്ഞു: 'തന്റെ എല്ലാ വിജയങ്ങൾക്കും നേട്ടങ്ങൾക്കും കാരണം പരിശുദ്ധ കന്യകാമറിയത്തിന്റെ സംരക്ഷണവും സഹായവുമാണ്'.

◆ ◆ ◆


www.malankaralibrary.com

# അദ്ധ്യായം 12

# മാതാവിന്റെ ഏഴു വ്യാകുലങ്ങൾ

## *വ്യാകുലയായ മാതാവ്*

കന്നിമാസം വ്യാകുല മാതാവിന്റെ വണക്ക മാസമായി ആചരിക്കണമെന്ന് സഭ നിർദ്ദേശിക്കുന്നു. ആ ദിനത്തിലെ പ്രാർത്ഥനയ്ക്കും, പ്രായശ്ചിത്ത പ്രവർത്തികൾക്കും ദണ്ഡവിമോചനം നൽകി സഭ അതിനെ പ്രോത്സാഹിപ്പിക്കുന്നു. മാതാവിന്റെ ശുദ്ധീകരണ ദിവസം ദേവാലയത്തിൽ വെച്ച് ശിമയോൻ പ്രവചിച്ചു: "നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചു കയറും" (ലൂക്കാ 2:35). യേശുവിന്റെ അമ്മയാകാൻ തിരഞ്ഞെടുക്കപ്പെട്ട മറിയത്തിന് ഗബ്രിയേൽ ദൂതൻ പ്രത്യക്ഷപ്പെട്ടതു മുതൽ യേശുവിന്റെ മരണം വരെ വേദനാകരമായ കാലഘട്ടത്തിലൂടെ കടന്നു പോകേണ്ടിവന്നു. സഭയുടെ തുടക്ക കാലഘട്ടം മുതൽ ആകുലരും, വ്യാകുലരും, ആശ്രയമറ്റവരുമായ അനേകർ തങ്ങളുടെ ആശ്രയമായ ഈ വ്യാകുലാംബികയോട് മാധ്യസ്ഥം യാചിച്ചുപോന്നു. പന്ത്രണ്ടാം നൂറ്റാണ്ടോടുകൂടിയാണ് വ്യാകുല മാതാവിനോടുള്ള ഭക്തി കത്തോലിക്കാ സഭയിൽ വേരൂന്നിയത്.

www.malankaralibrary.com

പതിനഞ്ച് പതിനാറ് നൂറ്റാണ്ടോടുകൂടി ഈ ഭക്തിക്ക് പ്രചുരപ്രചാരം ലഭിച്ചു. 1724-ൽ ബനഡിക്ട് 13-ാമൻ മാർപാപ്പ ഈ തിരുനാൾ കത്തോലിക്കാ സഭയുടെ കലണ്ടറിൽ ഉൾപ്പെടുത്തി. 1727 ഏപ്രിൽ 22 ന് പതിമൂന്നാം ബെനഡിക്ട് മാർപാപ്പ പ്രസിദ്ധപ്പെടുത്തിയ ഡിക്രി പ്രകാരം മറിയത്തിന്റെ ഏഴു വ്യാകുലങ്ങൾക്ക് പൊതു അംഗീകാരം ലഭിക്കുകയായിരുന്നു. 1814ൽ വിപ്രവാസത്തിൽ നിന്നു സ്വതന്ത്രനായപ്പോൾ ഏഴാം പീയൂസ് മാർപാപ്പ വ്യാകുല മാതാവിന്റെ തിരുനാൾ സാർവ്വത്രിക സഭയിൽ പ്രഖ്യാപിച്ചു.

## മാതാവിന്റെ ഏഴു വ്യാകുലങ്ങൾ

1. ഒരു വാൾ നിന്റെ ഹൃദയത്തെ ഭേദിക്കും എന്നുള്ള ശെമയോന്റെ പ്രവചനം (ലൂക്കാ 2:35).

2. ഉണ്ണി യേശുവിനെയും വഹിച്ചുകൊണ്ട് ഈജിപ്തിലേയ്ക്ക് നടത്തിയ പാലായനം (മത്താ. 2:14).

3. പന്ത്രണ്ട് വയസ്സുള്ളപ്പോൾ ഈശോയെ ദേവാലയത്തിൽ കാണാതെ അന്വേഷിച്ചു നടക്കുന്ന മാതാവ് (ലൂക്ക 2:45).

4. ഗാഗുൽത്തായിലേക്ക് ഈശോ കുരിശും വഹിച്ചുകൊണ്ട് പോകുന്ന കാഴ്ച (സഭയിലെ പാരമ്പര്യം).

5. ഗാഗുൽത്താ മലയിൽ കുരിശിന്മേൽ ആത്മബലിയർപ്പിക്കുന്ന ഈശോയുടെ സമീപം മാതാവ് നിൽക്കുന്നത് (മത്താ. 27:26).

6. ഈശോയുടെ മൃതശരീരം കുരിശിൽ നിന്നിറക്കി മാതാവിന്റെ മടിയിൽ കിടത്തുന്നത് (സഭയിലെ പാരമ്പര്യം).

7. ഈശോയുടെ മൃതസംസ്ക്കാരം (സഭയിലെ പാരമ്പര്യം).

ഒരു ദിവസം നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ഏഴുപ്രാവശ്യം ചൊല്ലി മാതാവിന്റെ വ്യാകുലങ്ങളെപറ്റി ധ്യാനിക്കുകയും അവളെ ബഹുമാനിക്കുകയും


www.malankaralibrary.com

ചെയ്യുന്നവർക്ക് ധാരാളം അനുഗ്രഹം ലഭിക്കുമെന്ന് വിശുദ്ധ ബ്രിജീറ്റിലൂടെ വെളിപ്പെടുത്തപ്പെട്ടിട്ടുണ്ട്. വിശുദ്ധ റിച്ചാർഡ് ഓഫ് ബേൻവാൾ പറയുന്നു: "നമ്മൾ ഗാഗുൽത്തായിൽ രണ്ടു ബലിപീഠം കാണുന്നു. ഒന്നു മിശിഹായുടെ കുരിശ്, രണ്ടാമത്തേത് വ്യാകുല മാതാവിന്റെ ഹൃദയം". രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പഠിപ്പിക്കുന്നു: "പരിശുദ്ധ കന്യക തന്റെ വിശ്വാസത്തിന്റെ തീർത്ഥ യാത്രയിൽ മുന്നേറുകയും പുത്രനുമായുള്ള ഐക്യം കുരിശുമരണംവരെ വിശ്വസ്തതാപൂർവ്വം തുടരുകയും ചെയ്തു. തന്റെ ഏകജാതനോടുകൂടി ദൈവിക പദ്ധതികൾക്കനുസൃതമായി നിഷ്ഠൂര വേദനകൾ സഹിച്ചുകൊണ്ട് കുരിശിന്റെ ചുവട്ടിൽ അവൾ നിലകൊണ്ടു" (തിരുസഭ 58). വിശുദ്ധ അൽഫോൻസ് ലിഗോരി പറയുന്നു: "രക്തസാക്ഷികൾ അവരുടെ ശരീരത്തിലാണ് സഹിച്ചതെങ്കിൽ മേരി അവളുടെ ആത്മാവിലാണ് സഹിച്ചത്".

'വ്യാകുല മക്കൾ അഥവാ മേരീ ദാസന്മാർ' എന്ന സഭയുടെ തുടക്കം ഈ വ്യാകുല ഭക്തിയിൽ നിന്നാണ്. ഏഴാം പീയൂസ് മാർപാപ്പ ഈ തിരുനാൾ ഔദ്യോഗികമായി പ്രഖ്യാപിക്കുതിനു മുമ്പുതന്നെ മേരീ ദാസന്മാരുടെ സഭയ്ക്ക് ഈ തിരുനാൾ കൊണ്ടാടാൻ അനുമതി നൽകിയിരുന്നു.

1239-ലെ ദുഃഖവെള്ളിയാഴ്ച ഏഴു വിശുദ്ധരായ സ്ത്രീകൾ തങ്ങളുടെ ജീവിതം ദൈവത്തിനു സമർപ്പിച്ച് സെനാരിയോ മലയിൽ ഇരുന്ന് യേശുവിന്റെയും മാതാവിന്റെയും പീഡാനുഭവത്തെക്കുറിച്ചു ധ്യാനിച്ചപ്പോൾ അമ്മ പ്രത്യക്ഷപ്പെട്ട്; തന്റെ വ്യകുലത്തെക്കുറിച്ച് ധ്യാനിക്കുവാൻ ഒരു സഭ തുടങ്ങുവാൻ ആവശ്യപ്പെടുകയായിരുന്നു. അങ്ങനെ ഈ ഏഴുപേരും ഈ സഭയുടെ ആദ്യ അംഗങ്ങളായി. ഈ സഭയിലൂടെ വ്യാകുല കൊന്ത സഭയിൽ ആരംഭിച്ചു. ഈ കൊന്ത ചൊല്ലുന്നവർക്ക് ലഭിക്കുന്ന 4 അനുഗ്രഹങ്ങളെപറ്റി പരിശുദ്ധ അമ്മ വിശുദ്ധ എലിസബത്തിനു വെളിപ്പെടുത്തി. അത് ഇപ്രകാരമാണ്:


www.malankaralibrary.com

1. ഭക്തിയിൽ വളരുന്നവർക്ക് അവരുടെ മരണസമയത്തിനു മുമ്പുതന്നെ യഥാർത്ഥമായ പശ്ചാത്താപവും മാനസാന്തരവും ഞാൻ നൽകും.

2. ഈ ഭക്തി പുലർത്തുന്നവരെ അവരുടെ മരണസമയത്തും അവരുടെ എല്ലാ ബുദ്ധിമുട്ടുകളിലും ഞാൻ സഹായിക്കും.

3. അവിടുത്തെ പീഡാനുഭവങ്ങളെക്കുറിച്ചുള്ള ഓർമ്മ അവരുടെ മനസ്സിൽ കൊത്തിവയ്ക്കും.

4. ഈ ഭക്തി പുലർത്തുന്ന എല്ലാ ദാസീദാസന്മാരെയും ഞാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ അവരിലൂടെ നിറവേറ്റാനുള്ള കൃപ ഞാൻ നൽകും.

1913-ൽ പയസ് 10-ാമൻ മാർപാപ്പ വ്യാകുല മാതാവിന്റെ തിരുനാൾ സെപ്റ്റംബർ 15 ആയി നിശ്ചയിച്ചു.

◆ ◆ ◆


www.malankaralibrary.com

# അദ്ധ്യായം 13

# മരിയൻ പ്രത്യക്ഷീകരണങ്ങൾ

ഏ.ഡി 40 ൽ സെബദീ പുത്രനായ യാക്കോബ് (വലിയ) ശ്ലീഹായ്ക്കാണ് പരിശുദ്ധ കന്യകാംബികയുടെ ആദ്യ പ്രത്യക്ഷീകരണം ഉണ്ടായത്. പരിശുദ്ധ മറിയത്തിന്റെ ബന്ധുവായ ഇദ്ദേഹം യേശുവിന്റെ ഉത്ഥാനത്തിനുശേഷം സ്പെയിനിലെ എബ്രോ നദീതീരത്ത് സുവിശേഷം പ്രസംഗിക്കുകയാണ്. എന്നാൽ കാര്യമായ പുരോഗതി കാണാതെ ഭഗ്നാശനായി കഴിഞ്ഞ അദ്ദേഹത്തെ പരിശുദ്ധാത്മാവ് പ്രത്യക്ഷപ്പെട്ട് ധൈര്യപ്പെടുത്തി, ഒപ്പം പരിശുദ്ധ കന്യകാംബികയും ശ്ലീഹായ്ക്ക് പ്രത്യക്ഷപ്പെട്ടു.

ആ പ്രത്യക്ഷീകരണം ഇപ്രകാരമായിരുന്നു. പരിശുദ്ധ കന്യാമറിയം ജറുസലേമിൽ താമസിച്ചുവരികയാണ്. തദവസരത്തിലാണ് പരിശുദ്ധ മറിയം യാക്കോബ് ശ്ലീഹായ്ക്ക് പ്രത്യക്ഷപ്പെട്ടത്. മാതാവിന്റെ കയ്യിൽ ആറടി ഉയരത്തിൽ ഉണ്ണിയേശുവിനെ വഹിച്ചു

www.malankaralibrary.com

കൊണ്ടുള്ള തന്റെ തന്നെ ഒരു രൂപവും ഉണ്ടായിരുന്നു. പ്രത്യക്ഷ വേളയിൽ മാലാഖമാരുടെ അകമ്പടിയും ഉണ്ടായിരുന്നു. ഈ സ്തംഭം വി. യാക്കോബിനെ ഏല്പിച്ച് അവിടെ തനിക്ക് ഒരു ഭവനം (ചാപ്പൽ) പണിയാൻ മാതാവ് ആവശ്യപ്പെട്ടു. ഈ സ്തംഭം ജനത്തിന്റെ വിശ്വാസത്തിന്റെ ഒരു പ്രതീകമായിരിക്കുമെന്നും കാലാകാലത്തോളം ഇത് നിലനിൽക്കും എന്നും അറിയിച്ചു. മാതാവിന്റെ നിർദ്ദേശപ്രകാരം യാക്കോബ് ശ്ലീഹാ അവിടെ ഒരു ദൈവാലയം പണിതു. പല സന്ദർഭങ്ങളിലായി ഈ ദൈവാലയം തകർക്കപ്പെട്ടെങ്കിലും വീണ്ടും പുന:രുദ്ധരീകരിക്കപ്പെട്ടു. ഒക്ടോബർ 12 നാണ് ഇവിടുത്തെ തിരുനാൾ ആഘോഷിക്കുന്നത്.

## രണ്ടാമത്തേത്

രണ്ടാമത്തേത് മരിയൻ ദർശനമാണ്. ഏ.ഡി.81 ൽ ക്രിസ്തു ശിഷ്യനായ യോഹന്നാൻ ശ്ലീഹായ്ക്ക് ഗ്രീസിലെ പാത്മോസ് ദ്വീപിൽ വച്ചാണ് ഇത് ഉണ്ടായത്. "സ്വർഗ്ഗത്തിൽ വലിയ ഒരടയാളം കാണപ്പെട്ടു. സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ. ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങൾക്കൊണ്ടുള്ള കിരീടം" (വെളി. 12:1).

വി. യോഹന്നാൻ കണ്ട ഈ ദർശനത്തെ അടിസ്ഥാനമാക്കി പുരാതനകാലം മുതൽ വിശ്വാസികളുടെ ഇടയിൽ ഉയർന്നു വന്ന പ്രാർത്ഥനയാണ് 'പരിശുദ്ധ കന്യകയുടെ ചെറുകിരീടം'. പരിശുദ്ധ കന്യകയുടെ പന്ത്രണ്ടു പ്രത്യേകാനുഗ്രഹങ്ങളുടെയും, മഹിമകളുടെയും സ്തുതിക്കായി മൂന്നു പ്രാവശ്യം സ്വർഗ്ഗസ്ഥനായ പിതാവേ എന്നും, പന്ത്രണ്ടു പ്രാവശ്യം നന്മനിറഞ്ഞമറിയമേ എന്നും ചൊല്ലിയാൽ ചെറുകിരീടമായി.

ചരിത്രത്തിൽ മാതാവിന്റെ നിദ്രയ്ക്കുശേഷം ഏകദേശം ഇരുപതിനായിരത്തിൽപ്പരം പ്രാവശ്യം പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. എന്നാൽ അതിൽ വിരലിൽ


www.malankaralibrary.com

എണ്ണാൻ ഉള്ളവ മാത്രമേ സഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ളൂ.

## സഭ ഔദ്യോഗികമായി അംഗീകരിച്ച പ്രത്യക്ഷീകരണങ്ങൾ

ഏ.ഡി. 1206 ൽ ഫ്രാൻസിലെ പ്രോവില്ലോയിൽ വൈദികനായ ഡൊമിനിക്ക് ഗുസ്മാന്.

ഏ.ഡി. 1247 ൽ കെന്റ്- ബ്രിട്ടണിൽ വി. സൈമൺ സ്റ്റോക്കിന്.

ഏ.ഡി. 1531 ൽ മെക്സിക്കോയിൽ അമേരിക്കൻ ആദിവാസി വിഭാഗമായ നഹുവ ഗോത്രത്തിലെ ജോൺ ഡിയാഗോയ്ക്ക്.

ഏ.ഡി. 1830 ൽ ഫ്രാൻസിൽ കാതറിൻ ലബൊറെയ്ക്ക്.

ഏ.ഡി. 1846 ൽ ഫ്രാൻസിലെ ലാസലേറ്റിൽ ഇടയരായ മലെനിക്കും, മാക്സിമിനും.

ഏ.ഡി. 1858 ൽ ഫ്രാൻസിലെ ലൂർദ്ദിൽ ബർണ്ണദീത്ത എന്ന പെൺകുട്ടിക്ക് (പതിനെട്ട് പ്രാവശ്യം).

ഏ.ഡി. 1917 ൽ പോർട്ടുഗലിലെ ഫാത്തിമായിൽ ലൂസി, ജസീന്ത, ഫ്രാൻസിസ് എന്നീ മൂന്നുകുട്ടികൾക്ക് (ആറു പ്രാവശ്യം).

ഏ.ഡി. 1932 ൽ ബൽജിയത്തെ ബ്യൂറാംഗിൽ അഞ്ചുപേർക്ക് പ്രത്യക്ഷീകരണം.

## വളരെ പ്രധാനപ്പെട്ട മറ്റു പ്രത്യക്ഷീകരണ സ്ഥലങ്ങൾ

ഏ.ഡി. 1933 ൽ ബൽജിയത്തെ ബന്നൂ എന്ന ഗ്രാമത്തിൽ ഒരു പെൺകുട്ടിക്ക് പ്രത്യക്ഷപ്പെട്ടു. തുടർന്ന് ബൽജിയത്ത് പല സ്ഥലങ്ങളിലും പ്രത്യക്ഷപ്പെട്ടു.

ഏ.ഡി. 1937 ൽ ജർമ്മനിയിലെ ഹീഡ്-ഇം-എംസ്ലാന്റ് എന്ന സ്ഥലത്ത് പ്രത്യക്ഷപ്പെട്ടു

ഏ.ഡി. 1938 ൽ ജർമ്മനിയിലെ വാൻഗൻ എന്ന സ്ഥലത്ത് ഒരു സ്ത്രീക്ക് പ്രത്യക്ഷപ്പെട്ടു.


www.malankaralibrary.com

ഏ.ഡി. 1945 ൽ ഹോളണ്ടിൽ ഒരു സ്ത്രീക്ക് പ്രത്യക്ഷപ്പെട്ടു. (സർവ്വദേശങ്ങളുടെയും നാഥ)

ഏ.ഡി. 1947 ൽ ഇറ്റലിയിലെ ത്രെഫൊന്താനേ എന്ന സ്ഥലത്ത് പ്രത്യക്ഷപ്പെട്ടു.

ഏ.ഡി. 1955 ൽ തെക്കെ ആഫ്രിക്കയിലെ നെഗോമിലെ 'അത്യുന്നതന്റെ കൂടാരമായ മറിയം' എന്ന പ്രത്യക്ഷീകരണം.

1956-2000 അമേരിക്കൻ ഐക്യനാടുകളിൽ ഉണ്ടായ പ്രത്യക്ഷീകരണങ്ങൾ. (ഔവർ ലേഡി ഓഫ് അമേരിക്ക)

1961 ൽ സ്പെയിനിലെ ഗരബന്ദാളിൽ.

1973 ലെ ജപ്പാനിലെ അക്കീത്തയിലെ പ്രത്യക്ഷീകരണം.

ചരിത്രത്തിൽ ഉണ്ടായ മറ്റുചില സ്വകാര്യ മരിയൻ വെളിപാടുകളെപ്പറ്റി സഭ ഔദ്യോഗികമായി ഒന്നും പറഞ്ഞിട്ടില്ല. അവയിൽ ചിലത് കൂടി സൂചിപ്പിക്കട്ടെ. വൂളൻഗോംങ്, ആസ്ട്രേലിയ, സാൻഡാമിയാനോ, മഡേറോ, മെഡ്ജുഗറി, മെക്സിക്കോ, ലിബിയാസ്, സ്പെയിൻ, റുവാൻഡാ, യൂഗോസ്ലാവിയോ, ഒഹിയോ തുടങ്ങി അനേകം പ്രത്യക്ഷപ്പെടലുകളുണ്ട്. ഇറ്റലിയിലെ ലിസെറ്റയിലും ലുക്കായിലും, ഹങ്കറിയിലും, ഐർലണ്ടിലും, ജപ്പാനിലും, ഈജിപ്തിലും, ഒക്കെ ധാരാളം മരിയൻ പ്രത്യക്ഷീകരണങ്ങൾ നടന്നിട്ടുണ്ടെങ്കിലും അവയൊന്നും ആഗോള സഭയുടെ ഔദ്യോഗികാംഗീകാരം നേടിയിട്ടില്ല. എന്നാൽ അവയിൽ ചിലതെല്ലാം പ്രാദേശിക സഭകളോ, രൂപതകളോ അംഗീകരിച്ചിട്ടുമുണ്ട്.

ഇത്തരം വെളിപാടുകളെപ്പറ്റി സഭയുടെ നിലപാട് ഇതാണ്; വിശുദ്ധിയിലേക്ക് വളരാൻ ഈ വെളിപാടുകളിലെ കത്തോലിക്കാവിശ്വാസത്തിനും, ധാർമ്മികതയ്ക്കും വിരുദ്ധമല്ലാത്ത നിർദ്ദേശങ്ങൾ അനുസരിക്കുന്നത് ഉപകാരപ്രദമാണ്. എന്നാൽ എല്ലാവരും അത് അനുസരിച്ചുകൊള്ളണമെന്ന് സഭ നിർബന്ധമായി പഠിപ്പിക്കുന്നില്ല.


www.malankaralibrary.com

## സഭയിലെ മരിയൻ തിരുനാളുകൾ

അഞ്ചാം നൂറ്റാണ്ടു മുതൽ തന്നെ സഭയിൽ മരിയൻ തിരുനാളുകൾ നിലവിൽവന്നു. അതിൽ ഏറ്റവും പഴയത് മാതാവിന്റെ ഓർമ്മത്തിരുന്നാൾ (ഡിസം. 26, പിന്നീട് ജനുവരി 1) ആണ്. ഇത് പൗരസ്ത്യ സഭകളിലാണ് ആരംഭിച്ചത്. ഒട്ടുമിക്ക മരിയൻ തിരുന്നാളുകളും കിഴക്കൻ സഭകളിലാണ് ആരംഭിച്ചിട്ടുള്ളത്.

**പ്രധാനപ്പെട്ട മരിയൻ തിരുനാളുകൾ**

ജനുവരി 01 - ദൈവ മാതൃത്വതിരുനാൾ.

ജനുവരി 23 - മറിയത്തിന്റെ വിവാഹ തിരുനാൾ.

ഫെബ്രുവരി 02 - മറിയത്തിന്റെ ശുദ്ധീകരണ തിരുനാൾ.

ഫെബ്രുവരി 11 - ലൂർദ്ദുമാതാവ്.

മാർച്ച് 25 - മംഗളവാർത്ത തിരുനാൾ.

മെയ് 13 - ഫാത്തിമ മാതാവ്.

മെയ് 13 - പരിശുദ്ധ കുർബ്ബാനയുടെ മാതാവ്.

മെയ് 24 - ക്രിസ്ത്യാനികളുടെ സഹായം.

മെയ് 31 - പരിശുദ്ധ കന്യക എലിസബത്തിനെ സന്ദർശിക്കുന്നു.

ജൂൺ 27 - നിത്യസഹായ മാതാവിന്റെ തിരുനാൾ.

ജൂൺ 28 - മറിയത്തിന്റെ വിമല ഹൃദയതിരുനാൾ.

ജൂലൈ 02 - സന്ദർശന തിരുനാൾ.

ജൂലൈ 13 - റോസാമിസ്റ്റിക്കാ മാതാവ്.

ജൂലൈ 16 - കർമ്മല മാതാവിന്റെ തിരുനാൾ.

ജൂലൈ 17 - വിനയ മാതാവ്.

ജൂലൈ മൂന്നാം ശനി - കാരുണ്യ മാതാവ്.


www.malankaralibrary.com

ജൂലൈ അവസാന ശനി - മരണാസന്നരുടെ ആശ്രയം.

ആഗസ്റ്റ് 02 - മാലാഖമാരുടെ രാജ്ഞി.

ആഗസ്റ്റ് 05 - മഞ്ഞുമാതാവിന്റെ തിരുനാൾ.

ആഗസ്റ്റ് 13 - പാപികളുടെ സങ്കേതം.

ആഗസ്റ്റ് 15 - പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോപണം

(കടമുള്ള ദിവസം).

ആഗസ്റ്റ് 22 - മറിയത്തിന്റെ രാജ്ഞിത്വ തിരുനാൾ.

ആഗസ്റ്റ് 28 കഴിഞ്ഞുള്ള ശനി - ആശ്വാസത്തിന്റെ മാതാവ്.

ആഗസ്റ്റിലെ അവസാന ശനി - രോഗികളുടെ ആശ്വാസം.

സെപ്റ്റംബർ 03 - നല്ല ഇടയന്റെ മാതാവ്.

സെപ്റ്റംബർ 08 - മറിയത്തിന്റെ ജനന തിരുനാൾ.

സെപ്റ്റംബർ 12 - മറിയത്തിന്റെ തിരുനാമ തിരുനാൾ.

സെപ്റ്റംബർ 15 - വ്യാകുല മാതാവിന്റെ തിരുനാൾ.

സെപ്റ്റംബർ 24 - വിമോചനത്തിന്റെ മാതാവ്.

ഒക്ടോബർ 07 - ജപമാല രാജ്ഞിയുടെ തിരുനാൾ.

ഒക്ടോബർ 16 - വിശുദ്ധിയുടെ മാതാവ്.

സകല വിശുദ്ധരുടെയും തിരുനാൾ കഴിഞ്ഞുള്ള ശനി - ശുദ്ധീകരണാത്മാക്കളുടെ മാതാവ്.

നവംബർ 27 - കാശുരൂപമാതാവ്.

നവംബർ 21 - മാതാവിനെ ദൈവാലയത്തിൽ സമർപ്പിക്കുന്നു.

ഡിസംബർ 08 - പരിശുദ്ധ കന്യകാ മറിയത്തിന്റെ അമലോത്ഭവം (കടമുള്ള തിരുനാൾ).


www.malankaralibrary.com

ഡിസംബർ 10 - ലൊറെറ്റ മാതാവ്.

ഡിസംബർ 18 - ഗ്വാഡലൂപ്പെ മാതാവ്.

ഡിസംബർ 18 - മാതാവിന്റെ പ്രതീക്ഷാ തിരുനാൾ.

◆ ◆ ◆


www.malankaralibrary.com

# അദ്ധ്യായം 14

# മരിയൻ നോമ്പുകൾ

## എട്ടുനോമ്പ്

കേരളത്തിൽ, പ്രത്യേകിച്ച് സ്ത്രീകൾക്കിടയിൽ ആചരിക്കുന്ന ഒരു നോമ്പാണ് എട്ടുനോമ്പ്. 'സാവൂസ്സോ നോമ്പ്', 'ബാവുസ്സു നോമ്പ്', 'വാത നോമ്പ്' എന്നൊക്കെ അത് അറിയപ്പെട്ടിരുന്നു. 7-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് ഈ നോമ്പിന്റെ ഉത്ഭവം. അബ്ദുൽ മാൽക്ക് എന്ന മുഹമ്മദീയ രാജാവ് ഹിർത്താ എന്ന ദേശത്തെ സ്ത്രീകൾ സുന്ദരികളാണെറിഞ്ഞ് അവിടെയുള്ള വിവാഹപ്രായമായ സകല കന്യകമാരെയും തന്റെ വരിധിയിൽ കൊണ്ടുവരാൻ കല്പനയിട്ടു. ഈ കല്പന കേട്ടു ക്രിസ്ത്യാനികൾ പള്ളിയിൽ ഒരുമിച്ചുകൂടി തങ്ങളുടെ രക്ഷയ്ക്കുവേണ്ടി നോമ്പും പ്രാർത്ഥനയും നടത്തി. നോമ്പിന്റെ മൂന്നാം ദിവസം രാജാവ് മരിച്ചു. അങ്ങനെ കന്യകമാർ രക്ഷപ്പെട്ടു!

9-ാം നൂറ്റാണ്ടിൽ കൊടുങ്ങല്ലൂർ പട്ടണം ആക്രമിക്കപ്പെട്ടപ്പോൾ ക്രിസ്ത്യാനികൾ ഈ നോമ്പ് കേരളത്തിൽ ആചരിച്ചിട്ടുള്ളതായിട്ടാണ് പാരമ്പര്യം. എന്നാൽ ദൈവ

www.malankaralibrary.com

ഹിതം നിറവേറ്റി, ദൈവിക സംരക്ഷണം അനുഭവിച്ച മാതാവിന്റെ നാമത്തിലാണ് ഇന്ന് ഈ നോമ്പാചരണം നടക്കുന്നത് എത് പ്രത്യേകം ഓർക്കേണ്ട കാര്യമാണ്. ആദ്യകാലം മുതൽത്തന്നെ മാർത്തോമ്മാ ക്രിസ്ത്യാനികൾ പരിശുദ്ധ അമ്മയുടെ ജനന തിരുന്നാളിനോടനുബന്ധിച്ച് എട്ടുനോമ്പ് ആചരിച്ചുപോന്നിരുന്നു. ഇന്നും അത് സുറിയാനി കത്തോലിക്കരും, യാക്കോബായ ഓർത്തഡോക്സ് വിഭാഗക്കാരും ആചരിച്ചുപോരുന്നു. കേരളത്തിൽ കിഴക്കിന്റെ ലൂർദ്ദ് എറിയപ്പെടുന്ന നാഗപ്പുഴ പള്ളിയിലെ മാതാവിന്റെ തിരുനാൾ അമ്മയിലുള്ള വിശ്വാസത്തിന്റെ പ്രത്യേക അടയാളമാണ്.

സ്ത്രീസഹജമായ രോഗങ്ങൾക്കും സുഖപ്രസവത്തിനും സന്താനലബ്ധിക്കും ഈ നോമ്പാചരണം വളരെ ഫലസിദ്ധിയുള്ളതായി പറയപ്പെടുന്നു. ഈ നോമ്പിനോടനുബന്ധിച്ച് അടിമവയ്ക്കലും ഉണ്ട്. മാതാവിന്റെ ജനനത്തിരുന്നാളിനു മുമ്പുള്ള എട്ടുദിവസങ്ങൾ 'എട്ടുനോമ്പ്' എന്ന പേരിൽ സ്ത്രീകൾ ദൈവാലയത്തിൽ പ്രാർത്ഥനയിൽ കഴിഞ്ഞിരുന്നു. എന്നാൽ സ്ത്രീകളുടെ ഈ ഉപവാസ പ്രാർത്ഥനാരീതി ഉദയംപേരൂർ സൂനഹദോസ് വിലക്കി. 1862-ൽ ബർണർദിനോസ് മെത്രാപ്പോലീത്ത വരാപ്പുഴയിലെ കോൺഫ്രൻസിൽ വച്ച് (1862) ഇത് അരുതാത്ത ആചാരമായി കണ്ട് കൂടുതൽ ശക്തമായി അപലപിച്ചു.

## പതിനഞ്ചു നോമ്പ്

മാതാവിന്റെ സ്വർഗ്ഗാരോപണത്തിനുമുമ്പ് ആഗസ്റ്റ് ഒന്നു മുതൽ പതിനഞ്ചു വരെ ആചരിക്കുന്ന നോമ്പാണ് പതിനഞ്ചുനോമ്പ്. പൗരസ്ത്യ സഭയിലും, പാശ്ചാത്യ സഭയിലും അഞ്ചാം ശതാബ്ദമോ ആറാം ശതാബ്ദമോ മുതൽ സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷമായി കൊണ്ടാടിയിരുന്നു, പതിമൂന്നാം ശതാബ്ദത്തിൽ ജപമാല ചൊല്ലിതുടങ്ങിയപ്പോൾ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തെ പറ്റിയും വിശ്വാസി


www.malankaralibrary.com

കൾ ധ്യാനിച്ചു തുടങ്ങി. ജറുസലേമിൽ ആരംഭിച്ച ഈ തിരുനാളിന്റെ പേര് 'മാതാവിന്റെ നിദ്ര'യുടെ തിരുനാൾ എന്നായിരുന്നു. 600-ാമാണ്ടിൽ കോൺസ്റ്റാന്റിനോപ്പിളിലെ മൗറീസ് ചക്രവർത്തി ആഗസ്റ്റ് 15 'മാതാവിന്റെ ഉറക്കം' എന്ന പേരിലുള്ള തിരുനാൾ ആഘോഷിക്കാൻ കല്പനയിട്ടു. പല രാജ്യങ്ങളിലും പണ്ടുകാലം മുതൽ ത്തന്നെ3 ഈ തിരുന്നാൾ കടമുള്ള ദിവസമായിരുന്നു.

## മൂന്നു നോമ്പ്

ക്രൈസ്തവരുടെ നാവിക പാരമ്പര്യത്തെ അനുസ്മരിപ്പിക്കുതാണ് മൂന്നു നോമ്പ്. മൂന്നു രാവും പകലും മത്സ്യത്തിന്റെ ഉദരത്തിൽ വസിച്ച യോനാ പ്രവാചകന്റെ സ്മരണ ഉണർത്തുന്നതാണ് മൂന്നുനോമ്പ്. മൂന്നു നോമ്പിന്റെ ഉൾപ്രേരണയ്ക്ക് കാരണം നിനവേക്കാർ അനുതപിച്ച് അവരുടെ തെറ്റുകൾക്ക് പരിഹാരം ചെയ്യുകയും ദൈവത്തിന്റെ കരുണയ്ക്കുവേണ്ടി അപേക്ഷിച്ചതുമാണ്. കേരളത്തിൽ ഈ മൂന്നു നോമ്പാചരണം ആരംഭിച്ചത് ക്നായി തൊമ്മന്റെ നേതൃത്വത്തിലാണ്. യോനാ മൂന്നു ദിവസം മത്സ്യത്തിന്റെ ഉദരത്തിൽ ഉപവാസവും പ്രാർത്ഥനയുമായി കഴിഞ്ഞു. ആ ബന്ധനം മൂന്നു ദിവസം കൊണ്ട് അവസാനിക്കുന്നതുകൊണ്ട് ഇതിനെ യോനാ പ്രവാചകന്റെ നോമ്പ് എന്നും വിളിക്കുന്നു. കേരളത്തിലെ കുറവിലങ്ങാട്, കടുത്തുരുത്തി, ഇടപ്പള്ളി, പാലയൂർ തുടങ്ങിയ ദേവാലയങ്ങളിലെ നോമ്പാചരണം പ്രസിദ്ധമാണ്.

◆ ◆ ◆


www.malankaralibrary.com

# അദ്ധ്യായം 15

# മറിയത്തിന്റെ മാദ്ധ്യസ്ഥശക്തി

കന്യാമറിയത്തിന് യഥാർത്ഥത്തിൽ നമ്മെ സഹായിക്കാൻ കഴിയുമോ? ഉവ്വ്, മറിയം സഹായിക്കുന്നുവെന്ന് സഭയുടെ ആരംഭം മുതൽ അനുഭവം പഠിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിന് ദശലക്ഷക്കണക്കിന് ആളുകൾ സാക്ഷ്യം വഹിക്കുന്നു.

വിശുദ്ധ അഗസ്റ്റിൻ (354-430) ഇപ്രകാരം പറയുന്നു: ദൈവത്തിനു മുന്നിൽ മദ്ധ്യസ്ഥനായി നമുക്ക് ഒരു പുത്രൻ ഉണ്ടെങ്കിലും, മദ്ധ്യസ്ഥയായി ഒരമ്മ നമുക്ക് ആവശ്യമാണ്. മറിയത്തിന്റെ മദ്ധ്യസ്ഥതയിൽ നടന്ന ആദ്യ അത്ഭുതം കാനായിലെ വിവാഹ വിരുന്നാണ്. പരിശുദ്ധ അമ്മയ്ക്ക് തന്റെ പുത്രനോടുള്ള അഗാധമായ വിശ്വാസം സാധ്യമാക്കിയ സമയമായിരുന്നു അത്. ഈ അത്ഭുതത്തെ ഉപസംഹരിച്ചുകൊണ്ട് യോഹാൻ ശ്ലീഹാ പറയുന്നു: അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിക്കുകയും ചെയ്തു (യോഹ. 2:11). ഇവിടെ മറിയം ശിഷ്യരെ നയിച്ചുകൊണ്ട് വിശ്വാസ തീർത്ഥാടനം ആരംഭിക്കുകയാണ്. അതോടൊപ്പം വിവാഹത്തിൽ പങ്കെടുക്കാൻ എത്തിയവരെ യേശുവിലേയ്ക്കും തിരിക്കുന്നു.

www.malankaralibrary.com

"പ്രസാദവര ക്രമത്തിലുള്ളതും മംഗലവാർത്തയുടെ അവസരത്തിൽ വിശ്വസ്തതാപൂർവ്വം നല്കിയതും കുരിശിൻ കീഴിൽ അചഞ്ചലമായി കാത്തുസൂക്ഷിച്ചതു മായ മറിയത്തിന്റെ മാതൃത്വം അവൾ മംഗലവാർത്താ വേളയിൽ സമ്മതം നല്കിയ നിമിഷം മുതൽ എല്ലാ തിരഞ്ഞെടുക്കപ്പെട്ടവരുടെയും മകുടം ചാർത്തൽ വരെ ഇടമുറിയാതെ നിലനിൽക്കുന്നു. സ്വർഗ്ഗാരോപിതയായ തോടെ ഈ രക്ഷണീയദൗത്യം അവസാനിപ്പിക്കാതെ നിത്യരക്ഷയ്ക്കാവശ്യമായ ദാനങ്ങൾ സമ്പാദിച്ചുതരു ന്നതിൽ അവൾ വിവിധതരത്തിൽ മാദ്ധ്യസ്ഥ്യം വഹി ച്ചുകൊണ്ടിരിക്കുന്നു. അപകടങ്ങളും പ്രതിസന്ധിഘട്ട ങ്ങളും നിറഞ്ഞ ജീവിതയാത്ര കഴിക്കുന്ന സ്വപുത്രന്റെ സഹോദരന്മാർ സൗഭാഗ്യകരമായ പിതൃരാജ്യത്തിൽ എത്തുന്നതുവരെ അവൾ മാതൃസഹജമായ വാത്സല്യ ത്തോടെ അവരുടെ സംരക്ഷണം നിർവ്വഹിക്കുകയും ചെയ്യുന്നു. തന്മൂലമത്രേ തിരുസ്സഭ പരിശുദ്ധ കന്യകയെ അഭിഭാഷിക, സഹായിക, ഉപകാരിണി, മദ്ധ്യസ്ഥ എന്നീ അഭിവാദനങ്ങളാൽ വിളിച്ചപേക്ഷിക്കുന്നത്. അതേസ മയം ഇവയൊന്നും ഏകമദ്ധ്യസ്ഥനായ ക്രിസ്തുവിന്റെ മഹത്ത്വത്തേയോ ഫലദായക ശക്തിയേയോ ഏതെ ങ്കിലും തരത്തിൽ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യു ന്നുണ്ടെന്നു മനസ്സിലാക്കേണ്ടതില്ല" (രണ്ടാം വത്തി ക്കാൻ. തിരുസ്സഭ, അദ്ധ്യായം 8:62).

വി.അന്തോണിയൂസിന്റെ വാക്കുകളിൽ "പരി. മറി യത്തിന്റെ മദ്ധ്യസ്ഥത കൂടാതെ ആരെല്ലാം കൃപകൾ ചോദിക്കുകയോ, കണ്ടെത്താമെന്ന് പ്രതീക്ഷിക്കുകയോ ചെയ്യുന്നുവോ, അവർ ചിറകില്ലാതെ പറക്കാൻ പരിശ്ര മിക്കുന്നതുപോലെയാണ്". "അനുഗൃഹീത കന്യകയുടെ സഹായം കൂടാതെ ആരും രക്ഷപ്പെടുക അസാദ്ധ്യമാണ്. എന്തന്നാൽ ദൈവിക നീതിയാൽ രക്ഷിക്കപ്പെടാത്തവർ പരി. മറിയത്തിന്റെ മദ്ധ്യസ്ഥത മുഖാന്തരം രക്ഷിക്ക പ്പെടുമെന്നാണ്" വി. ജോൺ ക്രിസോസ്റ്റം പറയുന്നത്. പഴയ നിയമത്തിൽ പൂർവ്വപിതാക്കന്മാർ ദൈവത്തിനും- ജനത്തിനും ഇടയിലെ മദ്ധ്യസ്ഥരായിരുന്നു. അബ്രാഹം


www.malankaralibrary.com

മുതൽ ഇത് നമുക്ക് ബൈബിളിൽ കാണാം. പിന്നീട് വന്ന അനേകം പ്രവാചകന്മാരും മധ്യസ്ഥരായി നില കൊണ്ടു. മാത്രമല്ല അശരീരികളായ മാലാഖമാരും മധ്യ സ്ഥരായി പ്രവർത്തിക്കുന്നത് ബൈബിളിൽ നാം കാണു ന്നുണ്ട്. വി. റിച്ചാർഡിന്റെ അഭിപ്രായത്തിൽ "സകല വിശുദ്ധരും ചെയ്യുന്നതുപോലെ മറിയത്തിന് മകനോട് പ്രാർത്ഥിക്കാം. മാത്രമല്ല; അമ്മയെ അധികാരത്തോടെ അവനോടു കൽപ്പിക്കുകയും ചെയ്യാം". വചനം മറി യത്തിന്റെ ഉദരത്തിൽ മാംസമായിത്തീർന്ന നിമിഷം മുതൽ ദൈവം അവൾക്ക് അതുല്യമായ മാധ്യസ്ഥ ശക്തി പ്രദാനം ചെയ്തു. വി. ആൻസലത്തിന്റെ പ്രബോദന പ്രകാരം: 'ദൈവത്തിന്റെ മാതാവ് നമ്മുടെയും മാതാ വാണ്. അവൾ നമ്മുടെ നന്മയ്ക്കായി ചോദിക്കുകയും, യാചിക്കുകയും ചെയ്യുന്നു. അവൾ തന്റെ പുത്രനോട് മക്കൾക്കുവേണ്ടി ചോദിക്കുന്നു. ഏകജാതനോട് ദത്തു പുത്രർക്കുവേണ്ടി യാചിക്കുന്നു. മകൻ അവളുടെ പ്രാർ ത്ഥനകേട്ട് തന്റെ രക്തത്താൽ മോചിപ്പിക്കപ്പെട്ടവരെ അനുഗ്രഹിക്കുന്നു.'

മറിയത്തിന്റെ മാദ്ധ്യസ്ഥശക്തിയെപ്പറ്റി കൗൺസിൽ പ്രമാണരേഖ ഉറപ്പിച്ചുപറയുന്നു. 'ദൈവം ഒരുവനേയുള്ളൂ. ദൈവത്തിനും നമുക്കുമിടയിൽ ഒരു മദ്ധ്യസ്ഥനേയുള്ളൂ, മനുഷ്യനായ ഈശോ മിശിഹാ' (1 തിമോ. 2:5). 'ക്രിസ്തു വിന്റെ അതുല്യമായ ഈ മാദ്ധ്യസ്ഥ്യത്തെ മറിയം പരി പോഷിപ്പിക്കുകയത്രേ ചെയ്യുന്നത്. അക്കാരണത്താൽ ത്തന്നെ മാതാവിന്റെ മാദ്ധ്യസ്ഥ്യശക്തിയെക്കുറിച്ചു നാം പ്രത്യേകം ബോധവാന്മാരാകണം' (തിരുസ്സഭ - 60).

മനുഷ്യരക്ഷയ്ക്കുവേണ്ടി മറിയം സ്വസുതനോടു സഹകരിച്ചു. ദൈവം തിരുമനസ്സായതുകൊണ്ടു മാത്ര മാണു അവൾ ഇക്കാര്യത്തിൽ പങ്കുകാരിയായത്. ക്രിസ്തുവിന്റെ യോഗ്യതകളല്ലാതെ മറ്റൊന്നുമല്ല മറിയ ത്തിന്റെ സ്വാധീനതയുടെ ഉറവിടം. അവിടുത്തെ മാദ്ധ്യ സ്ഥ്യമാണ് അതിനുള്ള അടിസ്ഥാനവും. രണ്ടാം വത്തി ക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നതുപോലെ ഈ അഭി ദാനം "ഏകമദ്ധ്യസ്ഥനായ ക്രിസ്തുവിന്റെ സ്ഥാന മാഹാ


www.malankaralibrary.com

ത്ത്യത്തെയോ അതിന്റെ ഫലസിദ്ധിയേയോ ഏതെങ്കിലും വിധത്തിൽ കുറയ്ക്കുകയോ കൂട്ടുകയോ ചെയ്യുന്നില്ല".

മറിയത്തെ ദൈവത്തിന്റെ പരിശുദ്ധ മാതാവും ക്രിസ്തുവിന്റെ ജീവിത രഹസ്യങ്ങളിൽ പങ്കുകാരിയുമായി സഭ പ്രത്യേകവിധം ബഹുമാനിക്കുന്നതു യുക്തമാണെു കൗൺസിൽ രേഖ പ്രസ്താവിക്കുന്നു. "അതിപുരാതനകാലം മുതൽ മറിയം 'ദൈവമാതാവ്' എന്ന അഭിധാനത്തിൽ ബഹുമാനിക്കപ്പെട്ടു പോന്നു. സകല ആവശ്യങ്ങളിലും അപകടങ്ങളിലും വിശ്വാസികൾ പ്രാർത്ഥനാപൂർവ്വം അവളിൽ ആശ്രയം തേടുകയും ചെയ്തിരുന്നു. പ്രത്യേകിച്ച്, എഫേസൂസ് സൂനഹദോസിനു ശേഷം (എ.ഡി. 431) വണക്കം, സ്നേഹം, മാദ്ധ്യസ്ഥ്യാപേക്ഷ, അനുസരണം എന്നിവയിൽ മറിയത്തോടുള്ള ഭക്തി ആത്ഭുതകരമായി വർദ്ധിച്ചുവന്നു. 'എല്ലാ തലമുറകളും എന്നെ ഭാഗ്യവതിയെന്നു പ്രകീർത്തിക്കും; കാരണം ശക്തനായവൻ എന്നിൽ വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു' (ലൂക്കാ. 1:4) എന്ന് അവൾ തന്നെ പ്രവചിച്ചിട്ടുണ്ടല്ലോ" (തിരുസഭ 66).

ദൈവത്തെ ധിക്കരിക്കുകയും കല്പനകൾ ലംഘിക്കുകയും ചെയ്ത ഇസ്രായേലിന്റെ മേലുള്ള ദൈവകോപം പിൻവലിക്കാൻ മോശ പ്രാർത്ഥിച്ചു. മോശയുടെ പ്രാർത്ഥന ദൈവത്തിന് നിരാകരിക്കാനാവാത്ത വിധം ശക്തമെങ്കിൽ ദൈവത്തിന് ഏറ്റവും അനുയോജ്യയായ മറിയത്തിന്റെ പ്രാർത്ഥന ദൈവം എങ്ങനെ നിരാകരിക്കും? അവിടുന്ന് തന്റെ പ്രിയ മാതാവിന്റെ യാചനകൾ ഒരിക്കലും നിരസിക്കുകയില്ല, പ്രത്യുത ഒരു കല്പന പോലെ സ്വീകരിക്കും. ഇത് സ്വാഭാവിക ബുദ്ധികൊണ്ട് മനസ്സിലാക്കാവുന്നതേയുള്ളൂ. കാനായിലെ വിവാഹ വിരുന്നിൽ യേശു വെള്ളത്തെ വീഞ്ഞാക്കിമാറ്റി. അതിനുകാരണം മറിയത്തിന്റെ വിനീതമായ പ്രാർത്ഥന മാത്രമാണ്. അവിടുന്ന് മറിയം വഴി അത്ഭുതങ്ങൾ ആരംഭിച്ചു, മറിയം വഴി അതു തുടരുന്നു. യുഗാന്ത്യത്തോളം വരെ മറിയംവഴി അതു തുടരുകതന്നെ ചെയ്യും.


www.malankaralibrary.com

പൗലോസിന്റെ വെളിപാട് (Apocalypse of Paul) എന്ന അപ്പോക്രിഫൽ ഗ്രന്ഥത്തിൽ മറിയത്തെപ്പറ്റി വിവരിക്കുന്നത് ഇപ്രകാരമാണ്: മാലാഖമാർക്കും വിശുദ്ധർക്കുമിടയിൽ മറിയത്തിന് സവിശേഷ സ്ഥാനമുണ്ടെന്നും നരകത്തിൽ കഴിയുന്നവർക്കുവേണ്ടിപ്പോലും മാദ്ധ്യസ്ഥം വഹിക്കാൻ മറിയത്തിന് കഴിയുമെന്നും അതിൽ രേഖപ്പെടുത്തിയിരിക്കുന്നു. അലക്സാദ്ഡ്രിയായിലെ വിശുദ്ധ സിറിൾ പ്രഖ്യാപിക്കുന്നു: "നീ വഴി ത്രീത്വം മഹത്വപ്പെട്ടിരിക്കുന്നു. നീ വഴി സ്ലീവാ ലോകം മുഴുവൻ ആരാധിക്കപ്പെടുന്നു... നീ വഴി മാലാഖമാരും പ്രധാനദൂതന്മാരും ആനന്ദിക്കുന്നു. നീ വഴി പിശാചുക്കൾ ഓടിക്കപ്പെടുന്നു... നിപതിച്ച സൃഷ്ടികൾ നീ വഴി സ്വർഗ്ഗത്തിലേയ്ക്ക് ഉയർത്തപ്പെടുന്നു... നീ വഴി സഭകൾ ലോകമാകെ സ്ഥാപിക്കപ്പെടുന്നു, നീ വഴി ജനതകൾ മാനസാന്തരപ്പെടുന്നു". ഇവിടെ മറിയത്തിന്റെ മാദ്ധ്യസ്ഥം വി. സിറിൾ പ്രഖ്യാപിക്കുകയാണ്.

വി. അൽഫോൻസ് ലിഗോരി വിവരിക്കുന്ന ഒരു ജീവിതകഥയുണ്ട്. ഒരിക്കൽ അദ്ദേഹത്തിന്റെ അടുക്കൽ ഒരു മൃതശരീരവുമായി മരിച്ചയാളുടെ ബന്ധുക്കൾ എത്തി. ആ മരിച്ച മനുഷ്യനെ ജീവിപ്പിക്കണമെന്ന് അവർ വിശുദ്ധനോട് കരഞ്ഞ് അപേക്ഷിച്ചു. വി. അൽഫോൻസ് ലിഗോരി പരി. അമ്മയോടുള്ള തന്റെ സുദൃഢമായ വിശ്വാസം പ്രഖ്യാപിച്ചുകൊണ്ട് ദൈവത്തോട് പ്രാർത്ഥിച്ചു. അനേകം ആളുകൾ നോക്കിനിൽക്കേ ആ അത്ഭുതം നടന്നു. മരിച്ചയാൾ മെല്ലെ കണ്ണു തുറന്നു. ശ്വാസോച്ഛ്വാസം എടുത്തുകൊണ്ട് അയാൾ മെല്ലെ എണീറ്റിരുന്നു. ഈ കാഴ്ച്ച കണ്ടവരെല്ലാം ദൈവത്തെ സ്തുതിച്ചു.

ഒരിക്കൽ അമേരിക്കയിലെ ഒരു നഗരത്തിൽവച്ച് ഒരു രാത്രിയിൽ നമ്മുടെ കർത്താവിന്റെ ജീവിതത്തെ അധികരിച്ചുള്ള ഒരു നാടകം നടക്കുകയായിരുന്നു. പ്രേക്ഷകർ ദത്താവധാനരായി രംഗങ്ങൾ വീക്ഷിച്ചുകൊണ്ടിരുന്നു. തിരശ്ശീല ഉയരുകയും താഴുകയും ചെയ്തു. ഓരോരോ ജീവിത സംഭവങ്ങൾ പിന്നിട്ടുകൊണ്ട് നാടകം


www.malankaralibrary.com

- യൂദാസ് ഈശോയെ ഒറ്റിക്കൊടുത്ത സംഭവം - വരെയായി. അടുത്ത രംഗത്തിൽ യൂദാസ് നിരാശപൂണ്ട് നാടക വേദിയിൽ പ്രത്യക്ഷപ്പെട്ടു. ദിവ്യരക്ഷകനെ ശത്രുക്കൾക്ക് ഒറ്റിക്കൊടുത്തതിനാൽ നിരാശനായിത്തീർന്ന അയാൾ ഇങ്ങനെ നിലവിളിച്ചു. 'ഞാൻ നിഷ്കളങ്കമായ രക്തം ഒറ്റിക്കൊടുത്തു. ഇനി ഞാൻ ആരുടെ പക്കൽ പോകും'? ഹാളിലെങ്ങും നിശബ്ദത. അപ്പോൾ ഒരു ബാലന്റെ സ്വരം കേൾക്കാറായി. അവൻ ഉറക്കെ വിളിച്ചു പറഞ്ഞു: 'ഹേ! മനുഷ്യാ നിങ്ങൾ ഈശോയെ വഞ്ചിച്ചതിനാൽ അവിടുത്തെ പക്കൽ പോവുക സാദ്ധ്യമല്ലെങ്കിൽ, അവിടുത്തെ അമ്മയുടെ പക്കൽ പോയിക്കൂടെ? ആ അമ്മ നിങ്ങളെ ഉപേക്ഷിക്കുകയില്ല. നിങ്ങൾക്കു മാപ്പുതരും'. ഈശ്വര സമക്ഷം ഹൃദയമുയർത്തി മാപ്പിരക്കാൻ പാപഭാരംകൊണ്ട് സാധിക്കുന്നില്ലെങ്കിൽ ദൈവമാതാവിനെ അഭയം പ്രാപിക്കുകയാണ് വേണ്ടത്. നാം നിരവധി മാരക പാപങ്ങളാൽ മർദ്ദിതരാണെങ്കിൽ തന്നെയും ആ അമ്മ കൈവെടിയുകയില്ല. (കടപ്പാട്. യേശുവും മാതാവും - ഫാ. ആന്റണി ഇലവുംകുടി).

◆ ◆ ◆


www.malankaralibrary.com

# അദ്ധ്യായം 16

# ദണ്ഡവിമോചന
# ങ്ങൾ

"പാപങ്ങളുടെ കാലിക ശിക്ഷയിൽ (Temporal punishment) നിന്നുള്ള വിമോചനമാണ് ദണ്ഡവിമോചനം (Indulgence). മനസ്താപം, അനുരജ്ഞന കൂദാശ എന്നിവ വഴി ഗൗരവ പാപങ്ങൾക്ക് (ചാവുദോഷം) പൊറുതി ലഭിച്ചാലും, അവയുടെ കാലിക ശിക്ഷ അവശേഷിക്കും. അതുപോലെതന്നെ ലഘുപാപങ്ങളുടെ കാലിക ശിക്ഷയും. ഈ കാലിക ശിക്ഷയ്ക്ക് ഇഹലോക ജീവിതത്തിൽവെച്ച് പരിഹാരം ചെയ്യാത്ത പക്ഷം മരണാനന്തര ശുദ്ധീകരണ സ്ഥലത്തിൽ അവയുടെ പരിഹാരാർത്ഥം വേദന സഹിക്കേണ്ടിവരും. ഇങ്ങനെ മരണാനന്തരം ശുദ്ധീകരണ വിധേയമാകാവുന്ന കാലിക ശിക്ഷയിൽ നിന്ന് ക്രിസ്തുദത്തമായ അധികാരം ഉപയോഗിച്ചു കത്തോലിക്കാസഭ നൽകുന്ന മോചനമാണ് ദണ്ഡവിമോചനം അഥവാ ദണ്ഡന മോചനം" (CCC. 14711479). ശ്ലീഹന്മാരുടെ വിശ്വാസ പ്രമാണത്തിലെ 'പുണ്യവാന്മാരുടെ ഐക്യം' എന്ന ബൈബിൾ പ്രബോധനത്തിൽ അധിഷ്ഠിതമാണ് ദണ്ഡവിമോചനങ്ങൾ.

www.malankaralibrary.com

ദണ്ഡവിമോചനം ആദ്യമായി പ്രഖ്യാപിച്ചത് 1095-ൽ ക്ലർമോണ്ട് കൗൺസിൽ വച്ച് ഉർബൻ രണ്ടാമൻ മാർപാപ്പയാണ്. അന്ന് കുരിശുയുദ്ധത്തിൽ പങ്കെടുത്തവർ കുമ്പസാരമെന്ന കൂദാശയിലൂടെ പാപമോചനം സ്വീകരിച്ചവരാണെങ്കിൽ അവരുടെ പ്രായശ്ചിത്തങ്ങളെല്ലാം ഇളവു ചെയ്തതായി മാർപാപ്പ പ്രഖ്യാപിച്ചു. കാരണം കുരിശുയുദ്ധത്തിൽ പങ്കെടുത്തത് തന്നെ ഒരു മുഴുപ്രായശ്ചിത്ത പ്രവർത്തിയായി കണക്കാക്കി. അങ്ങനെ ദൈവത്തിന്റെ കരുണ, സഭയുടെ പ്രാർത്ഥനയുടെ ശക്തി, വിശുദ്ധരുടെ യോഗ്യത എന്നിവ പരിഗണിച്ച് ഈ ദണ്ഡവിമോചനത്തെ ദൈവശാസ്ത്രജ്ഞന്മാർ നോക്കിക്കണ്ടു. പരിശുദ്ധ കന്യാമറിയത്തെ ബഹുമാനിക്കുന്നവർക്കു മാർപാപ്പമാർ അനേകം ദണ്ഡവിമോചനങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. അതിൽ ചിലത് താഴെ കൊടുക്കുന്നു.

പരി. ദൈവമാതാവിന്റെ ജപമാല (പൂർണ്ണ-ഭാഗിക).

പരിശുദ്ധ രാജ്ഞി (ഭാഗിക).

ഭക്തവസ്തുക്കളുടെ ഉപയോഗം (കൊന്ത, വെന്തിങ്ങ, കുരിശ്, വെരിച്ച കുരിശുരൂപം) (ഭാഗിക-പൂർണ്ണ).

സ്വർലോക രാജ്ഞി (ഭാഗിക-പൂർണ്ണ).

സ്ത്രോത്രഗീതം (ലൂക്കാ 1:46-55) (ഭാഗിക).

ലുത്തിനിയാ ചൊല്ലുന്നവർക്ക് 200 ദിവസത്തെ ദണ്ഡവിമോചനം.

പരിശുദ്ധ രാജ്ഞി ചൊല്ലുന്നവർക്ക് 40 ദിവസത്തെ ദണ്ഡവിമോചനം.

ഈശോയുടെയും, മാതാവിന്റെയും പേര് കേൾക്കുമ്പോൾ തല കുമ്പിടുന്നവർക്ക് 200 ദിവസത്തെ ദണ്ഡവിമോചനം.

മറിയത്തിന്റെ അമലോത്ഭവം വാഴ്ത്തപ്പെടട്ടെയെന്ന് പറയുന്നവർക്ക് 100 കൊല്ലത്തെ ദണ്ഡവിമോചനം.

പാപികൾക്കുവേണ്ടി 15 സ്വർഗ്ഗസ്ഥനായ പിതാവേ, കൃപനിറഞ്ഞ മറിയമേ, എന്നിവ ചൊല്ലുന്നവർക്ക് അവ


www.malankaralibrary.com

രുടെ പാപം മൂലമുള്ള താത്ക്കാലിക ശിക്ഷയുടെ മൂന്നി ലൊന്ന് പാപപരിഹാരം.

ഈശോയുടെയും മറിയത്തിന്റെയും നാമം ഉച്ചരിക്കുന്നവർക്ക് 50 ദിവസത്തെ ദണ്ഡവിമോചനം (ബെനഡിക്ട് 13-ാംമൻ).

ഏ.ഡി. 900 ൽ സ്ഥാപിതമായ നാഗപ്പുഴ (കോതമംഗലം) മനോഗുണ മാതാവിന്റെ നാമത്തിലുള്ള പള്ളിയിൽ എട്ടുനോമ്പിൽ പങ്കെടുക്കുന്നവർക്ക് പൂർണ്ണ ദണ്ഡവിമോചനം (1825 ൽ ലെയോ പതിമൂന്നാമൻ മാർ പാപ്പ പ്രഖ്യാപിച്ചു).

## മറിയമേ, കൃപയുടെ മാതാവേ

മറിയമേ കൃപയുടെ മാതാവേ, കരുണയുടെ അമ്മേ ശത്രുവിൽ നിന്ന് എന്നെ കാത്തുകൊള്ളുകയും എന്റെ മരണനേരത്ത് എന്നെ സ്വീകരിക്കുകയും ചെയ്യണമേ. (ഭാഗിക)

## പരിശുദ്ധ മറിയമേ

പരിശുദ്ധ മറിയമേ, നിസ്സഹായരെ സഹായിക്കേണമേ, ഭയമുള്ളവരെ ശക്തിപ്പെടുത്തേണമേ, ദുഃഖിതരെ ആശ്വസിപ്പിക്കേണമേ. ജനത്തിനുവേണ്ടി പ്രാർത്ഥിക്കണമേ. വൈദികർക്കുവേണ്ടി അപേക്ഷിക്കണമേ. ദൈവത്തിന് സമർപ്പിതരായിരിക്കുന്ന എല്ലാ സഹോദരിമാർക്കും വേണ്ടി മാദ്ധ്യസ്ഥം വഹിക്കേണമേ. അങ്ങേ പരിശുദ്ധമായ ഓർമ്മ സൂചിപ്പിക്കുന്ന എല്ലാരും അങ്ങയുടെ സഹായശക്തി അനുഭവിക്കട്ടെ. (ഭാഗിക)

ജപമാലയിലൂടെയും മറ്റു മരിയൻ ഭക്താഭ്യാസങ്ങളിലൂടെയും നമുക്ക് അനേകം ആത്മാക്കളെ നേടുവാൻ കഴിയും. വി. ജോൺ മസ്സിയാസ് തന്റെ പ്രാർത്ഥനയിലൂടെ, പ്രത്യേകിച്ച് ജപമാല വഴി 14-ലക്ഷം ആത്മാക്കളെ ശുദ്ധീകരണസ്ഥലത്തുനിന്ന് മോചിപ്പിച്ചിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു.


www.malankaralibrary.com

# അദ്ധ്യായം 17

# മരിയൻ പ്രാർത്ഥനകൾ

### *നല്ല മരണം ലഭിക്കുന്നതിനായി അനുഗൃഹീത കന്യകയോടുള്ള പ്രാർത്ഥന*

നിർഭാഗ്യ പാപികളുടെ മാധുര്യമേറിയ സങ്കേതമായ പരി. മറിയമേ, എന്റെ ആത്മാവ് ഇഹലോകത്തിൽ നിന്നും വേർപിരിയുന്ന ആ നിമിഷത്തിൽ എന്റെ മാധുര്യമുള്ള അമ്മേ, അവിടുത്തെ പുത്രന്റെ കുരിശിലെ മരണ സമയത്ത് സന്നിഹിതയായപ്പോൾ അങ്ങ് അതീവ ദുഃഖം സഹിക്കുകയുണ്ടായല്ലോ. അപ്പോൾ അങ്ങയുടെ കരുണയാൽ എന്നെ സഹായിക്കണമേ. എല്ലാ നാരകീയ ശത്രുക്കളിൽ നിന്ന് എന്നെ സംരക്ഷിച്ച് എന്റെ നിത്യവിധിയാളന് എന്റെ ആത്മാവിനെ എടുത്ത് സമ്മാനിക്കാൻ അങ്ങ് തന്നെ വരണമേ. ഓ എന്റെ രാജ്ഞിയെ എന്നെ ഉപേക്ഷിക്കരുതേ. ആ ഭയാനക നിമിഷത്തിൽ ഈശോയ്ക്കടുത്ത് എന്റെ ആശ്വാസം അങ്ങായിരിക്കണമേ. അങ്ങേ പുത്രനോട്

www.malankaralibrary.com

അവിടുത്തെ തിരുമുറിവുകളിൽ എന്റെ ആത്മാവിനെ സമർപ്പിച്ചു കൊണ്ടും 'ഈശോ മറിയമേ എന്റെ ഹൃദയവും ആത്മാവും നിങ്ങൾക്ക് തരുന്നു' വെന്ന് പറഞ്ഞുകൊണ്ട് അന്ത്യശ്വാസം വലിക്കാനുള്ള കൃപ ലഭിക്കാനായി അങ്ങേ പുത്രന്റെ അനന്തനന്മയിൽ അവിടുത്തോട് പ്രാർത്ഥിക്കണമേ. ആമ്മേൻ.

## സർവ്വ ജനപദങ്ങളുടെയും നാഥയോടുള്ള പ്രാർത്ഥന

ക്രിസ്തുനാഥാ, പിതാവിന്റെ പുത്രാ, അങ്ങയുടെ അരൂപിയെ ഇപ്പോൾ ഭൂമിയിലേക്ക് അയയ്ക്കേണമേ, സർവ്വജനപദങ്ങളുടെയും ഹൃദയത്തിൽ പരിശുദ്ധാത്മാവു വസിക്കട്ടെ. അതുവഴി ധാർമ്മിക അധഃപതനങ്ങൾ, യുദ്ധങ്ങൾ, ദുരന്തങ്ങൾ എന്നിവയിൽ നിന്ന് അവർ സംരക്ഷിക്കപ്പെടട്ടെ. സർവ്വജനപദങ്ങളുടെയും നാഥ ഞങ്ങളുടെ അഭിഭാഷകയായിരിക്കട്ടെ. ആമ്മേൻ.

## മാതാവിന്റെ വിമല ഹൃദയത്തോടുള്ള പ്രതിഷ്ഠാജപം

ക്രിസ്ത്യാനികളുടെ സഹായവും മനുഷ്യവർഗ്ഗത്തിന്റെ അഭയവുമായ പരിശുദ്ധ മറിയമേ, യുദ്ധം കൊണ്ടും അവിശ്വാസംകൊണ്ടും അധഃപതിച്ചുപോകുന്ന ലോകത്തെയും പലവിധത്തിൽ പീഡിപ്പിക്കപ്പെടുന്ന തിരുസ്സഭയേയും വിവിധ സങ്കടങ്ങൾ നിമിത്തം വലയുന്നവരായ ഞങ്ങളെയും അങ്ങേ അമലോത്ഭവ ഹൃദയത്തിന് പ്രതിഷ്ഠിക്കുന്നു. മിശിഹായുടെ സമാധാനം ഞങ്ങൾക്കും ലോകത്തിനുമായി വാങ്ങിത്തരണമേ. അങ്ങേ വിമലഹൃദയത്തിന് പ്രതിഷ്ഠിതരായ ഞങ്ങളെ പരിശുദ്ധരായി ജീവിക്കുന്നതിനും പ്രേഷിത ചൈതന്യത്തിൽ വളർന്നുവരുന്നതിനും അനുഗ്രഹിക്കണമേ. തിരുസഭാംബികേ, തിരുസഭയ്ക്ക് സർവ്വസ്വാതന്ത്ര്യവും സമാധാനവും അരുളണമേ. വിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും സ്നേഹത്തിന്റയും പാതയിലൂടെ ദൈവ


www.malankaralibrary.com

ജനത്തെ അങ്ങു നയിക്കണമേ. മാനവവംശത്തിനു വേണ്ടിയുള്ള ഈശോയുടെ സമർപ്പണത്തോട് യോജിച്ച് അങ്ങയോട് വിശ്വസ്തത പുലർത്തി ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. അമലോത്ഭവ ഹൃദയമേ, മനുഷ്യഹൃദയങ്ങളിൽ രൂപം കൊള്ളുന്ന തിന്മയുടെ ശക്തികളെയും മാനവ പുരോഗതിയെ തളർത്തു തിന്മയുടെ ദൂഷ്യഫലങ്ങളേയും നേരിടാനുള്ള കഴിവ് ഞങ്ങൾക്കു നൽകണമേ. പരിശുദ്ധ അമ്മേ ഞങ്ങളുടെ മാർപാപ്പമാർ അങ്ങേയ്ക്കു സമർപ്പിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ നവീകരിക്കുന്നതുമായ ഈ പ്രതിഷ്ഠയെ സ്വീകരിച്ച് അങ്ങേ അമലോത്ഭവ ഹൃദയത്തിന്റെ സ്വന്തമായി ഞങ്ങളെ കാത്തുകൊള്ളണമേ. ആമ്മേൻ.

## ഫാത്തിമ മാതാവ് പഠിപ്പിച്ച പ്രാർത്ഥന

ഓ! എന്റെ ഈശോയെ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ. നരകാഗ്നിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എല്ലാ ആത്മാക്കളെയും പ്രത്യേകിച്ച്, അങ്ങയുടെ സഹായം കൂടുതൽ ആവശ്യമുള്ളവരെയും സ്വർഗ്ഗത്തിലേയ്ക്ക് ആനയിക്കണമേ. ആമ്മേൻ

## വി. ലൂയി മോൺഫോർട്ടിന്റെ പരിശുദ്ധ മറിയത്തോടുള്ള പ്രാർത്ഥന

മറിയമേ, നിത്യപിതാവിന്റെ പ്രിയപുത്രീ സ്വസ്തി! പുത്രൻ തമ്പുരാന്റെ ഏറ്റവും പ്രശംസനീയയായ അമ്മേ സ്വസ്തി! പരിശുദ്ധാത്മാവിന്റെ ഏറ്റവും വിശ്വസ്തയായ മണവാട്ടിയേ സ്വസ്തി! എന്റെ ഏറ്റവും പ്രിയപ്പെട്ട അമ്മേ, എന്റെ സ്നേഹനാഥേ, എന്റെ അതിശക്തയായ രാജ്ഞീ, എന്റെ സന്തോഷമേ, എന്റെ മഹത്വമേ, എന്റെ ഹൃദയമേ, എന്റെ ആത്മാവേ അങ്ങേയ്ക്കു സ്വസ്തി! അങ്ങു മുഴുവനും എന്റേതായത് കാരുണ്യത്താലാണല്ലോ. ഞാൻ


www.malankaralibrary.com

പൂർണ്ണമായും അങ്ങയുടേതായതോ നീതിമൂലമത്രേ. പക്ഷേ ഇപ്പോഴും ഞാൻ പൂർണ്ണമായി അങ്ങയുടേതായി മാറിയിട്ടില്ല. എനിക്കോ മറ്റുള്ളവർക്കോ ആയി ഒന്നും മാറ്റിവയ്ക്കാതെ, ഞാൻ എന്നെത്തന്നെ പൂർണ്ണമായി അമ്മയ്ക്ക് ഇപ്പോൾ തരുന്നു. അങ്ങയുടേതല്ലാതെ എന്തെങ്കിലും ഇപ്പോഴും എന്നിൽ കാണുന്നുവെങ്കിൽ, അങ്ങ് അവയെ എന്നിൽനിന്ന് എടുത്തുമാറ്റണമേ. എന്റേതായ എല്ലാറ്റിന്റേയും പരമാധികാരിയായ നാഥ അങ്ങു മാത്രമാകണമേ. ദൈവത്തിന് അഹിതകരമായി എന്നിലുള്ളവയെ നശിപ്പിക്കണമേ. വേരോടെ പിഴുതെറിഞ്ഞ് ഇല്ലാതാക്കണമേ. അങ്ങേയ്ക്കു സന്തോഷം നൽകുവയെ എന്നിൽ നിക്ഷേപിക്കുകയും വളർത്തുകയും ചെയ്യണമേ.

അങ്ങയുടെ വിശ്വാസത്തിന്റെ വെളിച്ചം എന്റെ മനസ്സിന്റെ അന്ധകാരത്തെ തൂത്തെറിയട്ടെ. അങ്ങയുടെ അഗാധമായ എളിമ എന്റെ അഹങ്കാരത്തെ നിർമ്മാർജ്ജനം ചെയ്യട്ടെ. എന്റെ അലഞ്ഞു നടക്കുന്ന ഭാവനയെ അങ്ങയുടെ ധ്യാനനിർലീനത നിയന്ത്രിക്കട്ടെ. അങ്ങയുടെ നിരന്തരമായ ദൈവദർശനം എന്റെ ഓർമ്മയെ ദൈവസാന്നിദ്ധ്യംകൊണ്ടു നിറയ്ക്കട്ടെ. എന്റെ മന്ദോഷ്ണാവസ്ഥയെ അങ്ങയുടെ ആളിക്കത്തുന്ന സ്നേഹം ജ്വലിപ്പിക്കട്ടെ. എന്റെ പാപത്തിന്റെ ഇടങ്ങളിൽ അങ്ങയുടെ പുണ്യങ്ങൾ സ്ഥാനം പിടിക്കട്ടെ. അങ്ങയുടെ പുണ്യങ്ങൾ മാത്രമായിരിക്കട്ടെ എന്റെ എല്ലാ കുറവുകളെയും പരിഹരിച്ച് ദൈവതിരുമുമ്പിലുള്ള എന്റെ അലങ്കാരങ്ങൾ. അവസാനമായി ഏറ്റവും പ്രിയപ്പെട്ട അമ്മേ, അങ്ങേയ്ക്കു സാധ്യമെങ്കിൽ യേശുവിനെയും അവിടുത്തേ തിരുഹിതത്തേയും അറിയാൻ അങ്ങയുടെ അരൂപിയല്ലാതെ മറ്റൊന്നും എനിക്കുണ്ടാകാതിരിക്കട്ടെ. ദൈവത്തെ സ്തുതിക്കാനും മഹത്വപ്പെടുത്തുവാനും എനിക്ക് അങ്ങയുടെ ആത്മാവല്ലാതെ മറ്റൊരാത്മാവുണ്ടാകാതിരിക്കട്ടെ. പരിശുദ്ധവും ഊഷ്മളവുമായ സ്നേഹംകൊണ്ട് നിറഞ്ഞ അങ്ങയുടെ ഹൃദയമല്ലാതെ മറ്റൊരു ഹൃദയം ദൈവത്തെ സ്നേഹിക്കാൻ എനി


www.malankaralibrary.com

ക്കുണ്ടാകാതിരിക്കട്ടെ. ദർശനങ്ങളോ, വെളിപാടുകളോ, ഇന്ദ്രിയപരമായ ഭക്തിയോ, ആത്മീയാനന്ദങ്ങൾപ്പോലുമോ ഞാൻ ചോദിക്കുന്നില്ല. ദൈവത്തെ മുഖാമുഖം കാണുകയും സ്വർഗ്ഗീയാനന്ദം അനുഭവിക്കുകയും ചെയ്യുക അങ്ങയുടെ അവകാശമാണല്ലോ. പുത്രന്റെ വലതുഭാഗത്ത് മഹത്വപൂർണ്ണയായി എഴുന്നെള്ളിയിരുന്നുകൊണ്ട് മാലാഖമാരുടെയും മനുഷ്യരുടെയും, പിശാചിന്റെയും മേൽ പരിപൂർണ്ണമായ ആധിപത്യം ഉറപ്പിക്കുക, അതും അങ്ങയുടെ അവകാശമാണ്. അങ്ങയുടെ ഇഷ്ടം പോലെ ദൈവത്തിന്റെ എല്ലാ ദാനങ്ങളും വിതരണം ചെയ്യുകയും അമ്മയുടെ അവകാശം തന്നെ.

ഇവയത്രേ ദൈവം അങ്ങേയ്ക്കു തന്ന "നല്ലഭാഗം". അത് ഓ! സ്വർഗ്ഗീയ മാതാവേ അങ്ങിൽനിന്ന് ഒരിക്കലും എടുത്തു മാറ്റപ്പെടുകയില്ല. ഈ ചിന്തയാൽ എന്റെ ഹൃദയം ആനന്ദംകൊണ്ട് നിറയുന്നു. ഐഹിക ജീവിതത്തിൽ അങ്ങയിൽ പ്രശോഭിച്ചവ മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. ആത്മീയ സന്തോഷം കൂടാതുള്ള ആത്മാർത്ഥമായ വിശ്വാസം, മാനുഷിക സമാശ്വാസം തേടാതെ സന്തോഷപൂർവ്വം സഹനങ്ങൾ ഏറ്റെടുക്കുക, വിശ്രമമന്യേ താന്നോടുതന്നെ മരിക്കുക, അങ്ങേയ്ക്കു വേണ്ടി മരണംവരെ ഒരു വിനീത അടിമയെപ്പോലെ നിസ്വാർത്ഥമായും തീക്ഷ്ണമായും അദ്ധ്വാനിക്കുക - ഇവ മാത്രമേ ഞാൻ അങ്ങയോടു യാചിക്കുന്നുള്ളൂ. ഒരേ ഒരു അനുഗ്രഹമേ എനിക്കു വേണ്ടൂ. അവിടുന്ന് ലോകത്തിലായിരുന്നപ്പോൾ ചെയ്തിരുന്നവയെല്ലാറ്റിനും ആമ്മേൻ - അങ്ങനെ തന്നെയാകട്ടെ എന്നും, അവിടുന്ന് ഇപ്പോൾ സ്വർഗ്ഗത്തിൽ ചെയ്യുന്നവയ്ക്കെല്ലാം ആമ്മേൻ - അങ്ങനെ തന്നെയാകട്ടെ എന്നും, അവിടുന്ന് എന്റെ ആത്മാവിൽ ചെയ്യുന്നവയ്ക്കെല്ലാം ആമ്മേൻ - അങ്ങനെതന്നെയാകട്ടെ എന്നും, പറയുവാനും അങ്ങനെ ജീവിതകാലത്തിലും, നിത്യത്വത്തിലും അങ്ങുമാത്രം എന്നിൽ യേശുവിനെ പൂർണ്ണമായി മഹത്വപ്പെടുത്തുവാനും ഇടയാകട്ടെ. ആമ്മേൻ.


www.malankaralibrary.com

## *നല്ല മരണം ലഭിക്കാനായി അനുഗൃഹീത കന്യക യോടുള്ള പ്രാർത്ഥന*

നിർഭാഗ്യ പാപികളുടെ മാധുര്യമേറിയ സങ്കേതമായ പരി. മറിയമേ, എന്റെ ആത്മാവ് ഇഹലോകത്തിൽനിന്നും വേർപിരിയുന്ന ആ നിമിഷത്തിൽ എന്റെ മാധുര്യമുള്ള അമ്മേ, അവിടുത്തെ പുത്രന്റെ കുരിശിലെ മരണസ മയത്ത് സന്നിഹിതയായപ്പോൾ അങ്ങ് അതീവ ദുഃഖം സഹിക്കുകയുണ്ടായല്ലോ. അപ്പോൾ അങ്ങയുടെ കരുണ യാൽ എന്നെ സഹായിക്കണമേ. എല്ലാ നാരകീയ ശത്രു ക്കളിൽനിന്ന് എന്നെ സംരക്ഷിച്ച് എന്റെ നിത്യ വിധി യാളന് എന്റെ ആത്മാവിനെ എടുത്ത് സമ്മാനിക്കാൻ അങ്ങ് തന്നെ വരണമേ. ഓ എന്റെ രാജ്ഞിയെ, എന്നെ ഉപേക്ഷിക്കരുതേ. ആ ഭയാനക നിമിഷത്തിൽ ഈശോ യ്ക്കടുത്ത് എന്റെ ആശ്വാസം അങ്ങായിരിക്കണമേ, അങ്ങേ പുത്രനോട് അവിടുത്തെ തിരുമുറിവുകളിൽ എന്റെ ആത്മാവിനെ സമർപ്പിച്ചുകൊണ്ടും "ഈശോ മറി യമേ എന്റെ ഹൃദയവും ആത്മാവും നിങ്ങൾക്ക് തരു ന്നു"വെന്ന് പറഞ്ഞുകൊണ്ട് അന്ത്യശ്വാസം വലിക്കാ നുള്ള കൃപ ലഭിക്കാനായി അങ്ങേ പുത്രന്റെ അനന്തന ന്മയിൽ അവിടുത്തോട് പ്രാർത്ഥിക്കണമേ. ആമ്മേൻ

## *സ്വർഗരാജ്ഞി സ്വസ്തി!*

മഹത്വപൂർണമായ സ്വർഗരാജ്ഞീ, മാലാഖമാരുടെ നാഥേ! പിശാചിന്റെ തല തകർക്കുവാനുള്ള ശക്തി നിനക്കുണ്ട്. അതിനുള്ള കല്പനയും ദൈവത്തിൽ നിന്ന് നിനക്കുണ്ടല്ലോ. ആകയാൽ നിന്റെ സ്വർഗീയ ദൂത ഗണങ്ങളെ ഞങ്ങളുടെ സഹായത്തിനായി അയക്കേ ണമേയെന്ന് ഞങ്ങൾ വിനയപൂർവ്വം അപേക്ഷിക്കുന്നു. അവർ നിന്റെ കല്പനകൾ അനുസരിച്ചും, നിന്റെ ശക്തി യാലും നാരകീയ ശക്തികളെ പിന്തുടർന്ന് തോൽപ്പിച്ച് നരകാഗ്നിയിൽ തള്ളട്ടെ! ദൈവത്തെപ്പോലെ ആരുണ്ട്?


www.malankaralibrary.com

മാലാഖമാരെ, മുഖ്യദൂതന്മാരെ, ഞങ്ങളെ കാത്തുരക്ഷിക്കേണമെ! കരുണയുള്ള നല്ല അമ്മേ, നീയാണു ഞങ്ങളുടെ സ്നേഹവും പ്രത്യാശയും. ദൈവമാതാവേ, നിന്റെ മാലാഖമാരെ അയച്ച് ഞങ്ങളെ ദുഷ്ടാരൂപിയിൽ നിന്ന് കാത്തുകൊള്ളണമെ. ആമ്മേൻ.

*(വി. പത്താംപീയൂസ് മാർപാപ്പ 1908 ൽ ഈ പ്രാർത്ഥനയ്ക്ക് ദണ്ഡവിമോചനം അനുവദിക്കുകയുണ്ടായി.)*

## മാതാവിനോടുള്ള രണ്ടാം വത്തിക്കാൻ സൂനഹദോസ് ലുത്തിനിയ

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'തിരുസ്സഭ' എന്ന പ്രമാണരേഖയുടെ 8-ാം അധ്യായത്തിലാണ് പരി. കന്യകാമറിയത്തെപ്പറ്റിയുള്ള സഭയുടെ ഔദ്യോഗിക നിലപാട് വ്യക്തമാക്കിയിരിക്കുന്നത്. പ്രസ്തുത അധ്യായത്തിലെ പരാമർശനങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കപ്പെട്ടതാണ് ഈ ലുത്തിനിയ. മാനവരക്ഷയെ മഹായജ്ഞത്തിൽ പരി. മറിയത്തിനുള്ള പങ്കാളിത്തത്തെയാണ് ഈ ലുത്തിനിയ പ്രധാനമായും പ്രകീർത്തിക്കുന്നത്.

കർത്താവേ, അനുഗ്രഹിക്കണമേ - കർത്താവേ...
മിശിഹായേ, അനുഗ്രഹിക്കണമേ - മിശിഹായേ...
കർത്താവേ, അനുഗ്രഹിക്കണമേ - കർത്താവേ...
മിശിഹായേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ - മിശിഹായേ...
സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ
ഭൂലോക രക്ഷകനായ പുത്രനായ ദൈവമേ
പരിശുദ്ധാത്മാവായ ദൈവമേ
ഏക ദൈവമായ പരിശുദ്ധ ത്രിത്വമേ
പരിശുദ്ധ മറിയമേ
അനാദിയായ കാലം മുതൽ നിർണ്ണയിക്കപ്പെട്ട വിശ്രുത
ദൈവമാതാവായ മറിയമേ,


www.malankaralibrary.com

പിതാവിന്റെ ഓമൽ കുമാരിയായ മറിയമേ,
ദിവ്യരക്ഷകന്റെ മാതാവായ മറിയമേ,
സിയോണിന്റെ സമുന്നത സന്താനമായ മറിയമേ,
ഞങ്ങളുടെ സ്നേഹഭാജനമായ മറിയമേ,
വിശുദ്ധിയുടെ മഹിമാവിൽ ഗർഭസ്ഥയായ മറിയമേ,
ജന്മപാപത്തിന്റെ കളങ്കമേശാത്ത മറിയമേ,
കന്യാത്വത്തിന്റെയും മാതൃത്വത്തിന്റെയും മാതൃക
യായ
മറിയമേ,
ഏലീശ്വായാൽ അനുഗൃഹീതയെന്ന് പ്രകീർത്തിത
യായ
മറിയമേ,
രക്ഷയുടെ വാഗ്ദാനത്തിൽ വിശ്വാസമർപ്പിച്ച മറി
യമേ,
ദൈവപിതാവിന്റെ ഏകജാതനെ ജനിപ്പിച്ച മറിയമേ,
ലോകത്തിന് ജീവൻ ദാനം ചെയ്ത മറിയമേ,
ആട്ടിടയന്മാർക്കും പൗരസ്ത്യ വിജ്ഞാനികൾക്കും
ആനന്ദാതിരേകത്തോടെ
ഓമനപ്പുത്രനെ കാണിച്ചുകൊടുത്ത മറിയമേ,
ദിവ്യനാഥന്റെ ഉറ്റ സഹപ്രവർത്തകയായ മറിയമേ,
ഈശോയിലും അവിടുത്തെ ദിവ്യമായ ഔന്നത്യ
ത്തിലും
അർപ്പിതമാനസയായ മറിയമേ,
കാനായിൽ സ്വന്തം അർത്ഥനമൂലം ഒരു മഹാ
ത്ഭുതം
സംരചിച്ച മറിയമേ,
വിശ്വാസത്തിന്റെ തീർത്ഥയാത്രയിൽ
പുരോഗമിച്ചുകൊണ്ടിരിക്കുന്ന മറിയമേ,
കുരിശാരോഹണം വരെ ഈശോയോട് ഒന്നിച്ചു
നിന്ന
മറിയമേ,
രക്ഷയുടെ മഹാകർമ്മം സഫലമാക്കിയ മറിയമേ,
പരിശുദ്ധാരൂപിയുടെ അനുഗ്രഹങ്ങൾക്കായി
കേണപേക്ഷിച്ച മറിയമേ,


www.malankaralibrary.com

പ്രാർത്ഥന മുഖേന സഭയെ സഹായിച്ച മറിയമേ,
ആത്മശരീര സമന്വിതയായി സ്വർഗാരോപിതയായ്
അവരോധിതയായ മറിയമേ,
മാലാഖമാരേയും മനുഷ്യരേയുംക്കാൾ
സമുന്നതയായവരോധിതയായ മറിയമേ,
ഭൂമിയിൽ സഭാ സന്താനങ്ങളെ സംരക്ഷിക്കുന്ന മറിയമേ,
ക്രിസ്ത്യാനികൾ കണ്ണുകളുയർത്തി അഭിവീക്ഷിക്കുന്ന
മറിയമേ,
നമ്മുടെ രക്ഷയുടെ ആവശ്യത്തിൽ നമ്മോടൊന്നിച്ചു
നില്ക്കുന്ന മറിയമേ,
ക്രിസ്തുനാഥൻ കഴിഞ്ഞാൽ സഭയിൽ സമുന്നത സ്ഥാനം
വഹിക്കുന്ന മറിയമേ,
സഭയുടെ പ്രമുഖ അംഗമായ മറിയമേ,
സഭയുടെ നിസ്തുല പ്രതീകമായ മറിയമേ,
സഭയുടെ പ്രതിച്ഛായയും, ആദ്യജാത കുസുമവുമായ
മറിയമേ,
എല്ലാ നന്മകളുടയും മാതൃകയായ മറിയമേ,
സുനിശ്ചിതമായ പ്രത്യാശയുടെയും
സമാശ്വാസത്തിന്റെയും അടയാളമായ മറിയമേ,
രക്ഷകന്റെ ദിവസം വരെ പ്രകാശം പരത്തി പ്രശോഭിക്കുന്ന
മറിയമേ,
അനുഗൃഹിതയെന്ന് തലമുറകളെല്ലാം പ്രകീർത്തിക്കുന്ന
മറിയമേ,
സിദ്ധരുടെ സാഹോദര്യത്തിൽ തന്റെ തിരുക്കുമാരനോട്
മാദ്ധ്യസ്ഥം യാചിക്കുന്ന മറിയമേ,
ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യ കുഞ്ഞാടേ,


www.malankaralibrary.com

കർത്താവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ.

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യ കുഞ്ഞാടേ,

കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദിവ്യകുഞ്ഞാടേ,

കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

സർവ്വേശ്വരന്റെ പുണ്യ പൂർണ്ണയായ മാതാവേ...

പ്രാർത്ഥിക്കാം കർത്താവേ, പൂർണ്ണമനസ്സോടുകൂടി...

## മാതാവിന്റെ രക്തക്കണ്ണുനീർ ജപമാല

ക്രൂശിതനായ എന്റെ ഈശോയെ, അങ്ങേ തൃപ്പാദങ്ങളിൽ സാഷ്ടാംഗം വീണുകൊണ്ട് കരുണാർദ്രമായ സ്നേഹത്തോടെ, കാൽവരിയിലേയ്ക്കുള്ള വേദന നിറഞ്ഞ യാത്രയിൽ അങ്ങയെ അനുഗമിച്ച പരി. അമ്മയുടെ രക്തക്കണ്ണീരിനെ ഞങ്ങൾ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. നല്ലവനായ കർത്താവേ, പരി. അമ്മയുടെ രക്തം കലർന്ന കണ്ണുനീർത്തുള്ളികൾ തരുന്ന സന്ദേശം ശരിക്കു മനസ്സിലാക്കുന്നതിനും, അങ്ങനെ ഞങ്ങൾ ഇഹത്തിൽ അങ്ങയുടെ തിരുമനസ്സ് നിറവേറ്റിക്കൊണ്ട് സ്വർഗത്തിൽ അവളോടൊത്ത് നിത്യമായി നിന്നെ വാഴ്ത്തി സ്തുതിക്കുന്നതിനു യോഗ്യരാക്കുന്നതിനും വേണ്ട അനുഗ്രഹം ഞങ്ങൾക്കു നൽകണമേ. ആമ്മേൻ

## ജപമാലയുടെ വലിയ മണികളിൽ

ഓ! ഈശോയെ, ഈ ലോകത്തിൽ അങ്ങയെ അധികമായി സ്നേഹിക്കുകയും സ്വർഗത്തിൽ അങ്ങയെ ഏറ്റം ഗാഢമായി സ്നേഹിച്ച് അങ്ങയോടൊത്തു വാഴു


www.malankaralibrary.com

കയും ചെയ്യുന്ന പരി. അമ്മയുടെ രക്തക്കണ്ണുനീർ കണങ്ങളെ അങ്ങു കരുണയോടെ വീക്ഷിക്കണമേ. (1 പ്രാവശ്യം)

## *ജപമാലയുടെ ചെറിയ മണികളിൽ*

സ്നേഹം നിറഞ്ഞ ഈശോയെ! അങ്ങയുടെ പരി. അമ്മ ചിന്തിയ രക്തക്കണ്ണുനീരിനെക്കുറിച്ച് ഞങ്ങളുടെ യാചനകൾ കേൾക്കണമേ. (ഏഴു പ്രാവശ്യം)

*(ഇങ്ങനെ ഏഴു പ്രാവശ്യം ആവർത്തിക്കുക)*

## *ജപമാല സമർപ്പണ പ്രാർത്ഥന*

ഓ മറിയമേ! വ്യാകുലവും, കരുണയും, സ്നേഹവും, നിറഞ്ഞ അമ്മേ, ഞങ്ങളുടെ എളിയ യാചനകളെ നിന്റെ പ്രാർത്ഥനയോടു ചേർത്ത് നിന്റെ പ്രിയപുത്രന് കാഴ്ചവയ്ക്കണമേ... അങ്ങു ഞങ്ങൾക്കായി ചിന്തിയ രക്തക്കണ്ണുനീരിനെ പ്രതി ഈ.......... (ആവശ്യം പറയുക). പ്രിയപുത്രനിൽനിന്നും വാങ്ങിത്തരണമേ... ഞങ്ങളെ എല്ലാവരെയും നിത്യഭാഗ്യത്തിൽ ചേർക്കുകയും ചെയ്യ ണമെ. ഓ മറിയമേ! നിന്റെ രക്തക്കണ്ണുനീരാൽ പിശാ ചിന്റെ ഭരണത്തെ തകർക്കണമേയെന്നും, ഞങ്ങളെ പ്രതി ബന്ധിതമായ ഈശോയുടെ തൃക്കരങ്ങളാൽ സകല തിന്മകളിൽനിന്നും ലോകത്തെ കാത്തുരക്ഷിക്ക ണമേയെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ

*(മറ്റു മരിയൻ പ്രാർത്ഥനകൾക്കായി പേജ് 154 - 159 വരെ നോക്കുക)*

◆ ◆ ◆


www.malankaralibrary.com

# അദ്ധ്യായം 18

# കുടുംബത്തിലെ പ്രാർത്ഥന

ജപമാലയെ 'കുടുംബത്തിലെ കുർബാന'യെന്നാണ് ആത്മീയ ആചാര്യന്മാർ വിശേഷിപ്പിച്ചിട്ടുള്ളത്. വിശുദ്ധ കുർബാന കഴിഞ്ഞാൽ ക്രൈസ്തവ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭക്തമുറയാണ് ജപമാലയും മരിയ സ്തുതിപ്പുകളും. പെന്തക്കോസ്ത് വിഭാഗത്തിൽപ്പെട്ടവർക്ക് കത്തോലിക്കാസഭ മാതാവിനു നൽകുന്ന സ്നേഹവും, വണക്കവും അംഗീകരിക്കാൻ പറ്റുന്നില്ല. മറിയത്തെ എതിർക്കുക എന്നുള്ളത് അവരുടെ സ്വഭാവമാണ്. കത്തോലിക്കർ മറിയത്തെ ആരാധിക്കുന്നു എവർ പറഞ്ഞു പഠിപ്പിക്കുന്നു. യേശുവിനും പരിശുദ്ധ കന്യകാമറിയത്തിനും സഭ കൊടുക്കുന്ന പ്രാധാന്യം എപ്രകാരമാണെന്ന് മുന്നദ്ധ്യായങ്ങളിൽ നിന്നെല്ലാം നാം കണ്ടുകഴിഞ്ഞല്ലോ. ഒരിക്കലും കത്തോലിക്കർ മറിയത്തെ ആരാധിക്കുന്നില്ല. വണങ്ങുക മാത്രമാണ് ചെയ്യുന്നത് എന്നു നമുക്കറിയാം. ജീവിത യാത്രയിൽ പലപ്പോഴും നമ്മൾ തെറ്റിധരിക്കപ്പെട്ടപ്പോഴും, പലവിധ കാരണങ്ങളാൽ പീഡിപ്പിക്കപ്പെട്ടപ്പോഴും, രോഗത്താൽ വലഞ്ഞപ്പോഴുമെല്ലാം ഈ അമ്മ നമ്മുടെ സഹായത്തി

www.malankaralibrary.com

നായി എത്തിയില്ലേ? ചില സന്ദർഭങ്ങളിൽ സുഗന്ധ സാന്നിധ്യം നൽകി അവൾ നമ്മോടൊപ്പമുണ്ടെന്ന് നമ്മെ അറിയിച്ചു. പലപ്പോഴും നാം അവളെ ഉപേക്ഷിച്ച് പോയിട്ടുണ്ട്. ബോധപൂർവ്വം തള്ളിപറയുന്നവരുടെകൂടെ ചേർന്നവരുമുണ്ടാകാം. പാഷണ്ഡികൾക്കൊപ്പം നിലകൊണ്ട് മാതൃമഹിമയെ അവഗണിച്ചവരുണ്ടാകാം. അവൾ വെറും സ്ത്രീയാണെന്നും, മുട്ടത്തോടാണെന്നും പറഞ്ഞിട്ടും അവൾ നമ്മെ കൈവിട്ടില്ല. പകരം ഒരു അമ്മ കുഞ്ഞിനെ മാറോടണയ്ക്കുന്നതു പോലെ അവൾ നമ്മെ ചേർത്തു പിടിച്ചു. ജീവിതത്തിന്റെ ഏതെങ്കിലും സാഹചര്യത്തിൽ ഇപ്രകാരം അമ്മയെ ഉപേക്ഷിച്ചുപോയവരാണ് നാമെങ്കിൽ ഇന്ന് അമ്മയുടെ സന്നിധിയിലേക്ക് തിരികെ നടക്കാം. ഇതുവരെയും അമ്മയെ അന്വേഷിക്കാത്തവരാണ് നിങ്ങളെങ്കിൽ അവളെ തേടിയിറങ്ങാം. "അമ്മയായ മറിയത്തെ കാണാതെ ഉണ്ണിയേശുവിനെ കാണുക പ്രയാസമാണ്" (വി. പത്താം പീയൂസ്).

48 മാർപാപ്പമാർ 287 ചാക്രികലേഖനങ്ങളും, അപ്പസ്തോലിക ലേഖനങ്ങളുമാണ് ജപമാല പ്രർത്ഥനയെപ്പറ്റി എഴുതിയിട്ടുള്ളത്. ഇരുപത്തഞ്ച് ഓളം മാർപാപ്പമാർ ഉത്തരീയ ഭക്തിയെ പ്രശംസിച്ച് 400-ലേറെ തിരുവെഴുത്തുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടു നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന മാർപാപ്പമാർ എല്ലാവരും തന്നെ ജപമാല പ്രാർത്ഥനയെപ്പറ്റി എഴുതുകയും ജപമാല ഭക്തിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തവരാണ്. ലെയോ 13-ാംമൻ മാർപാപ്പതന്നെ പത്തിലധികം ചാക്രിക ലേഖനങ്ങൾ ജപമാല പ്രാർത്ഥനയെ വിഷയമാക്കിക്കൊണ്ട് എഴുതി.

കത്തോലിക്കാ ദൈവശാസ്ത്രജ്ഞനായ അലോയിസ് മ്യൂള്ളറുടെ (Alois Mueller) വാക്കുകൾ വളരെ പ്രസക്തമാണ്: മറിയത്തെ ധ്യാനിക്കുമ്പോൾ സഭ ധ്യാനിക്കുന്നത് സിദ്ധാന്തപരമായും, പ്രായോഗികമായും സ്വന്തം സത്തയേയും, സ്വന്തം ജീവിത ലക്ഷ്യത്തെയും, സ്വന്തം പ്രസാദവരത്തെയുമാണ്. സഭ തനിക്കു തന്നെ വിശ്വാസത്തിന്റെ ഒരു രഹസ്യമാണല്ലോ. അതിനാൽ


www.malankaralibrary.com

തനിക്കുതന്നെഗൗരവമേറിയതും, വിഷമം നിറഞ്ഞതുമായ ഒരു ദൗത്യമാണ് സഭ. അതുകൊണ്ട് മറിയമാകുന്ന നിരന്തരമായ ഈ ധ്യാനവിഷയം സഭയ്ക്ക് ഒരാവശ്യമാണ് (2.Maria als Bild der Grade und Heiligkeit; in : M. Roesle-O. Cullmann, Begegnung der Christen, Festschrift O. karrer, Frankfurt/stuttgart 1959, p. 599: t. C.I.).

## മരിയഭക്തി പ്രകടമാക്കുന്ന ബാഹ്യാഭ്യാസങ്ങളിൽ ചിലത്.

കൊന്ത ധരിക്കുകയും എല്ലാ ദിവസവും കൊന്ത ചൊല്ലുകയും ചെയ്യുക.

അഖണ്ഡ ജപമാല നടക്കുന്ന സ്ഥലങ്ങളിലെ പ്രാർത്ഥനകളിൽ സംബന്ധിക്കുക.

ഫാത്തിമാ ജപം ആവർത്തിക്കുക.

മാതാവിന്റെ സൊഡാലിറ്റിയിലും മരിയൻ സേനകളിലും അംഗമായി ചേരുക.

ഉത്തരീയവും ചെറുചങ്ങലകളും ധരിക്കുക.

മറിയത്തിന്റെ വിശേഷാധികാരത്തെ സൂചിപ്പിക്കുന്ന പന്ത്രണ്ട് നക്ഷത്രങ്ങൾ ഉള്ള കിരീടത്തിന്റെ സ്മരണയ്ക്കായി മൂന്ന് സ്വർഗ്ഗസ്ഥനായ പിതാവേ, പന്ത്രണ്ട് നന്മ നിറഞ്ഞ മറിയം അടങ്ങിയ ജപം ചൊല്ലുക.

സഭയിൽ സാർവ്വത്രികമായി ചൊല്ലി വരുന്ന മാതാവിന്റെ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുക.

എത്രയും ദയയുള്ള മാതാവേ, പരിശുദ്ധ രാജ്ഞി എന്നിവ ആവർത്തിച്ച് ചൊല്ലുക.

സ്വർല്ലോക രാജ്ഞി, ത്രികാല ജപം, മുതലായ പ്രാർത്ഥനകൾ കാലാനുസൃതം തിരഞ്ഞടുത്ത്


www.malankaralibrary.com

ഭക്തിപൂർവ്വം ചൊല്ലുക.

മാഗ്നിഫിക്കാത്ത് ആവർത്തിച്ച് പാടുക.

പല പ്രാവശ്യം നന്മനിറഞ്ഞ മറിയം ചൊല്ലുക.

എന്റെ അമ്മേ, എന്റെ ആശ്രയമേ, വിശ്വസ്തയായ കന്യകയേ, ഇത്യാദി സുകൃത ജപങ്ങൾ ചൊല്ലുക.

മാതാവിന്റെ രൂപത്തിന് മുമ്പിൽ തല കുനിച്ചോ മുട്ടു കുത്തിയോ അവളെ ബഹുമാനിക്കുക.

മരിയൻ അൾത്താരകളും രൂപങ്ങളും അലങ്കരിക്കുക.

വീടുകളിലും സ്ഥാപനങ്ങളിലും മാതാവിന്റെ തിരുസ്വരൂപമോ ഛായാപടമോ സ്ഥാപിക്കുക.

മരിയൻ ഗീതങ്ങൾ ആലപിക്കുക.

വെന്തിങ്ങ, മെഡൽ എന്നിവ ധരിക്കുക.

മരിയൻ തിരുനാളുകൾക്കുമുമ്പ് സഭ നിർദ്ദേശിച്ച പ്രകാരമുള്ള നോമ്പ് അനുഷ്ഠിക്കുക.

നിത്യസഹായ മാതാവിന്റെ നൊവേനകളിൽ സംബന്ധിക്കുക.

മരിയൻ തീർത്ഥാടന കേന്ദ്രങ്ങൾ സന്ദർശിക്കുക-ദണ്ഡവിമോചനം നേടുക.

"ക്രൈസ്തവ അനുഭവത്തിന്റെ വിവിധ തലങ്ങളിൽ ക്രിസ്തുരഹസ്യം വീണ്ടും ഉണർത്തിക്കൊണ്ട് സുവിശേഷ പ്രഘോഷണത്തിന്റെയും ജ്ഞാന വർദ്ധനയുടെയും ഒരു പാതയാവുകയാണ് ജപമാല. ക്രിസ്തുവിന്റെ ഹൃദയത്തിനു ക്രൈസ്തവരെ അനുരൂപരാക്കുന്ന പ്രാർത്ഥനാപൂർവ്വമുള്ള ധ്യാനാത്മക അവതരണത്തിന്റെ രൂപമാണതിനുള്ളത്. ഫലപ്രദമായ ധ്യാനത്തിനുവേണ്ട ഘടകങ്ങൾ ചേർത്ത് ജപമാല പ്രാർത്ഥിക്കുമ്പോൾ, പ്രത്യേകിച്ചും ഇടവകകളിലും, തീർത്ഥാടന കേന്ദ്രങ്ങളിലും സമൂഹമായി പ്രാർത്ഥിക്കുമ്പോൾ, ബോധനത്തിനുള്ള സുപ്രധാന അവസരമാക്കി ഇടയന്മാർക്ക് ഇത് പ്രയോജനപ്പെടുത്താവുന്നതാണ്. ഈ രീതിയിലും ജപമാലനാഥ അവളുടെ സുവിശേഷപ്രഘോഷണം തുടരുന്നു" (കന്യകാ മറിയത്തിന്റെ ജപമാല - 21). ഈ ജൂബിലി വർഷത്തിൽ ഫാത്തിമ മാതാവിന്റെ മുമ്പിൽ നമുക്ക്


www.malankaralibrary.com

ശിരസ്സ് നമിക്കാം. ഫാത്തിമായിൽ നൽകപ്പെട്ട സന്ദേശങ്ങൾ നമുക്ക് ശിരസ്സാ സ്വീകരിക്കാം. അതിന് ഈ ഗ്രന്ഥത്തിലെ പഠനങ്ങളും ചിന്തകളും നിങ്ങളെ സഹായിക്കട്ടെ. "ഓരോ സുവിശേഷ പ്രഘോഷകനും ഏറ്റവും വിലപ്പെട്ട അജപാലന സ്രോതസ്സായി ജപമാലയെ സ്വന്തമാക്കണം" (വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ). ഏവരുടെയും കൈയ്യിൽ വെഞ്ചരിച്ച ഒരു ജപമാല ഉണ്ടാകട്ടെ. അത് നമുക്ക് ഒരു ശക്തിയാണ്.

# ആശ്രയിച്ച ഗ്രന്ഥങ്ങൾ


1. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ - പി.ഒ.സി. 2012.
2. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം - പി. ഒ.സി. 2005.
3. YOUCAT - പി.ഒ.സി. 2011.
4. വിശ്വാസവെളിച്ചം, ഫ്രാൻസിസ് മാർപാപ്പ - പി.ഒ.സി. 2013.
5. മറിയമകനീശോ, ഫാ. ഹെർമൻ ഒ.സി.ഡി - കാർമ്മൽ പബ്ലിക്കേഷൻസ്, 2006.
6. യഥാർത്ഥ മരിയഭക്തി - വിവർത്തനം: സി. എൽസി യൂസ്, 2002.
7. മരിയൻ തിരുനാളുകൾ - സി. പ്രഭ ഗ്രേസ് സി.എം.സി.
8. സമാധാനത്തിന്റെ രാജ്ഞി - ജോഷി മാത്യു, ആനപ്പാറ.
9. പരിശുദ്ധ കന്യകാ മറിയത്തിന്റെ ജീവചരിത്രം - ഫാ. ആന്റണി നെറ്റിക്കാട്ട്. സി.എം.
10. കർത്താവിന്റെ അമ്മ നമ്മുടെയും - ഡോ. മൈക്കിൾ കാരിമറ്റം.
11. യഥാർത്ഥ മരിയഭക്തി - വി. ലൂയീ ഡി മോൺഫോർട്ട്.
12. കാനായിൽനിന്ന് - ജോൺ വാഴക്കുളം, ബിബ്ലിയ



www.malankaralibrary.com

പബ്ലിക്കേഷൻസ്, ആളൂർ, 2010.
13. തിരുനാളുകൾ - ചാൾസ് പൈങ്ങോട്ട്. ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലീജിയസ് സ്റ്റഡീസ്, 2001.
14. നിത്യസഹായനാഥ - ബ്ര. സാബു കാസർകോഡ്, മാറാനാത്ത പബ്ലിക്കേഷൻസ്, 2007.
15. മതവും ചിന്തയും - പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആലുവ.
1997 ജനുവരി-1998 ഡിസംബർ.
16. ക്രൈസ്തവ വിജ്ഞാനീയം - വിവ. ഫാ. ജോസഫ് വിതയത്തിൽ, പി.ഒ.സി. 1980.
17. അനുദിന വിശുദ്ധർ - മോൺ. തോമസ് മൂത്തേടൻ, കാർമ്മൽ പബ്ലിക്കേഷൻ, 2011.
18. നമ്മുടെ അമ്മ കന്യകാമറിയം - ഫാ. ജോ തുളുമ്പൻ മാക്കൽ,
സെന്റ് പോൾസ്, 2005.
19. ദൈവമാതാവായ പരിശുദ്ധ മറിയം - പി.ഒ. ലൂയിസ്.
20. കൃപയ്ക്കുമേൽ കൃപ, ജപമാല രക്ഷാകരപ്രാർത്ഥന - ഫാ.
ജോസ് ഉപ്പാണി.
21. ആത്മീയ യാത്ര, ജപമാലയും ആനുകാലിക വിചിന്തനങ്ങളും - ഡോ. ജേക്കബ് പള്ളിപ്പറമ്പിൽ, ഒ.സി.ഡി.,
ജ്യോതി പബ്ലിക്കേഷൻസ്, 2005.
22. കന്യകാമറിയത്തിന്റെ മഹത്വകീർത്തനങ്ങൾ - വിവ. ഫാ.
ആന്റെണി മരിയ വെള്ളാപ്പള്ളിയിൽ.
23. പരിശുദ്ധ മറിയം സഭയുടെ മാതൃക, വിശുദ്ധ യോഹന്നാന്റെ
രചനകളിൽ - സി. ഡോ. മേരി പന്തപ്പള്ളിൽ എസ്. എച്ച്.
2011.
24. കന്യകാ മറിയത്തിന്റെ ജപമാല - വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ, 2002 ഒക്ടോബർ.
25. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ -


www.malankaralibrary.com

സുവർണ്ണ ജൂബിലി പതിപ്പ്.

26. തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈൻ - ഉത്ഭവവും സന്ദേശങ്ങളും.

27. മരിയൻ പ്രബോധനങ്ങൾ - പി.ഒ.സി. 2013.

28. താലന്ത് - പി.ഒ.സി.

◆ ◆ ◆



www.malankaralibrary.com

# BOOKS BY THIS AUTHOR

## Kudumba Jeevitha Parajayavum Pariharangalum - കുടുംബജീവിത പരാജയവും പരിഹാരങ്ങളും

FAILURES IN FAMILY LIFE AND ITS SOLUTIONS (Kudumbajeevitha parajayangalum pariharangalum) – This book narrates the state of present day scenarios in many families while they move away from God and His preachings...

## Navavrindham Malakamar - നവവൃന്ദം മാലാഖമാർ

his book, Nava Vrindam Malakhamar, points to the ranks of angels and their missions.

## Yesu Namathinte Shakthi: The Power Of The Name Of Jesus

In order to increase your faith in the Promises of Jesus


www.malankaralibrary.com

Christ, this booklet helps you and your family

# The Power Of The Name Of Jesus

In order to increase your faith in the Promises of Jesus Christ, this booklet helps you and your family.


www.malankaralibrary.com

# ABOUT THE AUTHOR

## ഫാ. സേവ്യർ ഖാൻ വട്ടായിൽ



1969 ൽ മണ്ണാർക്കാട് പള്ളിക്കുറുപ്പ് എന്ന സ്ഥലത്തു വട്ടായിൽ വർഗീസ് - ത്രേസ്യ എന്നിവരുടെ ഏഴു മക്കളിൽ ആറാമത്തവനായി ജനിച്ചു. പള്ളിക്കുറുപ്പ് സ്കൂളിൽ നിന്നും ഹൈസ്കൂൾ പഠനം പൂർത്തിയാക്കി. തന്റെ ദൈവ വിളിയെപ്പറ്റി ബോധ്യപ്പെട്ട അദ്ദേഹം 1984 ൽ പാലക്കാട് രൂപതയുടെ മൈനർ സെമിനാരിയിൽചേർന്നു. തുടർന്ന് ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തിയോളജി & ഫിലോസഫി പഠനം പൂർത്തിയാക്കി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദവും സമ്പാദിച്ചു. 1994 ഏപ്രിൽ 28ന് അഭിവന്ദ്യ മാർ ജോസഫ് ഇരുമ്പൻ പിതാവിൽ നിന്നും പൗരോഹിത്യം സ്വീകരിച്ചു. 1997 ഏപ്രിൽ 30 ന് സെഹിയോൻ ഡയറക്ടറായി നിയമിച്ചു. 1998 ഏപ്രിൽ 28 ന് സെഹിയോൻ ഉദ്ഘാടനം ചെയ്യപ്പെട്ടു. ഇന്നു ഈ പ്രസ്ഥാനം വളർന്ന് 30 മിനിസ്ട്രികളായി പ്രവർത്തിക്കുന്നു. 2013 ജനുവരിയിൽ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് സെഹിയോൻ മിനിസ്ട്രിസിന്റെ ഡയറക്ടർ ആയി അച്ചനെ നിയമിച്ചു

നല്ലൊരു ടെലിവിഷൻ പ്രഭാഷകൻ, ധ്യാനഗുരു, പ്രാസംഗികൻ, സംഘടകൻ, ഗ്രന്ഥകാരൻ എന്നീ നിലകളിൽ പ്രസിദ്ധനാണ് ഫാ. സേവ്യർ ഖാൻ വട്ടായിൽ.


www.malankaralibrary.com

വിദേശത്തും സ്വദേശത്തുമായി ധാരാളം ശുശ്രൂഷകൾ ചെയ്തു വരുന്നു


www.malankaralibrary.com